Date of publication : 1 ജനുവരി 2022
വോള്യം 18/ലക്കം 20
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത




## എൻഡോസൾഫാൻ പീഡിതരുടെ
# അതിജീവന സമരങ്ങൾ

# സംഘടിത

സംഘടിത/ജനുവരി 2022/ വോള്യം 18/ലക്കം 20



**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**ഗസ്റ്റ് എഡിറ്റർ**
മുനീസ അമ്പലത്തറ
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ജ്യോതി നാരായണൻ
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4

വിഷമഴയിൽ വെന്തുപോയവർ
ജെന്നി സുൽഫത്ത് 7

ദുരന്തബാധിതരുടെ അതിജീവനപോരാട്ടങ്ങൾ : എൻഡോസൾഫാൻ വിരുദ്ധ സമരങ്ങളുടെ നാൾവഴികൾ
സോണിയ ജോർജ്ജ് 13

പൂക്കളാകും മുൻപേ കൊഴിഞ്ഞു പോയവർ
അരുണി ചന്ദ്രൻ കാടകം 22

ഇനിയും പെയ്തു തോരാതെ
സിസ്റ്റർ മരീന മാത്യു 25

സ്നേഹവീട്
സുമതി മോഹൻ 28

എൻമകജെ : നോവുകളുടെ നോവൽ
ഡോ. ഷീബ സി.വി. 32

അണയാത്ത സമരജ്വാല
അഭിമുഖം : ലീലാകുമാരിയമ്മ/സീതാദേവി കരിയാട്ട് 35

അതിജീവിതക്ക് നീതി ഉറപ്പാക്കുക
ഉപ്പും മുളകും/ഗീത 40

ഇരകളെ കുറ്റവാളികളാക്കുന്ന ജില്ലാ കളക്ടർ
റിപ്പോർട്ട് /സുൽഫത്ത് എം. 42

അത്ഭുതങ്ങളാകാത്തവ
കവിത/സന്ധ്യ ഇ. 46

കുഞ്ഞാറ്റയും പോയി
ജ്യോതി നാരായണൻ 47

എൻഡോസൾഫാൻ പീഡിതജനത ഈ രാജ്യത്തിന്റെ അധമപൗരരോ?
പെൺപക്ഷം/അജിത കെ. 49

പങ്കാളിയില്ലാത്ത ദുരിതജീവിതങ്ങൾ
നിഷി ജോർജ്ജ് 51

എയിംസ് വരുന്നതും കാത്ത്...
പ്രസീതകുമാരി 53

എൻമഗജേയിലെ ശീലാബതി....
ശരണ്യ എം.ചാരു 56

കണ്ടറിയാതെ കൊണ്ടറിയുന്നവർ
വാസ്തവം/ഡോ.ജാൻസി ജോസ് 61

വെള്ളിത്തിരയിൽ തെളിഞ്ഞ അരജീവിതങ്ങൾ
ഷാഹിന വി.കെ. 62

കനവ് പോലൊരു സൗഹൃദം
വഴിത്താരകൾ /ജാനകി 73

വിടരാത്ത മൊട്ട്/ ഒറ്റ സ്നാപ്പിൽ ഒതുങ്ങാത്തത്
കവിത/സീതാദേവി കരിയാട്ട് 75

അതിജീവനം തേടുന്നവർ
ഫരീന കോട്ടപ്പുറം 76

ഭരണകൂട-സാമൂഹ്യവിലക്കുകൾ വ്യക്തിബോധത്തെ ശൈശവീകരിക്കുന്നുവോ?
പഠനം/ഡോ. പ്രസീത പി. 80

അറിയുമോ എലിസബത്ത് ഫുൾഹേമിനെ?
ശാസ്ത്രം/സീമ ശ്രീലയം 85

# മുഖവര



ഷീബ കെ.എം.

ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി ഏറെനാൾ നിലനിൽപ്പ് സമരം ചെയ്യേണ്ടി വന്ന കർഷകരുടെ ആത്മത്യാഗത്തെയും രക്തസാക്ഷിത്വത്തെയും നിസ്സാരവൽക്കരിച്ച് 'അവർ എനിക്ക് വേണ്ടിയാണോ മരിച്ചത്?' എന്ന് പുച്ഛിക്കുന്ന രാഷ്ട്രത്തിന്റെ പ്രധാനമന്ത്രി. അദ്ദേഹത്തിന്റെ മനസ്സിൽ ജനങ്ങൾ അബദ്ധധാരണകൾ തിരുകിക്കയറ്റിയെന്നും പതിയെ നേരെയായിക്കൊള്ളുമെന്നും ആഭ്യന്തരമന്ത്രി! നമ്മുടെ, ജനാധിപത്യത്തിന്റെ ദുരന്താവസ്ഥയായേ ഇതൊക്കെ കാണാൻ കഴിയുകയുള്ളൂ. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ക്ഷേമരാഷ്ട്രം എന്ന സങ്കല്പനത്തേയും അതിന്റെ പ്രയോഗത്തേയും വെല്ലുവിളിക്കുന്ന തരത്തിലാണ് ഭരണം നടപ്പിലാക്കപ്പെടുന്നത്. അത് അനുദിനം വഷളായികൊണ്ടേയിരിക്കുന്നുണ്ട് താനും.

പെൺകുട്ടികളുടെ വിവാഹപ്രായം 21 ആയി ഉയർത്താനുള്ള കേന്ദ്ര സർക്കാറിന്റെ നടപടികൾ തീർത്തും അസ്വീകാര്യമാണ്. വിദ്യാഭ്യാസം പൂർത്തിയാക്കി സ്വന്തം ശേഷികളെ വികസിപ്പിക്കാനുള്ള അവസരമാണ് ഇതിലൂടെ ഒരുക്കപ്പെടുന്നത് എന്ന വാദം തികച്ചും അസ്ഥാനത്താണ്. പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള പ്രകടമായ വ്യത്യാസങ്ങൾ 'ബേട്ടി ബചാഓ' നയങ്ങളിൽ തന്നെ നാം കണ്ടതാണ്. ന്യൂനപക്ഷ സമുദായങ്ങളുടേയും ആദിവാസികളുടേയും നിലവിലുള്ള വിവാഹസമ്പ്രദായങ്ങളെ കുറ്റകരമാക്കാൻ പോന്നതാവും ഈ നിയമഭേദഗതി. പെൺകുട്ടികളുടെ സ്വയം നിർണ്ണയാവകാശത്തിൽ കൈകടത്താനും പങ്കാളിയെ സ്വയം തെരഞ്ഞെടുക്കുന്നതിനുമേൽ കൂച്ച് വിലങ്ങിടാനും ഇത് വഴിയൊരുക്കും എന്നതിൽ സംശയമില്ല. പുതുതലമുറ ജാതി /മത പരിഗണനകൾക്കപ്പുറത്ത് വിവാഹബന്ധങ്ങൾ സങ്കല്പിക്കാൻ തുടങ്ങുന്നത് തടയാനും ഇത് ഫലത്തിൽ സൗകര്യം ചെയ്തുകൊടുക്കും. ആൺകോയ്മയുടെ ആണത്ത നിർമ്മിതികളിൽ ജോലി നേടി കുടുംബം പുലർത്തുന്ന ഉത്തരവാദിത്വം പുരുഷന്റേതാണ്. അതിനാൽ പുരുഷൻമാരുടെ വിവാഹപ്രായം ഉയർന്നു തന്നെ നിൽക്കണമെന്ന ശാഠ്യവുമുണ്ട്. ഈ അവസ്ഥയിൽ മാറ്റമുണ്ടാകും വിധം സ്ത്രീക്കും പുരുഷനും ഒരുപോലെയാവണം വിവാഹപ്രായം തീരുമാനിക്കപ്പെടേണ്ടത്. പ്രായപൂർത്തി കണക്കാക്കി വോട്ടവകാശം നൽകാൻ ഒരു പ്രായം വിവാഹം കഴിക്കാൻ അതിലും ഉയർന്ന മറ്റൊരു പ്രായം എന്ന ഇരട്ടത്താപ്പ് നയം തന്നെ പിൻവലിക്കേണ്ടതാണ്.

ഓടക്കുഴൽ പുരസ്കാരത്തിന് അർഹയായ സാറ ജോസഫിന് നിറഞ്ഞ അഭിനന്ദനങ്ങൾ. തന്റെ എഴുത്തുകളിലൂടെ സാഹിത്യ ഭാവനകളെ ത്രസിപ്പിക്കുക മാത്രമല്ല ശക്തമായ രാഷ്ട്രീയ ഊർജ്ജം പ്രദാനം ചെയ്യുക കൂടിയായിരുന്നു ടീച്ചർ. ബഹിഷ്കൃത ജീവിതങ്ങളുടെ അക്ഷരാവിഷ്ക്കാരങ്ങളിലൂടെ സാഹിത്യലോക സീമകളെ വിപുലപ്പെടുത്തുന്നതിൽ സാറ ടീച്ചർ വഹിച്ച പങ്ക് നിസ്തുലമാണ്. വേറിട്ട എഴുത്തുകാരി എന്ന നിലയിലും കേരളത്തിലെ മുൻനിര സ്ത്രീവാദസംഘാടകയും 'സംഘടിത' യുടെ ആദ്യ പത്രാധി

പ എന്ന നിലകളിലും സാറ ടീച്ചർ ഏറെ പ്രിയപ്പെട്ടതും ബഹുമാന്യവുമായ വ്യക്തിത്വമാണ്. പുരസ്ക്കാര ലബ്ധിയിൽ അഭിമാനവും ആശംസകളും രേഖപ്പെടുത്തുന്നു.

സ്കൂളിൽ  ലിംഗഭേദമുക്തമായ യൂണിഫോമുകൾ നടപ്പാക്കാനുള്ള ശ്രമങ്ങൾ ഏറെ സ്വാഗതാർഹമാണ്. വളരെ നിസ്സാരം എന്ന് തോന്നുന്നവ മുതൽ വളരെ പ്രകടവും ഗൗരവതരവും  ആയിത്തോന്നുന്നവ വരെയുള്ള  നിരവധി ആചരണങ്ങളിലൂടെയാണ് ലിംഗഭേദത്തിന്റെ അസമത്വലോകങ്ങൾ ദൈനംദിനമായി പുനരുൽപ്പാദിപ്പിക്കപ്പെടുന്നത്. അവ ഓരോന്നായി പൊളിച്ചെഴുതിയേ തീരൂ. എന്നാൽ ഇതിനായി പലപ്പോഴും സ്വീകരിക്കപ്പെടുന്ന മാർഗ്ഗം 'ആൺവേഷങ്ങൾ' പെൺകുട്ടികൾക്ക് കൂടി അനുവദിക്കുക എന്നതാണ്.  'പെൺവേഷങ്ങള'ണിഞ്ഞാൽ തകർന്നു പോയേക്കാവുന്ന ആണത്തങ്ങളിൽ നിന്ന് പരിവർത്തനമുണ്ടാവണമെങ്കിൽ ഇത് മതിയാകുമെന്ന് തോന്നുന്നില്ല. കാലക്രമേണ ഈ പരിമിതിയും മറികടന്ന് ഏകലിംഗ (യൂനിസെക്സ്) സ്കൂൾവസ്ത്രം പ്രചാരത്തിലാക്കാനാകും എന്ന് പ്രത്യാശിക്കട്ടെ.

കാൽപാദസ്പർശനം മാത്രമാണെങ്കിൽ പോലും അത് അനുവാദമില്ലാതെയാവുമ്പോൾ പീഡനസ്വഭാവമുള്ളതു തന്നെ എന്ന് വിധിച്ചിരിക്കുകയാണ് ബോംബെ ഹൈക്കോടതിയുടെ ഔറംഗബാദ് ബെഞ്ച്. രാത്രിയിൽ വീട്ടിൽ പ്രവേശിച്ച് തന്റെ പാദങ്ങൾ സ്പർശിച്ച പുരുഷനെതിരെ യുവതി നൽകിയ പരാതിയിൽ പ്രതിക്ക് ലഭിച്ച ജയിൽശിക്ഷ ശരിവെയ്ക്കുകയായിരുന്നു കോടതി. ലൈംഗികപീഡന ഉദ്ദേശ്യത്തോടെ  ഒരു സ്ത്രീയുടെ ഏതു ശരീരഭാഗത്തും നടത്തുന്ന സ്പർശനം കുറ്റകരമാണെന്ന് കോടതി നിരീക്ഷിച്ചു.

കാസർകോട്ടെ എൻമകജെ തുടങ്ങിയ പഞ്ചായത്തുകളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി മനുഷ്യനാശിനിയെന്ന ഉഗ്രരൂപം പൂണ്ട യാഥാർത്ഥ്യങ്ങൾ പൊതുജനമധ്യം വെളിവാക്കപ്പെട്ടതാണ്. കീടനാശിനിയുടെ മാരകഫലങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടും ബാധിക്കപ്പെട്ടവർ അത് അനുഭവിച്ചു തുടങ്ങിയിട്ടും കാൽ നൂറ്റാണ്ടോളമായി. എന്നിട്ടും നീതിയും  ആശ്വാസമേകാൻ പോന്ന ഏറ്റെടുക്കലും സർക്കാറുകളുടെ ഭാഗത്ത് നിന്നും ഇനിയും ഉണ്ടായിക്കാണുന്നില്ല. നഷ്ടങ്ങൾക്ക് പരിഹാരമില്ലെന്നിരിക്കെ താൽക്കാലികമായ നഷ്ടപരിഹാരത്തുകകൾ ലഭിക്കുന്നത് ഭരണമനസ്സാക്ഷിയുടെ ന്യായീകരണത്തിനല്ലാതെ മറ്റൊന്നിനും ഉതകുന്നതല്ല തന്നെ. ജീവിതാന്ത്യം വരെയുള്ള സംരക്ഷണവും ഏറ്റെടുക്കലുമാണ് ഇവിടെ അത്യാവശ്യം എന്നിരിക്കെ പ്രാഥമികമായ പുനരധിവാസം പോലും എത്രയോ  അകലെയാണിപ്പോഴും . പീഡിതരായ മക്കൾ ജനിക്കുന്നതോടെ ഭാര്യമാരെ ഉപേക്ഷിച്ച് പുരുഷൻമാർ രക്ഷപ്പെടുമ്പോൾ  കുഞ്ഞുങ്ങളെ പരിപാലിക്കാൻ ആളില്ലാത്തതിനാൽ ജോലിക്ക് പോലും പോകാൻ കഴിയാതെ ഒറ്റക്ക് പൊരുതുന്ന അനേകം സ്ത്രീകൾ ഉണ്ടവിടെ. ജനവിരുദ്ധ കാർഷികനയങ്ങളുടെ കഠിന ഇരകൾ ആയിട്ടുകൂടിയും ശാരീരികവും മാനസികവുമായ നിരവധി വെല്ലുവിളികളെ അതിജീവിക്കാൻ സമരം ചെയ്യേണ്ടിവരുന്ന പോരാളികളെ അടയാളപ്പെടുത്തുകയാണ് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ പ്രസിഡന്റ് കൂടിയായ മുനീസ അമ്പലത്തറ. പ്രതിരോധവും ഐക്യപ്പെടലും സാധ്യമാവുന്ന വായനയ്ക്കായി സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്

**മുനീസ അമ്പലത്തറ**
പ്രസിഡന്റ്
എൻഡോസൾഫാൻ പീഡിത
ജനകീയ മുന്നണി



സംഘടിത ജനുവരി ലക്കം എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങളാണ് ചർച്ച ചെയ്യുന്നത്. ഒരു പാട് ദുരിതക്കയങ്ങളിൽ നീന്തിക്കൊണ്ടിരിക്കുന്നവരാണ് ഞങ്ങളോരോരുത്തരും .അതോടൊപ്പം ശക്തമായ പോരാട്ടങ്ങളിലൂടെയാണ് ഇന്ന് അനുഭവിക്കുന്ന അവകാശങ്ങളിൽ പലതും ഞങ്ങൾക്ക് നേടിയെടുക്കാനായിട്ടുള്ളത്. നേടിയെടുത്ത അവകാശങ്ങൾ നില നിർത്താനും പോരാടേണ്ടിക്കൊണ്ടിരിക്കുന്നവരാണ് ഇന്നും ഞങ്ങൾ.

പ്രതിസന്ധികളോട് പടവെട്ടി വിജയം വരിച്ചവർ ദുരിതബാധിതരുടെ കൂട്ടത്തിൽ ഉണ്ട്. ഹോമിയോ ഡോക്ടറായ ശ്രുതിയെപ്പോലെ. തക്ക സമയത്ത് വിദഗ്ദചികിത്സ ലഭിച്ചിരുന്നുവെങ്കിൽ മെച്ചപ്പെടുമായിരുന്ന നിരവധി യാളുകൾ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ട്. എന്നാൽ ഞങ്ങൾ ഇന്ന് നേരിടുന്ന ഏറ്റവും സങ്കടകരമായ കാര്യം കാസർഗോഡ് ജില്ലയിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തയാണ്. ദുരന്തം വിതച്ച ഭൂമിയിൽ ഇപ്പോഴും പരസ്പരം സ്നേഹിച്ചും സഹകരിച്ചും ആശ്വസിപ്പിച്ചും മുന്നോട്ട് പോകാൻ ഞങ്ങൾക്ക് കഴിയുന്നുണ്ട്. ദുരിത ബാധിതരുടെ പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും മുന്നിലെത്തിക്കാൻ ജാതി , മതം രാഷ്ട്രീയം ഒന്നും നോക്കാതെ തന്നെ വിവിധ നിറക്കൊടികൾ ഒരേ വേദിയിൽ ചേർത്ത് കെട്ടി കൂടെ നിന്നിട്ടുണ്ടെന്നതും ഈ അവസരത്തിൽ ഓർക്കുകയാണ്. ദുരിതബാധിതരുടെ കണ്ണീരിനൊപ്പം നിൽക്കാൻ വ്യത്യസ്ത ആശയങ്ങളും കാഴ്ചപ്പാടുകളുംതടസ്സമായിരുന്നില്ലെന്നും മറക്കുന്നില്ല.2013 ൽ ഒപ്പുമരച്ചുവട്ടിൽ 36 ദിവസം നീണ്ടു നിന്ന നിരാഹാരം ,തുടർന്ന് നടന്ന ജനസമുദ്രം പോലെയുള്ള പരിപാടികളിലൊക്കെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒറ്റക്കെട്ടായി കൈകോർത്ത കാഴ്ച ഇന്നലെയെന്ന പോലെ മനസ്സിൽ തെളിഞ്ഞു വരികയാണ്.പൊതു സമൂഹത്തിന്റെ ഇടപെടൽ തന്നെയാണ് ദുരിതങ്ങൾക്ക് ചെറിയ രീതിയിലെങ്കിലും അറുതി നേടിത്തന്നത്. ശരീരത്തിനും മനസ്സിനുമേറ്റ മുറിവുകൾ പൂർണമായും ഉണക്കാനായില്ലെങ്കിലും വീണു കിട്ടുന്ന കൊച്ചു കൊച്ച് സന്തോഷങ്ങളെ ഉത്സവമാക്കി മുന്നേറാനാണ് ഞങ്ങൾ എന്നും ശ്രമിക്കുന്നത്. എന്നാൽ ഞങ്ങളുടെ കൊച്ചു കൊച്ചു സന്തോഷങ്ങളിൽപോലും കരിനിഴൽ വീഴ്ത്തുന്ന ദുരനുഭവങ്ങളാണ് ഞങ്ങൾ നിരന്തരം നേരിടുന്നത്.

മാറി മാറി വരുന്ന സർക്കാരുകൾക്ക് മുന്നിൽ കാസർകോട് കളക്ട്രേറ്റു മുതൽ സെക്രട്ടറിയേറ്റ് പടിക്കൽ വരെ നീണ്ടു നിന്ന നിരവധി പോരാട്ടങ്ങളാണ് ഇന്ന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും ങ്ങ ങ്ങ ൾക്ക് നേടിത്തന്നത്. ഞങ്ങളുടെ അമ്മമാരുടെ നിശ്ചയദാർഢ്യത്തോടെയുള്ള സമരങ്ങൾ കുഞ്ഞുങ്ങളുടെ ചികിത്സാ സൗകര്യങ്ങളും പെൻഷൻ ആനുകൂല്യങ്ങളും നിഷേധിക്കാതിരിക്കാൻ വേണ്ടിയായിരുന്നു. 'എന്റെ കാലശേഷം ഈ മക്കൾക്ക് ആരുണ്ട് '? അമ്മമാരുടെ പൊള്ളുന്ന ചോദ്യങ്ങൾക്ക് ഇതുവരെ ഒരു ഉത്തരവും സർക്കാർ തന്നിട്ടില്ല.പുനരധിവാസ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുപോലുമില്ല.

ഇന്ന് ഞങ്ങൾ നേരിടുന്ന ഏറ്റവു വലിയ പ്രതിസന്ധി ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തയാണ്.നിരന്തരം ചികിത്സ ആവശ്യമുള്ളവരാണ് ദുരിതബാധിതർ. രോഗികളായ കുഞ്ഞുങ്ങൾ ഇപ്പോഴും പിറന്നു കൊണ്ടിരിക്കുന്നു .എന്നിൽകേരളത്തിൽ മെഡിക്കൽ കോളേജുകളില്ലാത്ത ഒരേയൊരു ജില്ലയാണ് കാസർഗോഡ്. ഒരു ന്യൂറോളജിസ്റ്റിന്റെ സേവനം നാളിതുവരെ ലഭിച്ചിട്ടില്ലാത്ത ജില്ലയാണ് ഞങ്ങളുടേത്. വിദഗ്ദ ചികിത്സ കിട്ടണമെങ്കിൽ മംഗലാപുരത്തോമത് ജില്ലകളിലോ പോകണം. ലിസ്റ്റിൽ ഉൾപ്പെട്ട രോഗികൾക്ക് ആജീവനാന്തം സൗജന്യ ചികിത്സ സുപ്രിം കോടതി വിധിച്ചതാണ്. അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ സമരം കൊണ്ട് നേരിടേണ്ടി വരുന്ന അമ്മമാർ.എം പാനൽ ചെയ്ത 17- ആശുപത്രികളിലാണ് സൗജന്യ ചികിത്സയുള്ളത്. അവിടെ ലഭിക്കാത്ത വിദഗ്ദ ചികിത്സയ്ക്ക് വേണ്ടി ഞങ്ങൾ എങ്ങോട്ടു പോകണം. വേദനയും കടിച്ചമർത്തി വീടുകളിൽ ഒതുങ്ങിക്കൂടണോ? ദുരന്തം വിതച്ച മണ്ണിൽ മൂന്നും നാലും ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുഞ്ഞുങ്ങൾക്ക് ജന്മം നല്ലാൻ വിധിക്കപ്പെട്ട അമ്മമാർ, ചികിത്സ കിട്ടാതെ കൺമുന്നിൽ പിടഞ്ഞു മരിക്കുന്ന കുഞ്ഞുങ്ങൾ ,വർഷാവർഷം മെഡിക്കൽ ക്യാമ്പ് വെക്കുമെന്ന സർക്കാർ വാഗ്ദാനം വിശ്വസിച്ച് കാത്ത് കഴിയുന്ന പട്ടികയ്ക്ക് പുറത്തുള്ള ആയിരക്കണക്കിന് രോഗികൾ, നടത്തിയ മെഡിക്കൽ ക്യാമ്പിലെലിസ്റ്റ് പ്രതീക്ഷിച്ചിരിക്കുന്നവർ ,അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടും ചികിത്സയുൾപ്പെടെയുള്ള അവകാശങ്ങൾ ഇനിയും ലഭ്യമാവാത്തവർ ഇപ്പോഴും രോഗബാധിതരായി ജനിക്കുന്ന കുഞ്ഞുങ്ങൾ ... ഇവർക്ക് സാന്ത്വനമേകാൻ ആരാണുള്ളത്.

കരിഞ്ഞു പോയ ഈ ജീവിതത്തിലേക്ക് പ്രകാശ പൂരിതമായ ഒരു പുലരി പിറവി കൊള്ളും എന്ന പ്രതീക്ഷ മാത്രമാണ് ഞങ്ങളെ ഇന്നും മുന്നോട്ട് നയിക്കുന്നത്. ആ പ്രതീക്ഷകൾ സഫലമാവാനുള്ള ചെറിയൊരു ഇടപെടലാവാൻ സംഘടിതയുടെ ഈ ലക്കം സഹായിക്കുമെങ്കിൽ .... അതും ഒരു പ്രതീക്ഷയാണ്.

ഈ എഡിറ്റോറിയൽ എഴുതിത്തുടങ്ങുമ്പോൾ ഞങ്ങളുടെ സ്നേഹ വീട്ടിന്റെ ഓമനയായി എന്റെ മടിയിലിരുന്ന് ദിവസവും 5 വയസ്സിന്റെ സ്വപ്നങ്ങൾ പങ്കുവെച്ചിരുന്ന കുഞ്ഞാറ്റ എന്ന 5 വയസ്സുകാരി ഇന്നില്ല. സ്വപ്നങ്ങളില്ലാത്ത ലോകത്തേക്ക് യാത്രയായി. അവളെക്കുറിച്ചുള്ള വിങ്ങുന്ന ഓർമ്മകളോടെ ചികിത്സ കിട്ടാതെ ഒരു കുഞ്ഞും മരിക്കാത്ത നാളെയെ പ്രതീക്ഷിച്ചു കൊണ്ട്.

വിങ്ങുന്ന മനസ്സോടെ
മുനീസ അമ്പലത്തറ

**ചർച്ചാവിഷയം/ അഭിമുഖം**



# വിഷമഴയിൽ വെന്തുപോയവർ

## മുനീസ അമ്പലത്തറയുമായുള്ള അഭിമുഖം



**ജെന്നി സുൽഫത്ത്**
സാമൂഹ്യശാസ്ത്ര ഗവേഷക

ഭരണകൂടത്തിന് പറ്റിയ ഒരു കയ്യബദ്ധമായിരുന്നില്ല കാസർകോട്ടെ എൻഡോസൾഫാൻ ദുരന്തം. അന്താരാഷ്ട്ര മാനദണ്ഡങ്ങളും ഇന്ത്യൻ കീടനാശിനി നിയമങ്ങളും കീടനാശിനി കമ്പനികളുടെ മുന്നറിയിപ്പുകളും അവഗണിച്ചുകൊണ്ട് ഇരുപത് കൊല്ലത്തിലധികം ആകാശമാർഗം വിഷമഴ പെയ്യിച്ചുകൊണ്ട് നടത്തിയ രാസ യുദ്ധത്തിന്റെ പരിണത ഫലമാണ് ഈ ദുരന്തം. .1976 ലാണ് പരീക്ഷണാടിസ്ഥാനത്തിൽ ജില്ലയിലെ പദ്രെ എന്ന ഗ്രാമത്തിലാണ് വിഷപ്രയോഗം ആരംഭിച്ചത്. പൂമ്പാറ്റകളും തേനീച്ചകളും ജലജീവികളും ചത്തൊടുങ്ങുന്നത് ആദ്യം ശ്രദ്ധിച്ചതും ഇവിടത്തെ ഗ്രാമീണരാണ്. അംഗവൈകല്യമുള്ള പശുക്കുട്ടികളുടേയും മറ്റും ജനനം ശ്രദ്ധയിൽപെട്ട ശ്രീപദ്രെ എന്ന പത്രപ്രവർത്തകൻ 1979ൽ തന്നെ സംശയങ്ങൾ ഉന്നയിച്ച് ലേഖനമെഴുതിയിരുന്നു. സ്വർഗ്ഗ എന്ന ഗ്രാമത്തിലെ ജനകീയ ഡോക്ടർ വൈ. എസ്. മോഹൻകുമാർ, പെർളെ ഗ്രാമത്തിലെ ഡോ. ശ്രീപതി എന്നിവർ തങ്ങളുടെ രോഗികളിൽ അസാധാരണമായ വിധം ബുദ്ധിമാന്ദ്യം, അപസ്മാരം, ജനിതക വൈകല്യങ്ങൾ എന്നിവ കണ്ടുവരുന്നതായി റിപ്പോർട്ട് ചെയ്യുകയും ഇത് ആരോഗ്യമേഖലയിലെ വിദഗ്ദർ പഠനം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.. എന്നാൽ 2000ഒക്ടോബർ 18ന് ലീലാകുമാരിയമ്മ എന്ന കൃഷിവകുപ്പ് ഉദ്യോഗസ്ഥ വിഷ പ്രയോഗത്തിനെതിരെ കോടതി വിധി സമ്പാദിക്കുന്നത് വരെ വിഷപ്രയോഗം തുടർന്നു.

എൻഡോസൾഫാൻ കീടനാശിനി നിരോധിച്ച് 21 വർഷം കഴിഞ്ഞിട്ടും ജനിതക തകരാറുകളുമായി കുഞ്ഞുങ്ങൾ ജനിച്ചു വീഴുന്നുണ്ട് എന്നസത്യം ഞെട്ടിപ്പിക്കുന്നതാണ്. വാഗ്ദാനം ചെയ്യപ്പെട്ട നഷ്ടപരിഹാരങ്ങൾ, ചികിത്സാസൗകര്യങ്ങൾ, പുനരധിവാസം തുടങ്ങിയവയൊക്കെ പൂർണ്ണമായും നടപ്പാക്കാൻ സർക്കാരുകൾ തയ്യാറാവുന്നില്ല. അവകാശങ്ങൾ നിലനിർത്താൻ നിരന്തരമായി സമരരംഗത്ത് ഇറങ്ങേണ്ട ഗതികേടിൽ പെട്ടവരാണ് ദുരിതബാധിതർ. ദുരിതബാധിതർക്ക് വേണ്ടി ശബ്ദിച്ചു കൊണ്ടിരിക്കുന്ന മുനീസ അമ്പലത്തറ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ പ്രസിഡണ്ടാണ്.

*എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരങ്ങളിൽ നിരന്തര സാന്നിദ്ധ്യമാണ് മുനീസ. അവരുടെ ജീവിത സമരങ്ങളിലും അവരെ ചേർത്തുപിടിച്ച് ഒപ്പം ഉണ്ടാകാറുണ്ട് എന്നാണ് അറിയുന്നത്. രണ്ട് കണ്ണിന്റേയും കാഴ്ചശക്തി നഷ്ടപ്പെട്ട ദുരിത ബാധിത കൂടിയാണ് മുനീസ.

*എപ്പോഴാണ്, ഏതു സാഹചര്യത്തിലാണ് മുനീസ അവകാശ പോരാട്ടത്തിൽ എത്തപ്പെടുന്നത് ?*

**2012 ലാണ് ഞാൻ സമരരംഗത്തേക്ക് ആദ്യമായി വരുന്നത്. എന്റെ ബിരുദ പഠനവും ബിരുദാനന്തര പഠനവും ബി എഡും കഴിഞ്ഞു എന്റെ പേര് ഉണ്ടായിരുന്ന പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധിയും കഴിഞ്ഞ്, 'ഇനി എന്ത്' എന്ന ചോദ്യവുമായി നിൽക്കുന്ന സമയമായിരുന്നു അത്. എന്റെ നാട്ടുകാരൻ കൂടിയായ അമ്പലത്തറ കുഞ്ഞികൃഷ്ണേട്ടനാണ്, കളക്റ്ററേറ്റിനു മുന്നിൽ നടന്ന സമരത്തിലേക്ക് എന്നെയും ക്ഷണിച്ചത്. അഞ്ചു വർഷംകൊണ്ട് ദുരിതബാധിതർക്കുള്ള എല്ലാ ആനുകൂല്യങ്ങളും നിർത്തിവെക്കണം എന്ന ജിഒ (GO(MS)No.07/2012/H&FWD) പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരമായിരുന്നു അത്. സമരപ്പന്തലിൽ വച്ച് അന്ന് എന്റെ മനസ്സിൽ ഉയർന്നുവന്ന ചോദ്യം 'ഞങ്ങൾക്ക് അഞ്ചുവർഷം മാത്രമേ ഇനി ജീവിക്കാൻ അവകാശമുള്ളോ ' എന്നതായിരുന്നു. അതോ അഞ്ചുവർഷം കൊണ്ട് ഞങ്ങളെ കൊന്നു തീർക്കുമോ എന്നതായിരുന്നു. സമരത്തിന്റെ മുന്നിൽ ആ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറായി.




ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങളും സുപ്രീംകോടതിയുടെ വിധിയും ഉണ്ടെങ്കിലും മഞ്ഞും മഴയും വെയിലും വകവെക്കാതെ നിരന്തരം സമരം ചെയ്തു അവകാശങ്ങൾ നിലനിർത്തേണ്ട ഗതികേടിലാണ് ഞങ്ങൾ.

**ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട ഒരാളാണല്ലോ മുനീസ. എൻഡോസൾഫാൻ ലിസ്റ്റിൽ അനർഹർ കടന്നുകൂടിട്ടുണ്ട് എന്ന് മുൻ കാസർകോട് കളക്ടറടക്കം റിപ്പോർട്ട് ചെയ്തിട്ടുണ്ടല്ലോ. എങ്ങനെയാണ് ദുരിതബാധിതരെ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് ?*

2010 ൽ നടന്ന മെഡിക്കൽ ക്യാമ്പിലെ പട്ടികയിൽ ഉൾപ്പെട്ട ആളാണ് ഞാൻ. ആദ്യം ക്യാമ്പിന് രജിസ്റ്റർ ചെയ്യണം. അംഗൻവാടി ടീച്ചർ വഴിയാണ് ഞാൻ രജിസ്റ്റർ ചെയ്തത്. ഇരുപതിനായിരത്തോളം പേരാണ് അന്നത്തെ ക്യാമ്പിൽ രജിസ്റ്റർ ചെയ്തത്. അതിൽനിന്ന് 4182 പേരെയാണ് ആ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ആരെയൊക്കെ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് ഉദ്യോഗസ്ഥരാണ്. അങ്ങനെ അർഹത നേടിയവരെയാണ് വിദഗ്ധ ഡോക്ടർമാർ പരിശോധിക്കുന്നത്. ഡോക്ടർമാരുടെ റിപ്പോർട്ടിന് ശേഷം ബന്ധപ്പെട്ട ആരോഗ്യവകുപ്പിലെയും കളക്ടറേറ്റിലെയും ഉദ്യോഗസ്ഥർ ആ ലിസ്റ്റിൽനിന്ന് വീണ്ടും അർഹരെ കണ്ടെത്തി അന്തിമ ലിസ്റ്റ് തയ്യാറാക്കിയാണ് സർക്കാരിന് സമർപ്പിക്കുന്നത്. 2011, 2013, 2017 കാലങ്ങളിലും ഈ രീതിയിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിവിധ മെഡിക്കൽ കോളേജുകളിലെ പതിനഞ്ചോളം സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ പരിശോധന നടത്തി വീണ്ടും ഉദ്യോഗസ്ഥർ തയ്യാറാക്കിയ അന്തിമ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദികൾ ദുരിതബാധിതരായ ഞങ്ങൾ അല്ലല്ലോ. അതേസമയം 13 വയസ്സായിട്ടും ട്യൂബിലൂടെ മാത്രം ഭക്ഷണം കഴിക്കുന്ന കുട്ടികൾ, അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികൾ ഒക്കെ രണ്ടു ക്യാമ്പിലും പങ്കെടുത്തിട്ടും ലിസ്റ്റിൽ പെടാതെയും ഉണ്ട്. അനർഹർ ഉണ്ടോയെന്ന് കണ്ടെത്താൻ ടെസ്റ്റുകളെ നേരിടുന്നത് പോലെ പോലീസ് ഇന്റലിജൻസ് സംവിധാനങ്ങൾ വീടുകളിലേക്ക് വരുന്ന സ്ഥിതിയും ഇന്ന് കാസർകോട് ഉണ്ട്. രാജ്യത്തെ ക്ഷേമ പെൻഷനുകളിലൊക്കെ അർഹർ മാത്രമാണുള്ളതെന്ന് ഉറപ്പു പറയാൻ ഞങ്ങളുടെ വീടുകളിലേക്ക് ഇന്റലിജൻസ് സംവിധാനങ്ങളെ അയക്കുന്ന സർക്കാരിന് കഴിയുമോ?

**ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ബാലകൃഷ്ണൻ കാസർകോട് സന്ദർശിക്കുകയും 2010 ഡിസംബർ 31 ന് കേരള ഗവൺമെൻറിന് നാല് നിർദ്ദേശങ്ങൾ അടിയന്തരമാ*

*യി എട്ട് ആഴ്ചകൾകൊണ്ട് നടപടിയെടുക്കാൻ ആവശ്യപ്പെട്ട് നൽകുകയുണ്ടായി. എന്തൊക്കെയാണ് ആ നിർദ്ദേശങ്ങൾ ?*

**1. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും പൂർണ്ണമായും കിടപ്പിലായ രോഗികൾക്കും മാനസിക വളർച്ചയില്ലാത്താവർക്കും അഞ്ച്ലക്ഷം രൂപ ധനസഹായം നൽകണം.

2. സമാനമായ പ്രശ്നങ്ങളുള്ള പാലക്കാട് അടക്കമുള്ള പ്രദേശങ്ങളിൽ സർവേ നടത്തണം.

3. ആശ്വാസ ധനവും പുനരധിവാസ പ്രവർത്തനങ്ങളും വർദ്ധിപ്പിക്കുകയും അവ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

4. കീടനാശിനി പ്രയോഗം നടത്തിയ കശുമാവിൻ തോട്ടങ്ങളുള്ള പതിനൊന്ന് പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി മെഡിക്കൽ ഹെൽത്ത് സെന്ററുകൾ ആക്കി മാറ്റണം.

** മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾ അട്ടിമറിക്കപ്പെട്ട സാഹചര്യത്തിൽ ആണല്ലോ ഡി വൈ എഫ്. ഐ സുപ്രീം കോടതിയെ സമീപിക്കുന്നത് ! എന്തായിരുന്നു കോടതിവിധി ?*

**2017 ജനുവരി 10നാണ് സുപ്രീംകോടതി വിധി വരുന്നത്. ആ വിധിയിൽ അസന്നിഗ്ദ്ധമായി പറയുന്നത് ദുരിതബാധിതരായ മുഴുവൻ പേർക്കും അതായത് ലിസ്റ്റിലുള്ള 6727 പേർക്കും അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണം എന്നാണ്. മൂന്നു മാസത്തിനുള്ളിൽ തുക കൊടുത്തിരിക്കണം എന്നും വിധിയിൽ പറഞ്ഞിട്ടുണ്ട്.



വിധി നടപ്പിലാക്കാത്ത സാഹചര്യത്തിൽ നാല് ദുരിതബാധിതരുടെ അമ്മമാർ വീണ്ടും സുപ്രീംകോടതിയെ സമീപിച്ചു. കാറ്റഗറിയിൽപ്പെട്ടവർക്ക് സൗജന്യ ചികിത്സക്കും പെൻഷനും അർഹതയുണ്ടെങ്കിലും നഷ്ടപരിഹാരത്തിന് അർഹതയില്ലെന്നാണ് സംസ്ഥാന സർക്കാർ കോടതിയിൽ വാദിച്ചത്. എന്നാൽ കോടതി ഈ വാദം തള്ളുകയും ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ചികിത്സയും പെൻഷനും വാങ്ങുന്ന എല്ലാവർക്കും 2017 ജനുവരി 10ലെ വിധിപ്രകാരം നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്ന് 2019 ജൂലൈ 3 ന് വീണ്ടും വിധി പുറപ്പെടുവിക്കുകയും ചെയ്തു.

**വീണ്ടും വീണ്ടും സുപ്രീംകോടതിയുടെ വിധി ഉണ്ടായിട്ടും മുഴുവൻ പേർക്കും നഷ്ടപരിഹാരം ലഭ്യമായിട്ടില്ലല്ലോ. എത്രപേർക്കാണ് ഈ തുക കിട്ടാനുള്ളത് ?*

** പട്ടികയിൽ ഉൾപ്പെട്ട 6727 പേരാണ് നഷ്ടപരിഹാരത്തിന് അർഹരായിട്ടുള്ളത്. 1446 പേർക്ക് 5 ലക്ഷവും 1,568 പേർക്ക് മൂന്നു ലക്ഷം രൂപയും കിട്ടിയിട്ടുണ്ട്. 3713 പേർക്ക് ഒരു രൂപപോലും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. 1,568 പേർക്ക് രണ്ട് ലക്ഷം രൂപ കൂടി കിട്ടാനുണ്ട്.

2017 ലെ മെഡിക്കൽ ക്യാമ്പുകളിലൂടെ കണ്ടെത്തിയ 18 വയസ്സിൽ താഴെയുള്ള അതായത് വിഷമടി നിർത്തിയ ശേഷവും രോഗബാധിതരായി ജനിച്ച 517 കുട്ടികൾ ഉണ്ട് ലിസ്റ്റിൽ ഇപ്പോൾ . എന്നാൽ 2011ലെ മെഡിക്കൽ ക്യാമ്പിൽ കണ്ടെത്തിയ മാനസിക വെല്ലുവിളികൾ നേരിടുന്നവരടക്കമുള്ള 600 കുട്ടികളുടെ ലിസ്റ്റ് പുറത്തുവരാൻ ഉണ്ട് . 2019 ലെ ക്യാമ്പിലെ ലിസ്റ്റ് പുറത്തുവന്നിട്ടില്ല. മെഡിക്കൽക്യാമ്പ് വഴി ലിസ്റ്റിൽ പെട്ടാൽ മാത്രമേ സൗജന്യചികിത്സയോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാറുള്ളു.

**ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ദുരിതബാധിതർക്കും ആജീവനാന്ത സൗജന്യചികിത്സ ലഭിക്കണമെന്നാണല്ലോ കോടതി ഉത്തരവ്. ചികിത്സാ സൗകര്യങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ?*

**നിരന്തര ചികിത്സ ആവശ്യമുള്ളവരാണ് എൻഡോസൾഫാൻ ദുരിതബാധിതർ. മാനസിക വെല്ലുവിളി നേരിടുന്നവർ മുപ്പത് വയസ്സായാലും മൂന്നു വയസ്സിന്റെ മാനസിക പക്വത പോലും ഇല്ലാത്തവർ, കിടന്നകിടപ്പിൽ കിടന്നുകൊണ്ട് തന്നെ പതിറ്റാണ്ടുകളോളം കാലമായി ജീവിതം തള്ളി നീക്കുന്നവർ വാക്കുകളിൽ പറഞ്ഞാൽ ഒതുങ്ങുകയില്ല ഈ കുഞ്ഞുങ്ങളുടെ ജീവിതവും കിടന്നകിടപ്പിലാണെങ്കിലും ഈ മക്കൾക്ക് ചുറ്റും മാത്രം കറങ്ങാൻ വിധിക്കപ്പെട്ട അമ്മമാരുടെ ജീവിതവും.. സൗജന്യ ചികിത്സക്കായി എം.പാനൽ ചെയ്ത പതിനേഴോളം ആശുപത്രികൾ കാസർകോടും കാസർകോടിന് പുറത്ത് മംഗലാപുരത്തും പരിയാരത്തും. തിരുവനന്തപുരത്തു മൊക്കെയുണ്ട്. എൻഡോസൾഫാൻ രോഗികൾക്ക് ഏറ്റവും അത്യാവശ്യമുള്ള ഒന്നാണ് ന്യൂറോളജിസ്റ്റിന്റെ സേവനം. കാസർകോട് ജില്ലയിൽ നാളിതുവരെ ഒരു ന്യൂറോളജിസ്റ്റിന്റെ സേവനം ലഭ്യമല്ല. അതിനുവേണ്ടി മുട്ടാത്ത വാതിലുകളില്ല. കാസർകോട് മെഡിക്കൽ

കോളേജിന് 2013 ൽ തറക്കല്ലിട്ടതാണ്. കേരളത്തിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്ന എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) പ്രൊപ്പോസലിൽ കാസർകോടിന്റെ പേരു കൂടി ഉൾപ്പെടുത്താൻ സർക്കാർ ഇതുവരെയും തയ്യാറായിട്ടില്ല. കാസർകോടിന്റെ ഉൾഗ്രാമങ്ങളിൽ സൗജന്യ ചികിത്സ തേടിയും ന്യൂറോളജിസ്റ്റിന്റെ സേവനം തേടിയും ജില്ലക്ക് പുറത്തേക്ക് പോകേണ്ടി വരുന്ന അമ്മമാർ അനുഭവിക്കുന്ന ദുരിതങ്ങൾ പറഞ്ഞറിയിക്കാൻ കഴിയില്ല. രോഗിയെ ഒരു നോക്ക് കാണാതെ പത്തും പതിനഞ്ചും വർഷം മുമ്പ് എഴുതി കൊടുത്ത മരുന്ന് അതേപടി ആവർത്തിച്ചു എഴുതിക്കൊടുക്കുന്ന ഡോക്ടർമാരും ഉണ്ട് . ഇന്നിപ്പോൾ മംഗലാപുരത്തെ സൗജന്യചികിത്സ തന്നെ നിഷേധിക്കപ്പെടാൻ പോകുകയാണ്. അതിനുള്ള നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വിദഗ്ധ ചികിത്സ ലഭിച്ചിരുന്നെങ്കിൽ രക്ഷപ്പെടുമായിരുന്ന എത്രയോ ജന്മങ്ങൾ കാസർകോട് ജില്ലയിൽ ഇന്നുമുണ്ട്. സൗജന്യ ചികിത്സക്ക് അർഹതപ്പെട്ട പലരും വിദഗ്ധ ചികിത്സക്കായി കാത്തിരിക്കുമ്പോൾ പല സുമനസ്സുകളും സന്നദ്ധ സംഘടനകളും അവരുടെ സഹായത്തിന് എത്തുന്നത് ആശ്വാസകരമാണ്. പക്ഷേ ആയിരങ്ങൾ നൊന്തു പെറ്റ ജീവനെ മരണത്തിന് വിട്ടു കൊടുക്കാൻ വിധിക്കപ്പെട്ട് കഴിയുന്ന കാഴ്ച അധികാരികളുടെ കണ്ണിൽ പെടാത്തത് എന്തുകൊണ്ടായിരിക്കും!



അനർഹരാണ് എന്ന് പറഞ്ഞു ഞങ്ങളുടെ ചികിത്സ പോലും നിഷേധിക്കാൻ റിപ്പോർട്ടുകളെഴുതുന്ന മുൻ കളക്ടർ സജിത്ത് ബാബു വിനോടും ഒരു യൂറോളജിസ്റ്റിനെ പോലും നിയമിക്കാൻ തയ്യാറാകാത്ത സർക്കാരിനോടും ഞങ്ങൾക്ക് ചോദിക്കാനുള്ളത് 'ഞങ്ങൾ എന്ത് തെറ്റാണ് നിങ്ങളോട് ചെയ്തത്?' എന്നാണ്. ഭരണകൂടം നടത്തിയ യുദ്ധത്തിന്റെ ഇരകളായവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ നിർത്തലാക്കാൻ അഹോരാത്രം പണിയെടുത്ത് മുൻ ജില്ലാ കളക്ടർക്ക്, മാസത്തിൽ ശമ്പളം വാങ്ങുന്ന നമ്മുടെ ജനപ്രതിനിധികളും, അദ്ദേഹം കൂടി ഉൾപ്പെടുന്ന സർക്കാർ ജീവനക്കാരും ചികിത്സ സഹായങ്ങൾ കൈപ്പറ്റുന്നുണ്ടെന്ന് അറിയാത്തതാണോ! ലക്ഷക്കണക്കിന് രൂപ ചികിത്സ ചെലവിന് സർക്കാരിൽ നിന്ന് കൈപ്പറ്റാൻ അർഹതയുള്ള മറ്റുള്ളവരോട് തോന്നാത്ത അമർഷം എൻഡോസൾഫാൻ ദുരിതബാധിതർ വാങ്ങുമ്പോൾ മാത്രം തോന്നുന്നത് എന്തുകൊണ്ടാണ്! എൻഡോസൾഫാൻ ലോബിക്ക് വേണ്ടിയാണ് അദ്ദേഹം നിലകൊള്ളുന്നത് എന്ന് ഞങ്ങൾ സംശയിച്ചാൽ ഞങ്ങളെ കുറ്റപ്പെടുത്താൻ പറ്റുമോ? 2013 ൽ നടന്ന കാസർകോട് മെഡിക്കൽ കോളേജിന്റെ തറക്കല്ലിടലിനുശേഷം നിർമ്മാണം ആരംഭിച്ച മെഡിക്കൽ കോളേജുകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഏറ്റവും കൂടുതൽ ചികിത്സ ആവശ്യമുള്ള രോഗികളുള്ള കാസർകോട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജില്ല, ന്യൂറോളജിസ്റ്റില്ല. ഇവിടത്തെ ജനങ്ങളും കേരളത്തിൽ തന്നെയാണ് ജനിച്ചത് എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

** 10.8.2021ന് ഉദുമ എം.എൽ.എ, സി.എച്ച്.കുഞ്ഞമ്പു നിയമസഭയിൽ ഉന്നയിച്ച സബ്മിഷന് മറുപടി പറഞ്ഞ മന്ത്രി, ആർ.ബിന്ദു വളരെ കാര്യക്ഷമമായി ചികിത്സാ സംവിധാനങ്ങൾ നടക്കുന്നുണ്ടെന്ന സൂചന യാണല്ലോ നൽകിയത്. 11 ദുരിത ബാധിത പഞ്ചായത്തുകളിൽ വീടുകളിൽ എത്തി ചികിത്സ നൽകുന്നതിന് മൊബൈൽ മെഡിക്കൽ യൂണിറ്റും ആശുപത്രികളിൽ എത്തിക്കുന്നതിന് 11 ആംബുലൻസുകളും പ്രവർത്തിക്കുന്നുണ്ട് എന്നായിരുന്നു മന്ത്രി പറഞ്ഞത്. എന്താണ് അവസ്ഥ ?*

** നിയമസഭയിൽ മന്ത്രി പറഞ്ഞ മറുപടികൾ പലതും ഉദ്യോഗസ്ഥർ മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചതുകൊണ്ട് സംഭവിച്ചതാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നിലച്ചിട്ട് വർഷങ്ങളായി. പഞ്ചായത്തുകളിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ മറ്റു ആശുപത്രികളിൽനിന്ന് എഴുതിയ ചില മരുന്നുകൾ സൗജന്യമായി ലഭിക്കാറുണ്ട്. അതുപോലെ അവിടെ ലഭിക്കുന്ന ഡോക്ടർമാരുടെ സേവനം നാഡീ സംബന്ധമായ രോഗങ്ങളും ജനിതക രോഗങ്ങളും വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗങ്ങളും ഒക്കെ

ഉള്ളവർക്ക് പ്രയോജനം ചെയ്യുന്നതുമല്ല. പത്തു പതിനഞ്ച് വർഷം മുമ്പ് പരിശോധന നടത്തി ഡോക്ടർമാർ കുറിച്ചുകൊടുത്തമരുന്നുകൾ രോഗിയെ പരിശോധിക്കുക പോലും ചെയ്യാതെ ആവർത്തിക്കുന്ന സ്ഥിതിയുമുണ്ട്.

അജാനൂർ ഒഴികെ പത്ത് പഞ്ചായത്തുകളിലാണ് ആംബുലൻസ് കിട്ടിയത്. അവ രോഗികൾക്ക് പ്രയോജനപ്പെടാത്ത വിധം ഒന്നുകിൽ കട്ടപ്പുറത്ത് ആയിരിക്കും അല്ലെങ്കിൽ പലവിധ സാങ്കേതികതങ്ങളിൽ കുരുങ്ങിയും ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണവും രോഗികൾക്ക് പ്രയോജനപ്പെടാതിരിക്കുകയും ചെയ്യും. വളരെ നല്ല രീതിയിൽ സേവനം ചെയ്യുന്ന ആംബുലൻസുകളും ഉണ്ടെന്നത് മറക്കുന്നില്ല. കൃത്യസമയത്ത് ആംബുലൻസ് കിട്ടാത്തതുകൊണ്ട് ആശുപത്രിയിൽ എത്തിക്കാൻ കഴിയാതെ മരിച്ചുപോയ കുട്ടികളും ഞങ്ങൾക്കിടയിലുണ്ട്. സൗജന്യ ചികിത്സക്ക് അർഹരായവർ കാഞ്ഞങ്ങാട് ഡി.പി.എം ഓഫീസിൽ നിന്നുള്ള കത്തുമായി വേണം മംഗലാപുരത്തും തിരുവനന്തപുരത്തുമൊക്കെയുള്ള ആശുപത്രികളിൽ പോകാൻ.

എൻമകജെയിലുള്ള ഒരാൾക്ക് കാഞ്ഞങ്ങാട് എത്താൻ നാലോ അഞ്ചോ മണിക്കൂറുകൾ യാത്ര ചെയ്യണം. തിരിച്ചും. ഈ കത്തുകൾ പഞ്ചായത്തുകൾ വഴി ലഭ്യമാക്കുകയാണെങ്കിൽ അവർക്ക് കിട്ടുന്ന ആശ്വാസം വളരെ വലുതായിരിക്കും. അതുപോലെ സൗജന്യചികിത്സ ലഭ്യമാകുന്ന ആശുപത്രികളിൽ കിട്ടാത്ത ചികിത്സകൾക്ക് പണം കണ്ടെത്താനാവാതെ, മക്കളുടെ ചികിത്സ തന്നെ വേണ്ടെന്നുവെച്ച മാതാപിതാക്കളുടെ വേദന കാണാൻ ആരുണ്ട്! സുപ്രീംകോടതി വിധിപ്രകാരം ആവശ്യമായ ചികിത്സ ഏത് ആശുപത്രിയിലായാലും ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമല്ലേ ?

** നിയമസഭയിൽ മന്ത്രി പറഞ്ഞത് ദുരിതബാധിതരായ കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് 11 ദുരിതബാധിത പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ! പൂർണമായി ശരിയല്ല എന്നാണല്ലോ മുനീസ പറഞ്ഞത് . വാസ്തവം എന്താണ് ?*

എൻമകജെ പഞ്ചായത്തിൽ നബാർഡിന്റെ ഒന്നര കോടി രൂപ ആറുവർഷം മുമ്പ് ബഡ്സ് സ്കൂളിന് അനുവദിച്ചിട്ടും ഇപ്പോഴും ആസ്ബസ്റ്റോസ് ഷീറ്റിനടിയിലാണ് പ്രവർത്തിക്കുന്നത്. അതുപോലെ കള്ളാർ, കുംബഡാജെ, ബെള്ളൂർ, പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകളുടെ പണി പൂർത്തിയായിട്ടില്ല. അജാനൂർ, പനത്തടി പഞ്ചായത്തുകളിൽ സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വളരെ നന്നായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുള്ളത് പുല്ലൂർ-പെരിയ പഞ്ചായത്തിലാണ്. അതായത് സ്കൂളുകൾ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി,സ്പെഷ്യൽ എഡ്യൂക്കേഷന് വേണ്ടിയുള്ള മറ്റു സൗകര്യങ്ങൾ തുടങ്ങിയവയൊക്കെ ചേർന്നതായിരിക്കണം. കയ്യൂർ-ചീമേനി, മൂളിയാർ, കാറുഡുക്ക പഞ്ചായത്തുകളിലും അസൗകര്യങ്ങൾക്ക് നടുവിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.



** സ്നേഹവീട് എന്നൊരു സ്ഥാപനം നിങ്ങൾ നടത്തുന്നുണ്ടല്ലോ അതിനെ കുറിച്ച് ഒന്നു പറയാമോ ?*

**2014 ഡിസംബർ എട്ടാം തീയതി ഒരു വാടക ക്വാർട്ടേഴ്സിൽ ആരംഭിച്ച സ്ഥാപനമാണ് സ്നേഹവീട്. തുടങ്ങുമ്പോൾ മനസ്സിൽ ഉണ്ടായിരുന്നത് രണ്ടോ മൂന്നോ കുട്ടികൾക്കെങ്കിലും മാനസികോല്ലാസം ലഭിക്കുന്ന, അവരുടെ രക്ഷിതാക്കൾക്ക് ഏൽപ്പിച്ചു പോകാൻ കഴിയുന്ന സുരക്ഷിതമായ ഒരിടം എന്നതായിരുന്നു. ബഡ്സ് സ്കൂളിൽ പല കാരണങ്ങളാൽ എത്തിപ്പെടാൻ കഴിയാത്ത , അതായത് വീടിന്റെ നാല് ചുമരുകളിൽ ഒതുങ്ങിപ്പോയ ചില കുട്ടികളുടെ രക്ഷിതാക്കൾ, 'ജീവിതം മടുത്തു, ജീവിതം അവസാനിപ്പിച്ചാലോ എന്നുപോലും ആലോചിച്ചു പോകുന്നു' എന്ന് നിരന്തരം പറയുന്നത്, പ്രത്യേകിച്ചും വീടിനകത്തു അടക്കപ്പെട്ടതുകൊണ്ടു തന്നെ അക്രമ പ്രവണത കാണിക്കുന്ന കുട്ടികളുടെ അമ്മമാർ പറയുന്നത് ഇത്തരമൊരു ആലോചനയ്ക്ക് കാരണമായി. അഡ്വക്കേറ്റ് ടി വി രാജേന്ദ്രൻ പ്രസിഡന്റും അഡ്വക്കേറ്റ് പീ

താംബരൻ സെക്രട്ടറിയുമായി 'സ്നേഹം' ട്രസ്റ്റ് രൂപീകരിച്ചു. സ്നേഹവീട് ആരംഭിച്ചു. സിനിമ സംവിധായകൻ ഡോക്ടർ ബിജു, അംബികാസുതൻ മാങ്ങാട്, കാസർകോട് തന്നെയുള്ള പ്രവാസിയായ ഫൈസൽ തുടങ്ങിയവരുടെ സാമ്പത്തിക സഹായം തുടക്കത്തിൽ ഉണ്ടായി. പിന്നീട് നടൻ കുഞ്ചാക്കോബോബൻ കോടീശ്വരൻ പരിപാടിയിൽ നിന്നും കിട്ടിയ നാലര ലക്ഷം രൂപ സ്നേഹ വീടിന്റെ പ്രവർത്തനത്തിന് സംഭാവനയായി തന്നു .ഇദ സെലിബ്രിറ്റി ക്രിക്കറ്റ് ക്ലബ് ലണ്ടനിൽ നടത്തിയ മത്സരത്തിൽ നിന്ന് കിട്ടിയ നാലരലക്ഷം മറ്റു സുമനസ്സുകൾ നൽകിയ സംഭാവനകൾ ഒക്കെ സ്നേഹ വീടിന്റെ പ്രാരംഭ വളർച്ചക്ക് ഉപകരിച്ചു. പിന്നീട് സുരേഷ് ഗോപിയുടെ ഇടപെടൽ ഉണ്ടായി. മറിയാമ്മ വർക്കി എന്ന വ്യവസായി 25 ലക്ഷം രൂപയും സ്നേഹ വീടിന് നൽകി. കസ്തൂർബാ മഹിളാസമാജം പത്ത് സെന്റ് സ്ഥലം സൗജന്യമായിത്തന്നെ തന്നു. ആ സ്ഥലത്താണ് ഇന്ന് സ്നേഹവീട് നിൽക്കുന്നത്. കാഞ്ഞങ്ങാട് നെഹ്റു കോളേജ് സാഹിത്യവേദിയുടെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചുതന്ന എട്ടാമത്തെ ഭവനമാണ് ഈ സ്നേഹവീട്.

2018 ൽ സ്നേഹവീട് സന്ദർശിച്ച ദയാബായിയുടെ ഇടപെടലിന്റെ ഫലമായി തണൽ വടകരയുടെ സ്ഥാപകൻ ഡോക്ടർ ഇദ്രീസ് സ്നേഹവീട്ടിൽ വരികയും വിവിധതരം തെറാപ്പികൾ സൗജന്യമായി നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ, വൊക്കേഷണൽ ട്രെയിനിങ്, ഒക്യുപേഷൻ തെറാപ്പി, ബിഹേവിയർതെറാപ്പി, എന്നിവയൊക്കെ സൗജന്യമായി ഇപ്പോൾ നൽകുന്നുണ്ട്. ഒരു വയസ്സു മുതൽ ഉള്ള കുട്ടികൾ അവിടെ വരുന്നുണ്ട്. രജിസ്റ്റർ ചെയ്ത അൻപത് കുട്ടികൾക്ക് ഈ സേവനങ്ങൾ ലഭ്യമാണ്. കുട്ടികളുടേയും രക്ഷിതാക്കളുടേയും മാനസിക സന്തോഷം നമുക്ക് അവിടെ അനുഭവിക്കാൻ കഴിയുന്നുണ്ട്. പരസ്പരം സങ്കടങ്ങൾ പങ്കുവെക്കാനുള്ള ഒരു ഇടമാണ് അമ്മമാർക്ക് സ്നേഹവീട്. തങ്ങളേക്കാൾ പ്രയാസം അനുഭവിക്കുന്നവരും ഈ ഭൂമിയിൽ ഉണ്ട് എന്ന തിരിച്ചറിവ് മാനസികസംഘർഷം കുറക്കാൻ സഹായിക്കുന്നുണ്ട്.

'എന്റെ കാലശേഷം എന്റെ കുഞ്ഞിന് ആരുണ്ട്' എന്ന ചോദ്യവുമായി ജീവിക്കുന്ന അമ്മമാർ കാസർകോടിന്റെ വലിയൊരു വേദനയാണ്. ശാസ്ത്രീയ രീതിയിലുള്ള പുനരധിവാസ പ്രവർത്തനങ്ങൾ അവിടെ നടക്കേണ്ടതുണ്ട്. 2020 മാർച്ച് 14 ന് വുളിയാർ പഞ്ചായത്തിൽ സർക്കാരിന്റെ എൻഡോസൾഫാൻ പുനരധിവാസ തറക്കല്ലിടൽ നടന്നിട്ടുണ്ട്. മക്കളിൽ നിന്ന് അമ്മമാരെ വേർപെടുത്തിക്കൊണ്ടല്ല, ആർക്കൊപ്പമാണ് അവരെ പുനരധിവസിപ്പിക്കേണ്ടത്. കരിപിടിച്ച ജീവിതങ്ങളിലേക്ക് പ്രകാശപൂരിതമായ ഒരു പ്രതീക്ഷ മാത്രമാണ് ഞങ്ങളെ ഇന്നും മുന്നോട്ടു നയിക്കുന്നത്.

ഭിന്നശേഷി സൗഹൃദ മല്ലാത്ത വീടുകളിൽ താമസിക്കുമ്പോൾ അക്രമവാസന പ്രകടിപ്പിക്കുന്ന മക്കളുള്ളവർ, ചികിത്സക്കായി കിടപ്പാടം പോലും വിറ്റവർ , ലഭിച്ച വീട്ടിൽ നിന്നും കുടിയിറക്കിയവർ, താക്കോൽദാനം വരെ എത്തിയിട്ടും വീട് നഷ്ടപ്പെട്ടവർ ഇങ്ങനെ വീടിനു വേണ്ടി കാത്തിരിക്കുന്ന നിരവധി ദുരിതബാധിതർ ഉള്ളപ്പോഴാണ് ഈ അനാസ്ഥ .

**എൻഡോസൾഫാൻ നിരോധനം വന്ന 2000 ഒക്ടോബറിനുശേഷം എൻഡോസൾഫാൻ തളിച്ചിട്ടില്ല. ഇപ്പോഴും എൻഡോസൾഫാൻ രോഗികൾ ജനിക്കുന്നതായിട്ടാണല്ലോ വാർത്തകളിൽ കാണുന്നത്. എന്താണ് പറയാനുള്ളത്?*

**ഐ.സി.എം.ആർന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്കുപ്പേഷണൽ ഹെൽത്ത് 2002 ൽ ദേശീയ മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിൽ തന്നെ POP ഇനത്തിൽപ്പെട്ട എൻഡോസൾഫാൻ ഏരിയൽ സ്പ്രേ നിരവധി തലമുറകൾക്ക് ജനിതകവൈകല്യം സൃഷ്ടിക്കാവുന്ന സാഹചര്യം സൂചിപ്പിച്ചിരുന്നു. തലമുറകളെ ബാധിക്കുന്നത് കൊണ്ടാണല്ലോ 2017 ലെ മെഡിക്കൽ ക്യാമ്പിൽ 18 വയസ്സിൽ താഴെയുള്ള 517 പേരെ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. 2020 ജൂലൈ 19 ന് കുംബഡാജെ പഞ്ചായത്തിൽ ഹർഷിദ് ജനിച്ചത് തല വളരുന്ന രോഗവുമായിട്ടാണ്. ഇതേ രോഗവുമായി ജനിച്ച നവജിത്ത്, അമേയ; ജനിതക തകരാറുകളുമായി ജനിച്ചു കൊണ്ടിരിക്കുന്ന നിരവധി കുഞ്ഞുങ്ങൾ NIOHന്റെ റിപ്പോർട്ട് ശരിയാണെന്ന് നമ്മെ ഓർമിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

ഭരണകൂടഭീകരതയുടെ ഇരകൾ ആയ കാസർകോട് എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഭരണകൂടത്തോട് പറയാനുള്ളത് നിരന്തര ചികിത്സ ആവശ്യമുള്ള ഞങ്ങൾക്ക്, ഞങ്ങളുടെ മക്കൾക്ക് ഞങ്ങളുടെ ജില്ലയിൽ തന്നെ വിദഗ്ധ ചികിത്സ ലഭ്യമാക്കണം എന്നാണ്. ഞങ്ങളുടെ ദുരിതങ്ങൾ തുടർന്നു കൊണ്ടിരിക്കുമ്പോൾ പല സർക്കാർ സംവിധാനങ്ങളും ഉദ്യോഗസ്ഥരും ഞങ്ങളെ ബാധ്യതയായി കാണുന്നത് അവസാനിപ്പിക്കണം. നിങ്ങളെ പോലെ തന്നെ ഒരുപാട് സ്വപ്നങ്ങളുമായാണ് ഞങ്ങളുടെ അമ്മമാരും പ്രസവിക്കുന്നത്. അവരുടെ സ്വപ്നങ്ങളാണ് വിഷമഴയിൽ കരിഞ്ഞു പോയത്. ഞങ്ങൾക്ക് കിട്ടുന്ന സഹായങ്ങൾ ഔദാര്യമായി കാണാതെ സർക്കാരിന്റെ ഉത്തരവാദിത്വമാണ് എന്ന ബോധ്യത്തോടെ ഞങ്ങളെ പരിഗണിക്കുക. ഇപ്പോഴും ജനിതക തകരാറുകളോടെ പിറക്കുന്ന കുഞ്ഞുങ്ങൾ ഉണ്ട് ഞങ്ങളുടെ കൂട്ടത്തിൽ . വൈദ്യശാസ്ത്രത്തിലെ പുതിയ അറിവുകളും ഗവേഷണങ്ങളും വരും തലമുറയെയെങ്കിലും രക്ഷപ്പെടുത്താൻ ഉപകാരപ്പെടുമെങ്കിൽ അതിനുള്ള ശ്രമങ്ങളും സർക്കാർ ഏറ്റെടുക്കണം..

ചർച്ചാവിഷയം




# ദുരന്തബാധിതരുടെ അതിജീവനപോരാട്ടങ്ങൾ

## എൻഡോസൾഫാൻ വിരുദ്ധ സമരങ്ങളുടെ നാൾവഴികൾ



**സോണിയ ജോർജ്ജ്**
സേവ യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി, എൻഡോസൾഫാൻ ഐക്യദാർഢ്യ സമിതി കൺവീനർ

ജീവിക്കാനുള്ള സാമാന്യാവകാശത്തെ പൊരുതി നേടുന്ന ഒരു കൂട്ടം സാധാരണ മനുഷ്യരാണ് എൻഡോസൾഫാൻ ദുരന്ത ബാധിതരായ തലമുറകൾ. തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് ശാരീരിക -മാനസിക വൈഷമ്യങ്ങളുമായി ജീവിതം മുഴുവൻ കഴിയേണ്ടി വന്നവർ. ഭരണകൂടത്തിന്റെ അറിഞ്ഞു കൊണ്ടുള്ള അനാസ്ഥയുടെ അതിക്രൂരമായ തിക്തഫലങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നവർ. കാസർഗോഡ് കളക്ട്രേറ്റിന് മുൻപിൽ ദിവസങ്ങളോളം നീളുന്ന സമരങ്ങൾക്ക് ഫലം കാണാതെ വരുമ്പോൾ എൻഡോസൾഫാൻ എന്ന മാരക വിഷത്താൽ സാധാരണ ജീവിതം വെല്ലുവിളിയായി തീർന്ന തങ്ങളുടെ കുട്ടികളുമായി മുഖ്യമന്ത്രിയുടെ വസതിയുടെ

മുന്നിലേക്കും, സെക്രട്ടറിയേറ്റിനു മുമ്പിലും ദിവസങ്ങളോളം സമരം കിടക്കേണ്ടി വരുന്ന ഇവരെ മാധ്യമങ്ങളിലൂടെയെങ്കിലും കേരള സമൂഹത്തിനു പരിചയമുണ്ട്. സഹാനുഭൂതിക്ക് അപ്പുറം ഭരണകൂടം വിഷമഴ ചീറ്റിച്ചു ജീവിതം ദുർഘടമാക്കിയ മനുഷ്യരുടെ നിലനില്പിന്റെ പോരാട്ടങ്ങൾക്ക് പിന്തുണയാണ് അവർ ആവശ്യപ്പെടുന്നത്. 2000 മുതൽ ഇന്നും തുടരുന്ന അതിജീവന സമരത്തിന്റെ നാൾവഴികൾ കക്ഷിഭേദമെന്യേ ഭരണകൂടങ്ങൾ ആർക്കൊപ്പമാണെന്ന് വ്യക്തമാക്കി തരും. നിഷ്കളങ്കരായ ഈ മനുഷ്യരുടെ പോരാട്ടങ്ങളെ രാഷ്ട്രീയവല്ക്കരിക്കുന്നതിനും എൻഡോസൾഫാൻ ലോബിയുടെ സമ്മർദ്ദ തന്ത്രങ്ങൾ ഇവരുടെ അടിസ്ഥാന അവകാശങ്ങളെ തന്നെ നിഷേധിക്കുന്ന തരത്തിലുള്ള തീരുമാനങ്ങൾ എടുക്കുന്ന അവസ്ഥയിലേക്കുമാണ് സർക്കാരുകളെ കൊണ്ടെത്തിച്ചിട്ടുള്ളത് എന്നതിന് സംശയമില്ല. അല്ലെങ്കിൽ ആർക്കും ഭീഷണിയാവാത്ത ഈ സാധു മനുഷ്യർ 2022 ലും സമര മാർഗ്ഗങ്ങളെ കുറിച്ച് ആലോചിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ് ? നയപരമായ തീരുമാനങ്ങളിലൂടെ ദുരന്ത ബാധിതർക്ക് പെൻഷൻ നൽകണം എന്ന ഉത്തരവുള്ളപ്പോൾ 2021 ചിങ്ങ മാസത്തിൽ അഞ്ച്മാസത്തോളം മുടങ്ങിയ പെൻഷനു വേണ്ടി സമരം ചെയ്യേണ്ടി വന്നത് എന്തുകൊണ്ടാണ്? എത്ര അവഗണിച്ചാലും ചിതറിച്ചാലും ജീവിക്കാനുള്ള അവകാശത്തിനായി സമരം ചെയ്യും എന്നുള്ള നിശ്ചയദാർഢ്യമാണ് ഇന്നും അവരുടെ ജീവിതത്തെ പ്രതീക്ഷയോടെ നിലനിർത്തുന്നത്. എൻഡോസൾഫാൻ നിരോധിച്ചപ്പോൾ നിലച്ചു പോവാൻ സാദ്ധ്യതയുണ്ടായിരുന്ന ഒരു പോരാട്ടമാണ് ദുരിത ബാധിതരുടെ അമ്മമാരുടെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ചത്. അതു കൊണ്ട് തന്നെ കേരള ചരിത്രത്തിൽ തികച്ചും വ്യത്യസ്തമായൊരു അതിജീവന അനുഭവമാണ് എൻഡോസൾഫാൻ സമരങ്ങൾ നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്.




## പ്രതിരോധത്തിന്റെ ആദ്യഘട്ടം

1980 മുതൽ നാല് പതിറ്റാണ്ട് കാലമായി കാസർഗോഡ് ജനത ജീവനാശിനികളായ മരുന്നു(കീടനാശിനി)കൾക്കെതിരെ നിരന്തര പോരാട്ടത്തിലാണ്. 1983ലെ ഭോപ്പാൽ വിഷവാതക ദുരന്തത്തിനു ശേഷം ഉണ്ടായ ഏറ്റവും ഭീകരമായ ഭരണകൂട ദുരന്തമാണ് എൻഡോസൾഫാൻ എന്ന രാസകീടനാശിനി വായുവിലൂടെ കശുമാവിൽ തളിച്ചതിലൂടെ ഉണ്ടായത്. ഈ കീടനാശിനിയുടെ പാർശ്വഫലങ്ങൾ 80 കളിൽ തന്നെ പ്രകടമായി തുടങ്ങി. പരിസ്ഥിതി പ്രവർത്തകരും ആരോഗ്യ വിദഗ്ദ്ധരുമൊക്കെ ഈ വിഷപ്രയോഗത്തിന്റെ പ്രത്യാഘാതങ്ങളെ ജാഗ്രതയോടെ നിരീക്ഷിച്ചു തുടങ്ങി. ഇതിനെ തുടർന്ന് രൂപം കൊണ്ട എൻഡോസൾഫാൻ സ്പ്രേ പ്രൊട്ടസ്റ്റ് ആക്ഷൻ കമ്മിറ്റി (എസ്പാക്ക്) എന്ന ജനകീയ കൂട്ടായ്മയുടെ ഇടപെടൽ ഈ വിഷയം വളരെ ഗൗരവത്തോടെ ദേശീയ - അന്തർദ്ദേശീയ തലങ്ങളിൽ എത്തിക്കുന്നതിന് സാധിച്ചു. 1997 ൽ നാഷണൽ റിസർച്ച് സെന്റർ ഫോർ കാഷ്യു (എൻ.ആർ.സി.സി) പഠനം കാസർഗോട്ടെ തോട്ടങ്ങൾ ആകാശത്ത് നിന്ന് കീടനാശിനി തളിക്കുന്നതിന് യോഗ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരം പഠനങ്ങളൊന്നും ഈ വിഷം തളിക്കുന്നതിൽ നിന്ന് ഭരണകൂടത്തെ പിന്തിരിപ്പിച്ചില്ല. ഇത് ഭരണകൂടം ബോധപൂർവ്വം നടത്തി വരുന്ന പരിസ്ഥിതി വിരുദ്ധവും മനുഷ്യത്വരഹിതവുമായ അക്രമമാണെന്നും ചെറുത്തു തോല്പിക്കേണ്ടതിന്റെ ആവശ്യത്തെ കുറിച്ചും കാസർഗോഡ് ജില്ലാ പരിസ്ഥിതി സമിതി വിലയിരുത്തി. പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് പോറലേൽക്കുന്ന തല തിരിഞ്ഞ വികസനത്തെ നേരിടാൻ ജനകീയ പോരാട്ടം അനിവാര്യമാണെന്ന് വിലയിരുത്തുകയായിരുന്നു സമിതി. ഒരു ജനതക്ക് മേൽ രാസായുധത്തിന്റെ പരീക്ഷണങ്ങൾ നടത്തിയ പ്രതീതിയാണെങ്ങും അനുഭവപ്പെട്ടത്. ചിതറിക്കിടന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള ശ്രമങ്ങൾ ഇവർ ഏറ്റെടുത്തു. സംഘടനകളേയും വ്യക്തികളേയും ചേർത്താണ് എൻഡോസൾഫാൻ വിരുദ്ധ സമര സമിതി രൂപം കൊണ്ടത്.

പെരിയ കൃഷി ഭവനിലെ ഉദ്യോഗസ്ഥയായിരുന്ന ലീലാകുമാരിയമ്മ കാഞ്ഞങ്ങാട് മുനിസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിൽ 1998ൽ വിഷമടിക്കുന്നതിന് താൽക്കാലിക വിലക്ക് കിട്ടുന്നതോടെ വിഷയം പുറംലോകമറിയുന്നു. എൻഡോസൾഫാൻ വിരുദ്ധ പോരാട്ടങ്ങളുടെ സമര നായികയായിട്ടാണ് ലീലകുമാരിയമ്മ അറിയപ്പെടുന്ന

ത്. 1983 ൽ കാസർഗോഡ് പെരിയയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥയായി ജോലി ചെയ്തിരുന്ന അവർ സ്വന്തം കുടുംബാംഗങ്ങൾക്കും

പ്രദേശത്തെ മറ്റ് പലർക്കും സമാന സ്വഭാവമുള്ള അസുഖങ്ങൾ കണ്ടെത്തിയതിനെ തുടർന്നാണ് ഈ രോഗങ്ങളുടെ മൂലകാരണം കശുമാവിൻ തോട്ടങ്ങളിൽ തളിക്കുന്ന കീടനാശിനിയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അതിനെതിരേ നിയമ പോരാട്ടത്തിന് തയ്യറായത്. പ്ളാന്റേഷൻ കോർപ്പറേഷൻ ഹൈക്കോടതിയിൽ നിന്ന് എൻഡോസൾഫാന് അനുകൂലമായ വിധി നേടിയെങ്കിലും അവർ പിൻവാങ്ങിയില്ല. 2000 ഒക്ടോബർ 18 ന് വീണ്ടും ഹൈക്കോടതിയിൽ നിന്ന് എൻഡോസൾഫാൻ ആകാശ മാർഗ്ഗം തളിക്കുന്നത് നിർത്തി വെക്കുന്നതിനുള്ള വിധി അവർ നേടി. എൻഡോ സൾഫാൻ വിരുദ്ധ ജനകീയ – നിയമ പോരാട്ടങ്ങളുടെ ആദ്യ വിജയമായിരുന്നു ഇത്.

സുനിത നാരായണന്റെ നേതൃത്വത്തിൽ ഡൽഹി ആസ്ഥാനമായുള്ള സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് എന്ന സ്ഥാപനം കാസർഗോടെത്തി വിവിധ പരിശോധനകൾ നടത്തിയതിന്റെ ഭാഗമായാണ് എൻഡോസൾഫാൻ തളിക്കുന്നത് മൂലം ആ പ്രദേശത്തുണ്ടായ അപകടങ്ങൾ പുറത്തു കൊണ്ടുവരുന്നത്. ഇതിനെ തുടർന്ന് പ്രതിഷേധങ്ങൾ ശക്തമായി. ജില്ലാ പരിസ്ഥിതി സമിതി ,പുഞ്ചിരി ക്ലബ്ബ്, ശാസ്ത്ര സാഹിത്യപരിഷത്ത്, പ്രൊഫ.ടി.സി. മാധവ പണിക്കറുടെ നേതൃത്വത്തിലുള്ള പീപ്പിൾസ് ഫോറം തുടങ്ങിയ സംഘടനകളും വ്യക്തികളും പ്രവർത്തനങ്ങളിൽ സജീവമാകുന്നത് ഈയൊരു സമയത്താണ്. ഈ പ്രവർത്തനങ്ങൾ എൻഡോസൾഫാൻ വിരുദ്ധ സമര സമിതിയുടെ രൂപപ്പെടലിന് കാരണമാവുകയും സമരങ്ങളുടെ നേതൃത്വം സമിതി ഏറ്റെടുക്കുകയും ചെയ്തു..

### ജനകീയ പ്രതിഷേധങ്ങൾ

2004 ആഗസ്ത് 7 ന് നടത്തിയ കലക്ട്രേറ്റ് മാർച്ച് എൻഡോസൾഫാൻ വിരുദ്ധ സമരത്തിന്റെ ജനകീയമുഖം തുറക്കുന്നതിന് ആരംഭം കുറിച്ചു. അന്ന് പ്രതിപക്ഷനേതാവായിരുന്ന വി.എസ്.അച്ചുതാനന്ദനാണ് മാർച്ച് ഉദ്ഘാടനം ചെയ്തത്. തിമിർത്ത് പെയ്യുന്ന മഴയത്തും ആയിരക്കണക്കിന് വിദ്യാർത്ഥികൾ അണിനിരന്നത് കണ്ട് രാഷ്ട്രീയ നേതൃത്വങ്ങൾ അക്ഷരാർത്ഥത്തിൽ പകച്ചു പോയി. വി.എസിന്റെ വരവോടെ രാഷ്ട്രീയ നേതൃത്വങ്ങളും ചുവട് മാറ്റി, പ്രത്യേകിച്ച് സി.പി.ഐ (എം). കേരളസർക്കാർ എൻഡോസൾഫാൻ ജില്ലയിൽ നിരോധിച്ചു. പിന്നീടും സമരങ്ങൾ തുടർന്നു. 2006ൽ വി.എസ്.അച്ചുതാനന്ദൻ മുഖ്യമന്ത്രി സ്ഥാനമേറ്റെടുക്കുന്നതോടെ സ്ഥിതിഗതികൾക്ക് മാറ്റമുണ്ടാകുമെന്ന പ്രതീക്ഷയുണ്ടായി. മഞ്ചേശ്വരം എം എൽ.എ ആയിരുന്ന സി.എച്ച്. കുഞ്ഞമ്പുവിന്റെ എൻഡോസൾഫാൻ മൂലം എത്ര പേർ മരിച്ചുവെന്ന നിയമസഭയിലെ ചോദ്യത്തിന് ആരും മരിച്ചില്ലായെന്ന കൃഷി മന്ത്രിയുടെ മറുപടി വിവാദത്തിനിടയാക്കി. വി.എസ് കൃഷി മന്ത്രിയോടൊപ്പം കാസർഗോഡെത്തി മരിച്ചവരുടെ കുടുംബത്തിന് അമ്പതിനായിരം രൂപ വീതം നൽകി. ചരിത്രപരമായ ഒരു ദൗത്യം നിറവേറ്റുകയായിരുന്നു വി.എസ്.അച്ചുതാനന്ദൻ .

2010 ലാണ് എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനു വേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പ് നടത്തിയത്. പരിശോധനക്കെത്തിയ 20004 രോഗികളെ പരിശോധിച്ചതിൽ 4182 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തി. ഇതിലൂടെ എൻഡോസൾഫാൻ ദുരിതബാധിതർ ഔദ്യോഗിക രേഖകളിൽ ഉൾപ്പെട്ടു.



എൻഡോസൾഫാൻ ദുരന്തം സർക്കാറിന്റെ രേഖയിൽ വന്നു.ചികിത്സയും അത്യാവശ്യ മരുന്നുകളുടെ വിതരണവും തുടങ്ങി. വി.എസ്. ദുരിതബാധിതർക്കു സഹായങ്ങൾ നൽകണമെന്ന മനസ് കാണിച്ചു. ഔദ്യോഗിക സംവിധാനങ്ങളും കീടനാശിനി ലോബികളും ചേർന്ന് ഇത് അട്ടിമറിക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും നടത്തി എന്ന് വേണം കരുതാൻ. എങ്കിലും പെൻഷൻ വിതരണം ആരംഭിച്ചത് പാവപ്പെട്ട രോഗികൾക്ക് ഏറെ ആശ്വാസമായി.

അതേസമയം തന്നെ സുനിതനാരായണന്റെ നേതൃത്വത്തിൽ നടന്ന സി.എസ്.ഇയുടെ പഠനം കൂടുതൽ ചർച്ചക്ക് വിധേയമായി. ഡോ.അച്ചുതൻ കമ്മിറ്റിയും ഡോ. ശിവരാമൻ കമ്മിറ്റിയും നടത്തിയ പഠനങ്ങൾ എൻഡോസൾഫാനെ പ്രതി ചേർക്കാൻ അവസരമുണ്ടാക്കി. എന്നാൽ ഇതിന് വിരുദ്ധമായി പി. ദുബെ , സി ഡി. മായി, അബ്ദുൾ സലാം എന്നിവരുടെ പഠനങ്ങൾ ലക്ഷ്യമിട്ടത് എൻഡോസൾഫാനെ കുറ്റമുക്തമാക്കുന്നതിനായിരുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നേരിട്ടെത്തി നടത്തിയ തെളിവെടുപ്പുകളാണ് നിർണ്ണായക വഴിത്തിരിവായത്. 2010 ൽ ദേശീയ മനുഷ്യാ

വകാശ കമ്മീഷൻ വീണ്ടും കാസർഗോഡ് സന്ദർശനം നടത്തി. ദുരന്തം നടന്ന മേഖലകളിൽ നേരിട്ടെത്തി വിവരങ്ങൾ ശേഖരിച്ചു. ഇതിന്റെ ഭാഗമായി 2010 ഡിസംബർ 31 ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ കേന്ദ്ര-സംസ്ഥാന, സർക്കാറുകൾക്ക് ചില നിർദ്ദേശങ്ങൾ നൽകി. മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം, കിടപ്പിലായവർക്കും മാനസിക വെല്ലുവിളി നേരിടുന്നവർക്കും അഞ്ച് ലക്ഷം, ബാക്കിയുള്ളവർക്ക് മൂന്ന് ലക്ഷം രൂപയും നൽകണം.ആവശ്യമായ ചികിത്സക്ക് സംവിധാനം ഒരുക്കുക,എൻഡോസൾഫാൻ തളിച്ച പാലക്കാട് മുതലമടയടക്കമുള്ള മറ്റ് സ്ഥലങ്ങളിലും പഠനം നടത്തി ഉചിതമായ നടപടികളെടുക്കുക തുടങ്ങിയവ ആയിരുന്നു പ്രധാന നിർദ്ദേശങ്ങൾ.

### എൻഡോസൾഫാൻ നിരോധനവും സമരത്തിന്റെ ഗതിയും

2011 മെയ് മാസം നടന്ന സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാന് ആഗോള തലത്തിൽ വിലക്ക് വന്നു. ഈ സമയം ഇന്ത്യാ സർക്കാർ എൻഡോസൾഫാനു വേണ്ടി വാദിക്കുകയായിരുന്നു.എന്നാൽ ഡി.വൈ.എഫ്.ഐ. ഫയൽ ചെയ്ത കേസിൽ സുപ്രീം കോടതി എൻഡോസൾഫാൻ താല്ക്കാലികമായി നിരോധിക്കാൻ വിധിയുണ്ടായി. നിരോധനം വന്നതിലൂടെ എൻഡോസൾഫാൻ വിരുദ്ധപ്രവർത്തകർക്കുണ്ടായ സന്തോഷം സ്വാഭാവികമായിരുന്നു.

ഇവിടെയാണ് എൻഡോസൾഫാൻ വിരുദ്ധ സമരത്തിന്റെ നിർണ്ണായകമായ ഗതിമാറ്റം ഉണ്ടായത്. എൻഡോസൾഫാൻ നിരോധിച്ചതോടെ ഈ സമരത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന പലരും രംഗത്തു നിന്നും പിന്മാറി. പരിസ്ഥിതി പ്രസ്ഥാനങ്ങളും പ്രവർത്തകരും ആയിരുന്നു ഇവരിലേറെയും. എന്നാൽ പ്രത്യക്ഷത്തിൽ നടക്കുന്ന ഒരു വിഷയത്തേക്കാൾ നാല്പത് വർഷമായി എൻഡോസൾഫാൻ തളിച്ചു വന്ന പരിസരത്തിന് ചുറ്റും ജീവിച്ചിരുന്ന ഒരു കൂട്ടം സാധാരണ മനുഷ്യരുടെ അവസ്ഥ, ശാരീരിക-മാനസിക വെല്ലുവിളികളുമായി ജീവിക്കുന്ന കുട്ടികൾ, അവരുടെ കുടുംബം, ജീവിതാവസ്ഥകൾ- ഇതൊന്നും വലിയ പ്രശ്നങ്ങളായി ഭൂരിഭാഗം പേരും കണ്ടിരുന്നില്ല.

എന്നാൽ എൻഡോസൾഫാൻ നിരോധിച്ചാലും ഇരകൾ എങ്ങോട്ട് പോകും എന്ന ചോദ്യമുയർത്തി ചിലരെങ്കിലും രംഗത്ത് വന്നു. ഈയവസരത്തിൽ എൻഡോസൾഫാൻ ദുരന്ത ബാധിതരുടേയും അവരുടെ അമ്മമാരുടേയും നേതൃത്വത്തിലാണ് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി രൂപമെടുക്കുന്നത്. ഇതിന് മുന്നോടിയായി 2011ൽ പെരിയ പി.സി.കെ യുടെ ആഫീസിനു മുമ്പിൽ ഇരുപത്തിരണ്ട് ദിവസം നീണ്ടു നിന്ന സ്ത്രീകളടക്കം പങ്കെടുത്ത നിരാഹാരം നടന്നു .കെ.അജിത, വി.എം.സുധീരൻ , കുരീപ്പുഴ ശ്രീകുമാർ, പ്രൊഫ:ടി.സി. മാധവ പണിക്കർ, ഡോ:അംബികാസുതൻ മാങ്ങാട് എന്നിവരുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി

### എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി / അമ്മമാരുടെ നേതൃത്വം

നീലേശ്വരം, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ മുൻസിപ്പാലിറ്റികളിലും ഇരുപത്തേഴ് പഞ്ചായത്തുകളിലും എൻഡോസൾഫാൻ രോഗികളുണ്ട് എന്ന് സർക്കാർ തന്നെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ പതിനൊന്ന് പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത്



സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആക്കണമെന്ന നിർദ്ദേശത്തെ വളച്ചൊടിച്ചാണ് പതിനൊന്ന് പഞ്ചായത്തുകളിൽ നിന്നുള്ളവരെ മാത്രം ദുരിത ബാധിതരായി ചുരുക്കിയിരിക്കുന്നത്. ഓരോ സമയത്തെയും സർക്കാരിന്റെ ഈ അടവുതന്ത്രങ്ങളിൽ ചികിത്സാ സഹായങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവരും രോഗികളായിട്ടും പതിനൊന്ന് പഞ്ചായത്തതിർത്തികളിൽ പെടാത്തതുകൊണ്ട് ലിസ്റ്റിൽ നിന്നും പുറത്തായവരും ഒക്കെ ചേർന്ന് ശക്തമായ സമര മാർഗ്ഗങ്ങളെ കുറിച്ച് ചിന്തിച്ചു. ആറു മാസം കൊണ്ട് നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടെങ്കിലും അതും സാദ്ധ്യമാവാതെ വന്നപ്പോഴാണ് 2012 ഏപ്രിൽ 20 മുതൽ കാസറഗോഡ് കലക്ട്രേറ്റിനു മുമ്പിൽ അമ്മമാർ അനിശ്ചിതകാല സമരം ആരംഭിച്ചത്. തങ്ങളുടെ കുട്ടികളുമായി സമരം ചെയ്യാൻ ആരംഭിച്ച ഘട്ടമാണ് ഇത്. ഈ സമരം ഇരുപത്തെട്ട് ദിവസം നീണ്ടു നിന്നു.അടുക്കള ഉപേക്ഷിക്കൽ തുടങ്ങിയ ഒട്ടേറെ സമര രീതികൾ പ്രയോഗിക്കപ്പെട്ടു. മുഖ്യമന്ത്രിയുമായി ചർച്ച നടന്നെങ്കിലും തീരുമാനമാകാതെ വന്നപ്പോൾ സമരം ശക്തമാക്കാൻ റിലേ നിരാഹാരം തുടങ്ങി. 2012 ജൂലായ് 20, 21 തീയതികളിൽ കലക്ടേറ്റിൽ സംഘടിപ്പിച്ച പുനരധിവാസ ശില്പശാല ഉദ്ഘാടനത്തിനായി അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സമരപ്പന്തലിനരികിലൂടെ പോയെങ്കിലും സമരം ചെയ്യുന്ന അമ്മമാരെ കാണാത്തതിൽ പ്രതിഷേധം ശക്തമായി.

പിറ്റേ ദിവസം എത്തിയ മന്ത്രി എം.കെ. മുനീർ അമ്മമാരുടെ സങ്കടങ്ങൾ കേൾക്കാൻ തയ്യാറായി. ഇതേ തുടർന്ന് വീണ്ടും മുഖ്യമന്ത്രി ചർച്ചക്ക് അവസരമൊരുക്കി. ഇത്തവണ സ്ത്രീകൾ മാത്രമാണ് മുഖ്യമന്ത്രിയുമായുള്ള സംഭാഷണത്തിനെത്തിയത്. അമ്മമാരുടെ ചോദ്യങ്ങൾക്ക് മറുപടി പറയാതെ മുഖ്യമന്ത്രി എഴുന്നേറ്റ് പോവുകയാണ് ഉണ്ടായത്. ഒരു ഒത്തു തീർപ്പ് ചർച്ചയിൽ സ്ത്രീകൾ മാത്രമായി പങ്കെടുത്തത് ആദ്യമായിരുന്നു. എം.സുൽഫത്ത്, ടി.ശോഭന എന്നിവരുടെ നേതൃത്വത്തിലായിരുന്നു പത്ത് അമ്മമാർ ചർച്ചചെയ്യാനെത്തിയത്. മുഖ്യമന്ത്രിയടക്കമുള്ളവർ സ്ഥലം വിട്ടപ്പോൾ ചേംബറിലിരുന്ന് സ്ത്രീകൾ നടത്തിയ പ്രതിഷേധം ചരിത്രമാവുകയായിരുന്നു. അമ്മമാരെ അറസ്റ്റ് ചെയ്ത് നീക്കിയാണ് പ്രശ്നം പരിഹരിച്ചത്. തുടർന്ന് ജനപ്രതിനിധികൾ ഇടപെടാൻ നിർബന്ധിതരായി. പിന്നീട് നടത്തിയ ചർച്ചകളെ തുടർന്ന് അനുകൂലതീരുമാനങ്ങൾ ഉണ്ടാവുകയും ജനാധിപത്യ മര്യാദയനുസരിച്ച് സമരം താൽക്കാലികമായി നിർത്തി വെക്കുകയും ചെയ്തു.

തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ ആരംഭിച്ചുവെങ്കിലും നൂറ്റിരണ്ട്പേർക്ക് മാത്രം ഒന്നര ലക്ഷം വീതം നൽകി. മറ്റൊന്നും കാര്യമായി നീങ്ങിയില്ല. ഇതേ തുടർന്നാണ് 2013 ഫെബ്രവരി 18 മുതൽ കാസർഗോഡ് അനിശ്ചിത കാല നിരാഹാരം പൊതു സമൂഹത്തിന്റെ പ്രതിനിധികളേറ്റെടുത്തത്. ഈ നിരാഹാര സമരം മുപ്പത്താറ് ദിവസം നീണ്ടു നിന്നു.കാസർഗോഡിന്റെ ചരിത്രത്തിലിടം കിട്ടിയ സമരമായിരുന്നു അത്.




### ജാതി മത കക്ഷി രാഷ്ട്രീയത്തിനപ്പുറം ജന പങ്കാളിത്തമുണ്ടായ സമരം

ജനസമുദ്രം പോലുള്ള വേറിട്ട പരിപാടികൾ ഒരിക്കലും ഒന്നിച്ചു നിൽക്കാത്തവർ ഒരേ വേദിയിലെത്തിയത് സമാനതകളില്ലാത്ത ഒരനുഭവമായി.തെരുവുകൾ കലാ സാംസ്ക്കാരിക പഠന കളരികളായി. സമരത്തിന്റെ ഫലമായി ഒമ്പതോളം ഉത്തരവിറങ്ങി. രണ്ടായിരത്തിയഞ്ഞുറോളം പേർക്ക് സാമ്പത്തിക സഹായം കിട്ടാനവസരമൊരുക്കുകയും ചെയ്തു .

2013 ലെ സമരത്തിലെ ഒരു പ്രധാന ആവശ്യം നഷ്ടപരിഹാരത്തിനും, മാനദണ്ഡങ്ങൾ പാലിക്കാതെ വിഷമൊഴുക്കിയതിനു പിന്നിലെ കുറ്റവാളിക

ളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനുമാവശ്യമായ പ്രത്യേക ട്രിബ്യൂണൽ സംവിധാനം വേണമെന്നതായിരുന്നു. എന്നാൽ ഇതേക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റീസ് രാമചന്ദ്രൻ നായർ വിഷം തളിക്കുമ്പോൾ മാറി താമസിച്ചു കൂടായിരുന്നോ എന്ന തരത്തിൽ ഇരകളെ അപമാനിക്കുന്ന ചോദ്യങ്ങളാണ് ചോദിച്ചത്. ഇത് വലിയ പ്രതിഷേധങ്ങൾക്ക് വഴിയൊരുക്കി. അദ്ദേഹത്തെ മാറ്റാൻ വലിയ സമ്മർദ്ദങ്ങളുണ്ടായെങ്കിലും ബോധപൂർവ്വം അദ്ദേഹത്തെ മാറ്റാതിരുന്നു. ട്രിബ്യൂണൽ ആവശ്യമില്ലെന്ന റിപ്പോർട്ടാണ് അദ്ദേഹം നൽകിയത്. മാത്രമല്ല എൻഡോസൾഫാൻ എന്ന നിശ്ശബ്ദ കൊലയാളിയെ സംരക്ഷിക്കാനുള്ള നീക്കങ്ങൾക്ക് ബലം നൽകുന്നതുമായിരുന്നു ആ റിപ്പോർട്ട്.കശുമാവിൻ തോട്ടത്തിൽ നിന്നും രണ്ട് കി.മീറ്റർ പരിധിക്കുള്ളിൽ നിന്നു മാത്രം ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡമായിരുന്നു അദ്ദേഹം മുമ്പോട്ട് വച്ചത്.ആകാശ മാർഗ്ഗേ വിഷം തളിക്കുമ്പോൾ കാറ്റിന്റെ ഗതി അനുസരിച്ച് അമ്പത് കി.മീററോളം നീളുമെന്ന വിദഗ്ദ്ധരുടെ അഭിപ്രായം നിലനിൽക്കെയാണ് ഇതേ കുറിച്ച് അറിവില്ലാത്ത നിയമജ്ഞൻ ദൂരപരിധി നിശ്ചയിച്ചത്.

എൻഡോസൾഫാൻ ദുരന്തം അട്ടിമറിക്കാൻ കൂടിയുള്ള ഒരു റിപ്പോർട്ടാണെന്നതു കൊണ്ടു തന്നെ പിൻവലിക്കാനാവശ്യപ്പെട്ടു കൊണ്ട് വൻ പ്രതിഷേധങ്ങൾ നടന്നു. അനുകൂല പ്രതികരണങ്ങൾ ഇല്ലാതെ വന്നപ്പോഴാണ് 2014 ജനുവരി 26ന് മുഖ്യമന്ത്രിയുടെ വസതിക്കു മുമ്പിൽ അമ്മമാരുടെ നേതൃത്വത്തിൽ കഞ്ഞി വെപ്പ് സമരം ആരംഭിക്കുന്നത്.ഇതിന്റെ മുന്നോടിയായി കാസർഗോഡ് നിന്നും ആരംഭിച്ച അതിജീവനയാത്ര പ്രൊഫ. മാധവ് ഗാഡ്ഗിൽ ഫ്ലാഗ് ഓഫ് ചെയ്തു. കഞ്ഞിവെപ്പ് സമരത്തിന് തീകൂട്ടിയത് കൂടംകുളം സമരത്തിലെ അമ്മമാരായിരുന്നു. ജനുവരി 28 ന് മന്ത്രിമാരുമായി നടത്തിയ ചർച്ചയിൽ ട്രിബ്യൂണൽ പഠന റിപ്പോർട്ട് അംഗീകരിക്കില്ലായെന്നും ഇരകൾക്കുള്ള ധനസഹായം വിതരണം ചെയ്യാം എന്നും ധാരണയായി. ഗോഡൗണുകളിലെയും , നെഞ്ചംപറമ്പിലെ കിണറ്റിലിട്ടതുമായ എൻഡോസൾഫാൻ മൂന്നു മാസത്തിനകം നിർവ്വീര്യമാക്കും എന്നും ഉറപ്പു നൽകി. രണ്ടാം ഗഡു സഹായം രണ്ടായിരത്തി അറുന്നുറോളം പേർക്ക് നൽകി. പ്രത്യേക മെഡിക്കൽ ക്യാമ്പ് നടത്താനും , കടം എഴുതി തള്ളാനും തീരുമാനമായി.

ഈ തീരുമാനങ്ങളൊന്നും വീണ്ടും നടക്കാതെ വന്നപ്പോൾ 2016 ജനുവരി 26 ന് വീണ്ടും സെക്രട്ടറിയേറ്റിന് മുൻപിൽ പീഡിത മുന്നണിയുടെ നേതൃത്വത്തിൽ സമരം ആരംഭിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ ദുരിതബാധിതർ അനിശ്ചിതകാല സമരമേറ്റെടുത്തു. അറുപതിനടുത്ത് കുട്ടികളും സമരത്തിൽ പങ്കാളികളായി .അന്നത്തെ പ്രതിക്ഷം സമരത്തെ നിസ്സീമമായി സഹായിച്ചു. വി.എസ് ആയിരുന്നു സംഘാടക സമിതി ചെയർമാൻ.പത്ത് ദിവസം നീണ്ടു നിന്ന സമരം വിജയം കണ്ടു. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുമ്പ് അറുന്നോളം പേരുടെ അമ്പതിനായിരം രൂപ വരെയുള്ള കടങ്ങൾ എഴുതി തള്ളി.

### അധികാരം – മുൻഗണനകളിൽ നിന്നുള്ള വ്യതിചലനം

തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ മറ്റ് തീരുമാനങ്ങളൊന്നും നടപ്പിലാക്കിയില്ല. 2017 ൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നു. തെരഞ്ഞെടുപ്പിനു മുമ്പ് പിണറായി വിജയൻ നവകേരളയാത്ര തുടങ്ങുന്നത് തന്നെ ദുരിതബാധിതർക്ക് മധുര നാരങ്ങ വിതരണം ചെയ്തും അവരെ കെട്ടിപ്പിടിച്ചുമായിരുന്നു. മറുപക്ഷം ചെയ്ത് തീർത്ത കാര്യങ്ങൾ എണ്ണിപ്പറഞ്ഞു. പ്രചരണങ്ങളിൽ ദുരിത ബാധിതർ നിറഞ്ഞു നിന്നു.



2017 ലാണ് നാല് വർഷത്തിനു ശേഷം പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നത്. (വർഷത്തിൽ ഒരു തവണ മെഡിക്കൽ ക്യാമ്പ് നടത്താനായിരുന്നു 2013ലെ തീരുമാനം). ക്യാമ്പിലൂടെ ആയിരത്തിത്തൊള്ളായിരത്തിഅഞ്ച് പേരെ കണ്ടെത്തിയെന്നാണ് ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻ പറയുന്നത്. ദുരിത ബാധിതർക്കു വേണ്ടി ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന എൻഡോസൾഫാൻ വിക്ടിംസ് റെമഡിയേഷൻ സെൽ യോഗത്തിൽ കണ്ടെത്തിയ ആയിരത്തിത്തൊള്ളായിരത്തിഅഞ്ച് പേരുടെ പട്ടിക ഡപ്യൂട്ടി കലക്ടർ അവതരിപ്പിക്കാനെത്തിയപ്പോൾ അതിന് തടസമുണ്ടായി. പിന്നീടത് ഇരുനൂറ്റിഎൺപത്തേഴ് ആയി ചുരുങ്ങി. എണ്ണം കുറച്ചു കൊണ്ട് വരിക എന്നത് ഭരണകൂടത്തിന്റെ ആവശ്യമായിരുന്നു. ദുരിതങ്ങളുടെ അളവ് കുറച്ച്

ഈ പദ്ധതിയിൽ നിന്നും തലയൂരാനുള്ള നീക്കങ്ങളുടെ ഭാഗമായിരുന്നു എണ്ണം കുറച്ച് കൊണ്ടു വരുന്നതിനു പിന്നിൽ. അതോടൊപ്പം തന്നെ 2011ൽ ക്യാമ്പിൽ നിന്നും പട്ടികയിൽ പെടുത്തി സർക്കാർ ഉത്തരവിറക്കിയ ആയിരത്തിമുന്നൂറ്റിപ്പതിനെട്ടിൽ അറുന്നൂറ്റിപ്പത്ത്പേർക്ക് ചികിത്സയടക്കം ഒന്നും ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ പ്രശ്നം കൂടുതൽ കാലം നീട്ടി കൊണ്ടുപോകരുതെന്നത് ഭരണകൂടത്തിന്റെ താല്പര്യമായിരുന്നു.2012 ജനുവരി 12 ന് ഇറങ്ങിയ സർക്കാർ ഉത്തരവിൽ അഞ്ച് വർഷം കൊണ്ട് ഈ പദ്ധതി നിർത്തി വെക്കുമെന്ന് തീരുമാനിച്ചതാണ്. എൻഡോ സൾഫാൻ പീഡിത മുന്നണിയുടെ നേതൃത്വത്തിൽ നടന്ന തുടർച്ചയായ സമരങ്ങളെ തുടർന്നാണ് ആ ഉത്തരവ് പിൻവലിച്ചത്. അതിന്റെ അടുത്ത പടിയായിരുന്നു എണ്ണം കുറയ്ക്കൽ.

ഡി.വൈ.എഫ്.ഐ ഫയൽ ചെയ്ത കേസിൽ 2017 ജനുവരി 10 ന് സുപ്രീം കോടതി നിർണ്ണായക വിധി പ്രഖ്യാപിക്കുകയുണ്ടായി. ഇതനുസരിച്ച് പട്ടികയിൽ പെട്ട മുഴുവൻ പേർക്കും അഞ്ച് ലക്ഷം രൂപ നൽകണം. അതുണ്ടാകാതെ വന്നപ്പോൾ നാല് അമ്മമാർ സുപ്രീം കോടതിയെ സമീപിച്ചു. നാല് പേർക്കും അഞ്ച് ലക്ഷം വീതം ലഭിച്ചു. നിലവിൽ ആറായിരത്തിഎഴുന്നൂറ്റിഇരുപത്തേഴ് പേരാണ് ഔദ്യോഗിക പട്ടികയിലുള്ളത്. വിധിയനുസരിച്ച് എല്ലാവർക്കും അഞ്ച്ലക്ഷം കിട്ടണം. ഇതിൽ ഇനിയും മുവായിരത്തിഎഴുന്നൂറ്റിപ്പതിനേഴ് പേർക്ക് അഞ്ച് ലക്ഷം രൂപയും ആയിരത്തിഅഞ്ഞൂറ്റി അറുപത്തെട്ട് പേർക്ക് രണ്ട്ലക്ഷം രൂപയും ലഭിക്കണം. 2017 ൽ നടന്ന മെഡിക്കൽ ക്യാമ്പിലുടെ ആയിരത്തിത്തൊള്ളായിരത്തിഅഞ്ച് പേരെ ദുരിതബാധിതരായി കണ്ടെത്തുമ്പോൾ ഏതു വിധേനയും അതിലുള്ള ഭൂരിപക്ഷം പേർക്കും എൻഡോസൾഫാൻ മൂലം അല്ല ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളത് എന്ന് പറഞ്ഞു കൊണ്ടാണ് ഇരുന്നൂറ്റിഎൺപത്തേഴ് ആയി വെട്ടി ചുരുക്കിയത്.




ഈ സാഹചര്യത്തിൽ സമരമുന്നണി ഉത്തരവാദപ്പെട്ടവരെ സമീപിച്ചു എങ്കിലും അനുകൂല നടപടി ഉണ്ടായില്ല. സർക്കാരിന്റെ അത്തരമൊരു കടുംപിടുത്തത്തിന്റെ മുമ്പിലാണ് 2018 ജനുവരി 30 ന് സെക്രട്ടറിയേറ്റിനു മുമ്പിൽ ഇരുന്നൂറോളം ദുരിതബാധിതർ എത്തുന്നത്. പ്രമുഖ സാമൂഹ്യ പ്രവർത്തക ദയാബായി ഈ സമരത്തിൽ സംബന്ധിച്ചു. അന്ന് റവന്യൂ മന്ത്രിയും കാസർഗോഡ് എം.എൽ.എയുമായിരുന്ന ഇ. ചന്ദ്രശേഖരൻ സമരവേദി സന്ദർശിക്കുകയും എത്രയും പെട്ടെന്ന് ഈ പ്രശ്നങ്ങൾ പരിഹരിക്കാമെന്നുറപ്പ് നൽകുകയും ചെയ്തു. അതുണ്ടാകാതെ വന്നപ്പോൾ സെൽ യോഗം നടന്ന ദിവസം പ്രതിഷേധവുമായി അമ്മമാരെത്തിയപ്പോൾ ലിസ്റ്റ്പുനപരിശോധിക്കാമെന്നുറപ്പ് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ എഴുപത്താറ് പേരെ കൂടി ചേർത്തു. അപ്പോഴും 1542ആയിരത്തിഅഞ്ഞൂറ്റിനാൽപ്പത്തിരണ്ട് പേർ പട്ടികക്ക് പുറത്ത് തന്നെയായി. മറ്റു മാർഗമില്ലാതെ വന്നപ്പോൾ 2019 ജനുവരി 30 ന് സെക്രട്ടറിയേറ്റിനു മുമ്പിൽ അനിശ്ചിതകാല പട്ടിണി സമരം ആരംഭിച്ചു. ഫെബ്രുവരി 3 ന് മുഖ്യമന്ത്രിയുമായി നടന്ന ഒത്തുതീർപ്പു വ്യവസ്ഥയനുസരിച്ച് പതിനെട്ട് വയസിൽ താഴെയുള്ള 511 അഞ്ഞൂറ്റിപ്പതിനൊന്ന് കുട്ടികളെ പട്ടികയിൽ പെടുത്തി. ബാക്കി വന്ന ആയിരത്തിമുപ്പത്തിഒന്ന് പേരുടെ മെഡിക്കൽ റെക്കാർഡ് പരിശോധിച്ച് അർഹതയുള്ളവരെ ഉൾപ്പെടുത്താമെന്ന ഉറപ്പ് ബാക്കിയായി. 2017 ൽ അഞ്ച് ദിവസങ്ങളിലായി നടന്ന മെഡിക്കൽ ക്യാമ്പിനിടയിൽ രണ്ടു ദിവസം ഹർത്താലായിരുന്നു. ഒട്ടേറെ പേർക്ക് ക്യാമ്പിലെത്താനായില്ല.അതുകൊണ്ട് വീണ്ടുമൊരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാമെന്ന ഉറപ്പിലും നടപടിയായില്ല.

പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾഒരു വശത്ത്, ലിസ്റ്റിൽ നിന്ന് പുറത്താക്കപ്പെടുമ്പോൾ മറുവശത്ത് ആവശ്യത്തിന് ചികിത്സാ സൗകര്യങ്ങൾ ജില്ലക്കകത്ത് ഒരുക്കാൻ സർക്കാരിന് നാളിതുവരെ കഴിഞ്ഞിട്ടുമില്ല. വിദഗ്ദ പരിശോധന നടത്തണമെങ്കിൽ മംഗലാപുരമെത്തണം. മണിക്കൂറുകൾ നീണ്ട യാത്രക്കിടയിൽ ജീവൻ നഷ്ടമായെന്നും വരും. കൊറോണ കാലത്ത് അതിർത്തി അടച്ചിട്ടപ്പോൾ ഇരുപതിലധികം പേരാണ് വഴിയിൽ മരിച്ചു വീണത്. ഒരു ന്യൂറോളജിസ്റ്റിനെ പോലും നിയമിക്കാൻ ഇതുവരെ ആയിട്ടില്ലാന്ന് അറിയുമ്പോഴാണ് കാസർഗോഡ് ജില്ലയുടെ ആരോഗ്യ പ്രശ്നങ്ങളിൽ ഭരണക്കാരുടെ താല്പര്യം എത്രമാത്രമാണെന്ന് ബോദ്ധ്യമാവുക. 2013 ൽ തുടങ്ങി വെച്ച മെഡിക്കൽ കോളജ് കോവിഡാശുപത്രിയാക്കിയതിനപ്പുറം പോയില്ല. മരിച്ചു വീഴുന്നവരുടെ സങ്കടങ്ങൾ കാണാതെ വിഷക്കമ്പനികളെ രക്ഷിക്കാനുള്ള പണിപ്പുരയിലാണ് ഭരണാധികാരികൾ. ജില്ലാ ഭരണാധികാരിയായിരുന്ന ശ്രീ. സജി

ത്ത് ബാബു നല്കിയ റിപ്പോർട്ട് ഇതുവരെ പൊരുതി നേടിയെടുത്ത എല്ലാ അവകാശങ്ങളെയും റദ്ദു ചെയ്യുന്ന തരത്തിലുള്ളതാണ്. ഇരകളുടെ മുഴുവൻ ലിസ്റ്റും പുന:പരിശോധിക്കുക എന്ന നിർദ്ദേശമാണ് അതിൽ ഏറ്റവും അപകടരം. കീടനാശിനി മൂലധന ശക്തികളെ രക്ഷിക്കുക എന്ന ദൗത്യമാണ് ഭരണ പക്ഷത്ത് നടക്കുന്നത്. ദുരിത ബാധിതർക്ക്സ്ഥിരമായി ലഭിച്ചു കൊണ്ടിരുന്ന പെൻഷൻ പൊടുന്നനെ നിലച്ചപ്പോൾ അതിന് വേണ്ടിയും സമരം ചെയ്യേണ്ട ഗതികേടായി ഇവർക്ക്.

പുനരധിവാസ പദ്ധതികളെ ഏകോപിപ്പിക്കുന്ന റെമഡിയേഷൻ സെല്ലിന്റെ പ്രവർത്തനം ഒരു വർഷമായി മുടങ്ങി കിടക്കുകയാണ്. നഷ്ടപരിഹാരവും പുനരധിവാസവും ആരുടേയും ചർച്ചാ വിഷയമല്ലാതായി മാറിയിരിക്കുന്നു.

## അതിജീവനശേഷിയുടെ പുതിയ മുഖങ്ങൾ

തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി മാത്രം ജീവിതം മാറ്റി വച്ചിട്ടുള്ള അമ്മമാരുടെ ജീവിക്കാനുള്ള നിശ്ചയദാർഢ്യത്തിന്റെ തീവ്രതയാണ് ഓരോ സമരങ്ങളുടേയും വിജയം. മഴയും വെയിലും അതിജീവിച്ചു ദിവസങ്ങളോളം ഭരണ സിരാകേന്ദ്രങ്ങൾക്ക് മുമ്പിൽ ഈ കുഞ്ഞുങ്ങളോടൊപ്പം അവർ സമരം ചെയ്യാൻ തയ്യാറാവുന്ന ആ ധൈര്യം ആണ് ഇന്ന് കേരളം കണ്ട ഏതു സമരത്തെക്കാളും എൻഡോസൾഫാൻ വിരുദ്ധ സമരത്തിനുള്ള പ്രത്യേകത. പ്രായഭേദമെന്യേ കുഞ്ഞുങ്ങളെ മടിയിൽ വെച്ചു കൊണ്ട് രാവും പകലും ഇരിക്കുന്ന ഈ അമ്മമാർ കേരള ചരിത്രത്തിലെ ധീര സമരനായകർ തന്നെയാണ്. ഒരു നിമിഷം പോലും കുഞ്ഞുങ്ങളെ വിട്ടു നിന്നുകൊണ്ടുള്ള ജീവിതം ഇവർക്ക് അസാദ്ധ്യമാണ്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെയുള്ള പുനരധിവാസ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാനുള്ള ആർജവം ഭരണകൂടങ്ങൾക്ക് ഇല്ലാതെ വരുമ്പോൾ തെരുവിലേക്കിറങ്ങാൻ നിർബന്ധിക്കപ്പെടുകയാണിവർ. അനുഭവങ്ങളുടെ തീച്ചൂളകളാണവരുടെ നേതൃത്വ ശേഷി. പീഡിത മുന്നണിയുടെ കൺവീനറായി പ്രവർത്തിക്കുന്ന മുനീസയുടെ നേതൃത്വം

ഈ സമരത്തിന്റെ ആവേശമാണ്. ദുരിത ബാധിതയായ മുനീസയുടെ അതിജീവന പാടവവും വിഷയങ്ങളിലുള്ള വ്യക്തതയും ഈ സമര നാൾവഴികളിലെ പ്രധാനപ്പെട്ട ഏടാണ്. കുഞ്ഞുങ്ങളോടൊപ്പം അതിജീവിക്കുന്ന അമ്മമാരും സമരവഴികളുടെ പുതിയതും വ്യത്യസ്തവുമായ പാഠങ്ങളായി മാറുന്നു. അവസാനത്തെ ഇരക്കും നീതി ലഭിക്കുംവരെ പിന്നോട്ടില്ലായെന്ന് അമ്മമാർ വിളിച്ചു പറയുമ്പോൾ ഭരണകൂടം ഭയപ്പെടുന്നു.

## പിന്തുണയുടെ ശക്തി

ഈ സമര നാൾവഴികൾ തല്ക്കാലം അവസാനിപ്പിക്കണമെങ്കിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഈ പോരാട്ടങ്ങളെ എല്ലാ കാലത്തും പിന്തുണയ്ക്കുന്ന സാമൂഹിക,സാംസ്ക്കാരിക, രാ

**അധികാര വടംവലിയുടേയും രാഷ്ട്രീയ ശേഷി സ്ഥാപിക്കലിന്റേയും ഇടമല്ല ഈ സമരവേദികൾ. മറിച്ച് ഭരണകൂടം സൃഷ്ടിച്ച ദുരന്തത്തിന്റെ ഇരകളാക്കപ്പെട്ട ഒരു കൂട്ടം മനുഷ്യരുടെ അതിജീവന പോരാട്ടങ്ങളിലെ നിരുപാധിക പിന്തുണയാണ് ഈ സമരം ആവശ്യപ്പെടുന്നത്. അമ്മമാരുടെ നേതൃത്വത്തിലുള്ള പീഡിത മുന്നണിയുടെ ശക്തിയും ആവേശവും നിലനിർത്തുക മാത്രമാണ് ഈ ഐക്യപ്പെടലിന്റെ രാഷ്ട്രീയം.**

ഷ്ട്രീയ പ്രവർത്തകരുടെയും വിവിധ സംഘടനകളുടെയും പങ്ക് പരാമർശിക്കപ്പെടേണ്ടതുണ്ട്. എൻഡോസൾഫാൻ വിരുദ്ധ ഐക്യദാർഢ്യ സമിതി എന്ന വിശാലമായ കൂട്ടായ്മ പ്രതിരോധങ്ങളുടേയും പ്രതിഷേധങ്ങളുടേയും ഓരോ ഘട്ടത്തിലും പീഡിതമുന്നണിയോടൊപ്പം നിന്നു കൊണ്ട് എല്ലാ ആവശ്യങ്ങളിലും പിന്തുണ നല്കി വരുന്നു.

കലക്ട്രേറ്റിന് മുമ്പിലും സെക്രട്ടറിയേറ്റിനു മുമ്പിലും ദിവസങ്ങളോളം നീണ്ട് നിൽക്കുന്ന സമരങ്ങൾ ഈ വലിയ സമൂഹത്തിന്റെ പിന്തുണയോടു കൂടിയാണ് മുമ്പോട്ടു പോയിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് മുതൽ രാഷ്ട്രീയ പ്രചരണ സമ്മർദ്ദ ശക്തിയായി തന്നെ ഈ ഐക്യദാർഢ്യ സമിതി പ്രവർത്തിച്ചു വരുന്നു. ഒരു സാധാരണ സമരത്തിന്റെ ഒരുക്കങ്ങൾ അല്ല ഓരോ സമയത്തും എൻഡോ സൾഫാൻ സമര പരിപാടികളിൽ നടത്തേണ്ടി വരിക. അധികാര വടംവലിയുടേയും രാഷ്ട്രീയ ശേഷി സ്ഥാപിക്കലിന്റേയും ഇടമല്ല ഈ സമരവേദികൾ. മറിച്ച് ഭരണകൂടം സൃഷ്ടിച്ച ദുരന്തത്തിന്റെ ഇരകളാക്കപ്പെട്ട ഒരു കൂട്ടം മനുഷ്യരുടെ അതിജീവന പോരാട്ടങ്ങളിലെ നിരുപാധിക പിന്തുണയാണ് ഈ സമരം ആവശ്യപ്പെടുന്നത്. അമ്മമാരുടെ നേതൃത്വത്തിലുള്ള പീഡിത മുന്നണിയുടെ ശക്തിയും ആവേശവും നിലനിർത്തുക മാത്രമാണ് ഈ ഐക്യപ്പെടലിന്റെ രാഷ്ട്രീയം. ഇന്ന് ജില്ലാ തലങ്ങളിലും സംസ്ഥാന തലത്തിലും സജീവമായ ഒരു ഐക്യദാർഢ്യസമിതി പ്രവർത്തിക്കുന്നു എന്നുള്ളത് ഈ സാധു മനുഷ്യരുടെ ആവശ്യങ്ങൾ നേടിയെടുക്കേണ്ടതിന്റെ ഉത്തരവാദിത്വം പൊതു സമൂഹത്തെ ഓരോ നിമിഷവും ബോധ്യപ്പെടുത്തുന്നു. ഈ തിരിച്ചറിവ് ഭരണകൂട നിർമ്മിത ദുരന്തത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്ന സാധാരണക്കാരായ മനുഷ്യരുടെ അവകാശ പോരാട്ടങ്ങളുടെ പുതിയ മുഖമായി മാറട്ടെ!

ചർച്ചാവിഷയം





**അരുണി ചന്ദ്രൻ കാടകം**
2109 ൽഎൻഡോസൾഫാൻ അനുഭവങ്ങളെ മുൻനിർത്തി 'പേറ്റുനോവൊഴിയാതെ' എന്ന പുസ്തകം എഴുതിയിട്ടുണ്ട്.

# പൂക്കളാകും മുൻപേ കൊഴിഞ്ഞു പോയവർ

**ലോ**കത്തിലെ ഏറ്റവും സങ്കടകരമായ കാര്യമായി ഞാൻ കരുതുന്നത് അമ്മയും അച്ഛനും ജീവിച്ചിരിക്കെ മക്കൾ മരിച്ചു പോവുന്ന കാര്യമാണ്. അതിനോളം വേദന മറ്റെന്തിനെങ്കിലുമുണ്ടെന്ന് കരുതുന്നില്ല.

പത്തുമാസം ചുമന്ന് പ്രസവിച്ച്, കണ്ണെഴുതി, പൊട്ട് തൊട്ട്, അവരുടെ ചിരിയും കരച്ചിലും കണ്ട് വല്ലാത്തൊരു അനുഭൂതിയോടെ കൂടെ നടന്ന് വളർന്ന് ഒരു ദിവസം നമുക്ക് മുൻപേ ഈ ലോകത്ത് നിന്ന് മക്കൾ പോവുകയെന്നത് നമുക്കുണ്ടാക്കുന്ന മുറിവ് ചെറുതൊന്നുമല്ല.

പക്ഷേ എൻഡോസൾഫാൻ ദുരിതം പേറുന്ന കാസറഗോഡ് ഗ്രാമങ്ങളിലെ രക്ഷിതാക്കൾ മനസ്സ് കൊണ്ട് ആഗ്രഹിക്കുന്നത് ഞങ്ങൾക്ക് മുൻപേ ഈ മക്കൾ ഈ ലോകത്ത് നിന്ന് വിട പറഞ്ഞു പോവണേ എന്നാണ്. പല അമ്മമാരിൽനിന്നും അടക്കി പിടിച്ചൊരേങ്ങലായി ഈ വാക്കുകൾ പലവട്ടം കേട്ടിട്ടുണ്ട്. സ്വന്തം ശരീരത്തിന്റെ ഭാഗമായ ജീവൻ ഇല്ലാതാവാൻ പ്രാർത്ഥിക്കുന്ന അമ്മമാരുടെ നാടാണ് കാസറഗോഡ് ഗ്രാമങ്ങൾ.

ഞാൻ മരിച്ചാൽ എന്റെ കുഞ്ഞിനാരാണ് എന്ന് ചങ്കുപൊട്ടി ചോദിച്ച ഒരു അമ്മയാണ് ശീലാബതിയുടെ അമ്മ. എൻഡോസൾഫാൻ ദുരിത മഴനനഞ്ഞ് പൂർണ്ണമായും കിടപ്പിലായിരുന്നു ശീലാബതി. ആ അമ്മക്ക് ശീലാബതിയും ഒരു മകനും മാത്രമാണുണ്ടായിരുന്നത്. ശീലാബതി മരിക്കും മുൻപേ ഏക മകനും ആ അമ്മക്ക് നഷ്ടപ്പട്ടിരുന്നു. ശീലാബതി മരിച്ച അന്നാണ് ഞങ്ങളതറിയുന്നത്.

ആ അമ്മ മനമുരുകി പ്രാർത്ഥിച്ചത് കൊണ്ടാകണം മകളെ അവർക്ക് മുൻപേ ഈ ലോകത്ത് നിന്ന് കൊണ്ട് പോയത്. ശീലാബതി അമ്മക്ക് മുൻപേ പോയി. ഞാനതറിയുന്നത് രണ്ടു ദിവസം കഴിഞ്ഞാണ്. ഞങ്ങൾ സ്നേഹവീട്ടിൽ നിന്നും കുറച്ചു പേർ അമ്മയെ കാണാൻ പോയിരുന്നു.

റോഡരികിൽ വണ്ടി നിർത്തി. തൊട്ടപ്പുറത്ത് ഒരു പൂണാർ പുളിയുടെ മരമുണ്ട്. ആ മരത്തണ

ലിൽ നിന്ന് താഴേക്ക് ചെങ്കുത്തായ ഇറക്കം നോക്കി ഞാനൊന്ന് ദീർഘ ശ്വാസമെടുത്തു. പൂർണ്ണമായും കിടപ്പിലായ ഒരാൾ എങ്ങനെയാണ് ഇങ്ങനെയുള്ള വഴികൾ കയറി ലോകം കാണുക, ഒരിക്കലും അങ്ങനൊരു സന്തോഷം ശീലാബതിക്ക് കിട്ടാൻ സാധ്യതയേയില്ല. വയസ്സായ അമ്മക്ക് മകളെ വീടിനുള്ളിൽ നിന്ന് പുറത്തെത്തിക്കാൻ സാധിക്കുമായിരുന്നില്ല. അവരുടെ ലോകം ഇക്കാലമത്രയും ആ ഒരു തുരുത്തിലെ കുഞ്ഞു വീട്ടിൽ മാത്രമായി ചുരുങ്ങിയിരുന്നു.

ഇറക്കമിറങ്ങി വീടെത്തിയാൽ നല്ല ഭംഗിയുള്ള ഇടമാണത്. മുറ്റൊത്തൊരു കുളം, മുകളിലേയ്ക്ക് നല്ല പച്ചപ്പ്. ആ അമ്മ കരയുന്നതൊന്നും അന്ന് ഞാൻ കണ്ടില്ല. അന്നവിടെ നിന്നും മടങ്ങിയ ഞങ്ങൾ വീണ്ടുമൊരിക്കൽ കൂടി ആ അമ്മയെ കാണാൻ ദൂരങ്ങൾ താണ്ടി അവിടെയെത്തി. അന്ന് എന്റെ കൂടെ കുഞ്ഞു (എന്റെ മകൻ) കൂടെയുണ്ടായിരുന്നു.

ഒരു വയസ്സുള്ളൊരു കുഞ്ഞിനെ പോലെ പത്തു മുപ്പത്തഞ്ചു വർഷത്തിലധികം പോറ്റിയൊരമ്മ ഇനിയുള്ള ഏകാന്തജീവിതം അവരെങ്ങനെയായിരിക്കും ജീവിച്ചു തീർക്കുക. കാടിനുള്ളിലെ ഒറ്റപ്പെട്ട ജീവിതം എത്ര ദുസ്സഹമായിരിക്കും. അന്നവിടെ എത്തിച്ചേർന്ന ബിജു സർ, കൃഷ്ണേട്ടൻ അംബിക സുതൻ മാഷടക്കം എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. അവരുടെ മനസ്സിലൂടെ അന്ന് എന്തായിരിക്കും കടന്നു പോയിരിക്കുക അറിയില്ല! അറിയില്ലെനിക്ക്...


ശീലാബതിയും അമ്മയും

ബാദുഷയെയും ഉമ്മയെയും ഞാൻ ആദ്യമായ് നേരിട്ട് കാണുന്നത് സ്നേഹവീട്ടിൽ വച്ചാണ്. അതിന് മുൻപ്? വലിയ ചിറകുള്ള പക്ഷി? എന്ന സിനിമയിൽ കണ്ടിട്ടുണ്ട്. സ്നേഹവീട്ടിൽ അന്നവർ വന്നത് ഒരു സംഘടന കൊടുക്കുന്ന വീൽ ചെയർ വാങ്ങാനാണ്. ബാദുഷ നന്നായി സംസാരിക്കുന്ന കുട്ടിയായിരുന്നു. പിന്നെ കാണാൻ സാധിച്ചത് കൊറോണ പിടിമുറുക്കി എല്ലാവരും കെട്ടിയിടപ്പെട്ട നാളുകളിലൊരു ദിവസമാണ്. ഒരു ദിവസം സ്നേഹവീട്ടിൽ നിന്ന് മുനീസ വിളിച്ചു.

എന്നെ ബാദുഷയുടെ ഉമ്മ വിളിച്ചിരുന്നു. അവർക്കിപ്പോ പണിയൊന്നുമില്ലാതെ കുറച്ച് ബുദ്ധിമുട്ടിലാണെന്ന് തോന്നുന്നു. എനിക്ക് അമ്പലത്തറയിൽ നിന്ന് കാസറഗോഡ് വരെ പോകാൻ പറ്റില്ലല്ലോ. എന്താ ചെയ്യുക. ഇപ്പോ? നിനക്ക് അവിടെ പരിചയമുള്ള ആരെങ്കിലുമുണ്ടെങ്കിൽ ഒന്ന് പറയണം മുനീസ പറഞ്ഞു. നോക്കാം ഞാനിന്ന് ഹോസ്പിറ്റലിൽ പോകുന്നുണ്ട്. അവിടെ കോവിഡ് പ്രശ്നങ്ങൾ ഇല്ലായെങ്കിൽ അവിടെ വരെ പോയി വരാം ഞാൻ പറഞ്ഞു.

അന്ന് ഞാനും കുഞ്ഞും, ചന്ദ്രേട്ടനും ഹോസ്പിറ്റലിൽ നിന്ന് നേരെ ബാദുഷയുടെ വീടുവരെ പോയി. കോവിഡ് പേടിച്ച് അന്ന് കുഞ്ഞൂനെ ഏട്ടത്തിയുടെ കൂടെ വണ്ടിയിൽ തന്നെ ഇരുത്തി ഞങ്ങൾ അവിടെ ത്തി. വാടക വീടായിരുന്നു. കുറേ നാളുകൾക്ക് ശേഷം കിട്ടിയ ഒരു വീട്ടു ജോലിക്കായി ഉമ്മ പോയിരുന്നു. ബാദുഷയെ അടുത്തുള്ള ഒരു ബന്ധുവീട്ടിൽ കിടത്തിയിരിക്കുകയായിരുന്നു. ബാദുഷയുടെ കണ്ണിന് കാഴ്ച്ചയില്ല. തല സാധാരണയിൽ അധികം വലിപ്പമുണ്ട്. അതു കൊണ്ട് തന്നെ നടക്കാനോ, ഇരിക്കാനോ സാധിക്കുമായിരുന്നില്ല. പക്ഷേ കേൾക്കുകയും സംസാരിക്കുകയും ചെയ്യും. ഞങ്ങൾ ഇവിടെത്തുമ്പോൾ ഒരു ടേപ് റിക്കാർഡിൽ പാട്ടും വെച്ച് കേൾക്കുകയായിരുന്നു.

അവന് മിഠായികൾ വളരെ ഇഷ്ടമാണ്. മുനീസ പറഞ്ഞ് എനിക്ക് അറിയാമായിരുന്നു. ഞങ്ങൾ അന്നവന് നിറയെ മിഠായികൾ കൊണ്ടു കൊടുത്തു.

ബാദുഷ അന്ന് വളരെ സന്തോഷത്തോടെ ആ മിഠായികൾ അവിടെയുണ്ടായിരുന്ന ഇളയുമ്മക്ക് കാണിച്ചു.അതിനിടയിൽ അടുത്തു നിന്ന എൻറെ കൈയിൽ പിടിക്കാനായി പലവട്ടം കൈകൾ നീട്ടി. ഹോസ്പിറ്റലിൽ പോയത് കൊണ്ടും കൊറോണ പേടിയും ഉള്ളത് കൊണ്ട് ഞാനാവനെ തൊട്ടില്ല. കാഴ്ച്ചയില്ലാത്തത് കൊണ്ട് അവൻ സ്പർശനത്തിലൂടെയാണ് കണ്ടിരുന്നത്. ഞാൻ അവനോട് കാര്യം പറഞ്ഞു. തൊടണ്ട മോനെ ഞാൻ വേറെയിടത്തൊക്കെ പോയി വരുന്നതാണ്. എനിക്ക് സങ്കടമായി.

ഉമ്മയോട് പറയണം മുനീസാൻറി പറഞ്ഞിട്ട്

ഒരു ചേച്ചിയും കുഞ്ഞും ചേട്ടനും വന്നിരുന്നെന്ന്. ഇനി ഉമ്മയുള്ളപ്പോൾ ഞങ്ങൾ വരാംട്ടോ പോട്ടെ... ഞങ്ങൾ വരാന്തയിലേക്ക് ഇറങ്ങിയപ്പോൾ കൂടെ ബാദുഷയുടെ ഉമ്മയുടെ അനിയത്തിയും. ഇത്താക്ക് കുറേ ദിവസം കൂടി ഇന്നൊരു പണി കിട്ടയതാ. അതാ അവനെ എന്റെയടുത്ത് വിട്ട് പോയത്. അവർ പറഞ്ഞു.

ഉം... ഞാൻ വെറുതെ മൂളി...

ഇത്താ താമസിക്കുന്ന വീടിന് വാടക കൂടുതലാണ്. അവന് വേണ്ടി കുറച്ച് സൗകര്യമുള്ള വീട് എടുത്തതാ. വീൽ ചെയറൊക്കെ കൊണ്ട് പോകണമെങ്കിൽ ചെറിയ സ്ഥലം പോരല്ലോ... ഇപ്പോ വാടക കൊടുത്തിട്ട് മാസങ്ങളായി. പിന്നെ ഞാൻ അടുത്തുള്ളത് കൊണ്ട് ഇവനെ എന്റെ അടുത്ത് വിട്ട് പണിക്ക് പോകാൻ പറ്റുന്നുണ്ട്. വേറെ എവിടെയെങ്കിലുമാണ് താമസമെങ്കിൽ അതും പറ്റില്ലല്ലോ? കൂടപ്പിറപ്പിന്റെ ദുരിതത്തിൽ വേദനിക്കുന്ന കണ്ണുകൾ ഞാനവരിൽ കണ്ടു.

പുറത്തേക്ക് നോക്കിയ ഞാൻ ഏട്ടത്തിയുടെ മടിയിലിരുന്ന് ചിരിക്കുന്ന കുഞ്ഞൂനെ കണ്ടു. ആ ചിരി എന്റെ പ്രതീക്ഷയാണ്. ഞാനവരുടെ നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി പിന്നെയും മൂളി.... ഉം.... എന്തെങ്കിലും വഴികാണും ഇത്താനോട് പറഞ്ഞേക്കൂ മുനീസ പറഞ്ഞിട്ട് ഒരാൾ വന്നിരുന്നെന്ന്... ഞങ്ങളിറങ്ങി...

അന്ന് ദുബായിൽ ഫിറ്റ് എഫ്.എമ്മിൽ ജോലിയുള്ള എഴുത്തുകാരനും കൂടിയായ ഷാബുവേട്ടൻ ഇടപെട്ട് അവരുടെ വാടക കുടിശ്ശിക തീർത്തു കൊടുത്തു. അന്ന് വാടക കൊടുത്ത് തിരിച്ചിറങ്ങിയ വഴി തൊട്ടടുത്തുള്ള പള്ളിമുറ്റത്ത് നിന്ന് ഉമ്മയെന്നെ വിളിച്ചു അവർ കരയുകയായിരുന്നു. എന്നെ സഹായിച്ചവരോട് പറയണം ദൈവം കാക്കുമെന്ന് അവരാരാണെന്നോ ദൈവവിശ്വാസിയാണെന്നോ എനിക്കറിയില്ല മോളെ... പക്ഷേ എന്റെ പ്രാർത്ഥനകളിൽ എന്നും അവരുണ്ടാകും. കരച്ചിലും പറച്ചിലും ഇടകലർന്ന് അവരെന്നോട് എന്തൊക്കെയോ പറഞ്ഞു.

ഞാൻ കരയുന്നത് അവരറിയാതിരിക്കാൻ ഞാൻ ഫോണിന്റെ ഇങ്ങേ തലയ്ക്ക് പാടുപെടുകയായിരുന്നു. ഞാൻ പിന്നെയും മൂളി കൊണ്ടിരിക്കുയായിരുന്നു. മാസങ്ങൾക്ക് ശേഷം ഒരിക്കൽ ബാദുഷയ്ക്ക് അസുഖമാണെന്ന് പറഞ്ഞതും ദിവസങ്ങൾക്ക് ശേഷം ബാദുഷയുടെ മരണം എന്നെ അറിയിക്കുന്നതും മുനീസ തന്നെയായിരുന്നു. നെഞ്ച് തകർന്ന് ഞാനത് കേട്ടു. മംഗലാപുരത്തെ മെഡിക്കൽ കോളേജിൽ നിന്ന് ഇനിയൊന്നും ചെയ്യാനില്ല എന്ന് പറഞ്ഞെങ്കിലും അവിടെ നിന്ന് ഡിസ്ചാർജ്ജ് ചെയ്ത് അവന്റെ ഉമ്മയും ബാപ്പയും കൂടി അവിടെത്തന്നെയുള്ളഒരു സ്വകാര്യ ഹോസ്പിറ്റലിലേക്ക് കൊണ്ടു പോവുകയായിരുന്നു.അവിടെയെത്തി കുറച്ച് മണിക്കൂറുകളെ ബാദുഷ ജീവിച്ചിരുന്നുള്ളു. ശ്രമിക്കാവുന്നതിന്റെ അങ്ങേയറ്റം അവനെ ഈ ലോകത്ത് തന്നെ പിടിച്ച് നിർത്താൻ അവർ ശ്രമിച്ചിരുന്നു. പക്ഷേ അവസാനം പരാജയപ്പെട്ടു.

പിറ്റേ ദിവസം രാവിലെ ഏഴുമണിയോടെ കൃഷ്ണേട്ടനും, മുനീസയും ഞാനും സുമതിയും ബാദുഷയെ അവസാനമായി കാണാൻ അന്നത്തെ അതേ വാടക വീട്ടിലേക്ക് പോയി. വെള്ളത്തുണിയിലൊരു മാലാഖക്കുഞ്ഞിനെ പോലെ ബാദുഷ ശാന്തതയോടെ കിടക്കുകയായിരുന്നു. ഇനി വേദനകളില്ല.... തികഞ്ഞ ശാന്തത.. നിത്യശാന്തി...

മുറിയിലിരിക്കുന്ന ഉമ്മയുടെ അരികിൽ ഞങ്ങൾ


ബാദുഷ

കുറച്ചു സമയം ഇരുന്നു. അവൻ പോയീന്ന് വിചാരിച്ച് എന്നെ നിങ്ങൾ മറക്കരുത്. അവനുള്ള പോലെത്തന്നെ എന്നെ വിളിക്കണം സ്വന്തമായി ഒരു വീട് എന്റെ മോന് വേണമെന്നുണ്ടായിരുന്നു. അത് എന്നോട് അവൻ പറയുമായിരുന്നു. ഒരു പാട് ഓഫീസുകളിൽ ഞാനതിന് കയറിയിറങ്ങി. ഇനി അവന്റെ പേരിലുള്ള ഒരാനുകൂല്യമോ, ആൾ സഹായമോ എനിക്ക് വേണ്ട മോളെ... പട്ടിണി ആയാൽ പോലും ഞാനിനി ആരെയും ബുദ്ധിമുട്ടിക്കില്ല. അവൻ പോയി ഇനി ഞങ്ങൾക്ക് ഒന്നും വേണ്ട... എന്നെ മറക്കരുത്... വിളിക്കണം... ആ ഉമ്മ മുനീസയുടെ കൈയിൽ പിടിച്ച് പലതും പറഞ്ഞു കൊണ്ടിരുന്നു.

മറക്കില്ല... മറന്നിട്ടുമില്ല...!

റംലയേയും മോളെയും ഞാനൊരു സമരമുഖത്താണ് ആദ്യം കണ്ടത്, നാലു വർഷം ആയി കാ

ണുമെന്ന് തോന്നുന്നു. കലക്ട്രേറ്റിൽ അന്നത്തെ മന്ത്രി ചന്ദ്രശേഖരൻ വന്നിട്ട് ദുരിത ബാധിതരുടെ പ്രശ്നങ്ങൾ കേൾക്കാൻ നിൽക്കാതെ പോകാനിറങ്ങിയപ്പോൾ ഞങ്ങളെ കേൾക്കണമെന്ന ആവശ്യമുയർത്തി അദ്ദേഹത്തെ തടഞ്ഞിരുന്നു. അന്ന് നിർത്താതെ കരയുന്ന കുഞ്ഞിനെയും കൊണ്ട് റംല വിയർത്ത് കുളിച്ച് ഹാളിന്റെ വാതിൽക്കൽ നിൽപുണ്ടായിരിന്നു. അവിടെയുണ്ടായിരുന്നു. ഒരു പോലീസുകാരൻ എവിടെയെങ്കിലും ഇരിക്കാനായി പറയുകയും സഹായിക്കുകയും ചെയ്യുന്നതൊക്കെ ആൾക്കൂട്ടത്തിനിടയിൽ നിന്നും ഞാൻ കാണുന്നുണ്ടായിരുന്നു. അന്നാണ് ആദ്യമായി ഞാൻ കാണുന്നത്. അത് കഴിഞ്ഞ് സ്നേഹവീട്ടിൽ വന്ന ഒരു ദിവസം കണ്ടിരുന്നു. പിന്നെ കണ്ടില്ല.

പിന്നെ ഞാൻ കേൾക്കുന്നത് ആ മോളും ഈ ലോകത്ത് നിന്ന് പോയെന്ന സങ്കട വാർത്തയാണ്. ആ സങ്കടകരമായ വാർത്ത ഞങ്ങളെ വിളിച്ച് അറിയിച്ചത് റംലയെന്ന ആ ഉമ്മ തന്നെയാണ്. വല്ലാത്തൊരു നിർവ്വികാരതയോടെ സ്വന്തം കുഞ്ഞ് പോയെന്ന് വിളിച്ചറിയിച്ച നിർഭാഗ്യവതികളായ അമ്മമാർ. അത് കഴിഞ്ഞ് ഏകദേശം ഒരു വർഷത്തിനു ശേഷം മനുഷ്യമതിൽ പണിഞ്ഞ് ഒരു പ്രതിഷേധം കലക്ട്രേറ്റിൽ വച്ച് നടന്നിരുന്നു. അന്നവിടെ റംലയെന്ന ഉമ്മയും ഉണ്ടായിരുന്നു. എന്റെ കൂടെ എന്റെ കുഞ്ഞും.

പ്രതിഷേധം കഴിഞ്ഞ് അവിടെയുള്ള ഒരു മരത്തണലിൽ ഞങ്ങൾ കുറച്ചു പേർ ഇരിക്കുകയായിരുന്നു. തീരെ പരിചയമില്ലാത്ത ഒരു ചേച്ചി എന്റെ അടുത്തേക്ക് നടന്നു വന്നു. മോനെ ഞാൻ ഒന്നെടുത്തോട്ടെ അവർ അല്പം മടിയോടെ എന്നോട് ചോദിച്ചു. അതിനെന്താ എടുത്തോളു ഞാൻ കുഞ്ഞൂനെ അവർക്കു നേരെ നീട്ടി...

അവർ കുഞ്ഞൂനെയും കൊണ്ട് കുറച്ച് മാറി നിൽക്കുകയായിരുന്ന റംലയുടെ അടുത്തേക്ക് നടന്നു. റംല എന്നെ തന്നെ നോക്കി. ഞാൻ മോന്റെ കൂടെ കുറച്ച് ഫോട്ടോ എടുത്തോട്ടെ റംല എന്നോട് ആംഗ്യം കാണിച്ചു ചോദിച്ചു. ഞാൻ ചിരിച്ച് കൊണ്ട് സമ്മതിച്ചു. കുഞ്ഞൂനെ എടുത്ത് പോയ ചേച്ചി മോനെ റംലയ്ക്ക് കൊടുത്തു. അവനെ ഫോട്ടോക്ക് കിട്ടണമെങ്കിൽ ഞാൻ തന്നെ വേണമെന്ന് എനിക്കറിയാം അത്കൊണ്ട് ഞാനും അവർക്കരികിലേക്ക് നടന്നു.

നീ... അവിടെ ഇരിക്ക് ഞാൻ കുഞ്ഞൂനെ മടിയിലിരുത്തി തരാം ഞാനവനെ എടുത്ത് റംലയുടെ മടിയിൽ നല്ലപോലെ ഇരുത്തി കൊടുത്തു. അവനെ പിടിക്കേണ്ടുന്ന രീതിയൊക്കെ പറഞ്ഞു കൊടുത്തു. ആ ചേച്ചി റംലയുടെയും കുഞ്ഞൂന്റെയും ഫോട്ടോ എടുത്തു. തുടങ്ങിയപ്പോൾ ഞാൻ മാറി നിന്നു. വേണ്ടുന്ന പോലെ എടുത്തോളു... തിരക്കൊന്നുമില്ല.... ഞാൻ പറഞ്ഞു... കുറച്ച് സമയത്തിനു ശേഷം കുഞ്ഞൂനെയുമെടുത്ത് അവർ എന്റെരികിലേക്ക് വന്നു.

?എന്റെ മോളേ പോലെ തന്നെയുണ്ട് ഇവനെ കാണാൻ എന്റെ മോൾക്കും നിറയെ മുടിയുണ്ടായിരുന്നു. എന്റെ കുഞ്ഞിനെ കണ്ടിട്ടില്ലേ?



? എനിക്കറിയാം ഞാൻ കണ്ടിട്ടുണ്ട്.... എനിക്കെന്ത് പറയണമെന്നറിയാത്ത അവസ്ഥയായിരുന്നു. എന്റെ കൈയ്യിലേക്ക് കുഞ്ഞൂനെ തിരിച്ചു തരാൻ നേരം അവളവനെ ഒന്നുകൂടി അമർത്തി ഉമ്മവെച്ചു...

? മുടി മുറിക്കണ്ടട്ടോ... നല്ല ഭംഗിയുണ്ട്...?

മരിച്ചു പോയ കുഞ്ഞിനെ അവൾ എന്റെ മോനിലൂടെ കാണുകയാണ്. എനിക്കത് മനസ്സിലായി ഉള്ളിലൊരു കടൽ ആർത്തലച്ചു ചെയ്യുകയാണ് ? പോട്ടേ....? അവൾ നടന്നു.... തിരിച്ച് ഞാനും. ഏറ്റവും വലിയ വേദനയെ ആഗ്രഹിക്കുന്ന ഒരു പറ്റം മനുഷ്യർ എന്തൊരു ഗതികേടാണ്. രക്ഷിതാക്കളില്ലെങ്കിൽ എങ്ങനെയായിരിക്കും ഈ മക്കൾ ജീവിക്കുക/ആരാണ് പ്രാഥമിക കാര്യങ്ങൾ പോലും ചെയ്തു കൊടുക്കുക? ഒരു ജലദോഷം വന്നാൽ പോലും കണ്ണ് ചിമ്മാതെ കൂട്ടിരിക്കുക? പുലരുവോളം കരയുന്ന മക്കളെ ആരാണ് ഉറക്കമൊഴിഞ്ഞ് കൂട്ടിരുന്ന് ഉറക്കുക...

ഇതിനൊന്നും ഒരുത്തരം ഇല്ല. അതുകൊണ്ടാണ് ജീവിച്ചിരിക്കുന്ന കാലത്തോളം അവർക്കീഭൂമിയിലെ എല്ലാ സന്തോഷങ്ങൾക്കും വേണ്ടി അവരുടെ വേദനക്ക് ശമനമുണ്ടാക്കുന്ന വിദഗ്ദ ചികിത്സക്കായി നെട്ടോട്ടമോടുന്നത്. പെരിയയിലെ അൻവാസ്, കാഞ്ഞങ്ങാട്ടെ പ്രസന്നേച്ചിയുടെ മോൾ അങ്ങനെ വിടപറഞ്ഞുപോയ പേരറിയാത്ത ഒരുപാട് കുഞ്ഞുങ്ങളുണ്ട് ഈ നാട്ടിൽ. ഏതു നിമിഷവും ഞങ്ങളെ ഒറ്റക്കാക്കിയിട്ട് അവർ പോയേക്കാം...അതൊരു യാഥാർത്ഥ്യമാണ്, ഞെട്ടലാണ്, നെഞ്ചുകീറുന്ന ഒരാശ്വസവുമാണ് എന്നതാണ് സത്യം...

ചർച്ചാവിഷയം





# ഇനിയും പെയ്തു തോരാതെ

**സിസ്റ്റർ മരീന മാത്യു**
സാമൂഹ്യപ്രവർത്തക, കാസർഗോഡ്
എൻമകജെ എൻഡോസൾഫാൻ
ദുരിതബാധിത കുഞ്ഞുങ്ങൾക്കുള്ള
നവജീവനയിലെ പ്രവർത്തക

ശീലാബതിയുടെ അനുസ്മരണ ചടങ്ങിൽ പങ്കെടുത്ത് അവളുടെ ഓർമ്മക്കായി നട്ട ഞാവൽമര തയ്യിന്റെ ചുവട്ടിൽ ഒരു പിടി മണ്ണിട്ട് വിദൂരതയിൽ കണ്ണുംനട്ട് ശിലാപ്രതിമ പോലെ ഇരുന്ന അമ്മ ദേവകിയെ നമസ്കരിച്ചു തിരിച്ചു പോരുമ്പോൾ മനസ്സിൽ ഒരു പ്രാർത്ഥനയേ ഉണ്ടായിരുന്നുള്ളൂ. ഇനിയും ഇത്തരം ചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാൻ ഇടയാകരുത് എന്ന് . വല്ലാത്തൊരു ഭീതി എന്നെ പിടികൂടിയിരുന്നു. കാരണം കാസർഗോഡ് എൻമകജെ ഗ്രാമത്തിലും സമീപ പ്രദേശങ്ങളിലും ഞാൻ കണ്ട നൂറുകണക്കിന് കുഞ്ഞുങ്ങൾക്ക് ശീലാബതിയുടെ മുഖമായിരുന്നു. അവരുടെ എല്ലാം അമ്മമാർക്ക് ദേവകിയമ്മയുടെ മുഖമായിരുന്നു..

യന്ത്ര പറവകൾ ചീറ്റിച്ച വിഷ മഴ നനഞ്ഞ് 'തല പൊട്ടുന്നു അമ്മേ ' എന്ന് നിലവിളിച്ച് കിടക്കയിലേക്ക് വീണ രണ്ടാം ക്ലാസ്സുകാരി ശീലാബതി പിന്നീട് എണീറ്റിട്ടില്ല. മുപ്പത്കൊല്ലം നീണ്ട അതിജീവന പോരാട്ടത്തിനൊടുവിൽ അവൾ പിൻവാങ്ങിയപ്പോൾ തോളോട് തോൾ ചേർന്ന് നിന്ന് പൊരുതിയ പലരുടേയും കൈകാലുകൾ കൂടുതൽ ദുർബലമായി . അവൾ കൊടുത്ത ശൂന്യത ഭീകരമായി അവർക്ക് തോന്നി . അതുകൊണ്ടാണല്ലോ അനുസ്മരണ പ്രസംഗം നടത്തിയ പലരും വാക്കുകൾ പൂർത്തിയാക്കാനാവാതെ വിതുമ്പിയത്. മുന്നണി പോരാളിയായ മുനീസ മോഹാലസ്യപ്പെട്ടത്. വയ്യാത്ത കുഞ്ഞുങ്ങളെ ഒന്നുകൂടി ഇറുക്കി . നെഞ്ചോട് ചേർത്തുപിടിച്ച് നിറകണ്ണുകളോടെ ഇടറുന്ന പാദങ്ങളോടെ പല അമ്മമാരും ശീലാബതിയുടെ ഭവനത്തിൽ നിന്ന് യാത്രയായത്.

എൻഡോസൾഫാൻ ദുരിതബാധിതരായ കുഞ്ഞുങ്ങൾക്കായി എൻമകജെ ഗ്രാമത്തിൽ തുടങ്ങിയ നവജീവന എന്ന ഞങ്ങളുടെ സ്ഥാപനത്തിൽ എത്തുന്ന കുഞ്ഞുങ്ങളുടെ ഓമന മുഖം ഓരോന്നായി മനസ്സിലേക്ക് ഓടിയെത്തിയപ്പോൾ ഞാനും ഹൃദയഭാര ത്തോടെ ശീലാബതിയുടെ ഭവനത്തിൽ നിന്നും മടങ്ങി.

യന്ത്രപ്പറവകൾ എൻഡോസൾഫാൻ വിഷമഴ ചീറ്റിച്ച രംഗം ഒഴിഞ്ഞിട്ട് രണ്ടു പതിറ്റാണ്ടുകൾ പിന്നിട്ടു എങ്കിലും കാസർഗോഡ് ഗ്രാമങ്ങളിൽ ഇപ്പോഴും കണ്ണീർമഴ തോർന്നിട്ടില്ല. പൂമ്പാറ്റകളേപ്പോലെ പാറി പറക്കേണ്ട പ്രായത്തിൽ പുഴുക്കളേപ്പോലെ ഇഴയാൻ വിധിക്കപ്പെട്ട ഈ മണ്ണിന്റെ മക്കൾ നൊമ്പര കാഴ്ചയാകുമ്പോൾ കാണേണ്ടവർ കണ്ടില്ലെന്ന് നടിക്കുക മാത്രമല്ല അർഹമായ നീതി നിഷേധിച്ചും ആനുകൂല്യങ്ങൾക്കായി പോ

രാടുന്നവരെ .പ്രത്യാരോപണങ്ങൾ കൊണ്ട് പരിഹസിച്ചും അവരുടെ ദുരിതം ഇരട്ടിപ്പിക്കുകയുമാണ്.

2017 ൽ ആണ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി നോർ ബർട്ടൈൻ വൈദികർ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കുചേരാൻ ഫ്രാൻസിസ് ക്ലാരിസ്റ്റ് സന്യാസി സമൂഹ അംഗങ്ങളായ ഞങ്ങൾ എൻമകജെ ഗ്രാമത്തിൽ എത്തുന്നത്. കാസർഗോഡ് ജില്ലയിൽ ജനിച്ചുവളർന്ന ഒരു വ്യക്തി എന്ന നിലയിൽ എൻഡോസൾഫാൻ ദുരന്തം എന്ന വാക്ക് പരിചിതമായിരുന്നു . ഇവിടെ എത്തിയ ശേഷം നേരിട്ടു കണ്ട ചിത്രം ഞെട്ടിക്കുന്നതായിരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്കായി കോടികളുടെ പാക്കേജുകൾ മാറി മാറി വരുന്ന സർക്കാരുകൾ പ്രഖ്യാപിക്കുമ്പോഴും അടിസ്ഥാന സൗകര്യങ്ങൾക്കും കുഞ്ഞുങ്ങളുടെ ചികിത്സക്കുമായി നെട്ടോട്ടമോടുന്ന മാതാപിതാക്കളാണെ ങ്ങും. . അർഹതപ്പെട്ട ആനുകൂല്യങ്ങൾക്കായി സമരം നടത്തുന്ന അമ്മമാരോടൊപ്പം . പല സമര പന്തലുകളിലും ഇരുന്നിട്ടുണ്ട്. നിറ ദുരിതത്തിന് ഇടയിലും പോരാട്ടവീര്യം നഷ്ടമാകാത്ത ഇത്ര കരുത്തരായ അമ്മമാർ വേറെ ഒരിടത്തും കാണില്ല . എന്നാൽ സ്ഥിതിവിവരക്കണക്കുകൾ നിരത്തി ഭിന്നശേഷിക്കാരായവരുടെ എണ്ണം മറ്റു ജില്ലകളിലേതു പോലെ ആണെന്നും എൻഡോസൾഫാൻ . വിഷയം ഒരു കെട്ടുകഥയാണെന്നും വയ്യാത്ത കുഞ്ഞുങ്ങളെ മുൻനിർത്തി മാതാപിതാക്കൾ ധനസമ്പാദനം നടത്തുകയാണെന്നും മറ്റും ശീതീകരിച്ച മുറികളിലെ കറങ്ങുന്ന കസേരകളിൽ ഇരുന്ന് പ്രഖ്യാപിക്കുന്നവരോട് ഒന്നേ പറയാനുള്ളൂ. ഈ നാടിന്റെ മക്കളെ നിങ്ങൾ അർദ്ധപ്രാണർ ആക്കി . ഇനി അവരുടെ ആത്മാഭിമാനം കൂടി തല്ലി കെടുത്തരുത്. ഇവരുടെ നോവിന്റെ അഗ്നി നിങ്ങളെ വിഴുങ്ങാതെ സൂക്ഷിച്ചുകൊള്ളുക.

ശീലാബതിക്കു പിന്നാലെ എഴു വയസ്സുകാരി വൈഷ്ണവിയും പത്തുവയസ്സുകാരൻ റിതേഷ് ആൽവയും ഒരു വയസ്സുകാരൻ നവജിത്തും മറ്റനേകം കുഞ്ഞുങ്ങളും നമ്മെ വിട്ടുപിരിഞ്ഞു കഴിഞ്ഞു. കുഞ്ഞു ശരീരത്തിന് വഹിക്കാൻ ആവാത്ത വലിയ തലയും കുഞ്ഞു ശരീരം മുഴുവൻ വേദനയുമായി അപ്പു എന്ന നവജിത്ത് ഒരു വർഷം കൊണ്ട് തിന്നു തീർത്ത നരകയാതന നേരിട്ട് കണ്ടറിഞ്ഞതാണ്.

അപ്പുവിന്റെ അമ്മ നെഞ്ചേറ്റിയ കനൽ ആർക്കും മനസ്സിലാകും. രണ്ടുമാസം മുമ്പ് അവരുടെ ഫോൺ കോൾ വന്നിരുന്നു ' അമ്മ .. മൗവ്വാറിൽ അപ്പുവിനെ പോലെ തന്നെ ഒരു കുഞ്ഞി....... ' അന്വേഷിച്ചപ്പോൾ അറിഞ്ഞു , കുഞ്ഞ് കോഴിക്കോട് മെഡിക്കൽ കോളജിലാണ്. ഹൃദയത്തിൽ എവിടെയോ ഒരു വെള്ളിടി വെട്ടി. ഒരു വർഷം മുമ്പ് ഇതേ സമയത്ത് അപ്പുവും കോഴിക്കോട് മെഡിക്കൽ കോളജിൽ ആയിരുന്നു. ശരീരം മുഴുവൻ ഘടിപ്പിച്ച ട്യൂബുകൾക്കിടയിൽ അപ്പുവിന്റെ കുഞ്ഞ് ശരീരം ഞാൻ ഒരു നോക്ക് കണ്ടതാണ്.

ഒരു മാസത്തിനുശേഷം അപ്പുവിനെ അവന്റെ വീട്ടിൽ കണ്ടു. ഒരു തുണ്ട് വെള്ള ത്തുണിയിൽ പൊതിഞ്ഞ് .ആരോ കാണിച്ച ചൂട്ടുകറ്റയുടെ വെളിച്ചത്തിൽ അപ്പുവിനെ നെഞ്ചോട് ചേർത്ത് ചുടല പറമ്പിലേക്ക് ഇടറുന്ന പാദത്തോടെ അവന്റെ അച്ഛൻ നടക്കുമ്പോൾ അതിന് സാക്ഷ്യം വഹിച്ച പത്ത് ആളുകളിൽ ഒരാളായി ഞാനുമുണ്ടായിരുന്നു.

മൗവ്വാറിലെ കുഞ്ഞ് വീട്ടിലെത്തിയപ്പോൾ പോയി കണ്ടു. അപ്പു പുനർജനിച്ചിരിക്കുന്നു, അർഷിതയായി. വലിയ തലയും മെലിഞ്ഞുണങ്ങി വേദനിക്കുന്ന ശരീരവുമായി അർഷിത നിലവിളിക്കുന്നു. ഹൃദയത്തിൽ നിന്നുയർന്ന തേങ്ങലിനോടൊപ്പം ഒരു ചോദ്യം ഉത്തരം കിട്ടാതെ വീർപ്പുമുട്ടി. ഇതിന് ഒരു അവസാനം ഇല്ലേ! നവജീവനയിൽ ഫിസിയോതെറാപ്പിക്കും സ്പീച്ച് തെറാപ്പിക്കും സ്പെഷ്യൽ എഡ്യൂക്കേഷനുമൊക്കെയായി എത്തുന്ന ചെറിയ കുഞ്ഞുങ്ങളുടെ കാഴ്ച വേദനിപ്പിക്കുന്നതാണ്. രണ്ടു വയസ്സുകാരായ അനാബിയയും ധ്യാനും , മൂന്നു വയസ്സുകാരി ഫാത്തിമ സൽവയും നാലു വയസ്സുകാരായ ഇർഫാനും ബഷീറും അൻകിതയും അൻവിതയും. ചെറിയ കുഞ്ഞുങ്ങളുടെ നിര നീളുകയാണ്. പുതിയ ഒരു തലമുറ കൂടി ദുരന്തത്തിന്റെ ബാക്കി പത്രം ആവു



കയാണ്.

ഈ നാടിന്റെ ദുരന്തത്തിന്റെ കാരണം എൻഡോസൾഫാൻ അല്ല എന്ന് സ്ഥാപിക്കാൻ നടത്തുന്നതിന്റെ പകുതി പരിശ്രമം ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ നടത്തുകയാണെങ്കിൽ നാടിന്റെ ചരിത്രം മറ്റൊന്നാകുമായിരുന്നു. നീണ്ട വർഷങ്ങൾ പഴി പറഞ്ഞും പരിഹസിച്ചും നഷ്ടപ്പെടുത്തി കളഞ്ഞു. ഈ നാടിന്റെ മക്കൾക്ക് ആരും എറിഞ്ഞുകൊടുക്കുന്ന ഭിക്ഷ ആവശ്യമില്ല.

തങ്ങളുടേതല്ലാത്ത കാരണത്താൽ അവർ അനുഭവിക്കുന്ന ദുരന്തത്തെ അതിജീവിക്കാൻ നീതി മാത്രമാണ് അവർ ആവശ്യപ്പെടുന്നത്. അനാവശ്യ തർക്കങ്ങൾ നിർത്തിവെച്ച് പുനരധിവാസ പ്രവർത്തനങ്ങൾ ശക്തമാക്കുക മാത്രമാണ് ഈ നാടിന്റെ കണ്ണീരിനു നൽകാവുന്ന ഏക ഉത്തരം.

കോടികളുടെ എൻഡോസൾഫാൻ പാക്കേജ് എങ്ങനെ ചെലവഴിക്കപ്പെടുന്നു ? ആരുടെ കൈകളിൽ എത്തുന്നു എന്നതിനെപ്പറ്റി വ്യക്തമായ കണ്ടെത്തലുകൾ ആവശ്യമാണ് . കാസർഗോഡ് ജില്ലയിലെ പരിമിതമായ ചികിത്സാ സൗകര്യം ആണ് വലിയ ഒരു പ്രതിസന്ധി . ചികിത്സക്കായി കുഞ്ഞുങ്ങളുമായി മംഗലാപുരത്തേക്കും കോഴിക്കോട്ടേക്കുമെല്ലാം ഓടേണ്ടി വരുന്ന മാതാപിതാക്കൾ കൊറോണക്കാലത്ത് നിസ്സഹായരായി നിലവിളിക്കുന്നത് ധാരാളം കണ്ടിട്ടുണ്ട് . ജില്ലയിൽ ഒരു ന്യൂറോളജിസ്റ്റിന് വേണ്ടിയുള്ള മുറവിളി തുടങ്ങിയിട്ട് നാളുകളായി. ഉക്കിനടുക്കയിൽ തുടങ്ങിയ മെഡിക്കൽ കോളജ് ഇതുവരെയും പ്രവർത്തനസജ്ജമായിട്ടില്ല. ദുരിതബാധിതർക്ക് ചികിത്സാ സൗകര്യങ്ങൾ ഒരുക്കുക എന്നത് അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽ ഒന്നാണ്. തക്കസമയത്ത് ചികിത്സ കിട്ടാതെ മരിച്ചവരുടെ ഒരു കണക്ക് എടുക്കുകയാണെങ്കിൽ മനസ്സിലാകും ഈ നാട് അനുഭവിക്കുന്ന അവഗണനയുടെ ആഴം.

ഭിന്നശേഷിക്കാരായ ധാരാളം കുഞ്ഞുങ്ങൾ ജനിച്ചുവീഴുന്ന ഈ നാട്ടിൽ, ഇതിൽ ചെറിയ പ്രായത്തിൽ തന്നെ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയർ തെറാപ്പി തുടങ്ങിയവ ലഭ്യമാകുന്നത് അവരുടെ ദൈനം ദിന ആവശ്യവും ശാരീരിക, ബൗദ്ധിക മാനസികക്ഷമത വർദ്ധിപ്പിക്കുന്നതിന് വളരെ പ്രധാനപ്പെട്ടതുമാണ്. ചെറിയ പ്രായത്തിൽ ഇവ ലഭിക്കാത്തതുമൂലം സ്വന്തം കാര്യങ്ങൾ പോലും നിർവ്വഹിക്കാൻ ആവാത്ത ഇരുപത് വയസ്സിനും അതിനു മുകളിലുമുള്ള ധാരാളം ആളുകൾ ഈ നാട്ടിലുണ്ട്. സ്പെഷ്യൽ എഡ്യൂക്കേഷൻ സ്ഥാപനങ്ങൾ ജില്ലയിൽ എണ്ണത്തിൽ കുറവും ഉള്ളവയിൽ തന്നെ സൗകര്യങ്ങൾ അപര്യാപ്തവുമാണ്. കൂടുതൽ സ്ഥാപനങ്ങളും സൗജന്യ ഫിസിയോ തെറാപ്പി സെൻററുകളും സ്പെഷ്യൽ എഡ്യൂക്കേഷൻ സ്ഥാപനങ്ങളും നാടിന്റെ ആവശ്യമാണ്. എല്ലാം സൗജന്യമായി കൊടുക്കാൻ തയ്യാറായി തുടങ്ങിയ പ്രൈവറ്റ് സ്ഥാപനങ്ങൾ ഭാരിച്ച ചെലവുകൾ മൂലം വെല്ലുവിളികൾ നേരിടുമ്പോൾ ഗവൺമെൻറ് തലത്തിൽ ഇത്തരം സ്ഥാപനങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ അവർക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യാനാവും. പതിനെട്ട് വയസ്സിന് മുകളിലുള്ളവർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും തൊഴിലും നൽകാൻ പ്രത്യേക സംവിധാനങ്ങളും സംരക്ഷിക്കാൻ ആരുമില്ലാത്ത ഭിന്നശേഷിക്കാർക്ക് ഷെൽട്ടർ ഹോമുകളും ആരംഭിച്ചാൽ അനേകർക്ക് ആശ്വാസമായി തീരും. 'എന്റെ കാലശേഷം എന്റെ കുഞ്ഞിനെ ആരു നോക്കും..' എന്ന ആധി ഇവിടെ ഓരോ മാതാപിതാക്കളുടേയും ഹൃദയത്തിൽ ഉണ്ട് . കാസർഗോഡിന്റെ കന്നട അതിരായ ഈ ഗ്രാമങ്ങളിൽ ഭാഷയും സംസ്കാരവും എല്ലാം വളരെ വ്യത്യസ്തമാണ്. ഈ മണ്ണിന്റെ സംസ്കാരവും ജീവിതരീതിയും പഠിച്ചറിഞ്ഞ ശേഷം വേണം പുനരധിവാസ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ . പെർളയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി പണിത മുപ്പതിലധികം ഭവനങ്ങൾ ആരും താമസിക്കാനില്ലാതെ കാടുകയറി നശിക്കുന്ന കാഴ്ച വേണ്ടത്ര പഠനങ്ങൾ ഇല്ലാതെ നടത്തിയ പുനരധിവാസ പ്രവർത്തനങ്ങളുടെ പരാജയത്തിന് ഉദാഹരണമാണ്. ഇനിയും പെയ്തൊഴിയാത്ത കണ്ണീർമഴ കാസർഗോഡ് ഗ്രാമങ്ങളെ ഈറനണിയിക്കുമ്പോൾ കുറ്റാരോപണങ്ങളും അപവാദ പ്രചരണങ്ങളുമായി അവരുടെ ജീവിതങ്ങൾ അലോസരപ്പെടുത്താതെ കരുതലിന്റെ കുട പിടിച്ചു കൊടുക്കുക എന്നത് ആരുടെയും ഔദാര്യമല്ല.. അവർ അർഹിക്കുന്ന നീതി മാത്രം. അവകാശങ്ങൾ നേടിയെടുക്കുമ്പോൾ അർദ്ധ പ്രാണരായ കുഞ്ഞുങ്ങളെ തോളിലേറ്റി സമരപന്തലുകളിൽ കയറിയിറങ്ങേണ്ട ഗതികേട് ഇനിയും ഈ നാട്ടുകാർക്ക് നൽകരുത് . അതിജീവനത്തിനായി അവർ നടത്തുന്ന പോരാട്ടത്തിൽ കൈത്താങ്ങ് ആകുക എന്നത് മാത്രമാണ് നമ്മൾ ചെയ്യേണ്ടത് . കാസർഗോഡ് മക്കൾക്ക് ചിറകുകൾ നൽകാൻ നമുക്കും പങ്കുചേരാം.



ചർച്ചാവിഷയം



**സുമതി അമ്പലത്തറ**
എൻഡോസൾഫാൻ
ദുരിതബാധിതനായ
മിഥുന്റെ അമ്മ.
സ്നേഹവീട്ടിലെ ഒരംഗം.




# സ്നേഹവീട്

ഞാൻ സുമതി മോഹൻ,
എൻഡോസൾഫാൻ ദുരന്തത്തിൻറെ സാക്ഷിയായ മിഥുട്ടൻറെ അമ്മ. വേർ പിരിയാനാവാത്ത ബന്ധത്തിൻറെ ഇഴകൾ പൊട്ടാതെ അമ്മയും മകനും ജീവിക്കുന്നു. യാഥാർത്ഥ്യത്തിൽ തിരിച്ചറിവിലൂടെ ജീവിതം നയിക്കുന്നു.

ഏതൊരു പെൺകുട്ടിയും ആഗ്രഹിക്കുന്നത് പോലെ സന്തോഷകരമായ ജീവിതം സ്വപ്നം കണ്ടുകൊണ്ടുതന്നെയാണ് മോഹനേട്ടൻറെ പങ്കാളിയാവുന്നത്. സാധാരണക്കാരായ മനുഷ്യരായിട്ടും അല്ലലില്ലാതെ ജീവിച്ചു പോന്നു. ഈ ഒരു സമയത്ത് സന്തോഷത്തിൻറെ നാളുകൾക്ക് ഇരട്ടി മധുരം പകർന്ന് കൊണ്ട് രണ്ട് പിഞ്ചോമനകൾക്ക് ജന്മം കൊടുക്കാനായി. ഇരട്ടക്കുട്ടികളുടെ അമ്മ ,മനസ്സ് നിറയെ ആനന്ദം .. ഏതോ പുതിയ ഒരു ലോകത്തിലേക്ക് കടന്നത് പോലെ..എന്നാൽ അതിന് മണിക്കൂറുകളുടെ ആയുസ്സേ ഉണ്ടായിരുന്നുള്ളു. പ്രസവിച്ച് ഇരുപത്തൊന്നാം

ദിവസം ആശുപത്രിയിൽ കിടക്കേണ്ടി വന്നു. മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിലെ മുറിക്കകത്ത് നൊന്ത് പെറ്റകുഞ്ഞുങ്ങളുമായി ആശങ്കകളും വേദനകളും നിറഞ്ഞ നീറുന്ന മനസ്സോടെ നിമിഷങ്ങളെ തളളി നീക്കേണ്ടി വന്നത് ജീവിതത്തിൽ ഒരിക്കലും മറക്കാനാവില്ല.

രണ്ട് മക്കളുടെയും രക്തസാമ്പിളുകൾ ബംഗലൂരിലെ ലബോറട്ടറിയിലേക്ക് അയച്ചതായി ആശുപത്രി അധികൃതർ പറഞ്ഞു.

പരിശോധന ഫലത്തിനു വേണ്ടി നെഞ്ചിടിപ്പോടെയുള്ള കാത്തിരിപ്പായിരുന്നു പിന്നീടുള്ള നിമിഷങ്ങളിൽ . പരിശോധന റിസൾട്ട് വന്നു. ഒരു കു

ട്ടിക്ക് ഓർഗാനിക്ക് അസിഡിമിയ ആണെന്നും മറ്റൊരാൾക്ക് അപസ്മാരം ഉണ്ടെന്നും ഡോക്ടർ പറഞ്ഞു . കുറച്ചു നാൾ മരുന്ന് കഴിക്കേണ്ടി വരും അങ്ങനെയാണ് ഡോക്ടർ പറഞ്ഞത്.എന്നാൽ എന്റെ മനസ്സിനെന്തോ ആധി പിടിപെട്ടത് പോലെ. എന്തു ചെയ്യണമെന്ന് അറിയാതെ പോയ നിമിഷങ്ങൾ. ആശുപത്രി വരാന്തയിലൂടെ ഐ.സി.യുവിലേക്ക് മണിക്കൂറുകൾ ഇടവിട്ടുള്ള യാത്ര വല്ലാതെ തളർത്തിയിരുന്നു. മാറോട് ചേർത്ത് പാലൂട്ടേണ്ട കുട്ടികൾക്ക് ഗ്ലാസ്സിൽ പിഴിഞ്ഞെടുത്ത് മുമ്പിൽ നിൽക്കേണ്ടി വന്ന നിമിഷങ്ങൾ ,ആ സങ്കടങ്ങൾ മറ്റാർക്കും മനസ്സിലാകില്ല.

ഇരുപത്തിമൂന്ന് ദിവസങ്ങൾക്ക് ശേഷം വീട്ടിൽ തിരിച്ചെത്തി. പിന്നീട് ഉറക്കമില്ലാത്ത രാത്രികളാണ് എന്നെ തേടിയെത്തിയത്. ഓരോ ദിവസവും കടന്നു പോയത് എങ്ങനെ എന്നറിയില്ല. അപ്പോഴേക്കും വേദനകളുമായി പൊരുത്തപ്പെട്ട് കഴിഞ്ഞിരുന്നു. ആറ് മാസം കഴിഞ്ഞിട്ടുണ്ടാകാം പെരിയ ഗവൺമെന്റ് സ്കൂളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് നടക്കുന്നതായി അറിയാൻ കഴിഞ്ഞു കുട്ടികളെയും എടുത്ത് ഡോക്ടർമാരുടെ അരികെ ചെന്നു. നല്ല എന്തെങ്കിലും ചികിത്സ കിട്ടുമോന്നറിയാനാണ് പോയത്. ക്യാമ്പിലെ ഡോക്ടർമാരുടെ പരിശോധനയിൽ മക്കളിൽ ഒരാൾ എൻഡോസൾഫാൻ ദുരിത ബാധിതനാണെന്ന് തിരിച്ചറിഞ്ഞു. പണം കടം വാങ്ങി മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിൽ ചികിത്സ തുടർന്നു. മൂന്ന് മാസത്തിലൊരിക്കൽ ആശുപത്രിയിൽ പോകണം. ഇപ്പോഴും അത് തുടരുന്നു. 2014 തൊട്ട് സർക്കാറിന്റെ ചികിത്സ സഹായം ലഭിക്കുന്നുണ്ട്. ആശുപത്രിയും വീടുമായി ഞങ്ങളുടെ ജീവിത കേന്ദ്രങ്ങൾ.

ഈ ഇടയ്ക്കാണ് അമ്പലത്തറയിൽ സ്നേഹവീട് ആരംഭിക്കുന്നത്. എനിക്ക് കുട്ടിയെയും കൊണ്ട് ആൾക്കൂട്ടത്തിലേക്ക് പോകാൻ ഭയമായിരുന്നു. എന്നാൽ സ്നേഹവീട് എന്താണെന്ന് അറിഞ്ഞപ്പോൾ ഭയം മാറി. അവിടെ വെച്ചാണ് മുനീസയെ പരിചയപ്പെടുന്നത്. എന്നെപ്പോലെ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന വേറെയും അമ്മമാരെ അവിടെ കണ്ടുമുട്ടാൻ കഴിഞ്ഞു. സങ്കടങ്ങൾ പരസ്പരം കൈമാറിയപ്പോൾ എന്തോ ഒരു സമാധാനം കിട്ടിയത് പോലെയായി.

ഒരു ദലിത് കുടുംബത്തിൽപ്പെട്ട അംഗമെന്ന നിലയിൽ മറ്റുള്ളവരുടെ സമീപനം എങ്ങനെ ആയിരിക്കും എന്നായിരുന്നു ആദ്യത്തെ പേടി. എന്നാൽ സ്നേഹവീട്ടിൽ എത്തിയതോടെ ജാതിമത ബന്ധങ്ങൾക്കപ്പുറത്ത് മനുഷ്യ ബന്ധത്തിന്റെ ഇടപെടലുകളാണ് കണ്ടത്.

സ്നേഹവീട്ടിലെ മുനീസയുമായുള്ള ബന്ധം ഞാൻ അനുഭവിച്ചിരുന്ന പ്രശ്നങ്ങളെ അതിജീവിക്കാനുള്ള അവസരമൊരുക്കി. മുനീസ എന്റെ സഹോദരിയാണോ , സുഹൃത്താണോ അങ്ങനെ എന്താണെന്നറിയില്ല. ഏത് പ്രതിസന്ധിയിലും ഒരു അമ്മയെപോലെ സഹായത്തിനെത്തി. ഞങ്ങളുടെ വേദനകൾക്കൊപ്പം കൃഷ്ണേട്ടനും മുനീസയും ഉണ്ടാവുന്നു. ജീവിത പ്രയാസങ്ങൾക്കിടയിലും തളരാതെ മുന്നോട്ട് പോകാൻ ഇവരുടെ സാന്നിധ്യം കൊണ്ട് കഴിയുന്നു.



മകനെയും കൊണ്ട് ആശുപത്രിയിലേക്ക് അല്ലാതെ പുറത്തെവിടെയെങ്കിലും പോവുക അസാ

ധ്യമായിരുന്നു. അത് കാരണം എന്നെപ്പോലുള്ള അമ്മമാർക്ക് ആഘോഷങ്ങളില്ലായിരുന്നു. സ്നേഹവീടുമായുള്ള ബന്ധം അതിനൊരു മാറ്റം കുറിച്ചു. മറ്റെല്ലാവരും പോകുന്നത് പോലെ തന്നെ ഞങ്ങൾ വിനോദയാത്രക്ക് ഒരുങ്ങി . എറണാകുളത്തേക്ക് ഞങ്ങളെല്ലാവരും യാത്ര തിരിച്ചു. മനോരമയിൽ ജോലി ചെയ്യുന്ന ഗംഗേച്ചിയാണ് അതിന് അവസരമൊരുക്കിയത്. ഗംഗേച്ചിയുടെ ഭർത്താവ് പ്രശാന്തേട്ടൻ യാത്രയിലെ മാർഗ്ഗദർശിയായി. പലരും ഞങ്ങളെ അവഗണിച്ചപ്പോൾ ഗംഗേച്ചിയും പ്രശാന്തേട്ടനും ഞങ്ങളെ ചേർത്ത് പിടിച്ചു. എന്തെന്നില്ലാത്ത സന്തോഷമാണ് ഞങ്ങൾക്ക് അനുഭവപ്പെട്ടത്.

മകനെയും കൊണ്ട് നടത്തിയ ബോട്ടുയാത്രയും , മെട്രോയും ഓക്കെ അവിസ്മരണീയമായ അനുഭവമായി. ലുലുമാൾ പോലുള്ള വൻകിട കച്ചവടകേന്ദ്രങ്ങളിൽ പോയതും മറക്കാനാവില്ല. ഒരു കുടുംബം പോലെയാണ് ഇന്ന് ഞങ്ങൾക്ക് സ്നേഹവീട്. കരഞ്ഞുകലങ്ങിയ കണ്ണുകൾ ഇന്നില്ല. കൂട്ടം ചേർന്ന് ചിരിച്ചും കളിച്ചും വേദനകൾക്കിടയിലും ജീവിതം ആസ്വദിക്കുന്നു.

മക്കളിലൂടെയാണ് ജാതിമതങ്ങൾക്കപ്പുറത്ത് ഞങ്ങൾ എല്ലാവരും ഒന്നായത്. ഇന്ന് ഞങ്ങൾ പാരമ്പര്യ ചട്ടങ്ങളെ ലംഘിച്ച് ഒരേ പാത്രത്തിൽ ഭക്ഷണം കഴിക്കുന്നവരായി മാറിയിരിക്കുന്നു. മക്കൾ നഷ്ടപ്പെടുമ്പോൾ വേദന എന്തെന്ന് അനുഭവിച്ചറിഞ്ഞ ഒരമ്മ കൂടിയാണ് ഞാൻ , മിഥുട്ടനും നിഥുട്ടനും ജനിക്കുന്നതിന് മുമ്പ് രണ്ട് കുട്ടികൾക്ക് ഞാൻ ജന്മം നൽകിയിരുന്നു. ഒരു കുട്ടി ഏഴ് മാസം വരെ ജീവിച്ചു. മറ്റെയാൾ മൂന്നു ദിവസവും ജീവിച്ചു. അവർ വേദനകളില്ലാത്ത ലോകത്തേക്ക് പോയെങ്കിലും എന്നെ അത് മാസങ്ങളോളം പിന്തുടർന്നു. മക്കൾക്ക് നൽകേണ്ട പാൽ ബാത്‌റൂമിൽ കൊണ്ടുപോയി കളയേണ്ടി വന്ന വേദന മറക്കാൻ കഴിയില്ല. ഇപ്പോൾ സ്നേഹവീട്ടിൽ വെച്ച് വിവിധതരം തെറാപ്പികൾ എന്റെ മകന് നൽകി വരുന്നു. എല്ലാവരും വളരെ സ്നേഹത്തോടെ തന്നെയാണ് ഞങ്ങളെ സ്വീകരിക്കുന്നത്. ആരും അന്യരല്ല എന്ന തോന്നൽ ഉണ്ടാകുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും നാളെ എന്ത് എന്ന ചോദ്യം ഞങ്ങളെ വേട്ടയാടുന്നു. അതിജീവിക്കാൻ കഴിയും എന്ന കരുത്താണ് ഞങ്ങൾക്ക് ഇപ്പോഴും ഉള്ളത്. കൃഷ്ണേട്ടൻ ഒരച്ഛൻറെ കരുതലോടെ ഞങ്ങളുടെ മക്കൾക്ക് സ്നേഹം നൽകുന്നു. ജന്മം കൊണ്ട് മാത്രമല്ല കർമ്മം കൊണ്ടും കുട്ടികളെ സ്നേഹിക്കാനും ചേർത്ത് പിടിക്കാനും കഴിയുമെന്ന് തെളിയിച്ച മനുഷ്യനാണ് കൃഷ്ണേട്ടൻ.

സ്നേഹവീട് 2014 ഡിസംബർ 8 നാണ് ആരംഭിച്ചത്. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിചരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപനത്തിന്റെ തുടക്കം (Socitey for Nursing Education and Habita-tion for Mentally Challenged). അഡ്വ. ടി.വി.രാജേന്ദ്രൻ പ്രസിഡന്റും അഡ്വ. കെ.പിതാംബരൻ സെക്രട്ടറിയുമായി സ്നേഹം സൊസൈറ്റി രൂപീകരിച്ചു. 2018 ൽ തണൽ വടകര സൗജന്യമായി സ്ഥാപനത്തിൽ വിവിധതരം തെറാപ്പികൾ നൽകാമെന്ന് അറിയിക്കുകയും വളരെ പെട്ടന്ന് തന്നെ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, ബിഹേവിയർൽ തെറാപ്പി, സ്പെഷൽ എജ്യൂക്കേഷൻ വൊക്കേഷണൽ ട്രെയിനിങ് എന്നിവ ആരംഭിക്കുകയും ചെയ്തു. ഇതോടെ 50 കുട്ടികൾ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തു. തലശ്ശേരി വിളക്കോട്ടൂരുള്ള വാസുവേട്ടൻ സമ്മാനമായി നൽകിയ വാഹനവും തണൽ വടകര അനുവദിച്ച വാഹനവും കുട്ടികൾക്ക് യാത്ര സൗകര്യം ഒരുക്കി.



കുട്ടികൾക്ക് പുറമേ അമ്മമാരുടെ മാനസിക ഉല്ലാസവും ലക്ഷ്യം വെച്ച് കൊണ്ട് പ്രവർത്തനം മുന്നോട്ട് പോകുന്നു. പരസ്പരം സങ്കടങ്ങൾ പങ്കുവെച്ചും ജാതിമതരാഷ്ട്രീയത്തിനപ്പുറം സ്നേഹമെന്ന ചങ്ങലക്കുള്ളിലെ കണ്ണികളായി ഒരു വയസ്സ് മുതലുള്ള കുഞ്ഞുങ്ങളും അവരുടെ അമ്മമാരും സ്നേഹവീട്ടിലെ മറ്റ് അംഗങ്ങളും , ജീവനക്കാരും കഴിഞ്ഞു പോകുന്നു.

സൊസൈറ്റിയുടെ കീഴിൽ വാടക ക്കെട്ടിടത്തിലാണ് മൂന്ന് കുട്ടികളുമായി പകൽ പരിചരണ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. പ്രശസ്ത സംവിധായകൻ ഡോ. ബിജു പ്രമുഖ എഴുത്തുകാരൻ ഡോ. അംബികാസുതൻ മാങ്ങാട് , ഫൈസൽ തങ്കര, ചലച്ചിത്രതാരം കുഞ്ചാക്കോ ബോബൻ തുടങ്ങിയ നിരവധി സുമനസുകൾ കൈകോർത്തതോടു കൂടി സ്നേഹവീട് വളരുകയായിരുന്നു.

സുരേഷ്ഗോപി വഴി മറിയാമ്മ വർക്കി അനുവദിച്ച ഇരുപത്തഞ്ചു ലക്ഷം രൂപയും കസ്തൂർബാ മഹിളാസമാജം സൗജന്യമായി നൽകിയ പത്ത് സെൻറ് സ്ഥലവും നെഹ്റു കോളേജ് സാഹിത്യവേദിയുടെ എട്ടാമത്തെ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയതും സ്ഥാപനത്തിന് സ്വന്തമായൊരു കെട്ടിടം നിർമ്മിക്കാൻ സഹായമായി.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഒഴുകി എത്തിയ സ്നേഹവും കരുതലും സ്നേഹവീടിന് കരുത്ത് പകർന്നു.




RANJINI MOL







ഡോ. ഷീബ സി.വി.
അധ്യാപിക
സെന്റ് തോമസ് കോളേജ്
തൃശ്ശൂർ

# എൻമകജെ
## നോവുകളുടെ നോവൽ


മണ്ണിന്റേയും മനുഷ്യന്റേയും നിലനില്പ് അടയാളപ്പെടുത്തുന്ന സർഗ്ഗവിസ്മയമാണു പ്രപഞ്ചം. ഭൂമിയുടെ സൗന്ദര്യവും സൗകര്യങ്ങളും മനുഷ്യനുവേണ്ടി മാത്രമുള്ളതാണെന്നു കരുതുന്ന അതിസങ്കീർണ്ണവും അതിവിചിത്രവുമായ പാരിസ്ഥിതികബോധമാണ് എല്ലാ ദുരന്തങ്ങൾക്കും കാരണം. ഓരോ കൃതിയും അതു രൂപപ്പെട്ടു വരുന്ന സാമൂഹികയാഥാർത്ഥ്യങ്ങളുടെ കൃത്യമായ അടയാളപ്പെടുത്തലുകളാണെന്നതിനു ചരിത്രം സാക്ഷിയാണ്. സാമ്പത്തികവികസനത്തിന്റെ പേരിൽ ഭരണകൂടവും മൂലധനശക്തികളും, വ്യാവസായിക സാമ്രാജ്യത്വവും അടിച്ചേൽപ്പിക്കുന്ന പദ്ധതികളുടെ പരിണിതഫലം അസമാധാനവും അസന്തുലിതത്വവും ആണെന്നു വരുന്നു. ചരിത്രത്തിൽ ഇടംകിട്ടാതെ പോയ എൻഡോസൾഫാൻ സമരത്തിന്റെ ആദ്യഘട്ടമാണ് എൻമകജെ' എന്ന നോവൽ. ജനകീയ പ്രതിരോധസമരത്തിന്റെ തീവ്രമായ പ്രതികരണങ്ങൾ സാഹിത്യത്തിലേക്കു കൊണ്ടുവന്നപ്പോൾ ഈ കൃതി വിരചിതമായി. പാരിസ്ഥിതികാധിനിവേശത്തിന്റെ തീക്ഷ്ണമായ നിലവിളി ഏറ്റവും സൃഷ്ടിപരമായി അടയാളപ്പെടുത്തിയ നോവൽ. എൻമകജെയിലും പരിസരപ്രദേശങ്ങളിലും മുപ്പതുവർഷങ്ങളോളമായി കശുമാവിൻതോട്ടങ്ങളിൽ തളിക്കുന്ന എൻഡോസൾഫാൻ എന്ന വിഷം മനുഷ്യനേയും ജീവജാലങ്ങളേയും ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന കഥ പ്രകൃതിയുടെ അതിജീവനത്തിന്റെ നോവും നിലവിളിയുമാണ്.

കേരളത്തിലെ കാസർകോട് ജില്ലയിലെ ഏറ്റവും വടക്കേ അറ്റത്തുള്ള ഒരു ഗ്രാമത്തിന്റെ മാത്രം കഥയല്ല ഈ നോവൽ വരച്ചുകാണിക്കുന്നത്. മറിച്ചു നാട്ടറിവുകളും നാടൻ പ്രതിരോധതന്ത്രങ്ങളും നിഷ്കരുണം ഇല്ലായ്മ ചെയ്തതിന്റെ അനുഭവമാണിത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്നതും കൃത്രിമരാസവളങ്ങൾ ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിച്ചു പ്രകൃതിയെ അക്ഷരാർത്ഥത്തിൽ നശിപ്പിക്കുന്നതുമായ സംസ്കൃതിയുടെ ചിത്രമാണിത്. 'അമിതോല്പാദനം' എന്ന ഉപഭോഗത്വരയ്ക്കു കൂട്ടുനിൽക്കുന്നവരാണ് ഈ നോവലിലെ അധികാരിവർഗം. അവർക്കു കേൾക്കാൻ സാധിക്കാതെ പോകുന്നതു മണ്ണിന്റേയും മനുഷ്യന്റേയും നിലവിളിയാണെന്ന് ഈ നോവൽ ശക്തമായ രീതിയിൽ പറഞ്ഞുവെക്കുന്നു. സാമ്രാജ്യത്വം ആഗോളതലത്തിൽ വ്യാപിച്ചതിന്റെ ഏറ്റവും സൃഷ്ടിപരമായ ഉദാഹരണം കൂടിയാണ് ഈ പാ

രിസ്ഥിതിക അധിനിവേശത്തിന്റെ ചരിത്രം.

പ്രകൃതിപാഠങ്ങളെ തിരിച്ചറിയുന്നതും അതനുസരിച്ചു ജീവിതം ക്രമപ്പെടുത്തുന്നതുമാണ് യഥാർത്ഥ പരിസ്ഥിതിസ്നേഹം. 'എൻമകജെയുടെ സത്യം' എന്ന ലേഖനത്തിൽ നോവലിസ്റ്റ് അംബികാസുതൻ മാങ്ങാട് ഇങ്ങനെ എഴുതുന്നു 'അസാധാരണമായ നിശബ്ദതയാണ് 'എൻമകജെ' എന്ന പുതിയ നോവലിൻറെ ആരംഭത്തിലും അവസാനത്തിലും. എന്നാൽ നോവൽ നിലവിളിയാണ് എന്ന് എനിക്കു ശരിക്കും ബോധ്യപ്പെട്ടത് 'എൻമകജെ'യുടെ രചനാകാലത്താണ്. അതെ ഇതൊരു നിലവിളിയാണ്; ആത്മാവിന്റെ നോവാണ്. ചെറുത്തുനിൽപ്പിന്റേയും പ്രതിരോധത്തിന്റേയും നിലവിളി. ഒപ്പം തകർക്കപ്പെട്ടവരുടെയും. അദ്ദേഹം തുടർന്നെഴുതുന്നു. 'ഒരു സത്യമുണ്ട് എൻമകജെയുടെ ദു:ഖം നിലവിലുള്ള ഒരു ഭാഷയിലും വിവരിക്കാനാവുകയില്ല. ഒരു നോവലും അതിനു മതിയാവുകയില്ല. ആ ദു:ഖത്തിനു പകരംവെയ്ക്കാൻ ഈ ഭൂമിയിൽ മറ്റൊന്നുമില്ല.' അതേ ഇത് അവസാനിക്കാത്ത ദു:ഖമാണ്. മണ്ണിന്റേയും മനുഷ്യന്റേയും അവസാനിക്കാത്ത നോവ്. ഒടുങ്ങാത്ത കരച്ചിൽ. പരിസ്ഥിതിയുടെ കണ്ണുനീർ!

മനുഷ്യരിൽ വിശ്വാസം നഷ്ടപ്പെട്ടതിനാൽ മനുഷ്യരെ കാണാതിരിക്കാൻ കാട്ടിൽ ഇടം തേടുന്ന രണ്ടു മനുഷ്യരിലൂടെ വളരെ നാടകീയമായി ആരംഭിക്കുന്ന നോവൽ പിന്നീടു മണ്ണിന്റേയും മനുഷ്യന്റേയും നോവുകൾക്കും നിലവിളികൾക്കും ഉത്തരം നൽകുന്ന മനുഷ്യരെ വാർത്തെടുക്കുന്ന ഒരു ഭൂമികയായി മാറുന്നതാണു കാണുന്നത്. വികസനം വിഷമഴയായ് പെയ്തിറങ്ങിയപ്പോൾ വികസനം സമ്മാനിക്കുന്ന അനീതിയും അസമത്വവും അവർ തിരിച്ചറിഞ്ഞു. പരസ്പരാശ്രിതത്വത്തിൽ നിലനിൽക്കുന്ന ഭൂമിയിലെ ജീവൻ ഏറെ ശ്രേഷ്ഠമാണെന്നും വിലപ്പെട്ടതാണെന്നും ഈ നോവൽ നമ്മെ പഠിപ്പിക്കുന്നു. ഈ പരസ്പരബന്ധം മറന്നുപോകുന്നതാണ് പാരിസ്ഥിതിക ദുരന്തത്തിനു കാരണം എന്ന തിരിച്ചറിവ് ഈ നോവൽ സമ്മാനിക്കുന്നുണ്ട്.




എൻമകജെ എന്ന കാസർക്കോടൻ ഗ്രാമം പ്രകൃതിയെയും മനുഷ്യനെയും അകമഴിഞ്ഞു സ്നേഹിക്കുന്നവരാണ്. മരങ്ങളും കാടുകളും സർപ്പങ്ങളും യക്ഷികളും പുല്ലും പൂവും പൂമ്പാറ്റയും എല്ലാം ഇവർക്കു പ്രിയപ്പെട്ടതാണ്. 'നാഗാരാധനയും ഭൂതാരാധനയുമാണ് എൻമകജെയിൽ മുഖ്യം. നാഗാരാധനയിൽ പ്രകൃതിസംരക്ഷണത്തിന്റെ വലിയൊരുസംഗതിയുണ്ട്. ധാരാളമായുള്ള ഈ കാവുകൾ ജൈവവൈവിധ്യത്തെയും വെള്ളത്തെയും നന്നായി സംരക്ഷിക്കുന്നു. കാവുകൾ ആരും കൈയേറുകയില്ല, മരം മുറിക്കില്ല. ഒരു വിറകിന്റെ കഷ്ണംപോലും എടുക്കില്ല. അതാണ് ഇവിടുത്തെ രീതി' (പേജ് 107).

'ഇത് എൻമകജെയുടെ മാത്രം സവിശേഷതയാണ്. മുള്ളുകളില്ലാത്ത, എപ്പോഴും പുഷ്പിക്കുന്ന അതിർത്തികൾ. യാത്രികനെ മുള്ളുകൾകൊണ്ട് കയറിപ്പിടിക്കുകയില്ല. അപരിചിതനാണെങ്കിലും വിടർന്ന പുഞ്ചിരികൾകൊണ്ട് സ്വാഗതം ചെയ്യും (പേജ് 55) ഇതാണ് 'എൻമകജെ' എന്ന നാടിൻറെ സംസ്കാരം. സത്യത്തിന്റെയും നന്മയുടേയും പച്ചപ്പിന്റേയും അഷ്ടസംസ്കാരത്തിന്റേയും നാട്. ഇതുപോലെ ഏറ്റവും അധികം ഭാഷകളും ജാതികളും താമസിക്കുന്ന മറ്റൊരു നാട് കേരളത്തിലില്ല. തുളു, കൊങ്കിണി, മറാഠി, ബ്യാരി, അറബി, ഉർദു, കന്നട, മലയാളം തുടങ്ങി എട്ടിലധികം ഭാഷയും സംസ്കാരവും ഇവിടെ നിലനിൽക്കുന്നു. അധഃസ്ഥിതന്റെ കണ്ണീരുപ്പുകലർന്ന തോറ്റങ്ങളാണ് എൻമകജെയുടെ മറ്റൊരു പ്രത്യേകത. ഈ പ്രത്യേകതകൾ തന്നെയാണ് ഈ നാടിനെ ജൈവ-സംസ്കാര-ഭാഷാ വൈവിധ്യത്തിന്റെ പേരിൽ അടയാളപ്പെടുത്തിയത്.

വിഷമഴ പെയ്തിറങ്ങിയ എൻമകജെ വരാന്തയുടെ എളമരത്തിൽ ജയരാജനരികെ വന്നിരുന്ന് ദേവയാനി ചോദിച്ചു: 'ഈ കീടനാശിനി ദ്രവരൂപത്തിലാണോ? ജയൻ കണ്ടിട്ടുണ്ടോ?'

'കണ്ടിട്ടുണ്ട്. തവിട്ട് നിറമുള്ള ഒരുപൊടി. മേലിൽ എവിടെയെങ്കിലും പറ്റിപ്പോയാൽ ചൊമന്ന് തടിച്ചുവരും. മുറിവിൽ പുരണ്ടാൽ അപ്പോൾ ബോധക്കേടാകും. ഡി.ഡി.റ്റി. പോലെ ഓർഗനോക്ലോറിൻ വിഭാഗത്തിൽപെടുന്ന ഒരു കീടനാശിനിയാണിത്. ഇ-സൾഫാൻ, എൻഡോസ്റ്റാർ, എൻഡോസൺ തുടങ്ങി അമ്പതിലധികം പേരുകളിലാണ് ഇന്ത്യയിലിത് മാർക്കറ്റ് ചെയ്യുന്നത്' (പേജ് 115).

യൗവനവും സൗന്ദര്യവും തകർക്കപ്പെട്ട ഭൂമിയുടെ നിലവിളിയാണ് ഇതിൽ അനാവരണം ചെയ്യുന്നത്. കാസർക്കോടൻ ഗ്രാമങ്ങളിൽ വർഷങ്ങൾ നീണ്ട എൻഡോസൾഫാൻ പ്രയോഗം മണ്ണിനെ വിഷമയമാക്കി മനുഷ്യരെ മഹാരോഗികളാക്കി. ജീവനില്ലാത്ത അവസ്ഥയിലേക്കു പോയിക്കൊണ്ടിരിക്കുന്ന ഭൂമിയെ അതിൽനിന്നു രക്ഷിക്കാനുള്ള ധാർമ്മികമായ കടപ്പാടുകൂടി ഈ നോവൽ വരച്ചുകാണിക്കുന്നു. മണ്ണിനെക്കുറിച്ചുള്ള ഉത്കണ്ഠ മനുഷ്യനെക്കുറിച്ചും കൂടിയുള്ള ഉത്കണ്ഠയാണ്. സൃഷ്ടിയും തുടർച്ചയും ആഗ്രഹിക്കുന്നവരിൽ രൂപപ്പെടുന്ന അസ്വസ്ഥത. കാസർകോട് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ സൃഷ്ടിച്ച രാസദുരന്തങ്ങളുടെ നേർക്ക് ഒരു സമൂഹം അവരുടെ ജീവിതംകൊണ്ടു നടത്തിയ പോരാട്ട

ത്തിന്റെ കഥ. ശ്രമകരമായ ഒരു ഉയിർത്തെഴുന്നേല്പാണ്. ഒരു നാടിന്റെ, ജനതയുടെ, സംസ്കാരത്തിന്റെ നിലനില്പിനെതന്നെയും അട്ടിമറിക്കാൻ ശ്രമിച്ചവർക്കു നേരെയുള്ള പ്രതികരണത്തിന്റെ നിലവിളി.

എൻഡോസൾഫാൻ വിരുദ്ധപോരാട്ടങ്ങളിലെ യഥാർത്ഥ കഥാപാത്രങ്ങളുടെ പ്രതിനിധികളായി നോവലിൽ ശ്രീരാമഭട്ട്, ഡോ. അരുൺകുമാർ, ലീലാകുമാരിയമ്മ, ജയരാജൻ എന്നിവർ കടന്നുവരുന്നു. ഇവരെല്ലാം മനസ്സിൽ നന്മയുള്ളവരും പച്ചപ്പുള്ളവരും അപരന്റെ വേദനകൾക്ക് നേരെ ചെവി തുറക്കുന്നവരുമായിരുന്നു. പ്രകൃതിയോടു ചേർന്നു ജീവിച്ച ഇവിടുത്തെ മനുഷ്യർ സത്യത്തിനുവേണ്ടി, നന്മയ്ക്കുവേണ്ടി, നിലനില്പിനുവേണ്ടി പ്രതിരോ



ധിക്കുകയായിരുന്നു. നീലകണ്ഠനും ദേവയാനിക്കുമൊപ്പം പത്രപ്രവർത്തകനായ ശ്രീരാമനും ജയരാജനും ഡോ. അരുൺകുമാറും എൻമകജെയിലെ നിസഹായരായ മനുഷ്യരും ചേർന്ന് നടത്തുന്ന പോരാട്ടം കേവലം പ്രാദേശികമായ ഒരു പ്രതിഷേധം മാത്രമല്ല. ഈ ഭൂമിയിൽ ജീവിക്കാനുള്ള ഏതൊരു മനുഷ്യന്റേയും അവകാശസമരം കൂടിയാണ്. ഈ പോരാട്ടത്തിന്റെ അതിജീവനത്തിന്റെ കഥ പാരസ്ഥിതികമായ രക്ഷയുടേയും നേട്ടത്തിന്റേയും പ്രതീക്ഷയുടേയും മുകുളങ്ങളായി സമൂഹമനഃസാക്ഷിയിൽ തെളിഞ്ഞുകൊണ്ടിരിക്കുന്നു.

എൻമകജെയിലെ പൂർവ്വികരായ ജൈനർ ഒരിക്കലും സന്ധ്യാനേരത്തു വിളക്ക് കത്തിച്ചിരുന്നില്ല. രാത്രിയെ ഭയന്നിട്ടോ വെളിച്ചം ദു:ഖമെന്ന് കരുതിയിട്ടോ അല്ലായിരുന്നു ഈ അന്ധകാരസ്വീകരണം. മറിച്ച് വിളക്കുകണ്ട് ആകൃഷ്ടരായി പാഞ്ഞുവരുന്ന പ്രാണികൾ ചത്തുവീഴാതിരിക്കാനായിരുന്നു ഈ മുൻകരുതൽ. ഈ മണ്ണിലാണ് മനുഷ്യരും മൃഗങ്ങളും ജീവജാലങ്ങളും എല്ലാം വിഷമഴയേറ്റ് കരിഞ്ഞുപോയത്. എങ്കിലും അവരുടെ സ്വപ്നങ്ങളോ അതിജീവനത്തിനുള്ള ആഗ്രഹങ്ങളോ കരിഞ്ഞുപോയില്ല. നോവലിന്റെ അവസാനഭാഗത്തു ഗുഹ നടത്തുന്ന പ്രഖ്യാപനം മനുഷ്യഹൃദയങ്ങൾ മരിച്ചിട്ടില്ല എന്നതിന്റെ തെളിവാണ്. നോവലിലെ ശബ്ദിക്കുന്ന ഗുഹ മനുഷ്യന്റെ നന്മവറ്റാത്ത മനസ്സാണ്, ചിന്തയാണ്, ശബ്ദമാണ്.

ഗുഹയിൽ പ്രത്യക്ഷപ്പെട്ട വെളിച്ചം നന്മയുടെ വെളിച്ചമാണ്, ഈ വെളിച്ചത്തോട് അടുക്കുമ്പോഴാണ് അതിനു ജീവനുണ്ടെന്നു മനസ്സിലാവുക. അതേ നന്മയുടെ വെളിച്ചം ഉപഭോഗതൃഷ്ണയോടും അമിതോല്പാദനത്തോടും ക്രമരഹിതമായ എല്ലാത്തിനോടും ശക്തമായി പ്രതികരിക്കുന്നു. ബുദ്ധിവിഹീനമെന്നു ലോകം കരുതുന്ന ചിലതീരുമാനങ്ങൾ എടുക്കുന്നു. നോവലിന്റെ അവസാനത്തിൽ പ്രത്യക്ഷപ്പെടുന്ന കഴുത നമ്മെ ഓർമ്മപ്പെടുത്തുന്നതും അതാണ്. വികസനത്തിന്റെ പിന്നാലെ പായുന്ന പ്രായോഗികബുദ്ധിയുടെ മുന്നിൽ നന്മയുള്ളവർ കഴുതകളാകുന്നു. സാമ്രാജ്യത്വത്തിന്റേയും അധിനിവേശത്തിന്റേയും സംസ്കാരങ്ങൾക്കു നേരെ മുഖം തിരിക്കുക. കഴുതയെന്നു ലോകം വിധിയെഴുതിയാലും ഓർക്കുക! കഴുതയായ നിന്റെ സ്വരത്തിനു സകലചരാചരവും കാതോർക്കും. കാരണം ഇതു നന്മയുടെ സ്വരമാണ്. സത്യത്തിന്റെ ശബ്ദമാണ്. അപരനുവേണ്ടിയുള്ള നിലവിളിയുടെ രക്ഷാകരമായ ആന്ദോളനമാണ്. പ്രകൃതിയെയും മനുഷ്യനെയും നമുക്കു ചേർത്തു പിടിക്കാം.

നോവലിസ്റ്റ് എഴുതുന്നു: 'അന്യഗ്രഹജീവികളെപ്പോലെ വിചിത്രമായ ഉടലുകളുമായി പിറന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ അവരുടെ മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അനുഭവിച്ച ദു:ഖം ഒരു ഭാഷയിലും പകർത്താനാവുകയില്ല എന്നും ഒരു നിലവിളികൊണ്ടും അളക്കാനാവുകയില്ല എന്നും എനിക്കറിയാമായിരുന്നു' (തോർച്ച മാസിക, ഒക്ടോബർ-നവംബർ 2009). ഇത്തരത്തിൽ അളക്കാനാവാത്ത പകർത്താനാവാത്ത മണ്ണിന്റേയും മനസിന്റേയും നിലവിളിയാണ് 'എൻമകജെ' എന്ന നോവൽ സാഹിത്യത്തിൽ ഒരു ദുരന്തകാവ്യമായി മാറിയത്.

### സഹായകഗ്രന്ഥങ്ങൾ


എച്ചിക്കാനം സന്തോഷ് (എഡി.), *എൻമകജെ പഠനങ്ങൾ,* കറന്റ് ബുക്സ്, 2010.

കൃഷ്ണകുമാർ, കെ.സി, *കേരളം ജില്ലകളിലൂടെ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2013.

പൂപ്പാലം സലീം, (എഡി.), *നരകത്തിലേക്കു തുറക്കുന്ന വാതിൽ*, സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്, കോഴിക്കോട്, 2011.

മധുസൂദനൻ, ജി, *കഥയും പരിസ്ഥിതിയും*, കറന്റ് ബുക്സ്, 2000, പു. 37.

മാങ്ങാട്, അംബികാസുതൻ, *എൻമകജെ*, ഡി.സി. ബുക്സ്, കോട്ടയം, 2010.

ഷീബ സി.വി., *എൻമകജെ-നരകമായി തീർന്ന സ്വർഗം,* കറന്റ് ബുക്സ്, 2018

# ലീലാകുമാരിയമ്മ
## അണയാത്ത സമരജ്വാല



**സീതാദേവി കരിയാട്ട്**
അധ്യാപിക, പു.ക.സ വനിത
സാഹിതി
കാസർകോഡ്
ജില്ലാ പ്രസിഡണ്ട്

എൻഡോസൾഫാൻ എന്ന വാക്ക് മലയാളിയെ ആദ്യമായി പരിചയപ്പെടുത്തിയ തളരാത്ത സമരവീര്യത്തിന്റെ പേരാണ് ലീലാകുമാരിയമ്മ. മലയാളിക്ക് മാത്രമല്ല ലോകത്താകമാനം ഈ വാക്ക് ചർച്ചാ വിഷയമായത് ഈ മലയാളി വനിതയുടെ നിരന്തര പോരാട്ടങ്ങളുടെ ഫലമാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. ഒരു പക്ഷേ ഇവരില്ലായിരുന്നെങ്കിൽ കാസർഗോഡിന്റെ ചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു. എൻഡോസൾഫാൻ എന്ന മാരക വിഷത്തിനെതിരെ ലോകജനതയെ ചിന്തിപ്പിച്ച , ചലിപ്പിച്ച ഈ മലയാളി വനിത എല്ലാമലയാളികൾക്കും പ്രത്യേകിച്ച് സ്ത്രീകൾക്ക് അഭിമാനിക്കാനുള്ള വകയാണ്. അതുകൊണ്ടാണ് 2005 ലെ സമാധാനത്തിനുള്ള നോബൽ പുരസ്കാരത്തിന് ഇന്ത്യയിൽ നിന്നും ശുപാർശ ചെയ്ത പത്തു വനിതകളിൽ ഈ അമ്മയും ഉൾപ്പെട്ടത്.

1948 ഫെബ്രുവരി 25 ന് കോട്ടയം ജില്ലയിലെ കർഷക കുടുംബത്തിലായിരുന്നു ലീലാകുമാരിയമ്മയുടെ ജനനം. നാലാം വയസ്സിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ എന്ന മലയോര ഗ്രാമത്തിലേക്ക് അച്ഛനമ്മമാരോടൊപ്പം കുടിയേറി. ബാല്യവും വിദ്യാഭ്യാസവും അവിടെ ആയിരുന്നു. 1973 ൽ അഗ്രികൾച്ചർ അസിസ്റ്റന്റ് സീനിയർ ഗ്രേഡിൽ നിയമനം ലഭിച്ചു. 1983 ൽ കാസർഗോഡ് പെരിയയിൽ സ്ഥലം മാറ്റമായെത്തി. അവിടെയാണ് ജീവിതത്തെ മാറ്റിമറിച്ച അസാധാരണ സംഭവവികാസങ്ങൾക്ക് തുടക്കമിടുന്നത്. കാസർഗോഡ് പെരിയക്കടുത്ത് ചാലിങ്കാലിൽ സ്വവസതിയിൽ വിശ്രമജീവിതം നയിക്കുന്ന ലീലാകുമാരിയമ്മ വാർധക്യസഹജമായ അവശതകളാലും, തുടർച്ചയാകുന്ന അ

പകടം വരുത്തി വെച്ച ശാരീരികാവശതകളാലും വലയുകയാണ്. എങ്കിലും സ്നേഹപൂർവ്വം എന്നെ സ്വീകരിക്കുകയും സ്വന്തം അനുഭവങ്ങളുടെ തീഷ്ണ യാഥാർത്ഥ്യങ്ങളിലേക്ക് മനസ്സ് തുറക്കുകയും, ഇടക്ക് ഓർമ്മകളുടെ പെരുങ്കയത്തിൽ പെട്ടു പോകുന്നുണ്ടെങ്കിലും പതറാതെ കാര്യങ്ങൾ ഓർമ്മയിൽ നിന്നെടുത്ത് തരികയും ഞാനത് ഹൃദയപൂർവ്വം കടലാസിലേക്ക് പകർത്തുകയുമായിരുന്നു.

*കേരളത്തിലെ കശുവണ്ടി വ്യവസായം പുഷ്ടിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ എപ്പോഴാണ് എൻഡോസൾഫാൻ മാരക വിഷം തളിച്ചു തുടങ്ങിയത്? അത് അവിടുത്തെ തൊഴിലാളികളെയും സാധാരണ ജനങ്ങളെയും എങ്ങനെ ബാധിച്ചു എന്ന് പറയാമോ?*

1983ലാണ് (Training and visiting program) പരീക്ഷണശാലയിൽ നിന്നും പാടത്തേക്ക് എന്ന പദ്ധതി പ്രകാരം കാസർഗോഡ് പെരിയയിൽ നിയമനം ലഭിക്കുന്നത് . അവിടം അറിയുന്നവർ പോകരുതെന്ന് വിലക്കിയിരുന്നു. പുതിയ സ്ഥലമായത് കൊണ്ട് എനിക്കും വലിയ താല്പര്യം തോന്നിയില്ല. എന്നാൽ സീനിയറായ ആൾ തന്നെ വേണമെന്ന് മേലധികാരികൾക്ക് നിർബന്ധം. അതൊരു നിമിത്തമായിരുന്നു. കുറെ ആൾക്കാരുടെ ജീവൻ ദൈവം എന്റെ കയ്യിലേൽപ്പിച്ച അനുഭവമാണ് പിന്നീടതേക്കുറിച്ചോർക്കുമ്പോൾ . കാഞ്ഞങ്ങാട്ടു നിന്നും ബസ്സ് കയറുന്ന ആദ്യ യാത്രയിൽ തന്നെ ഒരു ശ്വാസംമുട്ടൽ ഞാനനുഭവിച്ചു. തലയ്ക്ക് മുകളിൽ ഹെലിക്കോപ്റ്റർ പറക്കുന്നു. അതെന്താണെന്നന്വേഷിച്ചപ്പോൾ പ്ലാന്റേഷൻ കോർപ്പറേഷന് കീഴിലുള്ള കശുമാവിൻ തോട്ടത്തിൽ പൂവ് കരിയാതിരിക്കാൻ മരുന്നടിക്കുകയാണെന്ന മറുപടി കിട്ടി. ഭോപ്പാൽ ദുരന്തം ഉണ്ടായതിനു ശേഷം മാരകവിഷങ്ങൾ ചെലവാകാറില്ല. അത് ചെലവാക്കേണ്ട സ്ഥലവും മാർഗ്ഗവും കണ്ടു പിടിച്ചതാണ് കാസർഗോഡിന്റെ ഹരിത വിപ്ലവം എന്നു വേണമെങ്കിൽ പറയാം. വായു മലിനീകരണം , ഹെലിക്കോപ്റ്റർ പറക്കുന്ന ഇടം മുഴുവൻ പുകപടലം . പുതിയ ഓഫീസായതുകൊണ്ട് . വീട് വീടാന്തരം കയറിയിറങ്ങി കൃഷിക്കാരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ഒറ്റയടിപ്പാതയിലൂടെ നടന്ന് കൃഷിക്കാരെ നേരിൽ കണ്ടു. അവരുടെ ദയനീയാവസ്ഥ ബോധ്യപ്പെട്ടെങ്കിലും അറിയിക്കാൻ പറ്റിയ ഇടമില്ലായിരുന്നു.

*കൃഷിവകുപ്പിൽ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളും ഇതിൽ പങ്കാളിയായിരിക്കുമല്ലോ ഇത് ഒരു ദുരന്തമാണെന്ന് തിരിച്ചറിഞ്ഞത് എന്നു മുതലാണ്?*

1992 ൽ ഞാൻ വീടു പണിയാനായി പെരിയക്കടുത്ത് ചാലിങ്കാലിൽ ഒരുസ്ഥലം വാങ്ങി വീടു പണി ആരംഭിച്ചു. എനിക്കും ഭർത്താവിനും ജോലിക്ക് പോകേണ്ടതിനാൽ അന്ന് ഗോവാ യൂണിവേഴ്സിറ്റിയിൽ ജോലിയുണ്ടായിരുന്ന ജ്യേഷ്ഠ സഹോദരനെ വിളിച്ചു വരുത്തി വീടുപണിയുടെ മേൽനോട്ടം ഏൽപ്പിച്ചു. കിണറിലെ വിഷ വെള്ളം കുടിച്ച്, വിഷവായു ശ്വസിച്ച് വിഷമഴയും നനഞ്ഞ് ഒറ്റയടിപ്പാതയിലൂടെ നടന്ന് വീടുപണി പൂർത്തിയായപ്പോഴേക്കും ജ്യേഷ്ഠൻ രോഗിയായി. രോഗകാരണമറിയാതെ നല്ലൊരാശുപത്രിയോ ചികിത്സയോ കിട്ടാതെ വിഷമിച്ചു. പ്ലാന്റേഷൻ മാനേജർ ഞങ്ങളുടെ വീട്ടിനടുത്തായിരുന്നു താമസം. അദ്ദേഹം വീട് ഒഴിയുന്നു എന്നറിഞ്ഞപ്പോൾ ചെന്നു കാണാൻ തീരുമാനിച്ചു. ആ രംഗം മനസ്സിൽ മായാതെ കിടക്കുന്നു. അദ്ദേഹവും മകനും രോഗബാധിതരായിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മകന്റെ കിടപ്പ് കണ്ട് ഞാൻ പൊട്ടിക്കരഞ്ഞു പോയി. ഭയാനകമായ നിമിഷങ്ങൾ. വിഷമഴ ദുരന്തമാണെന്ന് എനിക്ക് ബോധ്യപ്പെട്ട നിമിഷങ്ങളായിരുന്നു അത്.

*3. ഈ വിഷയവുമായി നടത്തിയ ആദ്യത്തെ നിയമ പോരാട്ടം എങ്ങനെയായിരുന്നു? എന്തായിരുന്നു സർക്കാരിൽ നിന്നുള്ള പ്രതികരണം?*

ജ്യേഷ്ഠന്റെ മരണശേഷം കുറ്റബോധം വല്ലാതെ വേട്ടയാടി. വീടു മാറിപ്പോയ പ്ലാന്റേഷൻ മാനേജരും കേൻസർ ബാധിച്ച് മരിച്ചു എന്നറിഞ്ഞു. മകൻ പഠിച്ച് ജോലിയിൽ കയറിയെങ്കിലും രോഗപീഢയാൽ ബുദ്ധിമുട്ടുന്നു എന്നറിയാൻ കഴിഞ്ഞു.



അങ്ങനെ ഇന്നു പണിക്ക് വന്നവരെ നാളെ കാണുന്നില്ല. താഴെക്കിടയിലുള്ള സാധുക്കളെ അരുംകൊല ചെയ്യുകയാണ് പ്ലാന്റേഷനും ഗവൺമെന്റും . ഈ വിഷമഴ തളിക്കാൻ ശുപാർശ ചെയ്തവരാണ് കുറ്റവാളികൾ എന്നെനിക്ക് തോന്നി. ഇത് തുടർന്നാൽ പറ്റില്ല. പരിഹാരം വേണം.1994 ൽ ഇ.കെ.നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ മുഖ്യമന്ത്രി , കൃഷി മന്ത്രി, പ്ലാന്റേഷൻ കോർപറേ

ഷൻ മാനേജർ (, കോട്ടയം), പെരിയ പ്ലാന്റേഷൻ മാനേജർ , ജില്ലാ കലക്ടർ, എന്നിവർക്ക് പരാതി കൊടുത്തു. ഇതിനെതിരെ പരാതിക്കാരിയുടെ പേരിൽ മറ്റൊരു കള്ളക്കേസ് അധികാരികൾ മെനഞ്ഞുണ്ടാക്കി. ഹെലിക്കോപ്ടറിൽ നിറക്കാൻ വച്ച മരുന്ന് എന്ന വിഷദ്രാവകം ഞങ്ങൾ നശിപ്പിച്ചു എന്ന പരാതിയിൽ പിറ്റേന്ന് പോലീസ് സ്റ്റേഷനിൽ ഹാജരാകാനുള്ള അറിയിപ്പ് കിട്ടി. ഭയന്നു പോയ അയൽവാസികളെ സമാധാനിപ്പിച്ചു. പോലീസ് സ്റ്റേഷനിൽ കയറി പരിചയമില്ലാത്തതിനാൽ അന്ന് ഡി.സി.സി പ്രസിഡണ്ടായിരുന്ന പെരിയ ഗംഗാധരനെയും കൂട്ടിയാണ് പോയത്. സി.ഐ സ്ഥലത്തില്ല. ക്ഷുഭിതനായ ഗംഗാധരൻസാർ പറഞ്ഞു. രാവും പകലും വാച്ച് മേനുണ്ടല്ലോ. പിന്നെങ്ങനെ ഇവരിത് ചെയ്യും? അല്ലെങ്കിൽ ഇപ്പോൾ പിടിച്ചറസ്റ്റ് ചെയ്യണം. കള്ളങ്ങൾ പൊളിഞ്ഞതോടെ കേസ് തീർന്നു കിട്ടി.

*എന്നു മുതലാണ് സർക്കാർ താങ്കളുടെ വാദങ്ങളെ അംഗീകരിച്ചു തുടങ്ങിയത്? നിയമപരമായി നടത്തിയ പോരാട്ടങ്ങൾ എങ്ങനെയായിരുന്നു?*

പ്രശ്നങ്ങൾക്ക് പരിഹാരം വേണമെന്ന് വല്ലാതാഗ്രഹിച്ച സന്ദർഭമായിരുന്നു. ഒരു പക്ഷിയെയോ അണ്ണാനെയോ ചിത്രശലഭത്തിനെയോ കാണാനില്ല. സങ്കല്പിക്കുന്നതിനെക്കാൾ കടുത്ത യാഥാർഥ്യത്തിലൂടെയാണ് കടന്നുപോകുന്നതെന്ന അറിവ് നടുക്കമുളവാക്കി.കുട്ടികളെ പയ്യാവൂരിലെ സ്വന്തം വീട്ടിലേക്ക് മാറ്റി പാർപ്പിച്ചു. ദുരൂഹമായ ഭയം ഒരാവരണമായി എന്നെ പൊതിഞ്ഞു. നിയമപരമായി നേരിടാൻ തീരുമാനിച്ചു. 1998 ൽ ഞങ്ങൾ ടി.എം. ജോസഫ് വക്കീലിനെ ചെന്നു കണ്ടു. ജനജീവിതം അസാധ്യമാക്കുന്നതിനെതിരെ പൊതുതാല്പര്യ ഹർജി കൊടുത്തു. അയൽവാസികളായ ടി.കെ.അമ്പു,എണ്ണപ്പാറ ക്കോളനിയിലെ കൊട്ടൻ എന്നിവർ കുറെ പേരുടെ പേരും ഒപ്പും സംഘടിപ്പിച്ച് തന്നു. വില്ലേജ് അസിസ്റ്റന്റ് ആയിരുന്ന ടി.കെ. അമ്പു,സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും സംഘടിപ്പിച്ചു. വക്കീലിനെ പല പ്രാവശ്യം കൂട്ടിക്കൊണ്ട് വന്ന് സ്ഥല യാഥാർത്ഥ്യം ബോധ്യപ്പെടുത്തി. വീടും പ്ലാന്റേഷനുമായുള്ള ദൂരം അളന്നു തിട്ടപ്പെടുത്തി. മുൻസിഫ് കോടതിയിൽ മായാവതി എന്ന വനിതയായിരുന്നു ന്യായാധിപ . കേസ് പഠിച്ച് രണ്ടു ദിവസത്തിനകം മരുന്ന് തളിക്ക് സ്റ്റേ കിട്ടി.

*5.പോരാട്ടം ആദ്യ ഘട്ടങ്ങളിൽ തനിച്ചായിരുന്നല്ലോ എന്നു മുതലാണ് സന്നദ്ധ സംഘടനകളും സാമൂഹ്യ പ്രവർത്തകരും വിഷയം ഏറ്റെടുത്തത്?*

മരുന്നടിക്ക് സ്റ്റേ വന്നതിനു ശേഷം വലിയ ദുഷ്പ്രചരണം എനിക്കു നേരെ നടത്തുകയുണ്ടായി. ഞാൻ കാരണമാണ് രോഗമുണ്ടായതെന്നും എന്നെ അട്ടപ്പാടിയിലോ വയനാട്ടിലോ സ്ഥലം മാറ്റണമെന്നും ആവശ്യമുയർന്നു. അതൊക്കെയും ലോബിയുടെ കളിയായിരുന്നു എന്ന് പിന്നീടറിയാൻ കഴിഞ്ഞു. ട്രഷറിയിൽ ശമ്പള ബില്ലും കൊടുത്ത് വരുന്ന വഴിയിൽ ഒരു പയ്യൻ ദേശാഭിമാനി പത്രം നീട്ടിയിട്ട് ഇത് നിങ്ങളെക്കുറിച്ചാണെന്ന് പറഞ്ഞു. മരുന്നടിക്കാത്തതിനാൽ കശുമാവും പൂവും കരിഞ്ഞുണങ്ങുന്നു. അതിന്റെ നഷ്ടപരിഹാരമായി എഴുപത്തഞ്ച് ലക്ഷം രൂപ പ്ലാന്റേഷനിൽ കെട്ടിവെക്കണമെന്നായിരുന്നു പത്രവാർത്ത. അതിയാമ്പൂരുള്ള വിജയൻ മാഷെ ട്രഷറിയിൽ വെച്ചു കണ്ടപ്പോൾ കാര്യം പറഞ്ഞു. പരിഹാരമുണ്ടാക്കാമെന്നു പറഞ്ഞു പോയ മാഷ് പയ്യന്നൂരിൽ നിന്നും സീക്കിന്റെ ടി.പി. പത്മനാഭൻ മാഷിനെയും മറ്റു ചിലരേയും കൂട്ടിവന്നു. വിഷയത്തെക്കുറിച്ച് പഠിച്ചു. കാലാവസ്ഥ വ്യതിയാനവും ചൂടുമാണ് കശുമാവിൻ പൂക്കൾ കരിയിച്ചത്, കവുങ്ങ്, മുരിങ്ങ, തെ



ങ്ങ്, മാവ് മുതലായവയും കരിഞ്ഞു പോയിരുന്നു. ടി.പി. പത്മനാഭൻ മാഷ് തിരുവനന്തപുരം തണൽ എന്ന സംഘടനയുമായി ബന്ധപ്പെട്ടു. ഇ.ജയകുമാർ ,ശ്രീധരൻ ,ഉഷ, ഷിബു എന്നിവർ വന്ന് പൊതു മീറ്റിങ്ങ് പെരിയയിൽവിളിച്ചു ചേർത്തു. കോളജ് കുട്ടികളേയും സ്കൂൾ കുട്ടികളേയും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി തളിക്കുന്നത് മരുന്നല്ല രാസ കീടനാശിനിയാണ് എന്ന ബോധ്യമുണ്ടാക്കി.

*എഴുത്തുകാർ , കലാകാരന്മാർ, സിനിമ പ്രവർത്തകർ , മാധ്യമ പ്രവർത്തകർ , മധുരാജ് പോലുള്ളവരുടെ ചിത്രങ്ങൾ കാസർഗോഡിന് പുറത്തേക്ക് വിഷയത്തെ കൊണ്ടുപോകാൻ കാരണമായി. ഇത് എങ്ങനെ കാണുന്നു?*

മരുന്നടിക്ക് സ്റ്റേ കിട്ടിയെങ്കിലും കേസ് തുടർന്നു. വാദത്തിൽ ചോദ്യങ്ങൾ ചോദിച്ച് ശ്വാസംമുട്ടിക്കുകയും കരയിക്കുകയും ചെയ്തിട്ടുണ്ട് .എങ്കിലും പ്രതിഭാഗം വക്കീലന്മാരിൽ മനുഷ്യത്വമുള്ളവ രുണ്ടായിരുന്നു. മാനേജരുടെ വാദം വന്നപ്പോൾ ആ സ്ത്രീ പറഞ്ഞതു മുഴുവൻ കളവാണെന്നും മാരക വിഷങ്ങളല്ല, എൻഡോസൾഫാനാണ് തളിക്കുന്നതെന്നും പറഞ്ഞു. എൻഡോസൾഫാൻ എന്ന പേര് ആദ്യമായി കേൾക്കുകയായിരുന്നു. അതിനെക്കുറിച്ച് പിന്നീട് വക്കീൽ നന്നായിപഠിച്ചു വാദിച്ചു. മൂന്നു ദിവസം കഴിഞ്ഞ് വക്കീൽ വിളിച്ചു പറഞ്ഞു നമ്മൾ ജയിച്ചിരിക്കുന്നു. മനുഷ്യ ജീവന് യാതൊരു വിലയും കല്പിക്കാത്തവർ എൻഡോ

സൾഫാനെന്ന മാരക കീടനാശിനിയാണ് തളിക്കുന്നതെന്നും മനുഷ്യരുടെ നിലനിൽപ്പ് അപകടത്തിലാണെന്നും കോടതി കണ്ടെത്തി, എൻഡോസൾഫാൻ നിരോധിച്ചു കൊണ്ട് 2000 ഒക്ടോബർ 18 ന് പെർമിനന്റ് വിധി വന്നു. മരുന്ന് ബാക്കിയുണ്ട് അതുകൂടി തളിക്കുമെന്ന വാശിയിൽ ഹെലിക്കോപ്പ്റ്റർ വീണ്ടും ആകാശത്ത് ഉയർന്നു. പരിസ്ഥിതി പ്രവർത്തകനായ സുധീർ കുമാർ ക്യാമറയുമായി ഞങ്ങളുടെ ടെറസ്സിൽ ചിത്രങ്ങൾ പകർത്തുന്നത് കണ്ട് അവർ മുളിയാറിലേക്ക് പോയി. മുളിയാറിൽ ,കെ.വി മുഹമ്മദ് കുഞ്ഞിയും പുഞ്ചിരി ക്ലബ്ബും സംഘടിച്ച് ഹെലിക്കോപ്പ്റ്റർ പിടിച്ചു വച്ച് പറക്കാൻ അനുവദിച്ചില്ല. അതോടെ അവർ പിന്തിരിഞ്ഞു.

പ്രശസ്ത പരിസ്ഥിതി പ്രവർത്തകനായ അനിൽ അഗർവാൾ എന്ന ശാസ്ത്രജ്ഞന്റെ ജൂനിയറായ ശോഭൻ ജോഷി ഡൽഹിയിൽ നിന്നും വിളിച്ചു. അവർ ശ്രീഭദ്രയേയും കൂട്ടി കാസർഗോഡേക്ക് വന്നു. കേസിന്റെ കാര്യങ്ങളൊക്കെ അന്വേഷിച്ചു. ശോഭൻ ജോഷിയേയും കൂട്ടി രോഗികളുടെ വീട്ടിൽ പോയി ഫോട്ടോ എടുത്തു. അദ്ദേഹം മാസികകളിലും പത്രങ്ങളിലുമായി പല ഭാഷകളിലും എഴുതി. അങ്ങനെ ലോകം മുഴുവൻ വിഷയം ശ്രദ്ധിക്കാൻ കാരണമായി. മാതൃഭൂമിയിലെ ഫോട്ടോഗ്രാഫറായ മധുരാജിന്റെ ഫോട്ടോയും ഈ വിഷയം പുറത്തെത്തിക്കാൻ സഹായിച്ചു. എം.എ റഹ്മാൻ മാഷിന്റെ അര ജീവിതങ്ങൾക്ക് ഒരു സ്വർഗം എന്ന ഡോക്യുമെന്ററിയും. ഡോ.ബിജുവിന്റെ സിനിമയും, അംബികാസുതൻ മാങ്ങാടിന്റെ എൻ മകജെ എന്ന നോവലും വിഷയത്തെ ജനങ്ങളിലെത്തിക്കാൻ കാരണമായി. ഇനിയുമെത്രയോ പേർ ഇതിനോടൊപ്പം ചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. പേരെടുത്ത് പറഞ്ഞില്ലെങ്കിലും അവരെയൊക്കെ നന്ദിയോടെ സ്മരിക്കുന്നു.

*ഈ വിഷയത്തിൽ താങ്കൾക്ക് നേരിടേണ്ടി വന്ന എതിർപ്പുകൾ, ഭീഷണികൾ, കൊലപാതകശ്രമം വരെ ഒന്നു വിശദീകരിക്കാമോ?*

2001 ഒക്ടോബർ 18 ന് മുളിയാറിൽ പോയി റിക്ഷയിൽ മടങ്ങവെ നാഷണൽ ഹൈവേയിൽ ഒരു ലോറി റിക്ഷയിലിടിക്കുന്നു. കൊല്ലുകയായിരുന്നു ഉദ്ദേശ്യം. പക്ഷേ എനിക്ക് ഇനിയും ചെയ്ത് തീർക്കാൻ കർമ്മങ്ങൾ ബാക്കിയുണ്ടായിരുന്നു. റിക്ഷയുടെ കമ്പി പൊളിച്ചാണ് എന്റെ വലതു കാൽ നീക്കുന്നത്. മംഗലാപുരം. ഗ.ങ.ഇ ആശുപത്രിയിൽ ജീവനോട് മല്ലടിച്ച് ദിവസങ്ങളും മാസങ്ങളും കഴിയേണ്ടി വന്നു. പിന്നെ വർഷങ്ങൾ വീട്ടിൽ ചികിത്സയിൽ . ഞാൻ മരിക്കേണ്ടത് ആരുടെയോ ആവശ്യമായിരുന്നു. ജീവിക്കേണ്ടത് എന്റെ മാത്രമല്ല അനേകം ജീവജാലങ്ങളുടെ ആവശ്യവും . പ്രകൃതി കനിഞ്ഞ് സഹിക്കാനുള്ള ശേഷി തന്നു. ആത്മബലം നേടി.

തുടർച്ചയായി ഇരുപത്തിരണ്ട് വർഷക്കാലം വർഷത്തിൽ രണ്ടു പ്രാവശ്യം മരുന്ന് എന്ന വിഷമടിച്ച് ലക്ഷക്കണക്കിന് ജനങ്ങളെ രോഗികളാക്കി , കൊല ചെയ്തതു കൂടാതെ ജനിതക വൈകല്യമുള്ള കുഞ്ഞുങ്ങൾ ഇപ്പോഴും ജനിച്ചു കൊണ്ടിരിക്കുന്നു. ഇത് ലോകം മുഴുവൻ അറിയുന്ന കാര്യമാണ്. എല്ലാ രാഷ്ട്രീയപ്പാർട്ടിക്കാർക്കും ഭരണകൂടത്തിനുമറിയാം. ദേശീയ മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞിട്ടുള്ളതും ഗവൺമെന്റ് ഏറ്റെടുത്ത് ആജീവനാന്തം ചികിത്സയും ആനുകൂല്യങ്ങളും



നൽകി പരിരക്ഷിക്കേണ്ടതുമാണ് എന്ന കോടതി വിധിയുണ്ടായിട്ടും മാറി മാറി വരുന്ന ഗവൺമെന്റിന്റെ ഉത്തരവാദിത്വമായിട്ടും കാസർഗോഡ് ജില്ലയിൽ ആധുനിക സൗകര്യമുള്ള ഒരാശുപത്രി പോലുമില്ല. 2001 ൽ അപകടത്തിൽ പെട്ട ഞാൻ ഇന്നും രോഗപീഢയിൽ ഉഴറുകയാണ്. കോവിഡ്കാലവും. കുറെ ജീവൻ ആവശ്യത്തിന് ചികിത്സ കിട്ടാതെ പൊലിഞ്ഞു. മംഗലാപുരത്തേക്കുള്ള വഴിയടച്ചതും ഒരു കാരണമാണ്. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് എയിംസ്, All India institute of Medical Sciences (AIIMS) അനുവദിച്ചിട്ടുണ്ട്. അതിന് ഏറ്റവും അർഹർ കാസർഗോഡുകാരാണ്. അത് കാസർഗോഡിന് അവകാശപ്പെട്ടതാണ്. അത് മാറ്റിമറിക്കുന്നത് മനുഷ്യത്വരഹിതമായിരിക്കും. അത്രക്ക് വേദന തിന്നുകയാണ് ഇവിടത്തെ രോഗികളായ കുട്ടികളും അമ്മമാരും ഇവിടത്തെ സാധാരണക്കാരായ ജനങ്ങളും. കേന്ദ്രം ഭരിക്കുന്ന മന്ത്രി പോലും ഇവിടെ വന്ന് സ്ഥിതിഗതികൾ അറിഞ്ഞിട്ടുണ്ട്. കേരളത്തിലെ സംസ്ഥാന ട്രഷറർ അഡ്വ: ശ്രീകാന്ത് എയിംസ് കാസർഗോഡ് വേണമെ

ന്ന് ശഠിച്ചവരിൽ ഒരാളാണ് ഏറ്റവും സന്തോഷമു ള്ളത് ഈ പ്രശ്നത്തിൽ ഇറങ്ങിത്തിരിച്ചതു കൊണ്ട് പ്രമുഖരായ കുറെ വ്യക്തികളെ കാണാനും പരിചയപ്പെടാനും കഴിഞ്ഞു എന്നതാണ്.

എൻഡോസൾഫാൻ നിയമം മൂലം നിരോധിച്ചിട്ട് വർഷങ്ങളായെങ്കിലും അതിന് ഇരയാകേണ്ടി വന്നവർ, രോഗങ്ങൾ, ചികിത്സ കിട്ടാതെയുള്ള മരണങ്ങൾ-ദുരിതങ്ങൾ കാസർഗോഡിന്റെ ഉണങ്ങാത്ത മുറിവായി ഇപ്പോഴും അർഹമായ ചികിത്സയോ സാമ്പത്തിക സഹായമോ ലഭിക്കുന്നതിനു വേണ്ടി സർക്കാരിന്റെ മുമ്പിൽ യാചിക്കേണ്ടി വരുന്നു.

*അമ്മമാർ കുട്ടികളെയും കൊണ്ട് സമരത്തിനിറങ്ങേണ്ടിവരുന്നു. ഇത് എങ്ങനെ നോക്കിക്കാണുന്നു?*

*ജീവിതത്തിൽ ഏറ്റവും പ്രധാനമെന്ന് കരുതുന്ന വ്യക്തിബന്ധങ്ങൾ, പുരസ്കാരങ്ങൾ, ഇനിയും വേണമെന്ന് ആഗ്രഹിക്കുന്ന അവാർഡോ, മറ്റെന്തെങ്കിലും? ഒന്നു വിശദീകരിക്കാമോ?*

ജീവിതത്തിൽ ഏറ്റവും പ്രധാനമെന്നു കരുതുന്നത് നിസ്വരും അജ്ഞരുമായ ഒരു ജന വിഭാഗത്തിന് വേണ്ടി സർക്കാർ സംവിധാനത്തിനകത്തു നിന്നും പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതാണ്. നേട്ടം എന്നു കരുതുന്നത് മഹദ് വ്യക്തികളെ കാണാനും പരിചയപ്പെടാനും സിധിച്ചു എന്നതും.

സുഗതകുമാരി ടീച്ചറെ പഠിക്കുമ്പോൾ മുതൽ കേട്ട പേരാണ്. കാണാൻ ഭാഗ്യമുണ്ടായി. വീട്ടിലേക്ക് ക്ഷണിച്ചു വരുത്തി ഭക്ഷണവും , അനുഗ്രഹവും ഒരു സാരിയും തന്നു. ടീച്ചർ ഇന്ന് നമ്മോടൊപ്പമില്ല. നിധിപോലെ ഞാനത് സൂക്ഷിക്കുന്നു. സുകുമാർ അഴിക്കോട് തന്റെ പുസ്തകങ്ങളിൽ എന്നെക്കുറിച്ചെഴുതിയതറിഞ്ഞു. സന്തോഷിച്ചു. എം.ടി.വാസുദേവൻ നായർ, വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാര്യ ഫാബി ബഷീർ, പരിസ്ഥിതി പ്രവർത്തകരായ വന്ദന ശിവ, മേധാപട്കർ, സുനിത നാരായണൻ, ഡോ.ടി.ആർ ജയകുമാരി എന്നിവരെയൊക്കെ കാണാനും അടുത്തിടപഴകാനും കഴിഞ്ഞു. അഡ്വ: ടി.എൻ.ജോസഫിന്റെ ( 20.2.2011.) മരണം ഹൃദയ വേദനയോടെ ഇന്നും സൂക്ഷിക്കുന്നു. അവാർഡുകൾ . മുകുന്ദൻ സി.മേനോൻ അവാർഡ് (2001) .

പേഴ്സൺ ഓഫ് ദ ഇയർ അവാർഡ്, കേരള യൂത്ത് പ്രമോഷൻ കൗൺസിൽ പുരസ്കാരം, സഹ്യാദ്രിനേച്ചറൽ ഹിസ്റ്ററി സൊസൈറ്റി പുരസ്കാരം , 2012 ലെ സോഷ്യൽ വെൽഫേർ അവാർഡ് പ്രഖ്യാപിച്ചിരുന്നെങ്കിലും ശാരീരിക അവശതകളാൽ സ്വീകരിക്കാനായില്ല. ഇനി ഏതെങ്കിലും അവാർഡ് ആരെങ്കിലും തരാനുദ്ദേശിക്കുന്നുവെങ്കിൽ, ഞാനാഗ്രഹിക്കുന്ന ഏറ്റവും വലിയ പുരസ്കാരം കാസർഗോഡിന് A.I .M. S വേണമെന്നാണ്..അതാണ് ജീവിതാഭിലാഷമായി ഇന്ന് ഞാൻ കാണുന്നത്.



ഉപ്പും മുളകും



ഗീത

# അതിജീവിതക്ക് നീതി ഉറപ്പാക്കുക

ആക്രമിക്കപ്പെട്ട നടിയുടെ കേസിന്റെ വിചാരണാ ഘട്ടത്തിലെ നാടകീയ സന്ദർഭങ്ങൾ ഇത്തരമൊരു വിചാരം ഉണ്ടാക്കുന്നു. അതിജീവിതയെ ന്യായയുക്തമായി സംരക്ഷിക്കുകയും അവൾക്കു കാവലാവുകയും ചെയ്യുകയെന്നതാണ് ഒരു വനിതാ ജഡ്ജിയിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ ഈ പ്രതീക്ഷയെ തകർക്കുന്ന ഒട്ടേറെ വാർത്തകൾ നടിയുടെ വിചാരണയുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിലൂടെ പുറത്തുവരുന്നത് വലിയ ആശങ്കയുളവാക്കുന്നു.

അതിജീവിതക്കു വേണ്ടി എത്തിയ ആദ്യത്തെ സ്പെഷ്യൽ പ്രോസിക്യൂട്ടർ രാജിവെക്കാനിടയായതാണ് ആദ്യ സംഭവം. നടിക്കു വേണ്ടി വാദം മുമ്പോട്ടു കൊണ്ടു പോകുമ്പോൾ താൻ അപമാനിക്കപ്പെടുക

യും അധിക്ഷേപിക്കപ്പെടുകയുമാണ് ഉണ്ടായതെന്നദ്ദേഹം പരസ്യപ്പെടുത്തിയിരുന്നു. രണ്ടാമത്തെ പ്രത്യേക പ്രോസിക്യൂട്ടറും ഇതേ കാര്യ മുന്നയിച്ചു രാജിവെച്ചൊഴിഞ്ഞു. സ്ത്രീപീഡന കേസുകളുടെ വിചാരണാ ചരിത്രത്തിലെ അപൂർവ സംഭവമെന്ന നിലക്ക് പ്രത്യേക പ്രോസിക്യൂട്ടർമാരുടെ ഈ രാജി പരിഗണിക്കപ്പെടേണ്ടതുണ്ട്. പ്രതിഭാഗം വക്കീലന്മാരുടെ ഭാഗത്തു നിന്നുള്ള ആക്രമണം കൊണ്ട് ഒരു പ്രോസിക്യൂട്ടറും രാജിവെക്കാറില്ലെന്നു നമുക്കറിയാം. അപ്പോൾപ്പിന്നെ മറ്റെന്താണ് സാഹചര്യം? അതും ഒരു വനിതാ ജഡ്ജിയുള്ള സാഹചര്യത്തിൽ? സംശയമില്ല ആ സാഹചര്യം ചർച്ച ചെയ്യപ്പെടുകയും പരിശോധിക്കപ്പെടുകയും തിരുത്തപ്പെടുകയും വേണ്ടതുണ്ട്. അത് സർക്കാർ തലത്തിൽത്തന്നെ സംഭവിക്കേണ്ടതുമാണ്. കാരണം സർക്കാരാണ് വാദി. സർക്കാർ പ്രത്യേകമായി നിയമിച്ച പ്രോസിക്യൂട്ടർമാരാണ്, തുടർച്ചയായി രണ്ടു പേർ, രാജിവെച്ചത്. ഇതിന്റെ ഉസ്റ്റോയിൽ വാഗ്ദാനം ചെയ്യപ്പെട്ടതും നൂറ്റൊന്നാവർത്തിക്കുന്നതുമായ സ്ത്രീ സുരക്ഷയുടെ കാര്യം വിട്ടു കളയാം. പക്ഷേ മഹത്തായ ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന തുല്യനീതിയുടെ നിഷേധമാണിവിടെ സംഭവിക്കുന്നത് . അതങ്ങനെ വിട്ടു കളയാൻ പറ്റില്ല തന്നെ.


നടിയുടെ കേസിൽ രണ്ടാമത്തെ പ്രോസിക്യൂട്ടർ രാജി വെക്കുന്നതിനു മുമ്പുതന്നെ ബാലചന്ദ്രകുമാർ എന്ന സിനിമാപ്രവർത്തകന്റെ നിർണായകമായ ചില വെളിപ്പെടുത്തലുകൾ പുറത്തു വരികയുണ്ടായി. അദ്ദേഹം സർക്കാരിനു പരാതി കൊടുത്തിട്ടുണ്ടെന്നാണ് അവകാശപ്പെടുന്നത്. അദ്ദേഹം നടത്തിയ വെളിപ്പെടുത്തലുകളുടെ സത്യാവസ്ഥ അന്വേഷിക്കപ്പെടുകയും അതു സത്യമാണെങ്കിൽ കുറ്റാരോപിതന്റെ ജാമ്യം നിഷേധിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് നിയമജ്ഞർ അഭിപ്രായപ്പെടുന്നത് സർക്കാർ മുഖവിലക്കെടുക്കണം. മാത്രമല്ല നടിയുടെ കേസിൽ പുനരന്വേഷണം പ്രഖ്യാപിക്കു

**ഏതൊരു സ്ത്രീക്കും സ്വന്തം നീതിക്കായി സർക്കാരിനെ സമീപിക്കാൻ അവകാശമുണ്ട്. അതിനവൾക്കു ധൈര്യവും വിശ്വാസവും കിട്ടണമെങ്കിൽ ഇങ്ങനെ ചില തിരുത്തുകളും നടപടികളും ആവശ്യമാണ്. അതായത് ആക്രമിക്കപ്പെട്ടവൾക്കു വേണ്ടി നിയമിതരായ പ്രത്യേക പ്രോസിക്യൂട്ടർമാർ രാജിവെക്കാനിടയായ വിചാരണാ സാഹചര്യം സർക്കാർ അന്വേഷിക്കുകയും ഈ കേസിലെ പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ പുനരന്വേഷണം പ്രഖ്യാപിക്കുകയും വേണം. എന്താണോ സത്യം അതു മറ നീക്കി പുറത്തു വരട്ടെ. അതിജീവിതയുടെ അവകാശപ്പെട്ട നീതി ഉറപ്പാകട്ടെ.**

ത്തരവാദിത്വത്തിൽ നിന്ന് സർക്കാരിന് പിന്മാറാൻ സാധ്യമല്ലെന്നാണ് എന്റെ അഭിപ്രായം.

സെലിബ്രിറ്റി പദവിയുള്ള ഒരു നടിയുടെ കാര്യത്തിൽ ഇങ്ങനെ സംഭവിച്ചുവെങ്കിൽ സാധാരാണക്കാരികളായ സ്ത്രീകളുടെ കാര്യത്തിൽ പബ്ലിക് പ്രോസിക്യൂട്ടർമാരോ സ്പെഷ്യൽ പ്രോസിക്യൂട്ടർമാരോ എങ്ങനെ നിലപാടെടുക്കും? ആക്രമിക്കപ്പെട്ട ഒരു സ്ത്രീയുടെ ആകെയുള്ള ഒരേയൊരഭയമാണ് നീതിന്യായ വ്യവസ്ഥ. അവിടെ അവളും അവൾക്കു വേണ്ടി ഔദ്യോഗികമായി നിലകൊള്ളുന്നവരും ഇത്തരത്തിൽ അരക്ഷിതരും അപമാനിതരുമാകുന്ന സാഹചര്യം ആവർത്തിക്കപ്പെട്ടു കൂടാ. ഇത് ഒരു സ്ത്രീയുടെ നിസ്സഹായതയാണ്. എന്നാൽ അവൾക്കു വേണ്ടി നിലകൊള്ളുന്ന / നിലകൊള്ളേണ്ട സർക്കാരിന്റെ നിസ്സഹായതയല്ല; പരാജയം തന്നെയാണ്. തെരഞ്ഞെടുപ്പുമാനിഫെകയും വേണം. ഇത് ഒരു സ്ത്രീ എന്ന നിലയിലും പൗരി എന്ന നിലയിലുമുള്ള ഏറ്റവും കുറഞ്ഞ ആവശ്യമാണ്. ഏതൊരു സ്ത്രീക്കും സ്വന്തം നീതിക്കായി സർക്കാരിനെ സമീപിക്കാൻ അവകാശമുണ്ട്. അതിനവൾക്കു ധൈര്യവും വിശ്വാസവും കിട്ടണമെങ്കിൽ ഇങ്ങനെ ചില തിരുത്തുകളും നടപടികളും ആവശ്യമാണ്. അതായത് ആക്രമിക്കപ്പെട്ടവൾക്കു വേണ്ടി നിയമിതരായ പ്രത്യേക പ്രോസിക്യൂട്ടർമാർ രാജിവെക്കാനിടയായ വിചാരണാ സാഹചര്യം സർക്കാർ അന്വേഷിക്കുകയും ഈ കേസിലെ പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ പുനരന്വേഷണം പ്രഖ്യാപിക്കുകയും വേണം. എന്താണോ സത്യം അതു മറ നീക്കി പുറത്തു വരട്ടെ. അതിജീവിതയുടെ അവകാശപ്പെട്ട നീതി ഉറപ്പാകട്ടെ.





**സുൽഫത്ത് എം.**
എൻഡോസൾഫാർ സമര ഐക്യദാർഢ്യ സമിതി കൺവീനർ

# ഇരകളെ കുറ്റവാളികളാക്കുന്ന ജില്ലാ കളക്ടർ

എൻഡോസൾഫാൻ ദുരിതബാധിതർ അവരുടെ ആരോഗ്യവും ജീവനും നിലനിർത്താൻ പോരാടുന്ന സന്ദർഭത്തിൽ തന്നെയാണ് എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങളെയെല്ലാം ഇല്ലാതാക്കാനുള്ള ഗൂഢാലോചനകളും അണിയറയിൽ ശക്തിപ്പെടുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ അനർഹർ കടന്നു കൂടി എന്ന ആരോപണം ഉന്നയിച്ചുകൊണ്ടാണ് അത്. 2020 ഫെബ്രുവരി 3-ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗതീരുമാനപ്രകാരം മുൻ കാസർഗോഡ് ജില്ലാ കളക്ടർ സജിത്ത് ബാബു സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ദുരിതബാധിതരെ കുറ്റവാളികളാക്കാനും ദുരിതബാധിതരെ പട്ടികയിൽ നിന്ന് ഒഴിവാക്കാനുമുള്ള വ്യഗ്രത ആ റിപ്പോർട്ടിൽ കാണാം. ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ദുരിതബാധിതരെയും വീണ്ടുംപ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പുനപ്പരിശോധന നടത്തണമെന്നാണ് ഈ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം.

മൂന്ന് തരത്തിലുള്ള പരിശോധനകൾക്കു ശേഷമാണ് ദുരിതബാധിതരുടെ ലിസ്റ്റ് ഉണ്ടാക്കിയത്.

ഘട്ടം 1. അടുത്തുള്ള PHC / CHC കളിൽ ദുരിതബാധിതരെന്ന് സംശയിക്കുന്നവരെ പരിശോധിക്കുന്നു. രോഗിയെ പ്രത്യേക മെഡിക്കൽ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയാൽ ഇതിനായുള്ള റിപ്പോർട്ട് നിർദ്ദിഷ്ട പെർഫോമയിൽ മെഡിക്കൽ ഓഫീസർ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറുന്നു.

ഘട്ടം 2. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം റിപ്പോർട്ടുകളിൽ മേൽ സൂക്ഷമ പരിശോധന നടത്തുകയും ക്യാമ്പിൽ പങ്കെടുക്കേണ്ടവരുടെ പട്ടിക സ്പെഷാലിറ്റി അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്യുന്നു. (11 സ്പെഷാലിറ്റികൾ)

ഘട്ടം 3.മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി മുൻകൂട്ടി വിതരണം ചെയ്ത സ്ലിപ്പ് ലഭിച്ച വരെ മാത്രം ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു.സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ

നിന്നുള്ള സ്പെഷലിസ്റ്റ് ഡോക്ടർമാരാണ് ക്യാമ്പുകളിൽ പരിശോധന നടത്തുന്നത്. ഡോക്ടർമാരുടെപരിശോധന റിപ്പോർട്ടിൽ നിന്ന് ഉദ്യോഗസ്ഥരുടെ ഫീൽഡുതല അന്വേഷണം കൂടിനടത്തിയാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്.

**ഇങ്ങനെ തയ്യാറാക്കിയ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെങ്കിൽ ആരാണ് അതിനുത്തരവാദികൾ?**

ഏത് സർക്കാർ ക്ഷേമപദ്ധതികളിലും ഉദ്യോഗസ്ഥ അനാസ്ഥയും കെടുകാര്യസ്ഥതയും നിമിത്തം അനർഹർ കടന്നു കൂടാറുണ്ടെന്നത് വാസ്തവമാണ്. APL, BPL, കാർഡുകളുടെ കാര്യത്തിലായാലും വോട്ടർ ഐഡന്റിറ്റി കാർഡുകളുടെ കാര്യത്തിലായാലും ക്ഷേമ പെൻഷനുകളുടെ കാര്യത്തിലായാലും നാം അത് കാണാറുണ്ട്. എന്നാൽ വ്യാജ വോട്ടർ കാർഡ് ഉണ്ടെന്നതു കൊണ്ട് മുഴുവൻ കാർഡുകളും റദ്ദാക്കണമെന്നോ അനർഹർ ആജഘ കാർഡുകൾ കൈപ്പറ്റി എന്നതിന്റെ പേരിൽ റേഷൻ കാർഡുകൾ മുഴുവൻ പുന:പ്പരിശോധിക്കണമെന്നോ ക്ഷേമപെൻഷനുകൾ മുഴുവൻ റദ്ദാക്കി വീണ്ടും അപേക്ഷ ക്ഷണിക്കണമെന്നോ ഒരു സർക്കാരും തീരുമാനിക്കുകയില്ല.എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കാര്യത്തിൽ വിചിത്രമായ ഒരു ശുപാർശയാണ് മുൻ ജില്ലാ കളക്ടർ നല്കിയത്. ഭരണകൂടത്തിന്റെ വിഷപ്രയോഗത്താൽ മനസ്സും ശരീരവും തകർന്ന മുഴുവൻ പേരും പുതിയതായി മെഡിക്കൽ പരിശോധന നടത്തി യോഗ്യത തെളിയിക്കണമത്രെ.

**കളക്ടറുടെ ആരോപണങ്ങൾ**

1. 125 പേർ മരണ ശേഷവും പല തവണ പെൻഷൻ തുക കൈപ്പറ്റി.

2. 3 പേർ ഒരു മാസത്തിൽ 2 തവണ പെൻഷൻ കൈപ്പറ്റി.

3. വന്ധ്യത എന്ന കാരണത്താൽ പട്ടികയിൽ ഉൾപ്പെട്ട 55 പേരിൽ 28 പേർ പിന്നീട് പ്രസവിച്ചു. ഒരു ദുരിതബാധിതക്ക് miscarriage ഉണ്ടായി. അതു പോലെ വന്ധ്യത ബാധിച്ച 55 പേരിൽ 13 ദമ്പതികളുണ്ട്. അതായത് 26 പേർ. ദുരിതബാധിതർക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇവർ കൈപ്പറ്റി.

4. പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത ദുരിതബാധിതരെ (മാനസിക-ശാരീരിക-ചലനശേഷിയില്ലാത്തവർ) ശുശ്രൂഷിക്കുന്നവർക്കുള്ള ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന 700 രൂപ ദുരിതബാധിതപ്പട്ടികയിലുൾപ്പെട്ട മറ്റ് വിഭാഗത്തിൽപ്പെട്ട രോഗികളെ ശുശ്രൂഷിക്കുന്ന 131 പേർ കൈപ്പറ്റുന്നു.

5. ദേശീയ ആരോഗ്യ ദൗത്യം ചികിത്സക്കായുള്ള സാക്ഷ്യപത്രം കണ്ണൂർ -കാസർകോഡ് ജില്ലകളിലെ എം പാനൽ ചെയ്ത ആശുപത്രികളെ ഒഴിവാക്കി മംഗലാപുരത്തുള്ള എം പാനൽ ചെയ്ത ആശുപത്രികളിലേക്ക് നൽകുന്നു.

6. സ്വകാര്യ ആശുപത്രികൾക്ക് ചികിത്സാ ചെലവ് നല്കുന്നത് ദേശീയ ആരോഗ്യ ദൗത്യം ജില്ലാ ഓഫീസിലെ പ്രോഗ്രാം മാനേജരാണ്. അതിനായി അവിടെ കരാർ ജീവനക്കാരാണ് ബില്ലുകൾ കൈകാര്യം ചെയ്യുന്നത്. പകരം സർക്കാർ ഫിനാൻസ് വകുപ്പിലെയോ ഓഡിറ്റ് വകുപ്പിലെയോ ഉദ്യോഗസ്ഥരെ ദേശീയ ആരോഗ്യ ദൗത്യം ജില്ലാ ഓഫീസിൽ നിയമിക്കണം.

7. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവർക്കും ദേശീയ ആരോഗ്യ ദൗത്യം കാര്യാലയം വഴി ചികിത്സ നല്കി.ഇത് പാവപ്പെട്ട എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ മുടങ്ങാൻ കാരണമാകും.

8. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നല്കുന്നത് തിരുവനന്തപുരത്തുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഓഫീസാണ്. 12-ാം ക്ലാസ് പൂർത്തീകരിക്കുന്നതു വരെയാണ് സ്കോളർഷിപ്പ് .അതിനിടയിൽ മരണപ്പെട്ടോ എന്ന കാര്യത്തിൽ ഗടടങ്ങ അന്വേഷണമൊന്നും നടത്തുന്നില്ല

9.സമരത്തെ തുടർന്ന് 9.5.2013 ൽ ഇറങ്ങിയ ഉത്തരവ് പ്രകാരം ദുരിതബാധിതരുടെ മുഴുവൻ റേഷൻ കാർഡുകളും ബി.പി.എൽ ആക്കാൻ തീരുമാനിച്ചിരുന്നു. ഉയർന്ന സാമ്പത്തിക സ്ഥിതി ഉള്ളവരും ഈ ആനുകൂല്യം കൈപ്പറ്റുന്നു.

10. ആദ്യ മെഡിക്കൽ ക്യാമ്പ് നടന്ന 2010 ന് മുമ്പ് മരണപ്പെട്ടതും മരണം എൻഡോസൾഫാൻ മൂലമാണെന്ന് ഫീൽഡ് ഓഫീസർമാർ റിപ്പോർട്ട് ചെയ്തതുമായ 734 പേരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.ഇവരിൽ 72 വയസ്സിനുമേൽ പ്രായമുള്ള 42 പുരുഷൻമാരും 78 വയസ്സിനുമേൽ പ്രായമുള്ള 10 സ്ത്രീകളും ഉൾപ്പെട്ടിട്ടുണ്ടെന്നത് വിരോധാഭാസമാണ്.

11. 2010 ന് മുമ്പ് മരണപ്പെട്ട 113 പേർ 2010 ലെ ക്യാമ്പിൽ പങ്കെടുക്കുകയും ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

12. ശാസ്ത്രീയ നിഗമനങ്ങൾക്കപ്പുറം വൈകാരികമായിട്ടാണ് ഡോക്ടർമാർ ദുരിതബാധിതരെ തീരുമാനിച്ചത്.

13. ഒരു വ്യക്തി 2 മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത് രണ്ട് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്.

**അവസാനമായി കളക്ടർ സജിത്ത് ബാബു സർക്കാരിലേക്ക് നല്കിയ ശുപാർശകൾ ഇവയാണ്.**

1. യഥാർത്ഥ എൻഡോസൾഫാൻ രോഗികളെ കണ്ടെത്തുന്നതിനുള്ള വ്യക്തമായ മാർഗനിർദ്ദേശം സർക്കാർ അടിയന്തിരമായി പുറപ്പെടുവിക്കേണ്ടതാണ്.

2. കണ്ടെത്തിയ അനർഹരെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3.ഐ.സി.ഡി.സി. സൂപ്പർവൈസർമാരെക്കൊണ്ട് സമയബന്ധിതമായി ഒറ്റത്തവണ വിവരശേഖരണം നടത്തുകയും പിന്നീട് ഐ.സി.ഡി.സി. സൂപ്പർവൈസർമാർ ,അംഗൻവാടി ടീച്ചർമാർ, എന്നീ ഉദ്യോഗസ്ഥർ മുഖേന പ്രതിമാസം എൻഡോസൾ

ഫാൻ ദുരിതബാധിതരുടെ ജീവിത നിലവാരത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

4. സുപ്രീം കോടതി, ദേശീയ മനുഷ്യാവകാശ കമ്മീഷൻ, ഹൈക്കോടതി എന്നിവയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് അർഹരായവരെ കണ്ടെത്തുന്നതിനായി, മെഡിക്കൽ ക്യാമ്പുകളിലൂടെ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട 6727 പേരെയും വീണ്ടും വിദഗ്ദ ഡോക്ടർമാരെക്കൊണ്ട് പുനപ്പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് മുഖേന സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### കളക്ടറുടെ വാദങ്ങൾക്ക് മറുപടിയുണ്ട്

1. മരണ ശേഷം ആരെങ്കിലും പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ ഉത്തരവാദികൾ കളക്ടറടക്കമുള്ള ഉദ്യോഗസ്ഥരാണ്. മാസത്തിലൊരിക്കൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമ മന്വേഷിക്കാൻ സർക്കാർ തന്നെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരാണ് അക്കാര്യം ചെയ്യേണ്ടത്.എല്ലാ മരണങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്ന ഒരു സംസ്ഥാനമാണ് കേരളം.ബാങ്ക് അക്കൗണ്ടുകളിലേക്ക് വളരെ വൈകി എത്തുന്ന ആനുകൂല്യങ്ങൾ എന്താണ്, ഏത് കാലത്തേതാണ് എന്ന് തിരിച്ചറിയാൻ ബന്ധുക്കൾക്ക് എന്താണ് മാർഗ്ഗം? അതു കൊണ്ട് തന്നെ മരണ ശേഷവും ആരുടെയെങ്കിലും അക്കൗണ്ടുകളിലേക്ക് പണം അയച്ചിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ ഇരകളല്ല. ഉദ്യോഗസ്ഥരാണ്.

2. ആരെങ്കിലും മാസത്തിൽ 2 തവണ പെൻഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ അതിനുത്തരവാദിമതിയായ രേഖകൾ ഉപയോഗിച്ച് പണം ട്രാൻസ്ഫർ ചെയ്ത ഉദ്യോഗസ്ഥർ മാത്രമാണ്. കൃത്യതയില്ലാതെ ബാങ്ക് അക്കൗണ്ടിലേക്കെത്തിയ പണം പിൻവലിച്ച ദുരിതബാധിതർക്ക് ഇതിൽ പങ്കില്ല.

3. വന്ധ്യതാ ലിസ്റ്റിൽപ്പെട്ട ആരെങ്കിലും ചികിത്സയിലൂടെ ഗർഭം ധരിച്ചിട്ടുണ്ടെങ്കിൽ അവർ എൻഡോസൾഫാൻ ദുരിതബാധിതർ അല്ല എന്നത് വിചിത്രമായ ഒരു കണ്ടെത്തലാണ്. വന്ധ്യത ലിസ്റ്റിൽ പെട്ടവർ ഒരിക്കലും പ്രസവിക്കാൻ പാടില്ല എന്നാണോ കളക്ടർ ഉത്തരവിടുന്നത്.

13 ദമ്പതിമാർ 2 പേരും പെൻഷൻ കൈപ്പറ്റുന്നത്രെ. വിവിധ ഘട്ട പരിശോധന കളിലൂടെ കണ്ടെത്തി ലിസ്റ്റിൽ ഉൾപ്പെട്ടതു കൊണ്ടാണ് അവർക്ക് പെൻഷൻ കിട്ടുന്നത്. ക്ഷേമ പെൻഷനുകൾ വ്യക്തികൾക്കാണ്. അവർ ഒരേ കുടുംബമാണോ, ദമ്പതികളാണോ, എന്നതൊന്നും പെൻഷൻ വാങ്ങുന്നതിൽ പരിഗണിക്കാറുമില്ല. രണ്ടു പേരും ദുരിതബാധിതരാണ്.

4. ആശ്വാസം കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി 700 രൂപ വീതം ശുശ്രൂഷകർക്ക് അനുവദിച്ചത് ലിസ്റ്റിൽപ്പെടാത്ത മറ്റ് രോഗികൾക്കും കൂടി അനുവദിക്കുന്നതിന് പറയുന്ന പേരാണ് മനുഷ്യത്വം .സർക്കാരിന്റെ ഉത്തരവാദിത്തമാണ് അത്. തെറ്റായി ആർക്കെങ്കിലും അനുവദിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് തിരുത്താവുന്നതേയുള്ളു.

5. ജില്ലയിൽ മെഡിക്കൽ കോളേജോ ,ന്യൂ റളജിസ്റ്റിന്റെയോവിദഗ്ദ ഡോക്ടർമാരുടേയോ സേവനമോ ലഭ്യമല്ല എന്നത് വസ്തുതയാണ്. രോഗികളെ വിദഗ്ദ ചികിത്സ കിട്ടുന്നഏറ്റവും അടുത്തുള്ള മംഗലാപുരത്തെ എം പാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സയ്ക്ക് കൊണ്ടുപോവുക എന്നത് രോഗികളുടെ അവകാശവും അവരോടുള്ള നീതിയുമാണ്. എൻഡോസൾഫാൻ ഇരകൾക്കുള്ള ചികിത്സാ സഹായങ്ങളും സൗകര്യങ്ങളും നിഷേധിക്കുന്ന സമീപനമായിരുന്നു മുൻ കളക്ടർ സജിത്ത് ബാബുവിന്റേത്.

6. ദേശീയ ആരോഗ്യ ദൗത്യം ജില്ലാ ഓഫീസിൽ സ്ഥിര ജീവനക്കാരെ നിയമിക്കേണ്ട ഉത്തരവാദിത്തവും ഓഡിറ്റിന് ഫലപ്രദമായ നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്തവും സർക്കാരിനാണ്. ദുരിതബാധിതർക്കല്ല



7. പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ കൾക്ക് ശേഷം വർഷങ്ങൾ കഴിഞ്ഞാണ് ദുരിതബാധിതരുടെ പട്ടിക പ്രസിദ്ധീകരിക്കുക. അക്കാലയളവിനുള്ളിൽ ഗുരുതര രോഗം ബാധിച്ചവരാണ് കളക്ടറുടെയും ഡി.എം.ഒയുടെയുമൊക്കെ പ്രത്യേക അനുമതിയോടെ സൗജന്യ ചികിത്സാ സഹായം കൈപ്പറ്റുന്നത്.സർക്കാർ വരുത്തുന്ന കാലതാമസമാണ് ഇത്തരം ഒരു സ്ഥിതിയുണ്ടാക്കുന്നത്. വിരലിലെ

ണ്ണാവുന്ന രേക്ഷികൾക്ക് മാത്രമാണ് ഇങ്ങനെയൊരു അനുമതി ലഭിച്ചിട്ടുള്ളത്. ഇതൊരു വലിയ ക്രമക്കേടാണെന്ന മട്ടിൽ റിപ്പോർട്ട് എഴുതി വെക്കുന്ന ഈ മനുഷ്യൻ മനുഷ്യൻ എന്ന പദവിക്കു പോലും അർഹനല്ല.സർക്കാർ സേവനങ്ങളിൽ ഇരുന്നു കൊണ്ട് ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ഈ ഉദ്യോഗസ്ഥൻ ആർക്കു വേണ്ടിയാണ് റിപ്പോർട്ടുകൾ എഴുതുന്നത്?

8.വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിൽ എന്തെങ്കിലും അശ്രദ്ധ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടായാൽ അതിന് ദുരിതബാധിതരെ കുറ്റവാളിയാക്കിയിട്ട് എന്ത് മാനസികാനന്ദമാണ് ഈ കളക്ടർക്ക് കിട്ടുന്നതെന്ന് അത്ഭുതപ്പെടാനേ കഴിയൂ.

9. എല്ലാ ദുരിതബാധിതർക്കും അജ്ഘ കാർഡ് എന്നത് ഒരു സർക്കാർ ഉത്തരവാണ്. അവർക്ക് ലഭിക്കുന്ന ഈ സവിശേഷാവകാശത്തിന്റെ മാനദണ്ഡം ദുരിതബാധിതരാണ് എന്നത് മാത്രമാണ്. കാറിൽ വന്ന് റേഷൻ വാങ്ങിപ്പോകുന്ന ഫോട്ടോ സഹിതമാണ് അദ്ദേഹം ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

കൊറോണക്കാലത്ത് റേഷൻ കാർഡുള്ള കഞ്ഞ കാർക്ക് പോലും സൗജന്യക്കിറ്റ് ലഭ്യമായ ഒരു നാട്ടിലാണ് ഈ കഞ്ഞ കാരൻ ദുരിതബാധിതരെ അപമാനിക്കുന്നത്. പ്രളയകാലത്തും , കൊറോണക്കാലത്തും ദുരിതകാലത്തുമൊക്കെ സർക്കാർ പ്രഖ്യാപിക്കുന്ന സൗജന്യങ്ങൾ മറ്റ് പരിഗണനകൾ ഒന്നുമില്ലാതെ നല്കുന്നതാണ്.

10. എൻഡോസൾഫാൻ ബാധിച്ചവരൊന്നും കേരളത്തിന്റെ ശരാശരി ആയുർദൈർഘ്യത്തിനു മേൽ ജീവിച്ചിരിക്കാൻ പാടില്ലെന്ന് കണ്ടെത്താൻ ഈ ഐ.എ.എസ് കാരന് എങ്ങനെയാണ് ധൈര്യം കിട്ടുന്നത് എന്ന് അത്ഭുതപ്പെടാനേ നമുക്ക് കഴിയൂ. ദുരിതബാധിതരൊക്കെ ആ യുസ്സെത്തും മുമ്പ് മരിച്ചു തീരണമെന്ന് തീട്ടൂര മിറക്കാൻ ആരാണ് ഈ കളക്ടർ?!

11. എൻഡോസൾഫാൻ ബാധിച്ച് 2010 നു മുമ്പ് മരിച്ച 113 പേർ 2010 ലെ മെഡിക്കൽ ക്യാമ്പിൽ തയ്യാറാക്കിയ പട്ടികയിലുണ്ടെങ്കിൽ അതിനുത്തരവാദികൾ ആ ലിസ്റ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥരാണ്. മരിച്ചു പോയ ദുരിതബാധിതർക്ക് ഇതിന്റെ ഉത്തരവാദിത്തമില്ല

12. ശാസ്ത്ര നിഗമനങ്ങൾക്കപ്പുറം വൈകാരികമായി മെഡിക്കൽ കോളേജിലെ ഡോക്ടർമാർ പട്ടിക തയ്യാറാക്കിയെന്ന ഈ ശാസ്ത്ര വിശ്വാസിയുടെ നിഗമനം എന്തടിസ്ഥാനത്തിലാണ്? ദുരിതബാധിതരോട് മനുഷ്യത്വം കാട്ടുന്നതിൽ ഇയാൾക്കുള്ള അസഹിഷ്ണുതയാണ് ഇതിലൂടെ പ്രകടമാവുന്നത്.

13. ഒരു വ്യക്തി തന്നെ രണ്ട് ക്യാമ്പിൽ പങ്കെടുത്ത് 2 ലിസ്റ്റിലും ഉൾപ്പെട്ടു എന്നാണ് ഇദ്ദേഹത്തിന്റെ മറ്റൊരു കണ്ടെത്തൽ.തീരാദുരിതം പേറുന്ന രോഗികൾ സർക്കാർ ഏജൻസികൾ പങ്കെടുപ്പിക്കുന്ന എല്ലാ മെഡിക്കൽ ക്യാമ്പിലും പങ്കെടുക്കും .1200 – 1700 ഒക്കെയുള്ള പെൻഷൻ തുക അക്കൗണ്ടുകളിൽ പലപ്പോഴും കൃത്യമായി എത്താത്തതു കൊണ്ടു തന്നെ രണ്ട് പെൻഷൻ വന്നിട്ടുണ്ടെങ്കിൽത്തന്നെ അവർ തിരിച്ചറിയാറില്ലെന്നതാണ് വാസ്തവം. തിരിച്ചറിഞ്ഞവർ അത് ബന്ധപ്പെട്ടവരെ അറിയിക്കാനും ശ്രദ്ധിക്കാറുണ്ട്.ഇത്തരം വീഴ്ചകൾ വരുത്തുന്നതിന് ഉത്തരവാദികൾ സർക്കാർ സംവിധാനവും ഉദ്യോഗസ്ഥരുമാണ്. അത് കണ്ടെത്താൻ ഔദ്യോഗിക രേഖകൾ മാത്രം മതിയെന്നിരിക്കെ അന്വേഷിക്കാനെന്ന വ്യാജേന പോലീസ് ഇന്റലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ വീട്ടിലേക്കയച്ച് രോഗികളെ ഭയപ്പെടുത്താനുള്ള ശ്രമം പോലും ഈ ജില്ലാ കളക്ടരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ട്.



### ഡോ.സജിത്ത് ബാബു
### കീടനാശിനിക്കമ്പനികളുടെ ജിഹ്വ

കേരള കാർഷിക സർവ്വകലാശാലയും പ്ലാന്റേഷൻ കോർപ്പറേഷനും കൂടിച്ചേർന്നാത്ത് കാസർഗോട്ട് എൻഡോ സൾഫാൻ എന്ന മാരക വിഷം തളിച്ചത്.ഇതേ കേരള കാർഷിക സർവ്വകലാശാലയിലെ അധ്യാപക നായിരുന്നു കാസർ കോട്ടെ ഈ മുൻ ജില്ലാ കളക്ടർ .ഒരു ശാസ്ത്ര അന്ധവിശ്വാസിയുടെ മുൻവിധികളും കാർഷിക സർവ്വകലാശാലയോടുള്ള കൂറുമാണ് അദ്ദേഹത്തെ ഈ റിപ്പോർട് തയാറാക്കുമ്പോൾ സ്വാധീനിച്ചത് എന്ന് വ്യക്തമാണ്. ഒരേയിനം കിടനാശിനി നിബന്ധനകളൊന്നും പാലിക്കാതെ ദശകങ്ങളോളം ഏരിയൽ സ്പ്രേ ചെയ്യാൻ കൂട്ടുനിന്ന കക്ഷിശാസ്ത്രജ്ഞൻമാരുടെ കുലത്തിൽപ്പെട്ട ഈ ജില്ലാ കളക്ടർ എൻഡോസൾഫാൻ ഇരകൾക്ക് പരമാവധി ദ്രോഹങ്ങൾ ചെയ്തിട്ടാണ് സ്ഥലം മാറിപ്പോയത്. മനുഷ്യത്വത്തിന്റെ കണിക പോലുമില്ലാത്ത യന്ത്രമനുഷ്യർ സൃഷ്ടിച്ചു വെച്ച ദുരന്തങ്ങളിൽപ്പെട്ട കുഞ്ഞുങ്ങൾ അടക്കമുള്ള എൻഡോസൾഫാൻ ഇരകൾ ,തലയുടെ ഭാരം താങ്ങാനാവാതെ, കിടന്ന കിടപ്പിൽ നിന്ന് അനങ്ങാൻ കഴിയാതെ, മാനസിക വെല്ലുവിളികൾ നേരിട്ടു കൊണ്ട് മരിച്ചുവീഴുമ്പോൾ ,അവരെപ്പെറ്റ വയറുകൾ കണ്ണീരു പോലും വറ്റി നിലവിളിക്കുമ്പോൾ മുഴങ്ങുന്ന പൊട്ടിച്ചിരികളിൽ നിന്ന് ഒരു ശബ്ദം ഈ ദുരിതബാധിതർ എക്കാലവും പ്രത്യേകം ഓർത്തുവെക്കും.

കവിത



# അത്ഭുതങ്ങളാകാത്തവ




**സന്ധ്യ ഇ.**
പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അധ്യാപിക ആയിരുന്നു.


പ്രണയം തിരസ്കരിക്കപ്പെട്ടപ്പോളാണ്
അവളെഴുതാൻ തുടങ്ങിയത്
രാവും പകലും സൈ്വര്യം തരാതിരുന്ന ചിന്തകൾ
സങ്കടങ്ങൾ
നിരാശകൾ
ഓർമ്മകൾ
എല്ലാം കവിതക്കുഞ്ഞുങ്ങളായി പിറന്നു വീഴുകയായിരുന്നു
അതാതിന്റെ സമയങ്ങളിൽ
ഓരോന്നും അവളുടെ ഓജസ്സൂറ്റിക്കുടിച്ചാണ് വളർന്നിരുന്നത്
എല്ലാം കഴിഞ്ഞപ്പോഴേക്കും അവൾ മൃതപ്രായയായി
പ്രാണനില്ലാത്തവളിൽ നിന്ന്
പ്രണയം പറന്നു പോയി
അതിന്റെ നഖപ്പാടുകൾ അവളെ അകാലത്തിൽ വൃദ്ധയാക്കി.

അവളെ പ്രണയിച്ചിരുന്നയാൾ
അങ്ങനെയൊന്നുമൊരിക്കലുമുണ്ടായിട്ടില്ലെന്ന പോലെ ഭാവിച്ച്
അവളെക്കാണാൻ വന്നത് ഒരു രാത്രിയിലായിരുന്നു
അയാൾക്ക് കിടക്കാനിടവും
കഴിക്കാൻ ഭക്ഷണവും വേണമായിരുന്നു.
രണ്ടും ഒരവകാശമെന്ന പോലെ അനുഭവിച്ച്
സന്ദർശനം അവൾക്കുള്ള ഔദാര്യമെന്ന നാട്യത്തിൽ
അയാൾ വെളിച്ചത്തിലേക്കിറങ്ങിയപ്പോൾ
അവൾ ആ കവിതാപുസ്തകം അയാൾക്കു കൊടുത്തു.
ഇതെന്ത് എന്ന അയാളുടെ ചോദ്യത്തിന്
ചില അനാഥക്കുഞ്ഞുങ്ങൾ എന്നവൾ പറഞ്ഞ മറുപടി
അയാൾക്കൊട്ടും മനസ്സിലായതുമില്ല.





**ജ്യോതി നാരായണൻ**
ആക്ടിവിസ്റ്റ്

# കുഞ്ഞാറ്റയും പോയി

അവളുടെ കുഞ്ഞു വിരലുകൾ എന്നെ തോണ്ടുന്നതും തിരിഞ്ഞു നോക്കുമ്പോൾ കൈകൊട്ടി ചിരിക്കുന്നതും പാട്ടു പാടുന്നതും ഷെയ്ക്ക് ഹാന്റ് തരുന്നതു മെല്ലാം മറക്കാനാകുന്നില്ല. കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമരങ്ങളിൽ ആദ്യം മുതലേ ഉണ്ടായിരുന്നു എങ്കിലും വ്യക്തിപരമായ കാരണങ്ങളാലും ഔദ്യോഗിക തിരക്കുകൾ, സമരങ്ങളുടെ ബാഹുല്യം.... കഴിഞ്ഞ കുറച്ചു കാലങ്ങളായി അത്ര സജീവമായി പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല.

എന്നാൽ ദയാബായിയും ഒന്നിച്ച് സെക്രട്ടറിയേറ്റ് നടയിൽ നടത്തിയ സമരത്തിലും പിന്നീട് കൊറോണക്കാലത്ത് അവർക്ക് ലഭിച്ചിരുന്ന തുച്ഛമായ പെൻഷൻ നിർത്തിയപ്പോൾ അതിനെതിരായ സമരങ്ങളിലും പറ്റുന്നതുപോലെ സഹകരിച്ചിരുന്നു . അതിന്റെ തുടർച്ചയായിട്ടാണ് കുഞ്ഞാറ്റ എന്ന് വിളിക്കുന്ന അമേയയെ തിരുവനന്തപുരത്ത് കൊണ്ടുപോയി ചികിത്സിക്കുകയാണെങ്കിൽ ആ കുട്ടിക്ക് നടക്കാൻ കഴിയും; എന്നാൽ അതിനുള്ള പണമോ കൂടെ പോകാൻ ആളോ ഇല്ല എന്ന് സുൽഫത്ത് പറഞ്ഞ് അറിഞ്ഞത്. അങ്ങനെയാണെങ്കിൽ ഞാൻ കൊണ്ടുപോകാം നമുക്ക് ചികിത്സ നടത്താം. സാമ്പത്തികമായി എനിക്കു മാത്രം കഴിയില്ലെങ്കിൽ എൻറെ കൂടെ പഠിച്ച കൂട്ടുകാരുടെ ഒരു ഗ്രൂപ്പ് ഉണ്ട് . അവർ സാമ്പത്തികമായി സഹകരിക്കാൻ തയ്യാറായി. 2021ഡിസംബർ പതിനഞ്ചാം തീയതിയാണ് തിരുവനന്തപുരത്ത് ശ്രീചിത്രയിൽ ന്യൂറോളജി ഡോക്ടറെ കാണാൻ അനുവാദം കിട്ടിയത്. അതിന് മുമ്പ് കുട്ടിയുടെ ഒരു എം.ആർ.ഐ കൂടി എടുക്കണം. വിളിച്ചു അന്വേഷിച്ചപ്പോൾ കണ്ണൂര് പരിയാരം മെഡിക്കൽ കോളജിൽ പോയി അവരത് എടുത്തോളാം എന്ന് പറഞ്ഞു.

ഞാൻ പതിനാലാം തീയതി തന്നെ തിരുവനന്തപുരത്ത് പോയി. സുഹൃത്ത് സ്മിതയും കൂടി. ഇവർക്ക് കൂടുതൽ ദിവസം തങ്ങേണ്ട ആവശ്യം വരികയാണെങ്കിൽ അതിനുള്ള താമസ

സൗകര്യവും ഏർപ്പാടാക്കി.

പതിനഞ്ചാം തീയതി രാവിലെ ആറുമണിക്കാണ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ വെച്ചാണ് ഞാൻ കുഞ്ഞാറ്റയേയും അവളുടെ അമ്മ സുമിത്രയേയും അച്ഛൻ മനുവിനെയും കാണുന്നത്..

അവിടെ നിന്ന് ഞങ്ങൾ ശ്രീചിത്രയിൽ പോയി . ചില തടസ്സങ്ങൾ ഒക്കെ ഉണ്ടായിരുന്നെങ്കിലും അതെല്ലാം പരിഹരിച്ച് ന്യൂറോസർജനെ കണ്ടു. ഒരു ഓപ്പറേഷനെ കുറിച്ച് പറഞ്ഞെങ്കിലും പിന്നീട് ഡോക്ടർമാർ എല്ലാവരുംകൂടി ചർച്ച ചെയ്തതിനു ശേഷം ആറുമാസം കഴിഞ്ഞു ഒരു എം.ആർ.ഐ കൂടി എടുത്തതിനുശേഷം നോക്കിയിട്ട് തുടർ ചികിൽസ ചെയ്യാം എന്നാണ് പറഞ്ഞത്. . അവർ പറഞ്ഞതനുസരിച്ച് ഞങ്ങൾ ഫിസിയോതെറാപ്പിസ്റ്റിനേയും മറ്റു ഡോക്ടർമാരേയും കണ്ടു തിരിച്ചുപോന്നു. ആറുമാസം കഴിഞ്ഞ് ഡോക്ടറെ കാണാനുള്ള തീയതിയും ബുക്ക് ചെയ്തു. അടുത്ത എം.ആർ.ഐ തിരുവനന്തപുരത്ത് തന്നെ ചെയ്യാൻ അനസ്തേഷ്യ നൽകുന്ന ഡോക്ടറെ കണ്ടു എല്ലാം ശരിയാക്കി തിരിച്ചുപോന്നു.

പിന്നീട് ഫിസിയോ തെറാപ്പിസ്റ്റ് അയച്ചുതന്ന നിർദ്ദേശങ്ങളും അവർക്ക് അയച്ചു കൊടുത്തിരുന്നു .ആറുമാസത്തിന് കാത്തുനിന്നില്ല .

ഡിസംബർ28-ാംതിയതി മനുഷ്യന്റെ ക്രൂരതകളും എൻഡോസൾഫാനും ഇല്ലാത്ത ലോകത്തേക്ക് അവൾ പോയി. അവളുടെ കുഞ്ഞു വിരലുകളുടെ സ്പർശവും മുഖത്തെ നിഷ്കളങ്കചിരിയും ..... വാക്കുകൾ ഇല്ല. വളരെ കുറച്ചു കാലം പരിചയപ്പെട്ട എന്റെ മനസ്സ് ഇത്ര നോവുന്നെങ്കിൽ അമ്മ സുമിത്ര, അച്ഛൻ മനു, ഇവരോട് എന്ത് പറയാൻ!



അഞ്ച് വയസ്സായിരുന്നു അമേയയ്ക്ക്. എൻഡോസൾഫാൻ നിരോധിച്ച് ഒന്നരപ്പതിറ്റാണ്ടിന്നു ശേഷം ജനിച്ചവൾ.ആകാശമാർഗ്ഗേന തളിച്ച കീടനാശിനിയുടെ ദുരന്തം തലമുറകളെ ബാധിക്കുമെന്ന് പഠന റിപ്പോർട്ടുകളുണ്ട്. എന്നിട്ടും അമേയയെപ്പോലെ തല വളരുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടത്ര ചികിത്സ നൽകാനുള്ള സൗകര്യങ്ങൾ കാസർഗോഡ് ജില്ലയിൽ ഇല്ല. ഒരു മെഡിക്കൽ കോളജ് ഇല്ല .ഒരു ന്യൂറോളജിസ്റ്റിന്റെ സേവനം ഇതുവരെയും ജില്ലയിൽ ഇല്ല. ഇത്തരം രോഗങ്ങളുമായി കുഞ്ഞുങ്ങൾ ജനിച്ചു കൊണ്ടിരിക്കുമ്പോഴും ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളോ ഗവേഷണങ്ങളോ നടക്കുന്നില്ല. കേരളത്തിനനുവദിക്കുന്ന 'എയിംസ് ' കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കാനുള്ള മുറവിളികൾ സർക്കാർ പരിഗണിക്കുന്നേയില്ല. മരണങ്ങൾ തുടരുമ്പോൾ സമരത്തിനിടയിൽ പരിചയപ്പെട്ട മറ്റ് അമ്മമാരുടെ വാക്കുകളും മക്കളെ കുറിച്ചുള്ള ചിന്തകളുമാണ് ഇപ്പോൾ എന്നെ കൂടുതൽ ഭയപ്പെടുത്തുന്നത്.

വ്യക്തിപരമായി നമുക്ക് ഓരോരുത്തർക്കും ചെയ്യാവുന്നത് ചെയ്യാം. നമ്മുടെ പ്രതിനിധിയായ സർക്കാരിന് ഉത്തരവാദിത്വം ഉണ്ട്. ഇവർക്ക് ആവശ്യമായ ചികിൽസയും ജീവിത സൗകര്യങ്ങളും ഒരുക്കി കൊടുത്തേ കഴിയൂ. അത് നേടി കൊടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

പെൺപക്ഷം



അജിത കെ.

# എൻഡോസൾഫാൻ പീഡിതജനത ഈ രാജ്യത്തിന്റെ അധമപൗരരോ?



കാസർകോട്ടെ എൻഡോസൾഫാൻ പീഡിത ജനവിഭാഗത്തിന്റെ ദുരന്തകഥ ഒരു തുടർക്കഥയായി നീങ്ങിക്കൊണ്ടിരിക്കുന്ന ചിത്രമാണ് ഇപ്പോഴും നമ്മൾ കാണുന്നത്. പ്ലാന്റേഷൻ കോർപ്പറേഷൻ എന്ന കോർപ്പറേറ്റ് ഭീകരൻ കാസർകോട് എന്ന് കാലു കുത്തിയോ അന്നുമുതൽ തുടങ്ങിയതാണ് ഈ മനുഷ്യനിർമ്മിതമായ ദുരന്തം.

കശുവണ്ടി തോട്ടങ്ങളിലെ കീടനാശിനി പ്രയോഗത്തിൽ പരിസരത്തുള്ള എത്രയോ ഗ്രാമങ്ങളിലെ പാവപ്പെട്ട ജനങ്ങൾ, ആണവായുധ റേഡിയേഷൻ തട്ടിയാലുള്ളതുപോലുള്ള കഠിന യാതനകൾ ദശകങ്ങളായി അനുഭവിച്ചു വരുകയാണ്.

ജനങ്ങളുടെ സർക്കാർ, സ്ത്രീപക്ഷ കേരളം എന്നൊക്കെ സ്വയം പ്രഖ്യാപിക്കുമ്പോഴും ഈ പാവപ്പെട്ട ഗ്രാമീണജനതയുടെ യാതനകളിലേക്ക് സർക്കാറിന്റെ 'തൃക്കണ്ണ്' പതിയാത്തതിന്റെ കാരണം എന്താണെന്ന് മനസ്സിലാകുന്നില്ല. ജനകീയ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അന്താരാഷ്ട്രതലത്തിൽ പ്രശസ്തി നേടിയ സംസ്ഥാനമാണ് കേരളം. കോവിഡ് നിയന്ത്രണത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും മെച്ചപ്പെട്ട രീതിയിൽ കേരളം കൈകാര്യം ചെയ്യുന്നുവെന്ന 'നീതി ആയോഗി'ന്റെ സർട്ടിഫിക്കറ്റും കിട്ടിയത് അടുത്തിടെയാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ജനകീയാരോഗ്യത്തിന്റെ ഭാഗമല്ലെന്നുണ്ടോ? മൂന്ന് വർഷങ്ങളായി കാസർകോട് ജില്ലയിൽ വാണിരുന്ന ജില്ലാ കളക്ടറാണ് കശുവണ്ടി തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനി പ്രയോഗം കൊണ്ട് തലമുറകളായി ജീവിതം തകർക്കപ്പെട്ടു കൊണ്ടിരിക്കുന്ന, ജനതയ്ക്ക് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എടുത്തുകളയാൻ പാകമായ ഒരു റിപ്പോർട്ട് സർക്കാറിന് കൊടുത്തത്. ആ കളക്ടർ മാറിയെങ്കിലും ഇന്നും അദ്ദേഹം കൊടുത്ത റിപ്പോർട്ട് തന്നെയാണ് ഈ ജനതയുടെ ആവശ്യങ്ങളെ നിരാകരിക്കാനും കണ്ടില്ലെന്ന് നടിക്കാനും സർക്കാർ ഉപയോഗിക്കുന്നത്. ദശകങ്ങളായി ഈ കോർപ്പറേറ്റ് നിർമ്മിത ദുരന്തം നിയന്ത്രിക്കാൻ, ശാശ്വതമായി ഇല്ലായ്മ ചെയ്യാൻ കേരളത്തിലെ കോവിഡ് മഹാമാരി നിയന്ത്രിച്ച ആരോഗ്യരംഗം എന്തുകൊണ്ടാണ് ഇത്ര കടുത്ത അവഗണന കാട്ടുന്നത്? ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാറിനോ സി .പി .എം എന്ന പാർട്ടിക്കോ ഇതിനുത്തരമുണ്ടോ?



ചർച്ചാവിഷയം



**നിഷി ജോർജ്ജ്**
അതിഥി അധ്യാപിക
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല പയ്യന്നൂർ

# പങ്കാളിയില്ലാത്ത ദുരിതജീവിതങ്ങൾ

'ഇമ്മട്ടിലുള്ള ദുരിതത്തിനെ
വേണ്ടയെന്നും
കുന്നിച്ച ഭാരമിതു താങ്ങുക വയ്യയെന്നും
നിന്നച്ഛനന്നു മനമേറെ മടുത്തു മാറി
നിന്നമ്മ തന്നൊഴിവിലന്യ വസിപ്പു പോലും'

'കൊല്ലേണ്ടതെങ്ങനെ?' എന്ന സുഗതകുമാരിയുടെ കവിതയിലെ വരികളാണിത്. മുപ്പത്തേഴ് വയസ്സായിട്ടും അഞ്ച് വയസ്സിന്റെ മാത്രം മാനസിക വളർച്ചയുള്ള തന്റെ മകളെ ഓർത്തുള്ള, ഒരു അമ്മയുടെ വേവലാതികളാണ് ഇക്കവിതയിലുള്ളത്. മാനസിക വളർച്ചയില്ലാത്ത ആ മകളുടെ  അച്ഛൻ അവരെ പണ്ടേ ഉപേക്ഷിച്ചു പോയി. വേറെ വിവാഹവും ചെയ്തു. തന്റെ മരണശേഷം മകളെ ആരുസംരക്ഷിക്കുമെന്നും അവൾക്കെന്തു സംഭവിക്കുമെന്നുമുള്ള ആലോചനയിൽ മകളെ വേദനിപ്പിക്കാതെ എങ്ങനെ കൊല്ലാമെന്നാണ് ഈ കവിതയിലെ അമ്മ ആലോചിക്കുന്നത്.

ആരോഗ്യവും ബുദ്ധിയുമുള്ള മക്കളെക്കുറിച്ച്, വിജയിക്കുന്ന മക്കളെക്കുറിച്ച് , അഭിമാനത്തോടെ തന്റെ മക്കൾ എന്ന് പറയുന്ന അച്ഛന്മാർ ധാരാളമുണ്ട്. എന്നാൽ മാനസിക ശാരീരിക വൈകല്യങ്ങളുള്ള മക്കൾ, ജീവിതത്തിൽ വിജയിക്കാത്ത മക്കൾ ഒക്കെ പലപ്പോഴും അമ്മയുടെ മക്കളാണ്. അത്തരം മക്കളെയും അവരുടെ അമ്മയേയും ഉപേക്ഷിച്ച് സ്വന്തം സുഖം തേടിപ്പോകുന്ന അച്ഛന്മാർ കവിതയിലും സാഹിത്യത്തിലുമെന്നപോലെ ജീവിതത്തിലുമുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുള്ള ചില അമ്മമാർ ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ടവർ കൂടിയാണ്. രോഗവും ദുരിതവും ബാധ്യതകളും അമ്മയ്ക്ക് വിട്ടുകൊടുത്ത് സ്വന്തം സുഖം തേടിപ്പോയ അച്ഛന്മാരുടെ കഥയുമുണ്ട് ദുരിതബാധിതരായ കുട്ടികൾക്ക് പറയാൻ. സർക്കാർ കൊടുക്കുന്ന ചെറിയ സഹായം പോലും കീശയിലാക്കി സ്ഥലം വിട്ടവരുമുണ്ട് ഇവരിൽ . എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളെ ഉപേക്ഷിച്ചു പോയ അച്ഛന്മാരിൽ ചിലർ വീടും ചില സഹായങ്ങളും മറ്റും കുട്ടികൾക്ക് കിട്ടിയപ്പോൾ തിരിച്ചു വരികയുമുണ്ടായിട്ടുണ്ട്. എല്ലാ അച്ഛന്മാരും ഇങ്ങനെയുള്ളവരാണ് എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. പലപ്പോഴും അമ്മമാരാണ് സ്വന്തം സന്തോഷങ്ങളും സുഖവും നഷ്ടപ്പെടുത്തി മക്കൾക്ക് വേണ്ടി ജീവിക്കുന്നതായി കാണുന്നത് .

ചെറുവത്തൂരുള്ള അഖിലയുടെ മകൾ അമൃത മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയാണ്. അ

മൃതയ്ക്ക് പതിനഞ്ച് വയസ്സാകും വരെ അവളുടെ അച്ഛനും കൂടെയുണ്ടായിരുന്നു. അഖില ഇതിനിട യിൽ ക്യാൻസർ രോഗബാധിതയായി. അമ്മയും മകളും രോഗികളായതോടെ അച്ഛനവരെ ഉപേക്ഷി ച്ചു പോയി. ജീവിക്കാൻ വഴിയില്ലാത്ത അവസ്ഥ യിൽ കുട്ടിയുടെ പെൻഷൻ കിട്ടുന്നതിനായി അ പേക്ഷിച്ചപ്പോഴാണ് അത് നേരത്തെ തന്നെ വാങ്ങി ച്ചെടുത്താണ് അമൃതയുടെ അച്ഛൻ കടന്നു കള ഞ്ഞത് എന്ന് അറിയാൻ കഴിഞ്ഞത്. കേസിനു പോ കാനുള്ള സാഹചര്യം അപ്പോൾ ഉണ്ടായിരുന്നില്ല . ഇപ്പോൾ പലരുടേയും സഹായത്താൽ മകളുടെ പെൻഷൻ അഖിലക്ക് തന്നെ കിട്ടുന്നുണ്ട്. അഖി ലയുടെ അമ്മയും അഖിലയും ഇരുപത്തഞ്ചു വ യസ്സായ അവരുടെ മകളുമടങ്ങുന്ന കുടുംബത്തി ന്റെ ഏക വരുമാനം എൻഡോസൾഫാൻ രോഗ ബാധിതർക്കു കിട്ടുന്ന പെൻഷനാണ്.

നളിനി കിഴക്കിൻകര എന്ന സ്ത്രീയുടെ ഭർ ത്താവ്, ഇളയ മകൾ ധന്യക്ക് ഒരുവയസ്സുള്ള പ്പോൾ, അവരെ ഉപേക്ഷിച്ച് പോയതാണ്. ഇപ്പോൾ ഇരുപത്തട്ടു വയസ്സുള്ള ധന്യ ശാരീരിക മാനസി ക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടിയാണ്. അവളെ ഉപേക്ഷിച്ചു പോയ അച്ഛൻ ഇന്ന് ജീവി ച്ചിരിപ്പില്ല. മൂത്ത മകളും ഭർത്താവും സഹായി ക്കുന്നുണ്ട് എന്ന ആശ്വാസം നളിനിക്കുണ്ട്. പ്രാ യമായ അമ്മക്കും രോഗിയായ മകൾക്കുമൊപ്പം താ മസിക്കുന്ന നളിനിക്കും എൻഡോസൾഫാൻ രോ ഗബാധിതർക്കു കിട്ടുന്ന പെൻഷനല്ലാതെ മറ്റ് വ രുമാനമൊന്നുമില്ല.

അഞ്ജലിയേയും അവളുടെ അച്ഛൻ രണ്ട് വ യസ്സിൽ ഉപേക്ഷിച്ചു പോയതാണ്. ഇപ്പോഴവൾക്ക് ഇരുപത് വയസ്സായി .രാജേശ്വരി എന്ന അവളുടെ അമ്മ ഓട്ടിസം ബാധിച്ച മകളെയും കൊണ്ട് ത നിച്ച് കഷ്ടപ്പെടുന്നു. രാജേശ്വരിയുടെ കൂടെയുള്ള ത് അവരുടെ എൺപത്തഞ്ച് വയസ്സായ അമ്മയാ ണ്. അമ്മ മകളുടെ കാര്യങ്ങൾ നോക്കാൻ സഹാ യിച്ചിരുന്നപ്പോൾ രാജേശ്വരിക്ക് കുറച്ച് സമാധാന മുണ്ടായിരുന്നു. പ്രായമായതോടെ അമ്മയുടെ കാ ര്യങ്ങളും അവർ തന്നെ നോക്കേണ്ടി വരുന്നു. ഓ ട്ടിസം ബാധിച്ച അഞ്ജലിയെ നിയന്ത്രിക്കുക പ ലപ്പോഴും ബുദ്ധിമുട്ടാണ് എന്ന് അവർ പറയുന്നു. പുറത്തൊക്കെ ഒന്നിറങ്ങി വന്നാൽ അവൾക്ക് വള രെ സന്തോഷമാവുമെങ്കിലും സ്വന്തമായി സ്ഥല മൊന്നുമില്ലാത്തതിനാൽ അവളെ വീടിനുള്ളിൽ ത ന്നെ അടച്ചിട്ട് നോക്കേണ്ടി വരുന്നു. രോഗിയായ അമ്മക്കും മകൾക്കുമൊപ്പം താമസിച്ച് താനും രോ ഗിയെപ്പോലായെന്നും മനസ്സിന് ഒരു സന്തോഷവു മില്ലെന്നും രാജേശ്വരി പറയുന്നു.

വീടിനു പുറത്തുള്ള ലോകത്ത് ചെറുപ്പം മുതൽ കൂടുതൽ ഇടപെടാൻ അവസരമുണ്ടാകുന്നത് പു രുഷന്മാർക്കാണ് എന്നതിനാൽ കൂടുതൽ സാമൂ ഹ്യബോധമുള്ളവരും സഹായ മനസ്ഥിതി ഉള്ള വരും പുരുഷന്മാരാണ് എന്നാണ് പൊതുബോധം. എന്നാൽ കുടുംബാംഗങ്ങളുടെ സന്തോഷത്തിനോ ആരോഗ്യത്തിനോ സമാധാനത്തിനോ വേണ്ടി ത ങ്ങളുടെ സന്തോഷവും ഭാവിയും ഒന്നും നഷ്ടപ്പെ ടുത്താൻ പുരുഷന്മാർ തയ്യാറല്ല എന്നതാണ് എൻ ഡോസൾഫാൻ ദുരിതമനുഭവിക്കുന്ന പല കുടും ബങ്ങളിലും കാണുന്നത്. പ്രായമായവരുടേയും രോ ഗികളുടേയും പരിചരണം കുടുംബങ്ങളിൽ സാ ധാരണയായി തന്നെ സ്ത്രീയുടെ ഉത്തരവാദിത്ത മായിട്ടാണ് കണക്കാക്കുന്നത് . കുടുംബത്തിന്റെ നിലനിൽപ്പിനും കുടുംബാംഗങ്ങളുടെ സന്തോഷ ത്തിനും വേണ്ടി സ്വന്തം സുഖങ്ങളിലും സന്തോ ഷങ്ങളിലുമുള്ള വിട്ടുവീഴ്ച്ച സമൂഹം സ്ത്രീയിൽ നിന്നാവശ്യപ്പെടുന്നുണ്ട്.

അംഗവൈകല്യമുള്ളവരേയും മാനസിക വളർ ച്ചയില്ലാത്തവരേയും പരിചരിക്കാൻ വീട്ടിലെ മുതിർ ന്ന സ്ത്രീകളുടെ മുഴുവൻ ശ്രദ്ധയും സമയവും വേണ്ടി വന്നേക്കാം. ഇതോടൊപ്പം പുറത്ത് പോ യി ജോലി ചെയ്യേണ്ടി വരുക , വീട്ടിലെ ചിലവു കൾക്കുള്ള പണം കൂടി കണ്ടെത്തുക ഇവയൊ ക്കെ സ്ത്രീകൾക്ക് അസാധ്യമായി തീരുന്നു. എൻ ഡോസൾഫാൻ ദുരിതബാധിരായ കുട്ടികളേയും കൊണ്ട് ജോലിയും കൂലിയുമില്ലാതെ, ഭർത്താവി ന്റെ പിന്തുണയോ സഹായമോ ഇല്ലാതെ കഷ്ടപ്പെ ടുന്ന പല സ്ത്രീകളെയും നമുക്ക് കാസർഗോട്ടെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങ ളിൽ കാണാം. ഈ സ്ത്രീകളിൽ പലർക്കുമൊ പ്പം കൂട്ടിനുള്ളതും അവരുടെ അമ്മമാരാണ്. പ്രാ യമാകുന്നതോടെ ഈ അമ്മമാരുടെ കാര്യങ്ങളും സ്ത്രീകൾ തന്നെ നോക്കേണ്ടി വരുന്നു. വിവാഹ ബന്ധം വേണ്ടെന്ന് വെച്ച് പോയ ആണുങ്ങൾ ത ന്നെ അവരുടെ അനാരോഗ്യാവസ്ഥയിലോ പ്രായ മാകുന്നതോടെയോ വീടുകളിലേക്ക് തിരിച്ചു വരാൻ താല്പര്യപ്പെടുന്നതും കാണാവുന്നതാണ്. വർഷ ങ്ങളായി അകന്നിരിക്കുന്നവരെ പ്രായമാകുമ്പോൾ നോക്കാനാരെങ്കിലും വേണ്ടേ എന്ന് പറഞ്ഞ് കൂ ട്ടിച്ചേർക്കാൻ ശ്രമിക്കുമ്പോഴും വാസ്തവത്തിൽ സ് ത്രീകൾക്ക് കൂടുതൽ ബാധ്യതകൾ മാത്രമാണ് ഉ ണ്ടാവുന്നത്. ആരോഗ്യാവസ്ഥയിൽ കുടുംബത്തെ സഹായിക്കാത്ത പുരുഷനെ വാർദ്ധക്യാവസ്ഥ യിൽ വീട്ടിലേക്ക് കൊണ്ടുവന്ന് അവൾ പരിചരി ക്കേണ്ടി വരുന്നു. വീടിനു പുറത്തൊരു ലോകമോ മറ്റ് സന്തോഷങ്ങൾക്കുള്ള സാധ്യതയോ ഇല്ലാത്ത സ്ത്രീകൾക്ക്, ശാരീരിക മാനസിക ബുദ്ധിമുട്ടുക ളനുഭവിക്കുന്നവരെ നിരന്തരമായി കണ്ടും പരിച രിച്ചും ജീവിക്കേണ്ടി വരുമ്പോൾ , മാനസികാരോ ഗ്യത്തോടെ തുടരുക എന്നതു പോലും ബുദ്ധിമു ട്ടാണ്. ആരോഗ്യാവസ്ഥയിലുള്ള സ്ത്രീകൾ പോ ലും അനാരോഗ്യകരമായ സാഹചര്യങ്ങളിൽ സ്ഥി രമായി തുടരേണ്ടി വരുമ്പോൾ പെട്ടെന്ന് രോഗിക ളും വൃദ്ധരുമായി മാറുന്നു. അച്ഛന്മാർ സ്വന്തം സു ഖം തേടി പോകുമ്പോഴും വിപരീത സാഹചര്യ ങ്ങളെ നിരന്തരം നേരിട്ട് മക്കൾക്കായി നിലനിൽ ക്കുന്ന ഈ അമ്മമാരുടെ കരുണയാണ് എൻഡോ സൾഫാൻ ദുരിതബാധിതരായ കുട്ടികളെ ജീവി പ്പിക്കുന്നത്.

ചർച്ചാവിഷയം



പ്രസീതകുമാരി
ടീച്ചർ
സാമൂഹ്യ പ്രവർത്തക

# എയിംസ് വരുന്നതും കാത്ത്...

കുഞ്ഞുങ്ങൾ ഒരു രാഷ്ട്രത്തിന്റെ ഭാവി വാഗ്ദാനങ്ങളാണ്. ഓരോ മാതാപിതാക്കളുടേയും പ്രതീക്ഷയാണ് അവരുടെ കുട്ടികൾ. എല്ലാവരും സ്വന്തം മക്കളിൽ കാണുന്ന സ്വപ്നങ്ങൾ പോലെ കാസർഗോഡിലെ മാതാപിതാക്കൾക്കും ഉണ്ടായിരുന്നു സ്വപ്നങ്ങൾ. പക്ഷെ അവരുടെ സ്വപ്നങ്ങൾ 88ന് ശേഷം എൻഡോസൾഫാൻ തളിച്ചതോടുകൂടി കരിഞ്ഞുപോയി . ഇവിടെ ഇങ്ങ് വടക്ക് കാസർഗോഡ് കുറെ പേർ തങ്ങളുടെ കുട്ടികൾ വലുതായിട്ടും പറക്കമുറ്റാത്തതിനാൽ കഷ്ടപ്പെടുകയാണ്. അവരുടെ ഒരേ ഒരു വിഷമം ഞാൻ ഇല്ലാതാവുംമുമ്പ്എന്റെ ഈ കുട്ടി ഭൂമിയിൽ നിന്ന് ഇല്ലാതാവണം എന്നാണ്. അത്രയും തീവ്രമാണിവിടത്തെ അവസ്ഥ . കൊറോണ എന്നമഹാമാരി വന്ന് എല്ലാം അടച്ചിട്ടപ്പോൾ ഇങ്ങ് മംഗലാപുരവും കാസർഗോഡുകാരുടെ മുമ്പിൽ അടഞ്ഞു. അങ്ങനെ ആയപ്പോൾ പൊലിഞ്ഞില്ലാതായത് ഇരുപത്തിരണ്ടോളം കുരുന്ന്ജീവനുകളായിരുന്നു.



ഒരുപാട് കടമ്പകൾ കടന്നു വേണം എൻഡോസൾഫാൻ ലിസ്റ്റിൽ കുട്ടിയെ ഒന്നുൾപ്പെടുത്തി കിട്ടാൻ . ക്യാമ്പിലെ പരിശോധന വെച്ച് ഡോക്ടർമാരുടെ അപ്പഴത്തെ മാനസികാവസ്ഥയിൽ ലിസ്റ്റിൽ ഉൾപ്പെടുവാൻ കഴിഞ്ഞാൽ ഇരകളുടെ ഭാഗ്യം . ആ കടമ്പ കടന്നാൽ തന്നെ സൗജന്യചികിത്സക്കു വേണ്ടി ഹോസ്പിറ്റലുകാരുടെ അവഹേളനം സഹിക്കേണ്ടിവരും. ചികിത്സ സൗജന്യമാക്കിക്കിട്ടാൻ കാഞ്ഞങ്ങാട് D.P.M ന്റെ കത്ത് വേണം കുട്ടി ലിസ്റ്റിൽഉൾപ്പെട്ടതാണെന്നും ചികിത്സക്ക് ആനുകൂല്യം നൽകണം എന്നും അറിയിക്കാൻ . റംലയെ ഞാൻ പരിചയപ്പെടുന്നത് കഴിഞ്ഞ ഓണക്കാലത്ത് എൻഡോസൾഫാൻ പീഡിത മുന്നണി കാസർഗോഡ് നടത്തിയ സമരപ്പന്തലിൽ വെച്ചാണ് . പിന്നീട് തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ സമരം നയിക്കാൻ ഒന്നിച്ചുണ്ടായിരുന്നു. മുടങ്ങിക്കിടന്ന തുച്ഛമായ പെൻഷൻ തുക ലഭിക്കാൻ, ലിസ്റ്റിൽ ഉൾപ്പെടാത്തവരെ അതിൽ ഉൾപ്പെടുത്താൻ, മുടങ്ങിക്കിടന്ന സെൽ മീറ്റിങ്ങ് വിളിച്ചു ചേർക്കാൻ , കാസർഗോഡ് ഒരു ന്യൂറോളജിസ്റ്റിനെ നിയമിക്കാൻ , എത്ര മുറവിളി കൂട്ടണം ഇനിയും ഇതൊക്കെ നടപ്പിലാവാൻ റംലയുടെ രണ്ടാമത്തെ കുട്ടിയായിരുന്നു മരിച്ച നാലു വയസ്സുകാരി ഫാത്തിമ. പ്രസവ സമയത്ത് ഞരമ്പിനു പ്രശ്നമായതിനാൽ മംഗലാപുരത്ത് പോയി ചികിത്സിച്ചു. അവിടെ ഐ.സി.യുവിൽ നാല് ലക്ഷം ചെലവായി. നാലു മാസത്തെ ചികിത്സക്കു ശേഷം കോഴിക്കോടുള്ള ശ്രീകുമാർ ഡോക്ടറുടെ

ചികിത്സ, ടെയിനിലാണ് കുട്ടിയെ കൊണ്ടുപോക്ക്. സാധാരണ കുട്ടി അല്ലാത്തതു കൊണ്ടു തന്നെ യാത്ര ബുദ്ധിമുട്ടായി. പക്ഷേ മരുന്നു മുടങ്ങിയാൽ കുട്ടിക്കുവരുന്ന അപസ്മാരത്തെ പേടിച്ച് രണ്ടര വയസ്സു വരെ ബുദ്ധിമുട്ട് സഹിച്ചു കൊണ്ടുപോയി. പിന്നീട് കാഞ്ഞങ്ങാട്ടെ ചികിത്സ. മരുന്ന് പഴയതു തന്നെ. കുട്ടിക്ക് രാത്രി ഉറക്കമില്ല. ഓരോ മാസത്തിലും പനി. അപ്പോഴൊക്കെ അരിമല ഹോസ്പിറ്റലിലേക്ക്. 2019 സെപ്റ്റംബർ 15 ന് നാല് വയസ്സ് തികയുന്ന മകൾക്ക് ആഗസ്ത് 26 ന് അസുഖം കൂടി. ഐസിയുവിലാക്കി. അവിടെ നിന്ന് ഡോക്ടർ കയ്യൊഴിഞ്ഞു. തിരുവനന്തപുരത്തേക്കോ, മംഗലാപുരത്തേക്കോ കൊണ്ടുപോകാൻ പറഞ്ഞു. കുറച്ചു മാറ്റം വന്നപ്പോ റൂമിലേക്ക് മാറ്റി. പിന്നീട് രോഗം മൂർഛിച്ച് മരണപ്പെട്ടു. കൂലിപ്പണിക്കാരനായ ഭർത്താവ് എന്നും റംലയുടെ സഹായത്തിന് താങ്ങായുണ്ടായിരുന്നു. കുട്ടിയുടെ ഓരോ മരുന്നിനും നാനൂറ്റിഅമ്പത് രൂപ വിലവരും. കുറച്ചൊക്കെ കുട്ടിയെ കാണാൻ വരുന്ന ബന്ധുക്കൾ നൽകും . കുഞ്ഞ് മരിക്കുന്നതിന് ആറു മാസം മുമ്പ് എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെട്ടു. പക്ഷേ ആനുകൂല്യം ഒന്നും കിട്ടാതെ അവൾ മരണത്തിനു കീഴടങ്ങി. ഇന്നലെ ഞാൻ പോയത്, അമയ എന്ന കൊച്ചു മിടുക്കിയുടെ വീട്ടിലേക്കാണ്. അവളുടെ ആ തിളങ്ങുന്ന ചിരി ഇനി കാണാൻ പറ്റില്ല. അന്ന് എയിംസ് കാസർഗോഡിന് വേണം എന്ന സമരവുമായി തിരുവനന്തപുരത്ത് പോയി വരവേ ആ കൊച്ചു സുന്ദരിക്കുട്ടിയെ ഞാൻ ടെയിനിൽ വെച്ച് പരിചയപ്പെട്ടു. എന്ത് ഉത്സാഹത്തോടെയാണെന്നോ ആ അഞ്ച് വയസ്സുകാരി പാട്ടു പാടിയത്.

അമ്മയെക്കുറിച്ച് സംസാരിച്ചത് ! എല്ലാത്തിനു മൊടുവിൽ അവൾക്ക് ഞങ്ങളുടെ കയ്യടി വേണമായിരുന്നു. മനു – സുമിത്ര ദമ്പതികളുടെ ഏകമകളായ അമയ 2019 ൽ ക്യാമ്പിൽ രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ ന്യൂറോ വിഭാഗത്തിൽ പെട്ട തല വളരുന്ന തരം രോഗമായിട്ടു പോലും പട്ടികയിൽപെടുത്താൻ സർക്കാരിനു കഴിഞ്ഞില്ല. ശനിയാഴ്ച നീരോടുകൂടിയ പല്ലുവേദന വന്നു. അമ്പലത്തറ മുക്കുഴി സ്വദേശിയായ കുഞ്ഞാറ്റയെന്ന അമയയെ എണ്ണപ്പാറ പി.എച്ച്.സി യിൽ പോയി മരുന്ന് നൽകി. ജില്ലാ ആശുപത്രിയിൽ പോയി രക്ത പരിശോധന കഴിഞ്ഞ് വീട്ടിലെത്തിയ കുട്ടി പാട്ടും കളിയും തുടങ്ങുന്നതിനിടെ കുഴഞ്ഞു വീഴുകയായിരുന്നു. ഉടനെ ജില്ലാ ആശുപത്രിയിലെത്തിച്ചുവെങ്കിലും രക്ഷിക്കാനായില്ല. തലയിൽ രക്തം കട്ട പിടിച്ചതാണെന്നും, വൃക്കകൾ തകരാറിലായിരുന്നു എന്നുമുള്ള വിശദീകരണം മാത്രം. ഡോക്ടർമാർക്ക്

മണിക്കൂറുകളോളം പരിശോധിച്ചിട്ടും കാരണം കണ്ടെത്താൻ കഴിഞ്ഞില്ല. ആറു മാസംമുമ്പ് കുഞ്ഞിനെ ശ്രീചിത്രയിൽ ഏതാനും മനുഷ്യസ്നേഹികളുടെ സഹായത്തോടെ എത്തിച്ച് ചികിത്സിച്ചിരുന്നു. പൈസ കടം വാങ്ങിയും ഏറെ സാമ്പത്തിക ബുദ്ധിമുട്ടുകൾ സഹിച്ചുമാണ്

ഇവർ മകളെ ചികിത്സിച്ചത്. ദുരിത ബാധിതരുടെ പട്ടികയിൽ പെടാത്തതിനാൽ ചികിത്സാസഹായം സർക്കാർ നൽകിയിരുന്നില്ല. നാലു വർഷമായി മെഡിക്കൽക്യാമ്പ് നടക്കുന്നില്ല. പിന്നെ എങ്ങനെ കുഞ്ഞാറ്റയെ പോലെയുള്ള കുഞ്ഞുങ്ങൾ തിരഞ്ഞെടുക്കപ്പെടും?

കാസർഗോഡ് പെരിയ മഹാത്മ ബഡ്സ് സ്കൂളിലെ വിദ്യാർഥിയായിരുന്നു അൻവാസ്. കടുത്ത വയറു വേദനയും ഛർദ്ദിയും അനുഭവപ്പെട്ട അൻവാസിനെ 2018 ജൂൺ 15 ന് രാവിലെയാണ് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അൻവാസിന്റെ രക്തപരിശോധന റിപ്പോർട്ട് കിട്ടാൻ വൈകുന്നേരം വരെ കാത്തു നിൽക്കേണ്ടി വന്നു. ഇതിനു ശേഷമാണ് ഡോക്ടർമാർ വിദഗ്ധചികിത്സക്ക് പരിയാരം മെഡിക്കൽ കോളജിലേക്ക് മാറ്റാൻ നിർദ്ദേശിച്ചത്. എന്നാൽ അവിടെ എത്തുമ്പോഴേക്കും അൻവാസ് മരിച്ചിരുന്നു. എൻഡോ സൾഫാൻ ഇ



രകളുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള നിരന്തര സമരങ്ങളിലെ മുന്നണിപ്പോരാളി കൂടിയായ അൻവാസ് മുൻനിര രാഷ്ട്രീയ സിനിമാ നേതാക്കളുടെയൊക്കെ ഉറ്റ ചങ്ങാതി കൂടിയായിരുന്നു.

കാഞ്ഞങ്ങാട് തൈക്കടപ്പുറം വാടക വീട്ടിൽ താമസിച്ചിരുന്ന ഇസ്മായിൽ പ്രതിസന്ധികളോടും രോഗത്തോടും നിരന്തരം പൊരുതി കഴിഞ്ഞ ദിവസം മരണത്തിന് കീഴടങ്ങി. എൻഡോസൾഫാൻ ദുരിത ബാധിതനായിരിക്കെ രണ്ടര വർഷം മുമ്പാണ് വൃക്കരോഗം പിടികൂടിയത്. കാഴ്ചക്കുറവുള്ള ഇസ്മായിൽ ബാലൻസ് തെറ്റുന്ന രീതിയിലായിരുന്നു. മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിലെ സൗജന്യ ചികിത്സ ഇടക്കു വെച്ചു നിലച്ചു. എൻഡോസൾഫാൻ പീഡിത ജനകീയമുന്നണി നേതാക്കൾ ഡെപ്യൂട്ടി കലക്ടറെ കണ്ട് ആവശ്യ

ങ്ങളുന്നയിച്ചപ്പോഴാണ് വീണ്ടും സൗജന്യ ചികിത്സ ലഭിച്ചത്. റോട്ടറി സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥിയായിരുന്ന ഇസ്മായിലിന് കിഡ്നി സംബന്ധമായ അസുഖം മൂർച്ചിച്ചാണ് മരണമടഞ്ഞത്.

ഇരിയ സായ് ഗ്രാമത്തിൽ താമസിക്കുന്ന നളിനിയുടെ ഇരുപത് വയസ്സുള്ള മായ മോൾ 2021 ജൂൺ 8 നാണ് മരണമടഞ്ഞത്. 2005 – 06 – 07 കാലഘട്ടങ്ങളിൽ മംഗലാപുരത്ത് ചികിത്സിക്കുകയും ചികിത്സച്ചലവ് താങ്ങാനാകാതെ പിന്നീട് കാഞ്ഞങ്ങാട് നന്ദകുമാർ ഡോക്ടറുടെ ചികിത്സയിൽ തുടരുകയും ചെയ്ത കുട്ടിക്ക് ഒരു ദിവസം തന്നെ രണ്ടിലധികം ഡയപ്പർ മാറ്റേണ്ട അവസ്ഥ. കുട്ടിക്ക് മൂന്ന് മാസമായപ്പോഴേക്കും ഉപേക്ഷിച്ചു പോയ ഭർത്താവുമായി ഡിവോഴ്സ് ആയ  നളിനി ഇപ്പോൾ ഒറ്റക്കായിരിക്കുന്നു. കുഞ്ഞിന് അവസാന കാലങ്ങളിൽ വയർ വീർക്കുകയും പുറത്ത് പോയ്ക്കൊണ്ടിരിക്കുകയും ചെയ്തു. കേശവൻ പോറ്റി ഡോക്ടറായിരുന്നു അവസാന സമയത്ത് കുട്ടിയെ ചികിത്സിച്ചിരുന്നത്. എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടിയെ ചികിത്സിക്കാൻ തന്നെ വലിയ ബുദ്ധിമുട്ടായിരുന്നു.

2018 മെയ് 26 ന് ഇരുപത്തിരണ്ടാമത്തെ വയസ്സിൽ മരിച്ച ശ്രീതുവിന്റെ അമ്മ പ്രസന്നക്ക് മുപ്പത്തിഒന്ന് വയസ്സുകാരിയായ പ്രജിത എന്ന എൻഡോസൾഫാൻ ബാധിതയായ മോളെ വിട്ട് എവിടെയും പോകാൻ പറ്റാത്ത അവസ്ഥ. സംസാരിക്കാത്ത പ്രജിത സ്വന്തം കാര്യങ്ങളൊന്നും ചെയ്യില്ല. അമ്മ പ്രസന്ന പെരിയയിലെ ക്യാമ്പിൽ മാസത്തിൽ എല്ലാ ചൊവ്വാഴ്ചകളിൽ പോയി  മരുന്ന് വാങ്ങും. മീനാപ്പീസിൽ പുറംപോക്കിൽ താമസിക്കുന്ന ഇവർ മത്സ്യത്തൊഴിലാളികളാണ്. മരിച്ച ശേഷം ലിസ്റ്റിൽ വന്ന ശ്രീതു എല്ലാം കിടന്നകിടപ്പിലായിരുന്നു ചെയ്തിരുന്നത്. 2014 – 17 ലെ ക്യാമ്പിൽ പോയെങ്കിലും പ്രജിതയെ ലിസ്റ്റിൽ  ഉൾപ്പെടുത്തിയിട്ടില്ല. മരണ സമയത്ത് ശ്രീതുവിനെ പത്മനാഭൻ ഡോക്ടറും പ്രഭാകരൻ ഡോക്ടറുമാണ് നോക്കിയിരുന്നത്. രോഗം മൂർച്ഛിച്ചെങ്കിലും വിദഗ്ധ ചികിത്സ നൽകാൻ അവർക്കും കഴിഞ്ഞില്ല.





ഇതുപോലെ വേറെയും കുട്ടികൾ. മരണം തുടർക്കഥയായിരിക്കയാണ് ഇവിടങ്ങളിൽ. എല്ലാ കേസുകളിലും നമുക്ക് കാണാൻ കഴിയുന്നത് വിദഗ്ധ പരിശോധന നടത്തിയിട്ടും രോഗം നിർണ്ണയിക്കാൻ പറ്റാത്ത അവസ്ഥ. കുട്ടികളിൽ ന്യൂറോണുകളെ ബാധിക്കുന്ന രോഗം നിർണ്ണയിക്കാൻ നല്ലൊരു ന്യൂറോളജിസ്റ്റു ഇവിടെ വേണം. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കാസർഗോഡിലെ പീഡിത ജനവിഭാഗത്തിന് വെറും വാഗ്ദാനപ്പെരുമഴ മാത്രമാണ് തുടർന്ന് വരുന്ന ഭരണാധികാരികൾ നൽകുന്നത്. ലാഭക്കൊതിയൻമാരായ രാഷ്ട്രീയക്കാർ കോടികൾ ലാഭം തരുന്ന എൻഡോസൾഫാൻ ലോബികളുടെ കൂടെ നിൽക്കും. കെ. റെയിൽ പോലുള്ള വൻകിട മുതലാളിമാർക്ക് ഒത്താശചെയ്യും .... കൊന്നതാണ് ... ഭരണകൂടത്തിന്റെ ഭീകരത ....

ഭീകരതക്കെതിരെ നമുക്കൊരുമിച്ച് നിന്നു പോരാടാം. ഇരകൾക്കൊപ്പം നമുക്കും ഉറക്കെ പ്രഖ്യാപിക്കാം.  എയിംസ് വേണം കാസർഗോഡിന്.



ചർച്ചാവിഷയം



**ശരണ്യ എം.ചാരു**
സ്വതന്ത്ര അന്വേഷക പത്രപ്രവർത്തക, മുൻപ്രതിനിധി, *ഡൂൾ ന്യൂസ്*

# എൻമഗജേയിലെ ശീലാബതി....

ശീലാബതി പോയിട്ട് മൂന്ന് വർഷം കഴിയുന്നു. അടക്കം ചെയ്ത മണ്ണിൽ നട്ട ഞാവൽ മരം രണ്ടാൾ പൊക്കത്തിൽ വളർന്നിട്ടുണ്ട്. ചുറ്റിലും കാടാണ്. മരിയ്ക്കും വരെ അവൾ കഴിഞ്ഞ വീട്ടിൽ അമ്മ ഇപ്പോഴും ബാക്കി ഉണ്ട്. 86 വയസ്സായി. ഒരായുസ്സ് മുഴുവൻ മകൾക്ക് വേണ്ടി ജീവിച്ച അമ്മ. കണ്ണ് കാണില്ല. തീരെ വയ്യാതായിരിക്കുന്നു. ശോഷിച്ചുണങ്ങി, മെലിഞ്ഞൊട്ടിയ ഒരു രൂപം. ഉമ്മറപ്പടിയിൽ ശീലാപതിയുടെ രണ്ട് ഫോട്ടോകൾ ഉണ്ട്. ഒന്നിൽ മാലയിട്ടിരിക്കുന്നു. തൊണ്ടക്കുഴിയിൽ നിന്ന് ഒരു വാക്ക് പോലും പുറത്തേക്ക് വരാത്ത നിസ്സഹായത തോന്നും ആ വീട്ടിൽ പോകുമ്പോ. റോഡിൽ നിന്ന് മാറി ഒരു കുന്നിൻ ചെരുവിൽ, സൂക്ഷിച്ചു നടന്നില്ലേൽ താഴെ വീഴുമെന്ന വിധം ഒരു വഴി. കാടിനുള്ളിൽ ഒരു കുഞ്ഞു വീട്. ശീലാപതിയുടെ വീട് .

എന്താണ് അവളെ പറ്റി ആ അമ്മയോട് ചോദിക്കേണ്ടത്? അവർക്ക് വേദനിക്കുമോ? അവർ സങ്കടപ്പെടുമോ? കരഞ്ഞു പോകുമോ? ഒരായിരം ചോദ്യങ്ങൾ മനസ്സിലൂടെ ഓടി. എവിടെ തുടങ്ങണം? എവിടെ അവസാനിപ്പിക്കണം? ഒരായിരം വട്ടം പറഞ്ഞ കാര്യങ്ങൾ വീണ്ടും ചോദിച്ചു പറയിപ്പിക്കണോ? ഇത്രയും വർഷങ്ങൾ കഴിഞ്ഞില്ലേ, ഒരുപക്ഷേ പ്രായം തളർത്തിയ ആ ശരീരം പഴയതൊക്കെയും മറന്ന് കാണുമോ? ഹേയ്... ഇല്ല. ഒരായുസ്സു മുഴുവൻ മകൾക്ക് വേണ്ടി മാറ്റി വച്ച അമ്മയാണ്. അവർ ഒരിക്കലും അവളെ, അവരുടെ എല്ലാമായിരുന്ന മകൾ ശീലാവതിയെ അവർ മറക്കില്ല. ജീവന്റെ അവസാന ശ്വാസത്തിലും അവർ അവളെ ഓർക്കും. അത് കൊണ്ട് ചോദിക്കാം, മറന്നതല്ലേ ഓർമ്മിപ്പിക്കാൻ പാടില്ലാത്തതായിട്ടുള്ളൂ. അവളെ മറന്നിട്ട് ഒരു ജീവിതം സാധ്യമല്ലാത്ത ഒരമ്മയോട് എന്തും ചോദിക്കാം. ഞാൻ സ്വയം പറഞ്ഞു.

എട്ട് വയസ്സായിരുന്നു അന്ന് ശീലാപതിക്ക്. 3 ആം ക്ലാസിലേക്ക് കയറ്റം കിട്ടി സ്കൂളിലേക്ക് പോയി തുടങ്ങിയ നാളുകളാണ്. പതിവ് പോലെ വീട്ടിൽ നിന്നും സ്കൂളിലേക്ക് പോയതായിരുന്നു അന്നും. വഴിയിൽ തല കറങ്ങി വീണു. ആരൊക്കെയോ എടുത്ത് കൊണ്ട് വന്ന് വീട്ടിലെ തറയിൽ ഒരു പാ വിരിച്ചു കിടത്തി. പിന്നെ എഴുന്നേറ്റിട്ടില്ല. നീണ്ട 32 വർഷങ്ങൾ ഒരേ കിടത്തം. എല്ലുകൾ വളഞ്ഞു. കൈകാലുകൾ ശോഷിച്ചു. വളർച്ച മുരടിച്ചു.

പുല്ലുമേഞ്ഞൊരു ഒറ്റമുറി കുടിലാണ് അന്ന് എൻമഗജേയിലെ ശീലാപതിയുടെ വീട്. ചാണകം മെഴുകിയ നിലം. തറയിൽ ഒരു കീറ പായിൽ അവൾ ചുരുണ്ടു കൂടി കിടന്നു. പായയോട് ചേർന്ന് ഒരു കുഞ്ഞു കത്തി എന്നും വയ്ക്കുമായിരുന്നു എന്ന് ഞങ്ങളുടെ കൂടെ വന്ന കൃഷ്ണേട്ടൻ പറഞ്ഞു. എല്ലുകൾ വളഞ്ഞു പോയ വിരലുകൾ കൊണ്ട് അവൾക്കത് എടുത്തു പൊക്കാൻ പോലും സാധിക്കുമായിരുന്നില്ല. എങ്കിലും അരികിൽ വയ്ക്കും. അതൊരു വിശ്വാസമാണ്, ഇരുമ്പരികിൽ വച്ചാൽ പ്രേതം വരില്ല പോലും. പേടി തോന്നില്ല പോലും.

അമ്മ ജോലിക്ക് പോകുന്ന ദിവസങ്ങളിൽ ശീലാപതി കിടക്കുന്നതിന് സമീപം ഒരു കയറ് കെട്ടി വീട്ടിലെ കുഞ്ഞു പൂച്ചക്കുട്ടിയെ അതിൽ കെട്ടിയിടുകയും ചെയ്യും. ചുറ്റിലും കാടാണ്, വല്ല ഇഴജന്തുക്കളും വന്ന് അവളെ ഉപദ്രവിക്കാൻ നോക്കിയാലോ. പൂച്ച ഉണ്ടെങ്കിൽ അവ പേടിച്ചു തിരികെ പോകുമല്ലോ.

ഇന്ന് ഇത്തിരി കൂടി സൗകര്യമുള്ളൊരു ഒറ്റമുറി വീടുണ്ട്. വീടെന്ന് പറഞ്ഞാൽ കയറിക്കിടക്കാൻ ഒരിടം എന്ന രീതിക്ക് 3 സെന്റ് സ്ഥലത്ത് ഡിവൈഎഫ്ഐ കെട്ടിക്കൊടുത്ത ഒരു കോൺക്രീറ്റ് വീട്. സൗകര്യങ്ങൾ ഒന്നുമില്ല, മര്യാദയ്ക്ക് വെളിച്ചം പോലുമില്ല. ശീലാപതി പോയതോടെ അമ്മ വല്ലാ



തെ തളർന്നു പോയിട്ടുണ്ട്. തീരെ വയ്യാതാവുകയും കാഴ്ച്ച ശക്തി തീരെ ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. അവൾ മരിക്കുവോളം കിടന്ന കട്ടിലിൽ അവരാണിപ്പോൾ കിടക്കുന്നത്. അമ്മ ദേവകിയുടെ അനിയത്തിയാണ് ഇപ്പൊ കൂടെ നിന്ന് പരിചരിക്കുന്നത്. മര്യാദയ്ക്ക് വെളിച്ചം പോലും ഇല്ലാത്ത ഒരു വീട്ടിൽ രണ്ട് ജന്മങ്ങൾ ജീവിക്കുന്നു. മുന്നിലും പിന്നിലും മറ്റ് രണ്ട് വശങ്ങളിലും നിറയെ കാട്, അതിനുള്ളിൽ തീരെ ചെറിയൊരു വീട്ടിൽ അവര് രണ്ട് പേരും മാത്രം. ശീലാബതിയെ അടക്കിയ സ്ഥലവും കാട് കയറി തന്നെ കിടപ്പാണ്. സംസാരിക്കാൻ വാക്കുകൾ കിട്ടാത്ത നിശബ്ദത തോന്നും അവിടെ ചെല്ലുമ്പോൾ. ആളനക്കം ഇല്ലാത്ത ഒരിടത്ത്, ചുറ്റും കാട് കയറി കിടക്കുന്നതിന് നടുവിൽ ഒരു കുഞ്ഞു വീട്. വീട്ടിലേക്ക് ചെല്ലാൻ നല്ലവഴിയോ റോഡോ പോലുമില്ല. കുഞ്ഞനൊരു ഒറ്റമുറി വീട്ടിൽ അവരും സഹോദരിയും മാത്രം. രണ്ടിൽ ആർക്കെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ, ഒന്ന് വയ്യാതായാൽ തൊട്ടടുത്ത ടൗണിലേക്ക് പോലും കിലോമീറ്ററുകളുടെ ദൂരമുണ്ട്. അവിടുന്ന് അത്ര തന്നെ ദൂരം ആശുപത്രികളിലേക്കും. നല്ല റോഡില്ല, ഉള്ള റോഡിലൂടെ ഓടാൻ വാഹനങ്ങൾ കിട്ടാനില്ല, എന്തിന് ഒന്ന് ഉറക്കെ നിലവിളിച്ചാൽ കേൾക്കാൻ ദൂരത്തിൽ അടുത്തെങ്ങും വീടുകൾ പോലുമില്ല.

ശീലാബതി ഉള്ളപ്പോഴും ഇത് തന്നെയോ ഇതിൽ കൂടുതലോ കഷ്ടമായിരിക്കില്ലേ ആ നാടിന്റെ, ഈ വീടിന്റെ അവസ്ഥയെന്ന് ഞാൻ ഓർത്തു. കിടന്ന കിടപ്പിൽ നിന്ന് സ്വന്തമായിട്ടൊന്ന് തിരിഞ്ഞോ മറിഞ്ഞോ പോലും കിടക്കാൻ കഴിയാതിരുന്ന മകളെ നീണ്ട 32 വർഷം ആ സാഹചര്യത്തിൽ നിന്ന് കൊണ്ട് നോക്കി സംരക്ഷിച്ച അമ്മയാണെന്റെ മുന്നിൽ ഇരിക്കുന്നതെന്നോർക്കുമ്പോൾ വല്ലാത്ത കുറ്റബോധവും നിരാശയും തോന്നി. മകൾക്ക് ഭക്ഷണം വാരി കൊടുത്തും, കുളിപ്പിച്ചും, മലവും മൂത്രവും വൃത്തിയാക്കിയും ഒരായുസ്സ് തീർത്ത അമ്മ. 'ഞാൻ ചാകുവോളം ഞാൻ നോക്കും, പിന്നെ ആര് നോക്കുമെന്ന്' ചോദിച്ചാകുലപ്പെട്ട അമ്മ. അവരിന്ന് തനിച്ചാണ്. അവർക്ക് മുന്നേ അവൾ പോയിരിക്കുന്നു.

വീടിനോട് ചേർന്ന് തൊട്ട് മുന്നിൽ ഒരു സുരങ്കയുണ്ട്. സുരങ്കയെന്നാൽ കുളം പോലെതോന്നുന്ന ഒരു വെള്ളക്കെട്ട്. കിണറുമല്ല, കുളവുമല്ല, രണ്ടിനും നടുവിലുള്ള എന്തോ ഒന്ന്. അതിൽ നിന്ന് തന്നെ ആണ് ഇപ്പോഴും കുടിക്കാനുള്ള വെള്ളം പോലുമെടുക്കുന്നതെന്ന് ശീലാബതിയുടെ അമ്മയുടെ അനിയത്തി പറഞ്ഞു. അന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ഹെലികോപ്റ്ററിൽ കൊണ്ട് വന്ന് കാശുമാവിന് തളിച്ച എൻഡോസൾഫാൻ ഈ വെള്ളത്തിൽ കലർന്നിരിക്കില്ലേ, ഒരു പക്ഷേ ഈ വെള്ളം കുടിച്ചിട്ടാകില്ലേ 8 വയസ്സുകാരി ശീലാബതി രോഗി ആയി മാറിയത്? കിടന്ന് പോയത്? ജീവിതത്തിന്റെ നിറവും ഭംഗിയും അവർക്ക് നഷ്ടപ്പെട്ടത്? ആ വെള്ളം തന്നെ ആണെന്നോ ഇപ്പോഴും എപ്പോഴും ഈ കുടുംബം കുടിക്കുന്നത്...!

ശീലാപതിയെ കൂടാതെ മറ്റൊരു മകൻ കൂടി ഉണ്ടായിരുന്നു അമ്മയ്ക്ക്. ശീലാബതിയെ പ്രസവിച്ചു രണ്ടോ മൂന്നോ വർഷം കഴിഞ്ഞപ്പോൾ മരിച്ചു പോയതാണ് കുട്ടികളുടെ അച്ഛൻ. പിന്നീട് അമ്മയായിരുന്നു ആ കുടുംബത്തിന്റെ എല്ലാം. ശീലാപതി രോഗിയായതോടെ ഏട്ടൻ മാനസികമായി കുടുംബവുമായി അകന്ന് പോയിരുന്നു. അദ്ദേഹത്തിന്റെ വിവാഹ ശേഷം പൂർണ്ണമായും മകന് അമ്മയുമായും പെങ്ങളുമായുമുള്ള ബന്ധം ഇല്ലാതായി. കാസർഗോഡിന്റെ സംസ്ക്കാരങ്ങൾ മറ്റ് ജില്ലകളിൽ നിന്ന് വ്യത്യസ്തമാണ്. വീട്ടിലെ പുരുഷന്മാർ വിവാഹം ചെയ്താൽ കല്യാണം കഴിച്ച പെൺകുട്ടികളുടെ വീട്ടിൽ അവർക്കൊപ്പമാണ് പി

ന്നീടുള്ള കാലം ജീവിക്കുക. ഇന്നിതിലൊക്കെ മാറ്റം വന്നിട്ടുണ്ട്. കണ്ണൂർ ജില്ലയിലേക്ക് വരുമ്പോൾ ഈ സിസ്റ്റം മുസ്‌ലിം സമുദായത്തിൽ ആണ് കണ്ട് വരുന്നത്. ശീലാബതിയുടെ ഏട്ടൻ വിവാഹം കഴിച്ചതോടെ ശീലാബതിയുമായും അമ്മയുമായുമുണ്ടായിരുന്ന നേരിയ അടുപ്പം പോലും ഇല്ലാതാവുകയും അയാൾ അയാളുടെ കുടുംബത്തോടൊപ്പം മറ്റെവിടെയോ ജീവിക്കുകയും ചെയ്തു. അമ്മയും മകളും മാത്രമുള്ള ഒരു ലോകത്തിലേക്ക് ശീലാപതിയും അമ്മയും ചുരുങ്ങി.

കാസർഗോഡ് അത്തരം നിരവധി കേസുകൾ ഉണ്ട്. രോഗബാധിതരായ ആളുകളുടെ മുഴുവൻ ഉത്തരവാദിത്വവും സ്ത്രീകളെ ഏൽപ്പിച്ചു നാട് വിടുന്ന പുരുഷന്മാർ. കുട്ടികൾക്ക് രോഗമാണെന്നറിഞ്ഞ ഉടൻ ഭാര്യമാരെ ഉപേക്ഷിക്കുകയും, വേറെ വിവാഹം കഴിച്ചു ജീവിക്കുകയും ചെയ്യുന്ന പുരുഷന്മാർ. അങ്ങനെ എത്രയോ പുരുഷൻമാരെ നമുക്കവിടെ കാണാം. പെറ്റ വയറിന് പക്ഷെ സ്വന്തം മക്കളെ ഉപേക്ഷിക്കാൻ വയ്യല്ലോ എന്ന ആത്മഗതതോടെ അമ്മമാർ കുട്ടികളുടെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുത്തു ജീവിതം ജീവിച്ചു തീർക്കും. രോഗികളായി ജനിക്കുന്ന കുട്ടികളുടെ ചികിത്സ, അവരുടെ സംരക്ഷണം, കുടുംബത്തിന്റെ ഉത്തരവാദിത്വം, ദൈനംദിന ചിലവ് തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടി കൂടിയുള്ള കഷ്ടപ്പാടാണ് പുരുഷന്മാർ ഇല്ലാത്ത വീടുകളിലെ സ്ത്രീകളുടെ പിന്നീടുള്ള ജീവിതം.

മരണം വരെ സംസാരിക്കുന്നതിന് ശീലാബതിക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ശരീരത്തിന്റെ വളർച്ച മുരടിച്ചു പോകുന്നതും, എല്ലുകൾ വളഞ്ഞു പോകുന്നതുമായിരുന്നു ശീലാബതിയുടെ രോഗം. എന്താണ് പെട്ടെന്ന് ഇത്തരം ഒരു അവസ്ഥയിലേക്ക് അവൾ എത്താൻ കാരണമെന്ന് കണ്ടെത്തുന്നതിന് തന്നെ വർഷങ്ങൾ വേണ്ടി വന്നിരുന്നു എന്നാണ് അമ്മ പറയുന്നത്. അന്ന് എന്റോസൾഫാൻ ആണ് ഇതിന് കാരണമെന്നോ ഇത്തരം നിരവധി കുട്ടികൾ വൈകല്യങ്ങളോടെ നാട്ടിൽ ഉണ്ടെന്നോ ഒന്നും അറിയില്ലായിരുന്നു. ജഡാദാരിയുടെ ശാപം എന്നെ കരുതിയുള്ളൂ. ശീലാപതി വീണ് പോയിട്ടും വർഷങ്ങൾ കഴിഞ്ഞാണ് കാരണം കണ്ടെത്തുന്നതും അത് നിരോധിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതുമെല്ലാം. എട്ടാം വയസ്സിൽ കിടന്ന പോയ കുട്ടി പിന്നീട് 32 വർഷങ്ങൾ ഒരേ കിടപ്പ് തുടർന്ന് ഒടുക്കം മൂന്ന് വർഷം മുൻപ്, 40 ആം വയസ്സിൽ ലോകത്തോട് യാത്ര പറഞ്ഞു. ചെറിയൊരു പനി ആയിരുന്നു തുടക്കം. അത് പിന്നീട് കൂടി കൂടി വന്നു. മരുന്നുകളോട് ഒന്നും ശരീരം പ്രതികരിച്ചില്ല. അവള് പോയി. വേദനകൾ ഇല്ലാത്ത വിശാലമായ ലോകത്തേക്ക്.

ശീലാബതിയുമൊത്തുള്ള ജീവിതം അത്രമേൽ എളുപ്പമായിരുന്നില്ല അമ്മ ദേവകിയ്ക്ക്. കിടന്ന് പോയ മകളെ അവസാനം വരെ എടുത്ത് കൊണ്ട് പോയാണ് പ്രാഥമിക കാര്യങ്ങൾ പോലും ചെയ്ത് വന്നിരുന്നത്. മറ്റ് വരുമാനം ഒന്നും തന്നെ ഇല്ലാതിരുന്ന കുടുംബമായത് കൊണ്ട് തന്നെ കൂലിപ്പണിക്ക് പോകുന്നത് മുടങ്ങിയാൽ അന്നം മുട്ടുന്ന അവസ്ഥ. രോഗിയായ മകൾക്ക് ഭക്ഷണത്തിനും മരുന്നിനുമുള്ള വക ഉണ്ടാക്കുന്നതിന് അവർക്ക് പണിക്ക് പോയെ മതിയാകുമായിരുന്നുള്ളൂ. രാവിലെ പോകും മുൻപ് ശീലാപതിക്ക് ഭക്ഷണവും വെള്ളവും മറ്റും കൊടുക്കും, ജോലിക്കിടയിൽ വീട്ടിലേക്ക് വന്നിട്ടാണ് ഉച്ചയ്ക്കുള്ള ഭക്ഷണം കൊടുക്കുന്നതും മൂത്രമൊഴിക്കുന്നതിനും മറ്റും കൊണ്ട് പോകുന്നതും. ഇടയിൽ എപ്പോഴെങ്കിലും മൂത്രശങ്ക ഉണ്ടായാൽ ഒന്നുകിൽ അമ്മ വരും വരെ പിടിച്ചു നിൽക്കുക, ഇല്ലെങ്കിൽ കിടന്ന കിടപ്പിൽ കാര്യം സാധിക്കുക. ഇത്തരം ദയനീയതയിൽ എത്രയോ കുട്ടികൾ. എത്രയോ കുടുംബം. അമ്മ പണിക്ക് പോകുമ്പോൾ ശീലാപതി കിടക്കുന്നതിനോട് ചേർന്ന് ഒരു കത്തി വയ്ക്കുമായിരുന്നു പോലും, ഇപ്പോൾ ചോതിക്കുമ്പോഴും അമ്മ അത് പറയും. ഒറ്റയ്ക്ക് ആകുമ്പോൾ കുട്ടിക്ക് പേടി തട്ടാതിരിക്കാൻ ആണെന്ന്. പായയോട് ചേർന്ന് പൂച്ചകുട്ടിയെ കെട്ടിയിടുന്നത് ഇഴജന്തുക്കൾ വന്ന് ഉപദ്രവിക്കാതിരിക്കാനായിരുന്നു പോലും. മനുഷ്യന്മാരെ ആണല്ലോ കൂടുതൽ പേടിക്കേണ്ടതെന്ന് ഞാനപ്പോൾ ഓർത്തു. അല്ലെങ്കിൽ ശീലാപതിയുടെ ദുരതങ്ങൾ അത്രയും വായിച്ചിട്ടും എന്റോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ട സെല്ലിന്റെ ചെയർമാൻ കൂടിയായിരുന്ന മുൻ ജില്ലാ കളക്ടർ അദ്ദേഹത്തിന്റെ ഒരഭിമുഖത്തിൽ അവളെ മംഗളം വാരികയിലെ കഥാപാത്രമെന്ന് കളിയാക്കില്ലായിരുന്നല്ലോ.

ശീലാപതി അടക്കമുള്ള കുട്ടികൾ കിടപ്പിൽ ആയി പോകാനും, വൈകൃതങ്ങളോടെ ജനിക്കാനുമുള്ള കാരണം കണ്ടെത്തിയ ശേഷവും വർഷങ്ങൾ കഴിഞ്ഞാണ് സർക്കാർ സഹായമെന്ന നിലയിൽ ഇവർക്ക് പെൻഷൻ കിട്ടിത്തുടങ്ങിയത്. ഇത് മാസംതോറും കൃത്യമായി കിട്ടുന്ന രീതി ഒന്നും ആദ്യ കാലങ്ങളിൽ ഉണ്ടായിരുന്നുമില്ല. അർഹതപ്പെട്ടത് നേടിയെടുക്കാൻ സമരം ചെയ്യാൻ പോവുക പോലും ഇവരിൽ പലരെ കൊണ്ടും സാധ്യമായിരുന്നില്ല. വയ്യാത്ത കുട്ടികളെയും കൊണ്ട് ദൂര സ്ഥലങ്ങളിലേക്കൊക്കെ എങ്ങനെ പോകാൻ ആണ്. എങ്ങനെ എങ്കിലും പോയി എന്ന് തന്നെ ഇരിക്കട്ടെ റോഡ് സൈഡിലും, കളക്ട്രേറ്റിന് മുന്നിലും, സെക്രട്ടറിയേറ്റ് പടിക്കലും നടക്കുന്ന സമരങ്ങൾക്കിടയിൽ ഈ കുട്ടികളുടെ കാര്യങ്ങൾ എങ്ങനെ ശ്രദ്ധിക്കും? ഒരു ജലദോഷം പോലും താങ്ങാൻ ശേഷിയില്ലാത്ത കുട്ടികൾ ആണ് പലരും. അസുഖങ്ങൾ വരാതിരിക്കുക എന്നത് മാത്രമാണ് ഡോക്ടർമാർ പോലും മുന്നോട്ട് വയ്ക്കുന്ന ഏക നിർദേശം. ആ കുട്ടികളെയും കൊണ്ട് എങ്ങനെ അവകാശ സമരങ്ങൾ നടത്തും. അല്ലെങ്കിൽ പിന്നെ വിശ്വാസിച്ചേല്പിച്ചു പോകാനും, ഞങ്ങൾ നോക്കിക്കോളാം എന്ന് പറയാനും ആരെങ്കിലും വേണം... മിക്ക വീടുകളിലെയും അവസ്ഥ അങ്ങനെ അല്ലതാനും. എന്നാൽ, ഇവരെ ചൂഷണം ചെയ്യാനും

സർക്കാർ നൽകുന്ന നഷ്ടപരിഹാരത്തിൽ നിന്നും ചികിത്സാ ചിലവിൽ നിന്നും പെൻഷനിൽ നിന്നു പോലും കയ്യിട്ട് വാരി കീശ നിറയ്ക്കാൻ നടക്കുന്ന ഒരുപാട് പേർ ഉണ്ടെന്നുള്ളത് മറ്റൊരു വിഷയം.

**അഴിക്കുള്ളിലെ അഞ്ജലി....**

എൻമഗജേയിലെ ശീലാബതിയുടെ വീട്ടിൽ നിന്നും ഒരുപാട് ദൂരത്തിലാണ് അഞ്ജലിയുടെ വീട്. അമ്മയും മകളും ഏറെ പ്രായം ചെന്ന അമ്മൂമ്മയും മാത്രമുള്ള ഇതേ പോലുള്ളൊരു ഒറ്റമുറി വീടാണ് അതും. മകൾക്ക് വേണ്ടി അവളുടെ റൂണിക്കുന്ന കുട്ടിയാണ് അഞ്ജലി. കയ്യിൽ കിട്ടുന്നത് വലിച്ചെറിയുക, സ്വന്തം ശരീരം കടിച്ചു മുറിവേൽപ്പിക്കുക, അമ്മയെയും പ്രായമായ അമ്മൂമ്മയെയും ഉപദ്രവിക്കുക തുടങ്ങിയവ എല്ലാം അഞ്ജലി ചെയ്യും. മരുന്ന് കഴിക്കുന്നത് കൊണ്ടും, ശരീരം അനങ്ങാതിരിക്കുന്നത് കൊണ്ടും ശരീരത്തിന് പ്രായത്തിൽ കവിഞ്ഞ ഭാരകൂടുതലും ഉണ്ട്. അമ്മയ്ക്ക് ഒറ്റയ്ക്ക് നിയന്ത്രിക്കാനോ അവളുടെ മുന്നിൽ പിടിച്ചു നില്ക്കാനോ കഴിയാതെ വന്നപ്പോഴാണ് വാതിലിന് പകരം ഇരുമ്പഴികൾ എന്ന ആശയത്തിലേക്ക് ആ അമ്മ എത്തുന്നത്. എന്റെ കാ



അഞ്ജലി

മിൽ ഇരുമ്പ് വാതിൽ പണിത അമ്മയെ ഒരുപക്ഷേ ചിലരെങ്കിലും ഓർമ്മിക്കുന്നുണ്ടാകും. 19 വയസ്സേ ഉള്ളൂ അഞ്ജലിക്ക്. 2002 ൽ ആയിരുന്നു ജനനം. രണ്ടാം വയസ്സിൽ മറ്റ് കുട്ടികളെ പോലെ അല്ല അഞ്ജലി എന്നും അവൾക്ക് ശാരീരികമായും മാനസീകമായും പ്രശ്നങ്ങൾ ഉണ്ട് എന്നും മനസ്സിലാക്കിയപ്പോൾ ഭാര്യയെയും മക്കളെയും ഉപേക്ഷിച്ചു പോയതാണ് അച്ഛൻ. പിന്നീട് ഇന്നോളം അമ്മയാണ് നോക്കുന്നത്. ഭർത്താവ് ഉപേക്ഷിച്ചു പോയതോടെ വിവാഹം ചെയ്ത് പോയ വീട്ടിൽ നിന്നും വയ്യാത്ത കുഞ്ഞിനെയും കൊണ്ട് വാടകയ്ക്ക് പോകേണ്ടി വന്നു അമ്മയ്ക്ക്. സ്ഥിരമായ ഒരു ജോലി ഇല്ല, ഉള്ള ജോലിക്ക് കുഞ്ഞിനെ ഒറ്റയ്ക്കാക്കി പോകാൻ സാധിക്കില്ല, വരുമാനമില്ല, മരുന്ന് ഭക്ഷണം വസ്ത്രം തുടങ്ങിയ ആവശ്യങ്ങൾക്ക് വകയില്ല തുടങ്ങി ജീവിതം മുന്നോട്ട് പോകാൻ യാതൊരു വഴിയുമില്ല എന്ന് വന്നപ്പോഴാണ് അനിയന്റെ വീട്ടിലേക്ക് ഈ വയ്യാത്ത മകളെയും കൊണ്ട് ആ അമ്മ കയറിവരുന്നത്. അന്ന് മുതൽ ആ വീട്ടിലാണ് താമസം. സ്വന്തമായിട്ടൊരു വീട് ഇന്നുമില്ല. സർക്കാർ കൊടുത്ത നഷ്ടപരിഹാര തുക ഒക്കെ എന്നോ അവളുടെ തന്നെ ചികിത്സയ്ക്ക് വേണ്ടി ചിലവാക്കി കഴിഞ്ഞിരിക്കുന്നു.

മറ്റ് കേസുകളിൽ നിന്ന് ഇത്തിരി വ്യത്യസ്തമായ അവസ്ഥയാണ് അഞ്ജലിയുടേത്. ശാരീരികമായ വലിയ വൈകല്യങ്ങൾ ഒന്നും അഞ്ജലിക്ക് ഇപ്പോൾ ഇല്ല. എന്നാൽ മാനസികമായ പ്രശ്നങ്ങൾ ഉള്ളത് കൊണ്ട് തന്നെ അക്രമവാസന കാലം കഴിഞ്ഞാൽ ഇവളെ ആര് സംരക്ഷിക്കും എന്ന ചോദ്യം തന്നെ ആണ് ഈ അമ്മയ്ക്കും ചോദിക്കാനുള്ളത്.

സ്കൂളിൽ പോകാനുള്ള പ്രായമായി തുടങ്ങിയത് മുതൽ സ്പെഷ്യൽ സ്കൂളികളിൽ അഞ്ജലിയെ കൊണ്ട് പോയി പഠിപ്പിക്കാനുള്ള ശ്രമങ്ങൾ ഒക്കെയും അവർ നടത്തിയിരുന്നു. എന്നാൽ ഒരിടത്തും സ്ഥിരമായി അവൾക്ക് നിൽക്കാൻ സാധിച്ചില്ല. മറ്റ് കുട്ടികളെ ഉപദ്രവിക്കുന്നത് മുതൽ സ്വയം മുറിവേല്പിക്കുക വരെ ചെയുന്ന ഒരു കുട്ടിയെ ഒരുപാട് നാളുകൾ സംരക്ഷിക്കാൻ എല്ലാവരും ഒരേ പോലെ ഭയന്നു. ഇപ്പോൾ അവളുടെ ലോകം ഇരുമ്പഴികളുള്ള ആ മുറിയും അമ്മയുമാണ്. അവൾ ആകെ പറയുന്ന വാക്ക് അമ്മ എന്നാണ്. എന്ത് കാര്യവും പറയാൻ അവൾക്ക് ആ ഒരൊറ്റ വാക്കെ അറിയുള്ളൂ. ഏത് വികാരവും അവൾ പ്രകടിപ്പിക്കുന്നതും ആ വാക്കിലൂടെ തന്നെയാണ്. ഞങ്ങളെത്തുമ്പോൾ മകൾക്ക് പാട്ട് കേൾക്കാൻ ഇഷ്ടമാണെന്ന് മനസ്സിലാക്കി അതൊരുക്കി കൊടുക്കാൻ ഉള്ള പണിയിൽ ആയിരുന്നു അമ്മ. ഒരു ജന്മം മുഴുവൻ മകൾക്ക് വേണ്ടി മാറ്റി വച്ച മറ്റൊരു സ്ത്രീ കൂടി എന്റെ മുന്നിൽ നിൽക്കുന്നു. ഒരുപാട് സംസാരിക്കുന്നു. സങ്കടങ്ങൾ പറയുന്നു. ഇടയ്ക്ക് കരയുകയും, മറ്റ് ചിലപ്പോൾ അവളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എണ്ണി എണ്ണി പറഞ്ഞു സന്തോഷിക്കുകയും ചെയ്യുന്നു. അപ്പോഴും സർക്കാരിന്റെ ഭാഗത്തു നിന്നും ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും നിരവധി വാഗ്ദാനങ്ങൾ കിട്ടി

യിട്ടും ഇത് വരെ ഒന്നും പ്രവർത്തിയിൽ വരാത്ത സങ്കടവും ആ അമ്മ പങ്കുവയ്ക്കുന്നുണ്ട്.

പൂട്ടിയിട്ട അഴിക്കുള്ളിൽ കഴിയുന്ന എൻഡോസൾഫാൻ ദുരിതബാധിതയായ പെൺകുട്ടിയെ കുറിച്ചറിഞ്ഞിട്ട് അവളെ കാണാൻ വനിതാ കമ്മീഷൻ അധ്യക്ഷ ഉൾപ്പെടെയുള്ള ആളുകൾ ചെങ്കള ഉജ്ജംകോട്ടുള്ള ഒറ്റമുറി വീട്ടിലെത്തിയിട്ട് മാസങ്ങൾ കഴിഞ്ഞ ശേഷമാണ് ഞങ്ങൾ അവിടെ ചെല്ലുന്നത്. കമ്മീഷൻ അധ്യക്ഷ പി സതീദേവിയും അംഗം ഷാഹിദാ കമാലുമാണ് അഞ്ജലിയെ കാണാനെത്തിയതും അമ്മ രാജേശ്വരിയോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞതും. അപ്പോഴും എനിക്ക് ശേഷം ആര് കുഞ്ഞിനെ സംരക്ഷിക്കും എന്നതായിരുന്നു ആ അമ്മയുടെ പ്രധാന പ്രശ്നവും ആവശ്യവും. ഞങ്ങൾ ഉണ്ടാകും കൂടെ, ഞങ്ങൾ ഏറ്റെടുക്കും എന്നായിരുന്നു മറുപടി, എന്നാൽ മറ്റ് വാഗ്ദാനങ്ങൾ എല്ലാം മറന്ന് പോയ ഒരു കൂട്ടരുടെ ഈ വാക്കിനെ മാത്രം എങ്ങനെ ആണ് വിശ്വാസത്തിൽ എടുക്കുന്നത് എന്നതാണ് അമ്മയ്ക്ക് മുന്നിലെ ഏറ്റവും വലിയ പ്രതിസന്ധി.

ബംഗളുരുവിൽ ആയുർവേദ സിദ്ധ ചികിത്സ നടത്തി വരുന്ന അഞ്ജലിയിൽ ഇപ്പോൾ നേരിയ മാറ്റം കണ്ട് തുടങ്ങിയിട്ടുണ്ട് എന്നാണ് അമ്മ പറയുന്നത്. നേരത്തെ ഉണ്ടായിരുന്ന പല പ്രവണതകളും അക്രമ വാസനകളും കുറയുന്നതായും അത്യാവശ്യ കാര്യങ്ങൾ ഒക്കെ, ഭക്ഷണം കഴിക്കുക, മൂത്രമൊഴിക്കാനും മറ്റും പോവുക തുടങ്ങിയവ സ്വയം ചെയ്യുന്നതായും അമ്മ പറയുന്നു. ഈ പശ്ചാത്തലത്തിൽ ഈ കുടുംബത്തിനെ പ്രത്യേകമായി പരിഗണിച്ചു കൊണ്ട് അടിയന്തിര ഇടപെടൽ നടത്താൻ ജില്ലാ കളക്ടർക്ക് കമ്മീഷൻ അധ്യക്ഷ നിർദേശം നൽകിയിരുന്നു. ജില്ലാ കളക്ടർ, ചെങ്കള പഞ്ചായത്ത് പ്രസിഡണ്ട്, എൻഡോസൾഫാൻ സെൽ ഡെപ്യൂട്ടി കളക്ടർ, മെഡിക്കൽ ഓഫീസർ തുടങ്ങിയവരുടെ യോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിച്ചു തുടങ്ങിയതായി അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ നടപടികൾ ഒന്നും പിന്നീട് മുന്നോട്ട് പോയില്ലെന്നാണ് അമ്മ പറയുന്നത്. ഒരു മാസം മാത്രം ഇരുപത്തി അയ്യായിരം രൂപയോളം ചിലവ് വരുന്ന ചികിത്സയ്ക്ക് സഹായിക്കാം എന്നായിരുന്നു കമ്മീഷന്റെ വാഗ്ദാനം. എന്നാൽ, അതേ ചികിത്സയ്ക്കുള്ള ചിലവ് കണ്ടെത്താൻ ബുദ്ദിമുട്ടുന്ന അവസ്ഥയിലാണിപ്പോൾ ഈ അമ്മ.

സർക്കാർ അനുവദിച്ച മൂന്ന് സെന്റ് ഭൂമിയിൽ ലൈഫ് മിഷനിൽ വീട് അനുവദിച്ചതായി പി.സതീദേവി അന്ന് തന്നെ അഞ്ജലിയുടെ അമ്മ രാജേശ്വരിയെ അറിയിച്ചിരുന്നു. എന്നാൽ ഈ കാര്യത്തിലും മുന്നോട്ടുള്ള നടപടികൾ ഒന്നും ഇതുവരെ ഉണ്ടായിട്ടില്ല എന്നാണ് അമ്മ പറയുന്നത്. ഇപ്പോഴും ബന്ധു വീട്ടിൽ തന്നെ കഴിയേണ്ട ഗതികേടിലാണ് കുടുംബം. മൂന്ന് സെന്റ് ഭൂമിയിൽ പണിത ഇപ്പോൾ താമസിക്കുന്ന ഒറ്റ മുറി വീടിന് മുന്നിൽ വലിയ താഴ്ചയിലുള്ള കുഴികളാണ്. ഡോക്ടറുടെ നിർദേശ പ്രകാരം മിക്കവാറും ദിവസങ്ങളിൽ വൈകുന്നേരം അമ്മയും മകളും ഇത്തിരി ദൂരം നടക്കുമായിരുന്നു. കൊച്ചു കുട്ടിയെ പോലെ അവൾ ആ നടത്തം ആസ്വദിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ വീടിന് മുന്നിലെ ഇത്തിരി മുറ്റത്തിന് ശേഷമുള്ള താഴ്ചയിലേക്ക് വീണതോടെ ഇപ്പോൾ നടക്കാൻ പോകുന്നതും അമ്മയ്ക്കും മകൾക്കും പേടിയാണ്. കൊച്ചു കുട്ടികളെ പോലെ പെരുമാറുന്ന ഒരു പത്തൊൻപതുകാരിയെ നിയന്ത്രിക്കാൻ കഴിയുന്നില്ല എന്നതാണ് പേടിയുടെ പ്രധാന കാരണം. അടച്ചുറപ്പുള്ളൊരു കുഞ്ഞു വീടും, മകളുടെ മുന്നോട്ടുള്ള ചികിത്സ ചിലവിൽ ഒരു സഹായവുമാണ് ഈ അമ്മയ്ക്ക് ഇപ്പോൾ വേണ്ടത്. നാളെ തനിക്കെന്തെങ്കിലും സംഭവിച്ചു പോയാൽ മകളെ ഏറ്റെടുക്കാൻ ഞങ്ങൾ ഉണ്ടാകും എന്ന തെറ്റാത്ത വാക്കും.



സർക്കാർ വാഗ്ദാനങ്ങൾ വാഗ്ദാനങ്ങൾ ആയി മാത്രം നിലനിൽക്കുമ്പോൾ ജീവിക്കാൻ നിവർത്തിയില്ലാത്ത ഇത്തരം ഒരുപാട് ഇരകളുണ്ട് കാസർകോട് മാത്രം. കുട്ടികളെ ഉണ്ടാക്കുക എന്നതിനപ്പുറം ഉണ്ടാകുന്ന കുട്ടികളുടെ വൈകല്യങ്ങളോ, കുറവുകളോ അംഗീകരിക്കാൻ കഴിയാത്ത ചില പുരുഷന്മാരുടെ ഇടം കൂടിയാണ് കാസർഗോഡ്. ജീവിതത്തിന്റെ ഏറ്റവും നല്ല സമയങ്ങളിൽ ഒക്കെയും തനിച്ചായി പോവുകയും താങ്ങാൻ കഴിയുന്നതിലും എത്രയോ വലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വരികയും ചെയ്യുന്ന സ്ത്രീകളുടെ കൂടി ഇടമാണ് കാസർഗോഡ്. 2000 ൽ നിരോധിച്ച എന്റോസൾഫാന്റെ പാർശ്വഫലങ്ങൾ ഇത്രയും വർഷങ്ങൾക്ക് ശേഷവും ഏറ്റുവാങ്ങി കൊണ്ട് ജനിക്കുന്ന ഒരു തെറ്റും ചെയ്യാത്ത കുട്ടികളുടെ നാട് കൂടിയാണ് കാസർഗോഡ്. വേദനകളുടെ രോഗത്തിന്റെ നിസ്സഹായതയുടെ ചൂഷണത്തിന്റെ മുഖമുള്ള ഒരു നാട്. കാസർഗോഡ്.






# കണ്ടറിയാതെ കൊണ്ടറിയുന്നവർ



ഡോ.ജാൻസി ജോസ്

സ്ത്രീപീഡനങ്ങൾ ഏറ്റവും വർദ്ധിച്ച കണക്കിൽ മുന്നേറിക്കൊണ്ടിരുന്ന വർഷമാണ് കൊഴിഞ്ഞു പോയ 2021. രോഗവും ദാരിദ്ര്യവും, മാനസിക ക്ലേശങ്ങളും മനുഷ്യരെ പാഠം പഠിപ്പിച്ചു കൊണ്ടിരുന്ന വർഷമായിട്ടും പെണ്ണിന്റെ നേരെ കയ്യൂക്കു കാണിക്കാൻ ആരും മറന്നില്ല എന്നത് കാണാതെ പോവരുത്. പ്രണയം, പ്രണയ വിവാഹം, പ്രണയേതര വിവാഹം എന്നു വേണ്ട നാട്ടിലുണ്ടാവുന്ന ഏതു പരിപാടിക്കും പെണ്ണിനു മേൽ കയ്യൂക്കു കാണിക്കുന്ന പൊതു രീതിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ ഞാൻ ചോദിക്കട്ടെ? എവിടെയാണ് സ്ത്രീപക്ഷ സമീപനം തൊട്ടു തീണ്ടിയിട്ടുള്ളത്? പെണ്ണിനേയും പെണ്ണിനെക്കുറിച്ചും ഒന്നും അറിയാതെ, അവരെ മനുഷ്യരായി പോലും കരുതാതെ ഇന്നും അഭിമാനത്തോടെ ജീവിക്കുന്ന ആളുകളെ കാണുമ്പോൾ കണ്ണു നിറഞ്ഞു പോവും. ഇനി വേറൊരു കൂട്ടരെക്കുറിച്ചു പറയുമ്പോൾ പൊട്ടിക്കരഞ്ഞുപോവുമോന്ന് ഭയമുണ്ട് എനിക്ക്. അതായത് അവർക്ക് നാട്ടിലുള്ള മുഴുവൻ പെണ്ണുങ്ങൾക്കും ആവകാശങ്ങളും നീതിയും കിട്ടണമെന്ന് ആഗ്രഹമുണ്ട്. എല്ലാ പെണ്ണുങ്ങളും സ്മാർട്ടായി, സ്വതന്ത്രരായി നടക്കണമെന്ന് ആഗ്രഹമുണ്ട്. അവർ അതിനു വേണ്ടി എന്തും ചെയ്യും. പക്ഷേ, സ്വന്തം വീട്ടിലെ പെണ്ണുങ്ങൾ കുടുംബത്തിന് 'മാനക്കേടു'ണ്ടാക്കാതെ അടങ്ങിയൊതുങ്ങി കഴിയണം അത്രേയുള്ളൂ. നമ്മുടെ നാട്ടിലെ എല്ലാവരും ഇജ്ജാതി സ്ത്രീക്ഷേമ പ്രവർത്തനമാണ് നടത്തുന്നതെങ്കിൽ ആദ്യം പറഞ്ഞ കണക്കുകൾ ഇനിയും വർദ്ധിക്കും. അല്ലെങ്കിൽ തന്നെ കേരളത്തിന്റെ റാങ്കിംഗ് ഏതെല്ലാം നിലയിൽ ഏറ്റവും ഉയർന്നു നിൽക്കുന്നു എന്നത് നമുക്ക് ആലോചിക്കേണ്ടതുപോലുമില്ലല്ലോ.

പ്രണയക്കൊലപാതകങ്ങൾ പരമ്പരയായിക്കൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. നമ്മുടെ മേൽ ഒരു ഉത്തരവാദിത്തവും കൂടി വന്നെത്തിയിരിക്കുന്നു എന്നു വേണം കരുതാൻ. അതായത് ' എങ്ങനെ പ്രണയിക്കണം' എന്ന് കുട്ടികളെ പഠിപ്പിക്കുന്ന ഉത്തരവാദിത്തം. അതെ, അതു നാം ഏറ്റെടുത്തേ തീരൂ. ആരും നെറ്റി ചുളിച്ചിട്ടു കാര്യമില്ല. ഇനിയെങ്കിലും പ്രണയത്തെക്കുറിച്ച് വീടുകളിൽ ഉറക്കെ പറഞ്ഞു തുടങ്ങേണ്ടിയിരിക്കുന്നു. പ്രണയം, പ്രണയനൈരാശ്യം ഇതൊക്കെ അവർക്ക് ഉൾക്കൊള്ളാനാവുന്ന ഒരു മനസ് ഉണ്ടായി വരേണ്ടത് നമ്മുടെ പക്കൽ നിന്നു തന്നെയാണ്. ആരോഗ്യമുള്ള മനസ് ആരോഗ്യമുള്ള മനോഭാവത്തിൽ നിന്നുണ്ടാവട്ടെ. നമ്മുടെ ചിന്തയും മനോഭാവവും പ്രവൃ ർത്തിയും പുതിയ തലമുറയെ എങ്ങനെയൊക്കെ ബാധിക്കും എന്നത് നമ്മൾ കൊണ്ടറിഞ്ഞു കൊണ്ടിരിക്കുന്ന സത്യമാണ്. ഇനിയും എന്താണോ അറിയാനിരിക്കുന്നത്!

ചർച്ചാവിഷയം



**ഷാഹിന വി.കെ.**
മലയാളം അദ്ധ്യാപിക
ഗവ.ഹയർ സെക്കന്ററി
സ്ക്കൂൾ എടത്തല



# വെള്ളിത്തിരയിൽ തെളിഞ്ഞ അരജീവിതങ്ങൾ

*'ഒരഞ്ഞൂറ് കൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള സർവ്വ ജന്തുക്കളേയും പക്ഷികളേയും മൃഗങ്ങളേയും എല്ലാം മനുഷ്യർ കൊന്നൊടുക്കും. മരങ്ങളേയും ചെടികളേയും നശിപ്പിക്കും. മനുഷ്യൻ മാത്രം ഭൂമിയിൽ അവശേഷിക്കും. എന്നിട്ട് ഒന്നടങ്കം ചാകും" –*

വൈക്കം മുഹമ്മദ് ബഷീർ

2011 സെപ്റ്റംബർ 30 ന് എൻഡോസൾഫാൻ നിരോധിച്ചു കൊണ്ട് ബഹു.സുപ്രീം കോടതി പറഞ്ഞത് 'ഓരോ ജീവനും വിലപ്പെട്ടതാണ്' എന്നാണ്. കീടനാശിനിയെ മരുന്നെന്ന വ്യാജനാമത്തിലാണ് കുത്തകഭീമന്മാർ വിപണിയിലിറക്കുന്നത്. ജീവൻ നിലനിർത്താനും പരിപാലിക്കാനുമുള്ള മരുന്നുകളെന്ന മിഥ്യാധാരണയിൽ ഇന്നും നാമിതൊക്കെ ഉപയോഗിച്ചു പോരുന്നു. കൊട്ടിഘോഷിക്കപ്പെട്ട കാർഷിക വിപ്ലവം അവശേഷിപ്പിച്ച ചില തിരിച്ചറിവുകളാണ് കാസർഗോട്ടെ പതിനൊന്ന് ഗ്രാമങ്ങളിൽ നാം കണ്ടത്.

കയ്യൂർ-ചീമേനി, അജാനൂർ , പുല്ലൂർ – പെരിയ , കല്ലാർ, പാണത്തടി, മൂളിയാർ, കാറടുക്ക, കുംബട്ജെ, ബദിയടുക്ക, ബെല്ലൂർ, എൻമകജെ – എന്നീ പഞ്ചായത്തുകളിൽ ജീവിക്കുകയും ആയുസ്സെത്താതെ മരിക്കുകയും അരജീവിതം നയിക്കേണ്ടി വരികയും ചെയ്ത ഹതഭാഗ്യരായ ഒരു പറ്റം മനുഷ്യരുടെ 1979 – മുതലുള്ള ജീവിതം അഭ്രപാളികളിൽ ആവിഷ്കരിക്കപ്പെട്ടത് എങ്ങനെയെന്നുള്ള ഒരന്വേഷണമാണിത് :

എൻഡോസൾഫാൻ എന്ന ജീവനാശിനി സ്വപ്നങ്ങളും പ്രതീക്ഷകളും ഇല്ലാതാക്കിയ ഒരു പറ്റം മനുഷ്യർക്കിടയിൽ ഒരു വ്യാഴവട്ടക്കാലം അവരുടെ ശബ്ദമായി മാറി വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അറുപത്തിമൂന്ന് ലേഖനങ്ങൾ എഴുതുകയും കാസർഗോട്ടെ എൻഡോസൾഫാൻ ഇരകളുടെ ജീവിതം കളങ്കമില്ലാതെ അവതരിപ്പിക്കുകയും ചെയ്തയാളാണ് എം. എ. റഹ്മാൻ. 2003 ലാണ് 'അര ജീവിതങ്ങൾക്ക് ഒരു സ്വർഗ്ഗം' എന്ന അദ്ദേഹത്തിന്റെ ഡോക്യുമെന്ററി പൂർത്തിയാകുന്നത്.

### അര ജീവിതങ്ങൾക്ക് ഒരു സ്വർഗ്ഗം

എങ്ങനെ തമ്പുരാനേ
പൊരുളീ മക്കളെ പോറ്റേണ്ടത്?

– എന്ന ഒരു നാടൻ പാട്ടിന്റെ തുടികൊട്ടോടു കൂടിയാണ് അരജീവിതങ്ങൾ നരകിക്കുന്ന കാസർഗോട്ടെ സ്വർഗ്ഗമെന്ന കൊച്ചു ഗ്രാമത്തി

ലേക്ക് എം.എ.റഹ്മാൻ ക്ഷണിക്കുന്നത്. കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർഗോഡ് ജില്ലയിൽ കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഒരു പറ്റം ഗ്രാമീണരുടെ ജീവിതത്തെ ഗ്രസിച്ച ദുരന്ത കഥ പറയുന്നത് ഒരു സ്ക്കൂൾ വിദ്യാർത്ഥിയാണ്.

ഹെലികോപ്റ്ററിന്റെ പേടിപ്പിക്കുന്ന ശബ്ദം രണ്ടു ദശകങ്ങളായി തുടർന്നുകൊണ്ടിരിക്കുകയാണ്. ചെറുതും വലുതുമായിട്ടുള്ള പതിമൂന്നോളം നദികളും ഇരുപതോളം ഗോത്രവർഗ്ഗങ്ങളും താമസിക്കുന്ന അപൂർവ്വമായ ആവാസ വ്യവസ്ഥയുള്ള കാസർഗോഡൻ ഗ്രാമങ്ങളെക്കുറിച്ച് പ്രശാന്തൻ മാഷിന്റെ ക്ലാസ്സിൽ നിന്ന് കേട്ടറിഞ്ഞ് എൻഡോസൾഫാൻ വിതച്ച നാശത്തെക്കുറിച്ചറിയാൻ പുറപ്പെടുന്ന വിദ്യാർത്ഥി. അവൻ നടന്നു കാണുന്ന ദയനീയ ദൃശ്യങ്ങളാണ് അരജീവിതങ്ങളുടെ സ്വർഗ്ഗം.

കുന്നിൻ മുകൾ സ്വന്തമായിട്ടുണ്ടായിരുന്ന ആദിവാസികളിൽ നിന്ന് സർക്കാർ പിടിച്ചെടുത്ത പ്രദേശങ്ങളാണ് എഴുപതുകളിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളായി മാറിയത്. അയ്യായിരത്തോളം ഹെക്ടർ ഭൂമിയിൽ ഇത് പടർന്നു കിടക്കുന്നുണ്ട്. എൻഡോ സൾഫാനെതിരെ ആദ്യത്തെ കോടതി ഉത്തരവു സംഘടിപ്പിച്ച ലീലാകുമാരി അമ്മ തന്റെ മകനും സഹോദരനും ഉണ്ടായ രോഗാവസ്ഥയെക്കുറിച്ച് പറയുന്നുണ്ട്. കൃഷിവകുപ്പിലും കലക്ടർക്കുമെല്ലാം പരാതി കൊടുത്തെങ്കിലും ഒരു ഫലവുമുണ്ടായില്ല. ഒടുവിൽ 1998-ൽ കോടതിയിൽ കേസ് കൊടുത്തതിനെ തുടർന്നു 2001 ഒക്ടോബർ മാസത്തിൽ ആകാശമാർഗ്ഗം തളി



*അരജീവിതങ്ങളുടെ സ്വർഗ്ഗം* ഡോക്യുമെന്ററിയിൽ നിന്ന്

ക്കുന്നത് നിരോധിച്ചു കൊണ്ടുള്ള വിധി വന്നു.

മധുരാജിന്റേയും ഭാഗ്യനാഥിന്റേയും ചിത്രങ്ങൾ, എൻഡോ സൾഫാൻ ദുരിത ബാധിതർക്കായി സംഘടിപ്പിച്ച യോഗം എന്നിവയിലൂടെ തുറന്നു വെച്ച ക്യാമറക്കണ്ണിൽ തെളിയുന്നത് യഥാർത്ഥ ചിത്രങ്ങൾ തന്നെയാണ്.

രോഗബാധിതരായവരുടെ ആത്മഹത്യാ പ്രവണതയെപ്പറ്റി ആക്ടിവിസ്റ്റായ ബി.സി. കുമാരൻ സംസാരിക്കുന്നുണ്ട്.

തോടിനു വശത്തു താമസിക്കുന്ന ആളുകൾക്ക് പിടിപെടുന്ന മാരക രോഗങ്ങളാണ് ഡോ. വൈ.എസ്. മോഹൻ കുമാറിന്റെ ശ്രദ്ധയിൽ ആദ്യം പെട്ടത്. 1980-ൽ ശ്രീ പഡ്രെയും ഇതേക്കുറിച്ച് പറഞ്ഞിരുന്നു. പർള എന്ന സ്ഥലത്ത് അംഗവൈകല്യവുമായി ജനിച്ച പശുക്കിടാവുകളെക്കുറിച്ച് അദ്ദേഹം റിപ്പോർട്ട് ചെയ്തിരുന്നു. എൻഡോ സൾഫാൻ ആകാശത്തളി നടത്തി



യതിലൂടെ അതെല്ലാം കുടിവെള്ളത്തിൽ കലരുകയാണ് ചെയ്തത്.

തേനീച്ചകൾ കൂടുകെട്ടുന്നതിൽ വന്ന മാറ്റത്തെക്കുറിച്ചും അപൂർണ്ണതയെക്കുറിച്ചുമാണ് ഗോവിന്ദ ഭട്ട് എന്ന അദ്ധ്യാപകൻ പറയുന്നത്. തവളകളുടെ കരച്ചിൽ കേൾക്കാനില്ല. നൂറ്റമ്പത് വീടുകൾ എടുത്താൻ നൂറ്റിപ്പതിമൂന്ന് വീടുകളിലും നിത്യ രോഗികളാണ്. നാൽപതിലേറെ ആളുകൾ മരിച്ചു കഴിഞ്ഞു.

തുലാം - വൃശ്ചിക മാസത്തിൽ കശുമാവിൽ പൂവു വിരിയുന്ന സമയത്താണ് എൻഡോസൾഫാൻ തളിക്കുക. ആ സമയത്ത് പുഴയുടെ ഒഴുക്ക് വളരെ കുറഞ്ഞിട്ടുണ്ടാകും. അതുകൊണ്ടു തന്നെ ഈ വിഷം വെള്ളത്തിൽ കലർന്നാൽ അതവിടെ തന്നെ അടിഞ്ഞു കിടക്കും.

തുറന്നു കിടക്കുന്ന കുളങ്ങൾക്കു മീതെ വിഷവുമായി പാറിപ്പറക്കുന്ന ഹെലികോപ്റ്ററുകൾ, വികൃത രൂപത്തിലായ കൈകാലുകളുമായി ബലിമൃഗങ്ങളെപ്പോലെ സ്ക്കൂൾ മുറ്റത്തു നിൽക്കുന്ന കുട്ടികൾ ..... അന്നത്തിൽ വിഷം വീണതറിഞ്ഞ് പാത്രം വലിച്ചെറിഞ്ഞ് അവർ ഓടിപ്പോകുന്നുണ്ട്. ആ ചിത്രങ്ങളിലെല്ലാം നിറയുന്നത് ഭീതി പരത്തുന്ന ഹെലികോപ്റ്റർ മാത്രം.

പ്ലാന്റേഷൻ കോർപ്പറേഷന്റെ നടുക്കുള്ള മുണ്ടക്കൈ കോളനിയിലെ അന്തേവാസികളുടെ ഭീതിപ്പെടുത്തുന്ന കാഴ്ചകൾ ... ദേഹത്തു പലയിടത്തും തലയിലും മുഴകളുമായി ജീവിക്കുന്നവർ, ആർത്തവ ക്രമക്കേടുകൾ അനുഭവിക്കുന്ന, നിരന്തരമായി ഗർഭം അലസിപ്പോകുന്ന സ്

ത്രീകൾ, പെരിയ മോഡൽ കാഷ്യു നഴ്സറിക്കു സമീപമുള്ള വീട്ടിൽ പിറന്ന മൂത്രാശയം മുഴുവൻ പുറത്തായി ജനിച്ച പെൺകുഞ്ഞ്, മംഗോളിസം ബാധിച്ചവർ, കൈകാലുകൾ ഉറക്കാതെ ഇഴഞ്ഞു നീങ്ങുന്നവർ, ഇങ്ങനെ അര ജീവിതങ്ങളുടെ കാഴ്ചകൾ നീളുകയാണ്.

എൻഡോസൾഫാന്റെ അനുവദനീയമായ അളവ് വെള്ളത്തിൽ 0.18 ppm.ആണ്. മുലപ്പാലിലും രക്തത്തിലും അത് പ്രത്യക്ഷപ്പെടാനേ പാടില്ല, എന്നാൽ കുമ്പടന്നെയിൽ ലളിത എന്ന മുപ്പത്താറുകാരിയുടെ രക്തത്തിൽ 176 . 9 ppm, മുലപ്പാലിൽ 22.4 ppm വീതമാണ് എൻഡോസൾഫാൻ കണ്ടെത്തിയത്.

പ്രമുഖ വാരികകളിൽ കവർ ചിത്രമായി പ്രത്യക്ഷപ്പെട്ട സുജിത്തിന്റേയും മണികണ്ഠന്റേയും അവസ്ഥക്ക് വലിയ മാറ്റമില്ല. തൊലിയെല്ലാം പൊളിഞ്ഞിളകി കഷ്ടപ്പെടുന്ന തന്റെ കുഞ്ഞുങ്ങൾക്ക് യാതൊരു വൈദ്യ സഹായവും കിട്ടുന്നില്ലെന്ന് അവരുടെ അമ്മ രോഷാകുലയാകുന്നുണ്ട്.

ഒന്നര വർഷമായി ഉപയോഗിക്കാതെ വെച്ചിരുന്ന എൻഡോ സൾഫാൻ ഈ ഗ്രാമത്തിൽ തന്നെയാണ് കുഴിച്ചുമൂടിയത്. തൊഴിലാളികൾക്ക് വേണ്ട സുരക്ഷാ സാമഗ്രികളൊന്നും ലഭ്യമാക്കാതെയായിരുന്നു ആ നടപടികളെല്ലാം. കണ്ണിന് കാഴ്ചക്കുറവും കൈകാലുകൾക്ക് മരവിപ്പും അനുഭവിക്കുന്നവരാണ് അവരെല്ലാം. മരിച്ചു പോയ സുബ്ബയ്യയുടെ വീടന്വേഷിച്ചു പോകുമ്പോൾ ചിത്രീകരണ സംഘത്തിനു നേരെ തൊഴിലാളികൾ പ്രതിഷേധിക്കുന്നുണ്ട്. ചികിത്സയോ ധനസഹായമോ കിട്ടാത്തതിന്റെ പേരിലായിരുന്നു അത് .

കയ്യൂർ - ചീമേനി പഞ്ചായത്തിലുള്ള പോത്തംകണ്ടം ഗ്രാമം - ജില്ലയുടെ തെക്കേയറ്റത്താണ്. അവിടെ ഒഴുകുന്ന തോട് കാസർഗോഡ് ജില്ലയുടെ അതിരാണ്. ഈ തോട്ടരികിൽ താമസിക്കുന്നവരുടെ വീടുകളിലുമുണ്ട് അംഗവൈകല്യമുള്ള കുട്ടികൾ.

മരണത്തെ മുഖാമുഖം കണ്ടു കൊണ്ടിരിക്കുന്ന കുമാരൻ മാസ്റ്ററുടെ വാക്കുകൾ തങ്ങളെ ആത്മനിന്ദയിലാഴ്ത്തി എന്ന് എം എ .റഹ്മാൻ ഓർമിക്കുന്നുണ്ട്. തീരാത്ത ദുരിതങ്ങളിൽ നിന്ന് വരും തലമുറക്കെങ്കിലും മോചനമുണ്ടാകാൻ ഏറെ പ്രയാസപ്പെട്ടാണെങ്കിലും തന്റെ രോഗാവസ്ഥയെക്കുറിച്ചും അതിന്റെ കാരണങ്ങളെക്കുറിച്ചും അദ്ദേഹം വിവരിക്കുന്നുണ്ട്.

"ഇനിയും രോഗികളെ കാണാൻ ക്യാമറയുടെ നനഞ്ഞ കണ്ണുകൾക്ക് ശക്തിയില്ല" - എന്ന വാക്കുകളോടെ ഈ ദൃശ്യങ്ങളുടെ ചിത്രണം അദ്ദേഹം അവസാനിപ്പിക്കുന്നുണ്ട്.

പ്രശ്നപരിഹാരത്തിനായി സർക്കാർ നിയോഗിച്ച അച്യുതൻ കമ്മിറ്റി പ്ലാന്റേഷൻ കോർപ്പറേഷൻ കാണിച്ച അലംഭാവത്തെക്കുറിച്ച് അക്കമിട്ടു നിരത്തുന്നുണ്ട്. ധാരാളം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരായിരുന്നു തൊഴിലാളികൾ ഏറിയ പങ്കും. .

തെളിവെടുപ്പിന് ഹാജരായ പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രതിനിധികൾക്കൊപ്പം കീടനാശിനി നിർമ്മാണ കമ്പനികളുടെ പ്രതിനിധികളുമുണ്ടായിരുന്നു.



ഏരിയൽ സ്പ്രേയ്ക്ക് അനുമതി നൽകിയ ശാസ്ത്രജ്ഞനായ ഒ.പി. ദുബെയുടെ സാന്നിധ്യമായിരുന്നു അധികൃതരുടെ ഇരട്ടത്താപ്പിന്റെ ഏറ്റവും വലിയ ഉദാഹരണം. ഇരുപത്തിരണ്ട് കൊല്ലം തുടർച്ചയായി എൻഡോസൾഫാൻ തളിച്ചുവെന്നതാണ് ഏറ്റവും അത്ഭുതകരമായതെന്ന് കമ്മീഷൻ ചെയർമാൻ ശ്രീ അച്യുതൻ പറയുന്നു.

ഓരോ ജീവനും വിലപ്പെട്ടതാണ് എന്ന തന്റെ ലേഖന സമാഹാരത്തിൽ താൻ ഡോക്യുമെൻററി ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ചും നിർഭാഗ്യവാന്മാരായ ഈ മനുഷ്യരുടെ അവകാശങ്ങൾക്ക് വേണ്ടി ഒരു വ്യാഴ വട്ടക്കാലം പൊരുതേണ്ടി വന്നതിനെക്കുറിച്ചും എം എ. റഹ്മാൻ വിവരിക്കുന്നുണ്ട്.

കീടനാശിനി കമ്പനികൾക്കെതിരെ ഡി. വൈ. എഫ്. ഐ. നല്കിയ ഹർജിയിൽ എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ 2017 ൽ സുപ്രീം കോടതി വിധിച്ചിരുന്നു. 6712 പേരാണ് നിലവിലെ ലിസ്റ്റിലുള്ളത്. സുപ്രീം കോടതി വിധി പ്രകാരമുള്ള അഞ്ചു ലക്ഷം രൂപ ഇവരിൽ പലർക്കും ലഭിച്ചിട്ടില്ല.

ഡോ. ബിജു രചനയും സംവിധാനവും നിർവ്വഹിച്ച ചലച്ചിത്രമാണ് വലിയ ചിറകുള്ള പക്ഷികൾ (നവംബർ 2015 ). മാതൃഭൂമി പത്ര

ത്തിലെ ഫോട്ടോഗ്രാഫറായിരുന്ന മധുരാജാണ് എൻഡോസൾഫാൻ ഇരകളുടെ ദുര്യോഗം ചിത്രങ്ങളിലൂടെ ആദ്യമായി ജനശ്രദ്ധയിലേക്കെത്തിച്ചത്. മധുരാജ് നേരിൽ കണ്ട കാര്യങ്ങൾ എന്ന രീതിലാണ് സിനിമയുടെ ചിത്രീകരണം നിർവ്വഹിച്ചിരിക്കുന്നത്. മുൻനിര നടനായ കുഞ്ചാക്കോ ബോബനാണ് മധുരാജായി അഭിനയിച്ചിരിക്കുന്നത്.

### വലിയ ചിറകുള്ള പക്ഷികൾ

ഇരമ്പി വരുന്ന ഒരു ഹെലികോപ്റ്ററിൽ നിന്ന് സൂക്ഷ്മകണികകളായി ചിതറിപ്പറക്കുന്ന ഒരു വിഷത്തിലൂടെ ഒരു ജനതയുടെ സ്വപ്നങ്ങൾക്ക് മേൽ, ജീവിതത്തിനു മേൽ അന്തക വിത്ത് പാകി കടന്നുപോകുന്ന ഹെലികോപ്റ്ററിന്റെ ക്ലോസപ്പിൽ നിന്നാണ് 'വലിയ ചിറകുള്ള പക്ഷികൾ' എന്ന സിനിമ തുടങ്ങുന്നത്.

മധുരാജ് എന്ന ഫോട്ടോഗ്രാഫർ നടന്ന വഴികളും കടന്നുചെന്ന വീടുകളും നാളുകൾക്കിപ്പുറം ഓരോ മലയാളിയുടേയും കൈവെള്ളയിൽ തെളിഞ്ഞ രേഖകൾ പോലാകുന്നു. തലക്ക് അസാമാന്യമായി വലുപ്പം വെയ്ക്കുന്ന സൈനബ എന്ന കുട്ടിയുടെ ചിത്രവുമായി ചെല്ലുന്ന മധുരാജിനോട് ഒരു നാട്ടിലെ ജീവന്റെ തുടിപ്പുകൾ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന എൻഡോ സൾഫാൻ എന്ന ജീവനാശിനിയുടെ ഇരകളെക്കുറിച്ച് ഒരു ഫോട്ടോ ഫീച്ചർ തയ്യാറാക്കാനാണ് പത്രാധിപർ ആവശ്യപ്പെടുന്നത്.




'ഒരു ദിവസം ഇവിടത്തെ പക്ഷികളൊന്നും പാടാതായി പൂമ്പാറ്റകളും തുമ്പികളുമെല്ലാം പൊയ്പ്പോയി തേനീച്ചകൾ തേനെടുക്കാൻ മറന്നു പോയി.'

എന്നിങ്ങനെ അമിതമായ കീട-രാസവളപ്രയോഗത്താൽ ഇല്ലാതായിപ്പോയ ജീവജാലങ്ങളെക്കുറിച്ച് പറയുന്ന 'നിശ്ശബ്ദ വസന്തം' എന്ന റെയ്ച്ചൽ കഴ്സന്റെ പുസ്തകത്തിലെ വരികൾ പത്രാധിപർ വായിക്കുന്നുണ്ട്.

മധുരാജിനെ കാത്തിരുന്നത് പാടാത്ത പൈങ്കിളിയും തേനെടുക്കാത്ത തേനീച്ചയും പൂക്കളെ തേടി വരാത്ത പൂമ്പാറ്റകളും മാത്രമായിരുന്നില്ല , കൈകാലുകൾ ശോഷിച്ചവരും ദിനേന തല ഭീമാകാരായി വലുതായിക്കൊണ്ടിരിക്കുന്നവരും ദേഹമാസകലം ചൊറിയും ചിരങ്ങുമായി നേരെ നിൽക്കാൻ പ്രയാസപ്പെടുന്നവരുമായിരുന്നു.

പ്ലാന്റേഷൻ കോർപ്പറേഷനെതിരെ ആദ്യമായി പരാതിയുമായി നീങ്ങിയ ലീലാകുമാരി അമ്മയെയാണ് അവരാദ്യം കാണാൻ പോകുന്നത്. താൻ നടത്തിയ നിയമ പോരാട്ടങ്ങളെക്കുറിച്ച് അവർ വിവരിക്കുന്നുണ്ട്.

പതിനേഴു വയസ്സായ ശ്രീലക്ഷ്മിക്കും അനുജനും ചെറിയ കുട്ടികളുടെ വളർച്ചയേയുള്ളു. കാഴ്ചയും ഇല്ല. നിരങ്ങി നീങ്ങുകയും മണം കൊണ്ടു മാത്രം ആളെ തിരിച്ചറിയുകയും ചെയ്യുന്നവർ . മക്കളുടെ കാര്യം ഭാവിയിൽ എന്താകും എന്നു ചോദിക്കുമ്പോൾ അഭിനയിക്കാനറിയാത്ത ആ അമ്മയുടെ കണ്ണീർ സിനിമ തീരുന്നതു വരെ ഫ്രെയിമിൽ പടർന്നു നിൽക്കുന്നുണ്ട്.

എട്ടുവയസ്സുകാരിയുടെ ശരീരവളർച്ച പോലുമില്ലാത്ത മദ്ധ്യവയസ്സിലെത്തിയ കിടപ്പു രോഗിയായ ശീലാബതി തന്റെ സ്ക്കൂൾ കാലഘട്ടത്തിൽ ഏരിയൽ സ്പ്രേ ചെയ്ത എൻഡോസൾഫാൻ ദേഹത്തു വീണതിനെപ്പറ്റി പറയുന്നു. വാപ്പ കൊടുക്കുന്ന മിഠായി മധുരാജിന് നീട്ടുന്ന ഒരു കുഞ്ഞുവാവയെപ്പോലെ തോന്നിക്കുന്ന എപ്പോഴും ചിരിക്കുന്ന നിഷ്കളങ്കനായ ബാദുഷ, മിടുക്കിയായ നല്ല കൈയക്ഷരമുണ്ടായിരുന്ന ശ്രീലക്ഷ്മി... ഇങ്ങനെ ചിത്രം പകർത്തുമ്പോഴെല്ലാം വലിയ ചിറകുള്ള പക്ഷികളുടെ ഭീതിദമായ ശബ്ദം മധുരാജ് അറിഞ്ഞുകൊണ്ടിരുന്നു. സ്വർഗ്ഗമെന്ന ഗ്രാമം നരകത്തിന്റേതിനു തുല്യമായ ഭീതിദമായ മരണഗന്ധം പേറിക്കൊണ്ടിരിക്കുകയാണെന്ന ശ്രീപദ്രയുടെ വാക്കുകളിൽ അതിശയോക്തിയില്ലെന്ന് ഓരോ പുൽക്കൊടിത്തുമ്പും സാക്ഷ്യം പറയുന്നുണ്ട്.

ഡോ. മോഹൻ കുമാർ നിരാശയോടെയാണ് തന്റെ നാടിനെക്കുറിച്ച് പറയുന്നത്. ക്യാൻസർ, വൃക്കരോഗം, നാഡീ-അസ്ഥിസംബന്ധമായ രോഗങ്ങൾ, ആത്മഹത്യാപ്രവണത, ബുദ്ധിമാന്ദ്യം എന്നിങ്ങനെ രോഗമൊഴിയാത്ത ഒരു തലമുറയാണ് ഗ്രാമത്തിലുള്ളത്. ആയുസ്സെത്താതെ പലരും മരിച്ചു പോകുന്നു. എൻഡോ സൾഫാനാണ് കാരണമെന്നറിഞ്ഞ് അതിനെതിരെ ശബ്ദമുയർത്തിയിട്ടും നരകയാതനകൾ സഹി

ച്ച് ജീവിക്കുന്നവർക്ക് നീതി കിട്ടിയില്ല എന്ന അമർഷം വാക്കുകളിൽ നിറയുന്നുണ്ട്.

അവിടത്തെ ക്ലിനിക്കിൽ പാർപ്പിച്ചിരുന്ന രോഗികളിൽ പലരും മധുരാജിന്റെ രണ്ടാം വരവിൽ അവിടെ ഉണ്ടായിരുന്നില്ല. വെള്ള പുതച്ചു കിടക്കുന്ന ശവശരീരങ്ങളുടെ നീണ്ട നിര ക്യാമറയിൽ പതിയാത്ത ചിത്രമായി മധുരാജ് അനുഭവിക്കുന്നുണ്ട്.

സ്റ്റോക്ഹോമിലെ യു. എൻ പരിസ്ഥിതി കോൺഫ്രൻസിൽ എൻഡോസൾഫാൻ നിരോധനം ചർച്ച ചെയ്യുമ്പോൾ ഇന്ത്യൻ പ്രതിനിധി



*A Pestering Journey*

ക്കൊപ്പം കൂട്ടു വന്നത് കീടനാശിനിക്കമ്പനി ഉദ്യോഗസ്ഥനാണെന്ന് മധുരാജ് കാണുന്നുണ്ട്. വിവിധ രാജ്യങ്ങളിൽ എൻഡോസൾഫാന്റെ ഉപയോഗം പരിമിതപ്പെടുത്തിയിട്ടും ഇന്ത്യ ഈ മാരക കീടനാശിനി ഉപേക്ഷിക്കാത്തതെന്തെന്ന് പ്രഗത്ഭനായ ഒരു കാർഷിക ശാസ്ത്രജ്ഞൻ അത്ഭുതപ്പെടുന്നുണ്ട്.

ഒരു തലമുറയെ തീരാ ദുരിതത്തിലാഴ്ത്തിയ ഈ ഗൂഢാലോചനക്ക് അവസാനമുണ്ടായത് സുപ്രീം കോടതി വിധിയോടെയാണ്. എൻഡോസൾഫാൻ പിൻവലിക്കണമെന്ന ഉത്തരവായിരുന്നു അത്. കമ്പനിക്ക് പത്തായിരം കോടിയുടേയും സർക്കാരിന് അയ്യായിരം കോടിയുടേയും നഷ്ടം ഉണ്ടാകും എന്നു കേൾക്കുമ്പോഴാണ് എത്ര വലിയ വ്യവസായ ഭീമനോടാണ് കാസർഗോഡ് ജില്ലയിലെ നിസ്വരായ ഒരു പറ്റം ജനവിഭാഗം പട വെട്ടിയത് എന്നറിയാൻ സാധിക്കുന്നത്.

നിരവധി അംഗീകാരങ്ങൾ നേടിയ ഒരു മണിക്കൂർ ദൈർഘ്യമേറിയ ഒരു ഡോകുമെന്ററിയാണ് കെ. ആർ . മനോജ് സംവിധാനം ചെയ്ത *A Pestering Journey* എന്ന ഡോക്യുമെന്ററി.(ജൂലൈ 2011) കീടനാശിനികൾ ജീവനാശം വിതച്ച ഇൻഡ്യയിലെ രണ്ടു വ്യത്യസ്ത പ്രദേശങ്ങളിലൂടെയുള്ള യാത്രയാണ് ഈ ഡോക്യുമെന്ററി.

## A Pestering Journey

What is pest?
Is it You?
Is it me?
Is it the way I look at you?

വെള്ളിത്തിരയിൽ തെളിയുന്ന ചോദ്യങ്ങൾക്ക് പിന്നാലെ ഹിറ്റിന്റെ പരസ്യവും. ഒരു കുട്ടി ഉരുവിട്ടു പഠിക്കുന്ന പാഠഭാഗങ്ങളുടെ ശബ്ദം പതുക്കെ പതുക്കെ മുഴങ്ങിക്കേൾക്കുന്നു :

Evolution
Revolution
Green Revolution ......

ആവർത്തിച്ചാവർത്തിച്ച് അതങ്ങനെ മരണത്തിന്റെ പതിഞ്ഞ താളം, പാളങ്ങളിലെ ഇരമ്പലായി ദ്രുതതാളത്തിൽ മുന്നേറുമ്പോൾ തീവണ്ടി വന്നു നിൽക്കുന്നത് പഞ്ചാബിലെ ഭട്ടിൻഡ എന്ന റെയിൽവേ സ്റ്റേഷനിലാണ്.

ജോധ്പൂരിൽ നിന്നുള്ള ആ ട്രെയിനിലെ യാത്രക്കാർ ഭൂരിഭാഗവും ബിക്കാനീറിലേക്ക് ക്യാൻസർ ചികിത്സക്ക് പോകുന്നവരാണ്. ബിൻഡർ കൗർ , കിരൺ ബാല എന്നിവരെല്ലാം രോഗബാധിതരായ കർഷകത്തൊഴിലാളികളാണ്.

മരണ താളം തീവണ്ടിയുടെ ഉഗ്രശബ്ദത്തിനൊപ്പം പഞ്ചാബിലെ കോട്ടൺ ബെൽറ്റായ മാൽവ റീജിയനിലെ ഗുഡ്ഢ ഗ്രാമത്തിലെത്തി നിൽക്കുമ്പോൾ പരവശരായ നിരവധി അർബുദ രോഗികളുടെ നൈരാശ്യം നിറഞ്ഞ പരിക്ഷീണ ശബ്ദങ്ങളാണ് കേൾക്കാൻ കഴിയുന്നത്. ഹെർബൻഡ് കൗർ, ഷിൻഡർ, സുഖ്ദേവ് രാം എന്നിവരെല്ലാം മരണം കാത്തു കഴിയുന്ന കർഷകത്തൊഴിലാളികളാണ്.

ബിക്കാനീർ ആചാര്യ തുളസി റീജിയണൽ ക്യാൻസർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അജയ് ശർമയുടെ വാക്കുകളിൽ ആശങ്കയുണ്ട്. 60000 മുതൽ 10000 വരെ രോഗികൾ ഓരോ വർഷവും വരാറുണ്ട്. എന്നാൽ ഇപ്പോൾ 6000 രോഗികൾ വീതം കൂടിക്കൊണ്ടിരിക്കുന്നു. ഭ

ട്ടിൻഡയിലെ ട്രെയിനിൽ നിറയെ പഞ്ചാബിലേയും ഹരിയാനയിലേയും രോഗികളാണ്. സ്ക്രീനിൽ തെളിയുന്ന കണക്കുകൾ ഭീകരമാണ്. "PGIMER നടത്തിയ പഠനത്തിൽ ക്യാൻസർ രോഗികൾ കൂടാനുള്ള കാരണം കീടനാശിനികളുടേയും രാസവളങ്ങളുടേയും അമിതോപയോഗമാണെന്ന് തെളിഞ്ഞിട്ടുണ്ട്".

Green Peace Research Laboratories നടത്തിയ അന്വേഷണത്തിൽ മുക്സതർ, ഭട്ടിൻഡ എന്നീ ജില്ലകളിലെ അമ്പതു വില്ലേജുകൾ ഇത്തരത്തിലാണത്രേ.

ഭട്ടിൻഡയിൽ നിന്നും ഇരമ്പിപ്പായുന്ന തീവണ്ടിയുടെ ശബ്ദത്തിനൊപ്പം ഏറെ അകലെ കേരളത്തിൽ ഏലൂർ ഉദ്യോഗമണ്ഡലിലുള്ള HIL എന്ന കീടനാശിനി നിർമ്മാണ ശാലയിലെ ദൃശ്യങ്ങളിലേക്കാണ് നാമെത്തുന്നത്.

ഭട്ടിൻഡയിൽ നിന്നും ഏറെ വിദൂരത്തിലുള്ള കാസർഗോഡൻ ഗ്രാമങ്ങളിൽ വിഷമഴ പെയ്യിച്ച എൻഡോ സൾഫാൻ പ്രധാനമായും ഇവിടെ നിന്നാണ് എത്തിയിരുന്നത്.

1976-ലാണ് പ്ലാന്റേഷൻ കോർപ്പറേഷൻ കാസർഗോഡ് കശുവണ്ടിത്തോട്ടങ്ങളിൽ എൻഡോ സൾഫാൻ ഉപയോഗിക്കാൻ തീരുമാനമെടുക്കുന്നത്. രണ്ടു ദശകങ്ങളാണ് അത് നീണ്ടു നിന്നത്.

'കൂറ്റൻ ചിറകുള്ള തുമ്പികളെപ്പോലെ ആകാശത്ത് ഹെലികോപ്റ്റർ പറന്നു പാറി .... ചിറകിൽ മരുന്നു നിറക്കാൻ സിമന്റ് ടാങ്കിനടുത്ത് വരുമ്പോൾ അതിനെ അടുത്തു കാണാനായി ഞങ്ങൾ പുറകെയോടി.... അത് ആകാശത്ത് വട്ടമിടുമ്പോൾ ഞങ്ങൾ തുള്ളിച്ചാടി..... പുരോഗതിയാണ് പാറിപ്പറക്കുന്നതെന്ന് മുതിർന്നവർ പറഞ്ഞു.....വെളുത്ത മഴ പൊഴിച്ച്, ഞങ്ങളുടെ കണ്ണു നിറച്ച് അത് പറന്നകലുമായിരുന്നു.'

(ഒരു ഓർമ്മക്കുറിപ്പ്)

ഒരു നാടിന്റെ വേദന തിങ്ങി നിറയുന്ന ഒരു കുറിപ്പ്.

എൻഡോസൾഫാന്റെ ആകാശത്തളിയാണ് തീരാദുരിതങ്ങളിലേക്ക് ഈ ഗ്രാമവാസികളെ എത്തിച്ചതെന്ന് ആദ്യം തിരിച്ചറിഞ്ഞ ഡോ. വൈ.എസ്. മോഹൻ കുമാർ , പത്ര ലേഖനങ്ങളിലൂടെ ജന ശ്രദ്ധ കൊണ്ടുവരാൻ ശ്രമിച്ച ശ്രീ പദ്രെ , ഈ വിഷം തളിക്കെതിരെ നിയമ പോരാട്ടം നടത്തി 2001-ലെങ്കിലും കോടതിയുത്തരവ് സമ്പാദിച്ച ധീരയായ കൃഷി വകുപ്പ് ജീവനക്കാരി ലീലാകുമാരി അമ്മ - ഇവരെല്ലാം പങ്കു വെക്കുന്നത് ഒരേ കാര്യങ്ങൾ തന്നെ.

കാലുകൾ തളർന്ന് വികൃത രൂപത്തിലായി, തല വളർന്ന് ദേഹമാകെ ചൊറിയും ചിരങ്ങും പടർന്ന് മരണ വണ്ടിക്ക് കാത്തിരിക്കുന്നവർക്കിടയിലേക്ക് തീവണ്ടിയൊച്ച അരിച്ചരിച്ചിറങ്ങുന്നുണ്ട്. കീടനാശിനിയെ ഇന്ത്യയിലെല്ലായിടത്തും മരുന്നെന്നാണ് വിളിക്കുന്നതെന്ന് ഒരൽപം അത്ഭുതം കൂറുന്നുണ്ട് ലീലാകുമാരി അമ്മ

മരണത്തിലേക്ക് ചീട്ടെഴുതിയ മരുന്നിന്റെ ഇരകളായി സുഗുണയും അമ്മയും ആബിദയും സക്കിയയും ....നാഡീ - പേശിബലക്ഷയം സംഭവിച്ച സുഗുണയുടെ ചിരി ഒരു തേങ്ങലായും........ പതുക്കെ പതുക്കെ നിസ്സഹായമായ അലർച്ചയായും ശരീരത്തെയോ മനസ്സിനെയോ നിയന്ത്രിക്കാനാകാതെ കുഴങ്ങുന്ന കുഞ്ഞുങ്ങളുടെ നിലവിളിപ്പെരുക്കങ്ങളായി നേർത്തു നേർത്തു പോകുന്നു.....




കീടനാശിനി ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുക ഏറെ എളുപ്പമാണ്. നിരോധിക്കുക വളരെ പ്രയാസകരവും. കീടനാശിനിക്കെതിരെ കേസു നടന്നപ്പോൾ ഇത് തളിക്കാനായി ശുപാർശ ചെയ്ത ഒ. പി. ദുബെ എന്ന ശാസ്ത്രജ്ഞൻ തന്നെയാണ് അന്വഷണത്തിന് വന്നതെന്നതാണ് വൈചിത്ര്യം. തികച്ചും പ്രഹസനമാണെന്ന് മനസ്സിലാക്കിയ നാട്ടുകാർ അവിടത്തെ കിണറുകളിൽ നിന്നുള്ള കുറച്ചു വെള്ളം കുടിച്ചു കാണിക്കാനാണ് ആവശ്യപ്പെട്ടത്.

കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കാനായി തേയിലക്കൊതുകുകളെ കൊല്ലുന്നതിനായി ഉപയോഗിച്ച 'മരുന്ന്' കീടങ്ങളെ കൊല്ലുക മാത്രമല്ല, ഇഴഞ്ഞുനീങ്ങുകയും മരണ വണ്ടി കാത്തു കിടക്കുകയും ചെയ്യുന്ന ഒരു തലമുറയെ കൂടിയാണ് സൃഷ്ടിച്ചത് .

സ്ക്രീനിൽ തെളിയുന്ന ഓർമ്മപ്പെടുത്തലുകൾ :

India- World's largest user of endosulfan and a major producer produces more than 4500 tonnes annually for domestic use and another 4000 tonnes for export.

A global ban on the use and manufacture of endosulfan was considered under the

Stockholm Convention. India strongly opposed the ban of endosulfan at Rotterdam, Stockholm and Geneva conventions.

ഒരു പാറ്റയുടെ ക്ലോസപ്പിൽ നിന്ന് അതേ പശ്ചാത്തലത്തിൽ ഫെയ്ഡ് ഔട്ട് ആകുന്ന റിപ്പബ്ളിക് ദിന റാലിയുടെ ചിത്രം . എൻഡോസൾഫാൻ നിരോധിച്ച വാർത്ത

ക്കു പിന്നാലെ വർഷങ്ങൾക്കു ശേഷം വൈ എസ്. മോഹൻ കുമാറിന്റെ ശബ്ദം കിളികളുടെ നേർത്ത നാദത്തിനൊപ്പം നാം കേൾക്കുന്നുണ്ട്. ‘ ഇവിടെ രോഗം വിട്ടൊഴിയാൻ തുടങ്ങിയിരിക്കുന്നു. അംഗവൈകല്യം ബാധിച്ച കുഞ്ഞുങ്ങൾ പഴയതു പോലെ ജനിക്കുന്നില്ല. പക്ഷികളും വന്യമൃഗങ്ങളും തിരിച്ചു വന്നിരിക്കുന്നു.‘

### അമീബ

2016 ൽ റിലീസ് ചെയ്ത മനോജ് കാന രചനയും സംവിധാനവും നിർവ്വഹിച്ച അമീബ എന്ന ഫീച്ചർ ഫിലിമിലും എൻഡോസൾഫാൻ ദുരിത ബാധിതരായ ചിലരുടെ ലോകം തന്നെയാണ് ചിത്രീകരിക്കുന്നത്. പ്ലാൻറ്റേഷൻ കോർപ്പറേഷൻ തൊഴിലാളിയായ നാരായണന്റേയും കുടുംബത്തിന്റേയും കഥയാണത്. ആത്മഹത്യയിൽ അഭയം പ്രാപിക്കുന്ന വീട്ടമ്മയെയും കുടുംബങ്ങളെ പിഴിയുന്ന പലിശക്കാരേയും നിത്യ രോഗികളായ കുട്ടികൾക്ക് ജന്മം കൊടുക്കുന്നത് ഭയന്ന് ലൈംഗിക ബന്ധം പോലും ഭയത്തോടെ കാണുന്ന മനീഷ എന്ന കഥാപാത്രത്തേയും ഇതിൽ കാണാം. ഇരകളുടെ നേർ ചിത്രങ്ങൾക്ക് പകരം കൂട്ടിരുപ്പുകാരുടെ മനോവ്യഥകളും അതിജീവനപ്പോരാട്ടങ്ങളും ചിത്രീകരിക്കുന്നതിലൂടെ ഒരു ഡോക്യുമെന്ററിയുടെ തലത്തിലേക്ക് വഴുതി വീഴാതെ കഥാഘടന നിലനിർത്താൻ സംവിധായകന് കഴിഞ്ഞിട്ടുണ്ട്,.

### പകർന്നാട്ടം


ജയറാം, സബിത ജയരാജ് എന്നിവർ മുഖ്യ വേഷങ്ങളിലഭിനയിച്ച ജയരാജ് സംവിധാനം ചെയ്ത പകർന്നാട്ടം (2012) എന്ന സിനിമയിലും എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പ്രധാന വിഷയമായി വരുന്നുണ്ട്. സ്വന്തം രാഷ്ട്രീയ ശരികളിൽ അടിയുറച്ചു നിൽക്കുന്ന മീര, തോമസ് എന്നീ നായികാ നായകന്മാരുടെ കഥ പറയുന്നതിനൊപ്പം എൻ



‘പകർന്നാട്ടം’

ഡോസൾഫാൻ ഇരകൾക്ക് വേണ്ടി പ്രവർത്തിക്കുന്ന തോമസിന്റെ ആദർശധീരതയും ചിത്രീകരിച്ചിരിക്കുന്നു.

അനേകം ഡോക്യുമെന്ററികൾക്ക് പുറമേ




വാർത്താ ചാനലുകളിലെ പ്രത്യേക പരിപാടികളിലൂടെയും എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങൾ ജനങ്ങളിലേക്കെത്തിയിരുന്നു. അതിൽ എടുത്തു പറയേണ്ട ഒരു പേര് ടി എൻ. ഗോപകുമാർ അവതരിപ്പിച്ചിരുന്ന ഏഷ്യാനെറ്റ് ചാനലിലെ ‘കണ്ണാടി’ എന്ന പ്രോഗ്രാമിനെക്കുറിച്ചാണ്. 2001 മുതൽ നിലനിൽപ്പിനായി ഈ പാവം മനുഷ്യർ നടത്തിയ സമരവഴികൾ ഒന്നൊഴിയാതെ കണ്ണാടി പകർത്തി അവതരിപ്പിച്ചിരുന്നു.

### എം എ. റഹ്മാൻ :

എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങൾ ജനശ്രദ്ധയിലെത്തിക്കുവാനായി അദ്ദേഹം തന്റെ ആദ്യ ലേഖനം 2001-ൽ മാധ്യമം വാരികയിൽ നാലു ലക്കങ്ങളിലായാണ് പ്രസിദ്ധീകരിച്ചത്.

അദ്ദേഹത്തിന്റെ വാക്കുകളിലൂടെ ......

വായനക്കാരുടെ പ്രതികരണം കമ്മിയായതിനാൽ ഡോക്യുമെന്ററി നിർമ്മിക്കാൻ തീരുമാനിച്ചു. 2000 മുതൽ 2003 വരെ പതിനൊന്നു പഞ്ചായത്തുകളിലും സഞ്ചരിച്ചു.

സർക്കാരോ രാഷ്ട്രീയ പാർട്ടികളോ ഗ്രാമീണർക്കുണ്ടായ മാരക രോഗങ്ങൾ എൻഡോ

സൾഫാൻ മൂലമാണെന്ന് അംഗീകരിച്ചിരുന്നില്ല. 2002-ൽ തന്നെ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം N.I.O.H ന്റെ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷണൽ ഹെൽത്ത്) എൻഡോസൾഫാനെ പ്രതിയാക്കിയ ആരോഗ്യ റിപ്പോർട്ട് വന്നെങ്കിലും 2010 - വരെ അതംഗീകരിക്കാത്ത നിലയിലായിരുന്നു സംഘടനകൾ. അവർ പരിസ്ഥിതി പ്രശ്നങ്ങൾക്ക് മാത്രം പ്രാധാന്യം നൽകി. രോഗികളുടെ അടിയന്തിരമായ ആവശ്യം മരുന്നും ചികിത്സയുമായിരുന്നു. അത് പരിഹരിക്കപ്പെട്ടില്ല.

ഗ്രീൻ ഫോക്സ് എന്ന ചെറിയ ജനകീയ കൂട്ടായ്മയായിരുന്നു 'അരജീവിതങ്ങൾക്കൊരു സ്വർഗ്ഗം' എന്ന ഡോക്യുമെന്ററി നിർമ്മിച്ചത്. എന്നാൽ രാഷ്ട്രീയ പാർട്ടികളെ എൻഡോസൾഫാൻ ഇരകളായവർ വിമർശിക്കുന്നത് അവരെ ചൊടിപ്പിക്കുകയും പലയിടത്തും പ്രദർശനം തടയപ്പെടുകയും ചെയ്തു.



ഡോക്യുമെന്ററി പ്രദർശനത്തിലൂടെ ലഭിച്ച തുക എൻഡോസൾഫാൻ ഇരകളായ രോഗികളുടെ ചികിത്സക്കായാണ് ചെലവഴിച്ചത്. 2004-ൽ പ്രതിപക്ഷ നേതാവായിരുന്ന വി എസ്. അച്യുതാനന്ദന്റെ നിലപാടുകളാണ് എൻഡോസൾഫാൻ ഇരകൾക്ക് ചികിത്സാ ധനസഹായം, നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്ക് അല്പമെങ്കിലും സഹായകമായത്.

2005-ൽ കേന്ദ്ര കൃഷിമന്ത്രാലയം കേരളത്തിൽ മാത്രം എൻഡോസൾഫാൻ നിരോധിച്ചു. 2007-ൽ മുഖ്യമന്ത്രിയായിരുന്ന വി എസ്. അച്ചുതാനന്ദൻ ദുരിതാശ്വാസ പദ്ധതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. 1992-ൽ ഇന്ത്യ ഒപ്പിട്ട റിയോ ഭൗമ ഉച്ചകോടി പ്രകാരം ഇന്ത്യയുടെ പൂർണ നിർരോധനപ്പട്ടികയിൽ എൻഡോസൾഫാൻ അപ്പോഴും വന്നിട്ടുണ്ടായിരുന്നില്ല. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം N.I.OH തയ്യാറാക്കിയ റിപ്പോർട്ട് അപ്പോഴും വെളിച്ചം കണ്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ 2010-ൽ റിപ്പോർട്ട് പുറത്തുവന്നു. ഇരകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ മനുഷ്യാവകാശ കമ്മീഷൻ പ്ലാന്റേഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടു.

2010 ഡിസംബർ 17-ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായ അഡ്വ. കെ. ജി. ബാലകൃഷ്ണൻ കാസർകോട്ടെത്തി തെളിവെടുത്തു. പ്ലാന്റേഷൻ കോർപ്പറേഷനോട് അവരുടെ വിഹിതം നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അമ്പത് കോടി നൽകേണ്ടതിനു പകരം അഞ്ച് കോടി സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി അവർ ബാധ്യതയിൽ നിന്ന് പിന്മാറി. പ്രവാസി മലയാളികളുടെ സഹായത്തോടെ എൻവിസാജ് (എൻഡോസൾഫാൻ വിക്ടിംസ് സപ്പോർട്ട് എയ്ഡ് ഗ്രൂപ്പ് ) രൂപം കൊണ്ടതും സഹജീവനം ബദലുണ്ടായതും ഈ അവസരത്തിലാണ്.

സ്റ്റോക്ഹോമിൽ പി. ഒ. പി. റിവ്യു കമ്മിറ്റി 2011 ഏപ്രിൽ മാസത്തിൽ നടന്നു. എൻഡോ സൾഫാൻ നിരോധനം എന്ന ലക്ഷ്യം യാഥാർത്ഥ്യമാകാൻ വേണ്ടി കാസർഗോഡ് 'ഒപ്പുമരം' എന്ന പ്രതിഷേധ സംഗമം നടത്തി. അതിന്റെ അലയൊലി സ്റ്റോക്ഹോമിൽ വരെയെത്തുകയുണ്ടായി. ഈ മാരക ജീവനാശിനിയുടെ ആഗോള നിരോധനം സ്റ്റോക്ഹോമിൽ യാഥാർത്ഥ്യമായി. മനുഷ്യാവകാശ കമ്മീഷനിലേക്ക് കത്തെഴുതിയും മാധ്യമങ്ങളിലൂടെ ജനശ്രദ്ധ ക്ഷണിക്കുകയും ചെയ്തതു വഴി 2012 ജൂൺ 5 - ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവനുസരിച്ചുള്ള 87 കോടിയിൽ 27 കോടി രൂപ പ്ലാന്റേഷൻ കോർപ്പറേഷൻ കാസർഗോഡ് ജില്ലാ കലക്ടർ ജിതേന്ദ്രന് കൈമാറിയതോടെ എൻഡോ സൾഫാൻ പ്രതിരോധ സമര ചരിത്രത്തിലെ ആദ്യത്തെ നിയമപരമായ ആനുകൂല്യം നടപ്പിലായി. ഒന്നര ദശകത്തെ പോരാട്ടത്തിനു ശേഷം ഈ അവകാശവിഹിതം നൽകുന്നതിലൂടെ പ്ലാന്റേഷൻ കോർപ്പറേഷൻ സ്വയം പ്രതിയായി.

രണ്ടാം ഗഡുവായ ഇരുപത്താറു കോടി ഏറെ സമ്മർദ്ദങ്ങൾക്കു ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ നൽകുമെന്ന് പിന്നീട് സംസ്ഥാന കൃഷി മന്ത്രി പ്രസ്താവിച്ചു.

മൂന്നാം ഗഡുവായി പ്ലാന്റേഷൻ കോർപ്പറേഷൻ നൽകേണ്ട മുപ്പത്തിനാല് കോടിയും സർക്കാർ നൽകേണ്ട എൺപത്തിയേഴ് കോടിയും ഇനിയും കുടിശ്ശികയാണ്.  ഈ പണം ബാങ്കിലിട്ട് മാസം തോറും അതിന്റെ പലിശ സഹജീവികൾക്ക് നൽകണമെന്ന ഭരണഘടനാപരമായ ബാധ്യത ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഇപ്പോഴും വൈകുന്തോറും ഓരോ സഹജീവിക്കും ലഭിക്കേണ്ട പെൻഷൻ അധിക വിഹിതമാണ് മുടങ്ങി ക്കൊണ്ടിരിക്കുന്നത്. പകരം ദുരിത ബാധിതരുടെ ഭാഗികമായ കടം എഴുതി തള്ളുന്ന



പ്രക്രിയയാണ് നടന്നുകൊണ്ടിരിക്കുന്നത്. നിയമപരമായി കിട്ടാനുള്ളതിന്റെ പത്തു ശതമാനം പോലും ഇല്ല അത്. നഷ്ടപരിഹാരം നിർണയിക്കാനുള്ള ഒരു ട്രിബ്യൂണൽ ഏറെ അവശ്യമായിരുന്നു. എന്നാൽ അതു വേണ്ടെന്ന ഹൈക്കോടതിയുടെ തീരുമാനവും സർക്കാരുമായുള്ള സമരസമിതിയുടെ ഒത്തുതീർപ്പു ചർച്ചകളും ഇരകൾക്ക് നഷ്ടപരിഹാരം തക്ക സമയത്ത് കിട്ടാനുള്ള വാതിലുകൾ അടക്കുകയാണുണ്ടായത് എന്ന നിരാശ കൂടി എം എ. റഹ്മാൻ പങ്കു വെക്കുന്നു.

രാസവിഷത്തെ രാസമരുന്നാക്കി മാറ്റിയാണ് ഈ പ്രദേശങ്ങളിൽ ഹെലികോപ്റ്റർ സ്വൈര വിഹാരം നടത്തിയത്. 'വിഷമടിക്കുന്നു' എന്നതിനു പകരം 'മരുന്നടിക്കുന്നു' എന്നാണ് പറഞ്ഞിരുന്നത്. ഹെലികോപ്റ്ററിൽ എൻഡോസൾഫാൻ തളിക്കാനായി വരുന്ന കൊച്ചിക്കാരായ പൈലറ്റുമാർ അത് തളിച്ചു കഴിഞ്ഞാൽ അടുത്ത ദിവസത്തെ പ്രഭാത വണ്ടിക്ക് പോകാൻ അതിരാവിലെ ഈ മലമടക്കുകളിറങ്ങി ജീപ്പു വഴി സ്റ്റേഷനിലേക്ക് പോകുമ്പോൾ വഴി നീളെ വിഷം തീണ്ടി മരിച്ചു കിടക്കുന്ന കൂരൻ , മുയൽ, കീരി, കാക്ക, കാട്ടു കോഴി , പാമ്പുകൾ, തവളകൾ, മരപ്പട്ടികൾ, മയിലുകൾ, അരണകൾ, ഓന്തുകൾ തുടങ്ങിയ വന്യജീവികളുടെ മൃതദേഹങ്ങൾക്കു മുകളിൽ ചക്രം കയറാതിരിക്കാൻ പാടുപെട്ടതിനെക്കുറിച്ച് ബോവിക്കാനം അമ്മം കോട്ടെ ഡ്രൈവർ മാധവൻ പറഞ്ഞത് ഞങ്ങളുടെ ഓർമ്മയിലുണ്ട്.

നേരത്തേ ഇവിടെ നിലവിലുണ്ടായിരുന്ന മുത്താറി, എള്ള്, മുതിര, തുവര, മധുരക്കിഴങ്ങ്, നെല്ല്, മലക്കറികൾ തുടങ്ങിയ കൃഷികൾ ആ മണ്ണിന്റെ സംസ്കാരമനുസരിച്ചുള്ളതായിരുന്നു. അതിനെ മുഴുവൻ വടിച്ചു മാറ്റി കശുവണ്ടിയെ മാത്രം അവിടെ പ്രതിഷ്ഠിച്ചപ്പോൾ അത് ദേശാടക സമുദായമാക്കി മാറ്റപ്പെട്ട ഒരു ജനതയുടെ ജീവിതോപാധിക്കു മേലുള്ള കടന്നുകയറ്റമായി. 'കൊറഗര' പോലുള്ള സമുദായം പ്രകൃത്യാ കുറ്റിയറ്റവരായി.

പ്ലാന്റേഷൻ കോർപ്പറേഷൻ നൂറ്റിയിരുപത് കോടി രൂപ നഷ്ടപരിഹാരമായി എൻഡോ സൾഫാൻ ഇരകൾക്ക് നൽകണമെന്നായിരുന്നു കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടത്. എന്നാൽ സംസ്ഥാന കൃഷിമന്ത്രി ഈ ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കി പ്രസ്താവന പുറപ്പെടുവിച്ചിരുന്നു.

എൻഡോസൾഫാൻ പീഡിതർ മരിച്ചാൽ വീട്ടുകാർക്ക് ആശ്വാസ സഹായമായി അഞ്ചു ലക്ഷവും രോഗികൾക്ക് മൂന്നു ലക്ഷവും നൽകേണ്ടതാണ്. എന്നാൽ ഇതിൽ നിന്നെല്ലാം പ്ലാന്റേഷൻ കോർപ്പറേഷന് വിടുതൽ കിട്ടുകയാണുണ്ടായത്. 'കയ്യൂരിൽ നിന്ന് അഞ്ചു നദികളിലെ പാലവും കടന്ന് ഒപ്പുമരച്ചുവട്ടിലെത്തിയ റൗക്കയും രണ്ടാം മുണ്ടും അണിഞ്ഞ നാല് അമ്മമാർ ഒരു വിസ്മയമായിരുന്നു. 'ഞങ്ങളുടെ മക്കൾക്ക് സൗഖ്യം വരണം . ഈ ബാധ ഇവിടുന്ന് ഒഴിഞ്ഞു പോണം . ഈ മരത്തിൽ ഒപ്പു ചാർത്തിയാ ഓറ് ഈ മാലാധരം ഇല്ലാതാക്കുംന്ന് പേപ്പറില് കണ്ട്, ഓറാണ് ഈ ഹണേബരം ഞങ്ങളെ തലക്കു മേലെ ബരുത്തിയത്.'

അപ്പോൾ ഞങ്ങൾ ആലോചിച്ചത്. ഈ അമ്മമാർ വിശേഷിപ്പിച്ച 'ഓറ്' (അവർ) ആരാണെന്നതാണ്. തീർച്ചയായും , ആദ്യമായും അവസാനമായും അത് ഇന്ത്യൻ ഭരണകൂടമാണ്. അധികാരമുണ്ടെങ്കിൽ എന്തും ചെയ്യാമെന്നു കരുതുന്ന ഭരണകൂട ഭീകരതയാണ് ആ  അമ്മമാർ വിശേഷിപ്പിക്കുന്ന 'ഓറ്'. (ഓരോ ജീവനും വിലപ്പെട്ടതാണ് എന്ന പുസ്തകത്തിൽ നിന്ന് )

**കീടനാശിനി ഉപയോഗവും നിയമങ്ങളും:**

കീടനാശിനികളുടെ ഇറക്കുമതി , നിർമാണം

, വിൽപന , കടത്തിക്കൊണ്ടു പോകൽ, വിതരണം എന്നിവ സംബന്ധിച്ച നിയമം (ദി ഇൻസെക്ടിസൈഡ്സ് ആക്ട്) 1968-ലാണ് പാസ്സാക്കിയത്. എന്നാൽ 1-3-71 ലാണ് കുറേ വകുപ്പുകൾ നടപ്പാക്കിയത്. ബാക്കി വകുപ്പുകൾ 1-8 - 1971 ൽ നിലവിൽ വന്നു. പിന്നീട് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഈ നിയമത്തിനു കീഴിൽ കേന്ദ്ര സർക്കാർ തന്നെ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിനും പുറമേ കേന്ദ്ര കീടനാശിനി ബോർഡുമായി ആലോചിച്ച് യുക്തമെന്നു തോന്നുന്ന ചട്ടങ്ങൾ ഉണ്ടാക്കാൻ സംസ്ഥാന സർക്കാരിന് അധികാരം കൊടുത്തിട്ടുണ്ട്. (കൃഷിയും നിയമവും: അഡ്വ. വി.കെ. സത്യവാൻ നായർ - മനോരമ - കർഷകശ്രീ - നവംബർ 16)

**കീടനാശിനി ദുരന്തം**

1958-ൽ ഇന്ത്യയിലാദ്യമായി കീടനാശിനി ദുരന്തം ഉണ്ടാകുന്നത് കേരളത്തിലാണ്. ഗോതമ്പും പഞ്ചസാരയും ബിസ്കറ്റും കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ.



ഫോളിഡോൾ എന്ന കീടനാശിനി പാക്കറ്റ് പൊട്ടി ഭക്ഷ്യ വസ്തുക്കളുമായി കൂടിക്കലർന്നു. നൂറ്റിരണ്ടോളം പേർ തൽക്ഷണം മരിക്കുകയും എണ്ണൂറ്റിഇരുപത്തെട്ട് പേർക്ക് വിഷബാധയേൽക്കുകയും ചെയ്തു.

**ഭോപ്പാൽ ദുരന്തം :**

1976-ൽ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ രാസ വ്യവസായ ഭീമൻ യൂണിയൻ കാർബൈഡ് ഇന്ത്യയിൽ ഭോപ്പാലിൽ 1976-ൽ മീഥൈൽ ഐസോസയനേറ്റ് ഉപയോഗിച്ച് സെവിൻ എന്ന കീടനാശിനി നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. 1984 ഡിസംബർ 2 - ന് മീഥേൽ ഐസോസയനേറ്റ് ശേഖരിച്ച ടാങ്കിൽ വെള്ളം കയറുകയും ധാരാളം വിഷവാതകങ്ങൾ അന്തരീക്ഷത്തിൽ വ്യാപിക്കുകയും ചെയ്തു. 16000നും 30000 നും ഇടയിൽ ആൾക്കാർ കൊല്ലപ്പെട്ടു.

കുട്ടികളിലെ തിമിരം, ക്യാൻസർ, ക്ഷയം, തളർച്ച, വിഷാദം, പനി എന്നിവ ജീവിച്ചിരിക്കുന്നവർക്ക് നൽകി. ദുരന്തത്തിന്റെ പരിണത ഫലങ്ങൾ ഇപ്പോഴുമുണ്ട്.

വിളകളിൽ പ്രയോഗിക്കുന്ന കീടനാശിനികൾ രണ്ടു തരത്തിൽ കീടങ്ങൾക്കെതിരെ പ്രവർത്തിക്കുന്നു. ഒന്ന് സ്പർശനം വഴി കീടങ്ങളുടെ ശരീരത്തിലെത്തി ശരീര വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്നു. സസ്യത്തിന്റെ വേരുകളിലൂടെ അവയുടെ തണ്ടുകളിലും ഇലകളിലും കീടനാശിനിയുടെ സാന്നിധ്യം എത്തുന്നു. ഇതു വഴി സസ്യത്തിന് കേടു വരുന്നില്ലെങ്കിലും അവയുടെ നീരൂറ്റുന്ന കീടങ്ങൾക്ക് വിഷ മേൽക്കുന്നു. ജീവികളിലെ പോലെ മനുഷ്യരിലും നാഡീവ്യവസ്ഥയെയാണ് കീടനാശിനികൾ ബാധിക്കുന്നത്.

കോളിൻ സ്റ്റിറേസ് എന്ന എൻസൈമിനെയാണ് കീടനാശിനികൾ ബാധിക്കുന്നത്. ഡി.ഡി.റ്റിയുടെ കണ്ടുപിടിത്തമായിരുന്നു കീടനാശിനി നിർമ്മാണത്തിലെ വലിയ വിപ്ലവം . 1939-ൽ ഡി.ഡി.റ്റി കണ്ടുപിടിച്ച സ്വിറ്റ്സർലൻഡിലെ പോൾ ഹെർമൻ മുള്ളർക്ക് നൊബേൽ സമ്മാനം കിട്ടി. പിന്നീട് 1962 - ൽ റേച്ചൽ കഴ്സണെപ്പോലുള്ളവർ ഡി.ഡി.റ്റി വരുത്തുന്ന ദുരന്തം ലോകത്തിനു മുന്നിൽ തുറന്നു കാട്ടിയപ്പോഴാണ് പല രാജ്യങ്ങളും ഡി.ഡി.റ്റി നിരോധിച്ചത്.

ഒറ്റവിള കൃഷി എന്ന തികച്ചും അശാസ്ത്രീയമായ ഒരു കൃഷിരീതിയാണ് പ്ലാൻറേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളിൽ തേയിലക്കൊതുക് പോലുള്ള കീടങ്ങൾ പെരുകാൻ കാരണമായത്. അത് തിരിച്ചറിയാതിരിക്കുകയും മാരക കീടനാശിനികൾ ഉപയോഗിച്ച് ഒരു തലമുറയെ ഇല്ലാതാക്കുകയും ചെയ്തവർ ജീവിച്ചിരിക്കുന്നവരോട് കുറച്ചെങ്കിലും കാരുണ്യം കാണിക്കേണ്ടതുണ്ട്. ഒരു പൊതുമേഖലാ സ്ഥാപനത്തിൽ നിന്നു വന്ന വീഴ്ച എന്ന നിലയിൽ സർക്കാരിനും ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞു നിൽക്കാനാവില്ല. നഷ്ടപരിഹാരവും ചികിത്സയും കിട്ടാതെ അരജീവിതം നയിക്കുന്നവരും ഈ ഭൂമിയുടെ അ വകാശികളാണ്.



ജാനകി
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക



# കനവ് പോലൊരു സൗഹൃദം

ചില സൗഹൃദങ്ങൾ അങ്ങിനെയാണ്. വൃക്ഷങ്ങൾ തമ്മിലുള്ള അടുപ്പങ്ങൾ പോലെ.പ്രത്യക്ഷത്തിൽ അകന്നു നിൽക്കുമ്പോഴും ആഴങ്ങളിൽ വേരുകൾ കൈകോർക്കുന്നു. പരസ്പരം തണലേകുന്നു. പോഷിപ്പിക്കുന്നു.കരുതലുകളും മൃദുസ്പർശങ്ങളും അദൃശ്യമായി കൈമാറുന്നു. 2021 ലെ ഡിസംബർ മാസത്തിൽ, ക്രിസ്തുമസിന് കുറച്ചു നാളുകൾക്കു മുൻപ് സുഹൃദ് വൃന്ദത്തെയും കുടുംബങ്ങളെയും അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു കൊണ്ട്, ഒരു മുന്നറിയിപ്പുമില്ലാതെ ഷെർളി മേരി ജോസഫ്, കളരിയിൽ തിരി തെളിയിച്ചു പൊടുന്നനെ വിട വാങ്ങിയപ്പോൾ, മറ്റു പലർക്കുമെന്ന പോലെ എനിക്കും നഷ്ടപ്പെട്ടത് അത്തരമൊരു സൗഹൃദമായിരുന്നു.

പക്ഷെ ഷെർളി, എനിക്കിനിയും വിട പറയാൻ ആവുന്നില്ല. ഒരു ഇല പൊഴിയുന്ന ലാഘവത്തോടെ കൊഴിയുവാൻ, ഒരു തൂവൽ പോലെ ജീവിതത്തെ ഒന്ന് തഴുകി പോകുവാൻ ഷെർളിക്ക് മാത്രമേ കഴിയുകയുള്ളൂ. നിലപാടുകളിലെ ദൃഢത ഒരു മനസ്സിനെ ഇത്രയും ശാന്തവും, സ്നേഹമുഗ്ധവുമാക്കാൻ കഴിയുമോ എന്ന് ഞാൻ ചിന്തിച്ചു പോകുന്നു. ആഴത്തിലുള്ള വായനയും ചിന്തയും ഷെർളിക്ക് അലങ്കാരമോ മത്സരത്തിനുള്ള സാമഗ്രിയോ ആയിരുന്നില്ല. ഷെർളിയുടെ സംസാരത്തിൽ എത്ര അനായാസമായാണ്, സ്വാഭാവികമായാണ് മനുഷ്യനൊപ്പം ജന്തുജാലങ്ങളും കാപ്പിപ്പൂക്കളും കടന്നു വന്നിരുന്നത്. പ്രകൃതിയിലെ അനവധി പ്രവൃത്തികളുടെ ഒരു ഭാവം മാത്രമായിരുന്നു മനുഷ്യൻ.

ജീവിതത്തിലെ എല്ലാ ഇടങ്ങളിലുമെന്ന പോലെ സൗഹൃദം എന്ന അനുഭവത്തിലും ബദൽ തേടിയിരുന്ന ഒരു വ്യക്തി ആയാണ് ഷെർളി എന്നെ ആകർഷിച്ചിട്ടുള്ളത്. ഉപാധികളില്ലാതെ സഹജീവികളെ സമീപിക്കുന്ന, വിഭിന്ന ശബ്ദങ്ങളിലും ചില ഐക്യങ്ങളുടെ സാധ്യത കാണുന്ന,അവയെ പരിപോഷിപ്പിക്കാൻ പരിശ്രമിക്കുന്ന ഒരു വെളിച്ചമാണ് ഷെർളിയുടെ സ്നേഹബന്ധങ്ങളെ നയിച്ചിരുന്നത് എന്നെനിക്കു തോന്നിയിട്ടുണ്ട്. വ്യത്യാസങ്ങളെ മറികടന്നു മനുഷ്യർക്കു സംവദിക്കാൻ സാധ്യമാണ് എന്ന ഉറച്ച വിശ്വാസത്തോടെ കൈ നീട്ടാൻ ഷേർളി ഒരുക്കമായിരുന്നു.സ്വയം ഒരുങ്ങാൻ ശ്രമിച്ചിരുന്നു എന്നത് തന്നെ മറ്റൊരു പ്രപഞ്ച വീക്ഷണത്തിൽ നിന്നുയരുന്ന സ്നേഹപ്രവർത്തനമാണ്.

മുഖ്യധാരാ സമൂഹത്തിൽ നിന്നും വേറിട്ട പാതകളിൽ സഞ്ചരിക്കുമ്പോഴും, ആ ധാരയിലെ പല തരംഗ



ഷെർളി

ങ്ങളോടും ശ്രദ്ധയോടെ സംവദിക്കാൻ ഈ കൂട്ടുകാരി സദാ തയ്യാറായിരുന്നു.അങ്ങിനെ സമതലങ്ങളിൽ നിന്ന് പലരെയും ഷെർളി കനവിലെത്തിച്ചു. മറ്റൊരു ലോകവീക്ഷണത്തിൽ പങ്കാളികളാക്കി. വയനാട്ടിലേക്കും കനവിലേക്കിലുമുള്ള ഓരോ യാത്രയും, സമതലങ്ങളിലെ മനുഷ്യജീവിതത്തെയും അതിന്റെ കാലുഷ്യങ്ങളെയും നിസ്സാരമാക്കുന്നതായിരുന്നു. പരിഷ്കൃത നാഗരിക സമൂഹത്തിന്റെ അറിവുകളെ തുച്ഛമാക്കുന്ന ഒന്നായിരുന്നു. കാടിന്റെയും, അരുവികളുടെയും, മുളങ്കാടിന്റെയും ആനത്താരകളുടെയും വഴികളെ പിന്തുടരുന്ന ദൈനംദിന ജീവിതത്തിൽ, അറിവിന്റെ അടിസ്ഥാനത്തെ തന്നെ ചോദ്യം ചെയ്യുന്ന ഗോത്ര വിവേകം ഷെർളിയിലും പ്രസരിച്ചിരുന്നു. കനേഡിയൻ സാഹിത്യത്തിലെ പ്രമുഖ ധാരയായ ഗോത്ര സാഹിത്യത്തിൽ എം ഫിൽ ചെയ്യുമ്പോഴും താൻ തിരഞ്ഞെടുത്ത എഴുത്തുകാരെ കുറിച്ച് മറ്റൊരു ഗവേഷകയും കാണിക്കാത്ത ആവേശത്തോടെ,തിളക്കത്തോടെ ഷെർളി സംസാരിക്കുന്നത് ഏറെ കൗതുകത്തോടെയും അത്ഭുതത്തോടെയും ആണ് ഞാൻ കണ്ടിരുന്നത്. കാരണം ഷെർളിയെ സംബന്ധിച്ചിടത്തോളം തന്റെ ഗവേഷണം തന്റെ ജീവിതത്തിലെ നിരന്തര അന്വേഷണത്തിന്റെ തന്നെ തുടർച്ചയായിരുന്നു.അത് ഇൻക്രിമെന്റിനുള്ള ഡിഗ്രി മാത്രമായിരുന്നില്ല. സ്ഥാനകയറ്റിത്തിനായുള്ള ഒരു ഉപകരണമായിരുന്നില്ല.സ്ഥാപനവൽകൃതമായുള്ള അന്വേഷണത്തിന്റെ ചങ്ങലകളിൽ കുടുങ്ങാതിരിക്കാനായിരിക്കാം ഷെർളി തന്റെ കോളേജിൽ നിന്ന് സ്വയം വിരമിച്ചു മറ്റു പാതകൾ തേടിയതും. സ്വച്ഛന്ദമായി അലയാൻ തുടിക്കുന്ന ഒരു ചൈതന്യം നീലമലകളോടും, കുറുന്തോട്ടി കുന്നിലെ ആട്ടിൻകൂട്ടങ്ങളോടും സംസാരിച്ചു .ഇംഗ്ലീഷിലും മലയാളത്തിലും ചെറു കവിതകളും നീണ്ട ഗീതങ്ങളും ചമച്ചു. മൈനയുടെ കള്ളുഷാപ്പിനെയും, മണ്ണാങ്കട്ടയെയും കരിയിലയെയും, ചതുപ്പു നിലത്തിന്റെ സംഗീതത്തെയും,തുള്ളികറുമുറുവിനെയും കവിതകളാക്കി മാറ്റി.

വയനാട്ടിലെ കനവ് എന്ന ബദൽ വിദ്യാഭ്യാസ പരീക്ഷണത്തിന്റെ നെടുംതൂണായ ഒരു വ്യക്തിയായാണ് കെ.ജെ.ബേബിയുടെ ജീവിത പങ്കാളിയും, ശാന്തിപ്രിയയുടെയും ഗീതിപ്രിയയുടെയും അമ്മയുമായ ഷെർളി കൂടുതലും ഓർമ്മിക്കപ്പെട്ടത്. ഷെർളിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി വിവർത്തനവും പരാമർശിക്കപ്പെട്ടു കണ്ടു.ഹൈക്കു കവിതകൾ എഴുതിയിരുന്നു എന്നും ചില കുറിപ്പുകളിൽ കാണാനിടയായി. നാടുഗദ്ദികയുടെ അതീവ ഹൃദ്യമായ വിവർത്തനത്തിന്റെ മൂല്യം നമ്മൾ ഇന്നും തിരിച്ചറിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. കവിത അവസാന ശ്വാസം വരെ ഷെർളിയെ പ്രചോദിപ്പിച്ചു കൊണ്ടിരുന്നു എന്നത് ഞങ്ങളുടെ വാട്സാപ്പ് സന്ദേശങ്ങൾ വീണ്ടും വീണ്ടും എന്നെ ഓർമ്മപ്പെടുത്തുന്നു. ആദ്യമായി എഴുതുന്ന ഒരു കൊച്ചു കുട്ടിയുടെ ആവേശത്തോടെയാണ് ഷെർളി തന്റെ കവിതകളെ എനിക്കയച്ചു തന്നത്.ആ വരികളിലെ തഴക്കവും, ഉൾക്കാഴ്ചയും, അഴകും ആസ്വദിച്ചു, ഒരു സമാഹാരമായി പ്രസിദ്ധീകരിക്കാൻ pratham ബുക്സിനെ സമീപിക്കാൻ ഞാൻ ഷെർളിയെ കഴിഞ്ഞ വർഷം പ്രേരിപ്പിച്ചിരുന്നു. ഒരു സന്ദേശം വൈകാതെ തന്നെ വരികയും ചെയ്തു . പരിഗണിക്കാം എന്ന അവരുടെ മറുപടി ഏറെ സന്തോഷത്തോടെയും പ്രതീക്ഷയോടുമാണ് ഷെർളി സ്വീകരിച്ചത്. എമിലി ഡിക്കിൻസണിന്റെയും ക്രിസ്റ്റഫർ മിഡിൽട്ടണിന്റെയും സ്വാധീനം ഷെർളിയുടെ വരികളിൽ തെളിഞ്ഞു നിന്നു. ബാലസാഹിത്യത്തെ ഏറെ സ്നേഹിച്ച ഷെർളിയുടെ കവിതകൾ കുട്ടികളോടും, കുട്ടിത്തം ഉള്ളിൽ എപ്പോഴും സൂക്ഷിക്കുന്ന മുതിർന്നവരോടും ഒരുപോലെ വർത്തമാനം പറയുന്നു. ആ കവിതകൾ ജന്തുജാലങ്ങളും സസ്യവർഗ്ഗങ്ങളും നിറഞ്ഞ ഒരു ആവാസ വ്യവസ്ഥയെക്കുറിച്ചു, മരിച്ചു കൊണ്ടിരിക്കുന്ന ഭൂമിയെ കുറിച്ച് വേവലാതിപ്പെടുന്നു- അലിവിൽ കുതിർന്ന ഒരു പുഞ്ചിരിയോടെ. ഒരുപാട് സ്നേഹത്തോടെ.ആ കവിതകളിൽ ഒന്നു മുങ്ങി നിവരുന്നത് ഒരു വിമലീകരണ പ്രക്രിയയായി അനുഭവപ്പെട്ടിട്ടുണ്ട്.

ഷെർളി എനിക്കയക്കാൻ ഇനിയും കവിതകൾ ബാക്കി വെച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഷെർളി, എഴുതുന്തോറും നീണ്ടുപോകുന്നു.ഒന്നു തൊടുമ്പോഴേക്കും എത്ര തലങ്ങളാണ് ഷെർളിയുടെ വ്യക്തിത്വത്തിന് എന്നത് എന്നെ വീണ്ടും സങ്കടത്തിൽ ആഴ്ത്തുന്നു. എന്റെ മകൾ പാർഷതി കുറച്ചു മാസം മുൻപ് കോവിഡിന്റെ പിടിയിലായപ്പോൾ അവളുടെ fb പോസ്റ്റു കണ്ടു ഷെർളി വിളിച്ചപ്പോൾ പറഞ്ഞ വാക്കുകൾ -"എന്തൊരു കാലമാണ്"- ഒരു തേങ്ങലായി ഉള്ളിൽ നിന്നും ഉയരുന്നു.

പക്ഷെ ഷെർളിക്ക് അങ്ങിനെയങ്ങു പോകാനാകില്ല. ഷെർളി തന്നെ തന്റെ വരികളിൽ കുറിച്ചത് പോലെ ഗീതങ്ങൾക്കു അവരുടേതായ ഓർമ്മയുണ്ട്. ഭൂമി ഓർക്കുന്നത് അതിന്റെ ഗാനങ്ങളിലൂടെയാണ്. വനങ്ങളും, മലകളും, മണ്ണും, മൃഗവും എരിഞ്ഞടങ്ങുമ്പോഴും അവരെ ഓർക്കുന്ന സംഗീതം ഭൂമിയിൽ നിന്ന് ഉയരുക തന്നെ ചെയ്യും .ഷെർളിയുടെ കവിതയിലൂടെ നമുക്കും ആ ഗീതത്തിനായി ചെവിയോർക്കാം.വിട പറയുന്നില്ല ഷെർളി ...

But the song refuses to give up
The song still remembers
The song is still aware
She still goes on humming up her memories.

(ഷെർളി എഴുതിയ അപ്രകാശിതമായ The Blue Hills' Marshing Song എന്ന കവിതയിൽ നിന്ന് )

# ഒറ്റ സ്നാപ്പിൽ ഒതുങ്ങാത്തത്



ഞാൻ ഭാഗ്യം കെട്ട ലക്ഷ്മി.
വിളിപ്പേരോ ഭാഗ്യലക്ഷ്മി.
വെളിച്ചമില്ലാത്ത മുറിയിൽ
ചിലന്തിവലകൾ പോലെ അരിച്ചെത്തുന്ന
വെയിൽ കീറുകൾ എനിക്കാകാശം.
ഹാ, ഗഗനമേ...
കഴിഞ്ഞ ചിങ്ങത്തിൽ
എനിക്ക് പതിനെട്ട് തികഞ്ഞെന്നമ്മ പറഞ്ഞു.
അന്ന്,
എന്റെ കണ്ണിൽ വിരിഞ്ഞ സ്വപ്നങ്ങൾക്ക്
ആകാശക്കപ്പലോളം വലിയ ചിറകായിരുന്നു.
(അതെങ്ങനെയെന്ന് ഞാൻ കണ്ടിട്ടുമില്ലല്ലോ)
അമ്മയെന്നെ ഒരിക്കൽ പോലും
കണ്ണാടി കാണിച്ചില്ല.
നരച്ച മുടിയിൽ മുല്ലപ്പൂ ചൂടിയിട്ടില്ല.
പ്രണയക്കുരുക്കുമായിരും
വഴിയിൽ കാത്തു നിന്നിട്ടില്ല.
ഒരു നുള്ള് കുങ്കുമം, താലിമാല ആരും പണിതതുമില്ല.
എന്നിട്ടുമെന്തിനാണ്
ഞാനിരിക്കെത്തന്നെ എന്റെ മോളെക്കൊണ്ടോണേന്ന്
അമ്മ തേവരെ ക്കരഞ്ഞ് തൊഴുന്നത്?
എന്നെ ആരെങ്കിലും പുറത്തെടുക്കുമോ?
നിറമുള്ള ആകാശം കാട്ടിത്തരുമോ?
ഒരു കീറ് ആകാശമെങ്കിലും?

**സീതാദേവി കരിയാട്ട്**
അധ്യാപിക, പു.ക.സ വനിത സാഹിതി
കാസർകോഡ്
ജില്ലാ പ്രസിഡണ്ട്



# വിടരാത്ത മൊട്ട്


നീ വരുന്നുണ്ടെന്നറിഞ്ഞു ഞാനോമനേ,
എത്ര കിനാവുകൾ കണ്ടു ..
കുട്ടിയുടുപ്പും തലപ്പാവുമൊക്കവെ
മുമ്പേ സ്വരൂക്കൂട്ടിവച്ചു.
എന്തു പേരിട്ടു വിളിക്കുമെന്നും പിന്നെ,
ഏതു നാളിൽ നീ പിറക്കുമെന്നും
ആശയോടെ കൊതിയാർന്നു നിൽക്കെ
ചെറുതുടിപ്പായ് നിന്റെ കാലുകൊണ്ട്
തൊട്ടതോ അമ്മയെന്നോതിയോ ..നീ
നിൻ മുഖം കാണുവാൻ വാരിപ്പുണരുവാൻ
വെമ്പി ഞാൻ പേറ്റു നോവും മറന്നു.
ആലസ്യമാർന്നു ഞാനുറ്റു നോക്കി
അയ്യോ! എന്നെൻമനം കെട്ടു പോയി.
നിലവിളി നാവിൽ തടഞ്ഞു പോയി
തലയില്ലാതുടൽ മാത്രമാണിതെന്നോ
മറ്റൊരു ഗാന്ധാരിയായി തോ ഞാൻ ...



ചർച്ചാവിഷയം



**ഫറീന കോട്ടപ്പുറം**
അധ്യാപിക,
സാമൂഹ്യ പ്രവർത്തക



# അതിജീവനം തേടുന്നവർ

വീട്ടുമുറ്റത്ത് പൂത്തുകിടക്കുന്ന പനിനീർ പൂക്കളും,വിടരാനൊരുങ്ങി നിൽക്കുന്ന പൂമൊട്ടുകളും കാണുമ്പോൾ കണ്ണിനും മനസ്സിനും എന്തൊരാനന്ദം. ചുറ്റിലും കണ്ണോടിച്ചു . പയറും പാവലും വെണ്ടയും വഴുതനയും പുകയിലച്ചെടികൾക്കിടയിൽ മയങ്ങിക്കിടക്കുന്നു. വീടിനു പുറത്തേക്ക് കുതറിയോടുന്ന ഉച്ചത്തിലുള്ള കരച്ചിലും അതിന്റെ പ്രതിധ്വനിയായി മറുകരച്ചിലും പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. നിറഞ്ഞ ചിരിയോടെ വീട്ടുമുറ്റത്തേക്ക് ഓടിവന്ന അമ്മ അകത്തേക്ക് ക്ഷണിച്ചു.

കരച്ചിലിന്റെ ഉറവിടം അടുത്തുള്ള മുറിയാണ്, ആ മുറിയിലേക്ക് ആശങ്കനിറഞ്ഞ മനസുമായ് അമ്മയുടെ പിന്നാലെ ഞങ്ങളും കയറി

'ഉത്കൊള്ളൂ......

കസേരയിലേക്ക് അമ്മ കൈകാണിച്ചു.

ഇരിപ്പുറക്കാതെയിരുന്നു.

'സ്വാതി......... നോക്ക് അക്ക... '

കന്നഡ കലർന്ന മലയാളത്തിൽ അമ്മയെന്നെ പരിചയപ്പെടുത്തി.....

കിടക്കയിൽ തലയമർത്തി കമിഴ്ന്നുകിടക്കുന്ന വെളുത്ത പെൺകുട്ടി നോക്കി ചിരിച്ചു....

അവളുടെ നോട്ടം എന്നിലേക്ക് പതിഞ്ഞില്ല അടുത്തിരുന്ന അമ്മയിലേക്ക് ചെരിഞ്ഞു....

വീണ്ടും കരച്ചിൽ തുടങ്ങി...

എണീറ്റിരുന്ന് ചിരിച്ചു....

വീണ്ടും കിടന്നു.

ഇങ്ങനെ പലകുറിയാവർത്തിച്ചു കൊണ്ടിരുന്നു.

അവളുടെ ശബ്ദത്തിന് ആർത്തവത്തിന്റെ കടും ചുകപ്പ് നിറമായിരുന്നു. വേദനകൊണ്ട് പുളയുന്ന സ്ത്രീത്വത്തിന്റെ കരച്ചിൽ.

പതിനഞ്ചു ദിവസം നീണ്ടുനിൽക്കുന്ന വേദനയുടെ ആദ്യനാളുകൾ....

തളർന്നുവീണ് അമ്മയുടെ മടിയിൽ തല ചായ്കുമ്പോൾ അടുത്ത മുറിയിൽ നിന്നും വീണ്ടും വേറൊരു കരച്ചിൽ അവളെയുണർത്തുന്നത് കണാം .....

ഞെട്ടലോടെ തിരിഞ്ഞു നോക്കി...

'ശ്രുതി......... ഇവള്ടെ ചേച്ചി...... '

എന്റെ മുഖഭാവം കണ്ടിട്ടാവാം അമ്മയുടെ മറുപടി...

ഒൻപതുവയസ്സിൽ തളർന്നു വീണ സ്വാതിയേയും കൊണ്ട് ' കയറിയിറങ്ങാത്ത ആശുപത്രികളില്ല ,'...

അമ്മയുടെ വേദന പുരണ്ട വാക്കുകൾ

കാതുകളിൽ കനല് കോരിയിട്ടു.

ഇവരിലേക്ക് ഒതുങ്ങി കൂടുന്ന തന്റെ ചെറിയ വലിയ ലോകം.

വീടിന് ചുറ്റും പലതരം പച്ചക്കറി കൃഷിയിൽ ഏർപ്പെട്ട അച്ഛനും അമ്മയും അമ്മമ്മയും അടങ്ങുന്ന ലോകം.

രണ്ടു പെൺ മക്കളും ഇങ്ങനെ ആയതിൽ പിന്നെ

'ഞാൻ അമ്മ മാത്രമാണ്... '

'പെണ്ണാവാൻ എനിക്ക് പറ്റിയില്ല.....

കല്യാണം ആഘോഷം ഇതൊക്കെ എന്നോ കണ്ടു മറന്ന ഒരു സ്വപ്നം മാത്രം.

അതികമാരും വീട്ടിലേക്ക് വരാറുമില്ല, ക്ഷണിക്കാറുമി

ല്ല.

അവർക്ക് ഈ ശ്രുതിയും താളവും ഏറെ നേരം കേട്ടിരിക്കാവില്ല......

അടുത്ത മുറിയിലേക്കൊന്ന് എത്തി നോക്കി...

ശ്രുതി.....

അവളുടെ ലോകത്ത് ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് കിടക്കുന്നു ...

വിളിച്ചിട്ടൊന്നും പ്രതികരിക്കുന്നില്ല...

ശ്രുതി, സ്വാതി പേരുകളും വല്ലാതെ അതിശയിപ്പിച്ചു... ഇവരുടെ ഈ സംഗീതമാണ് അമ്മയുടെ ഊർജ്ജം.

രണ്ടുമുറികളിൽ രണ്ടു പെൺകുട്ടികൾ അല്ല യുവതികൾ കൊച്ചുകുട്ടികളെ പോലെ ചുരുണ്ടു കിടക്കുന്നു. ചിരിയും കരച്ചിലും മൂർച്ചയുള്ള കഠാരകൾ പോലെ ഹൃദയത്തിൽ കയറിക്കൂടി.....

പള്ളിക്കര പഞ്ചായത്തിലെ പാലക്കുന്നിലേക്ക്... താഹിറയുടെ മക്കളെ കാണാനുള്ള ലക്ഷ്യമായിരുന്നു അടുത്തത്.

ഇരുനില ഗ്രാനേറ്റ് പാകിയ വീട് ! എന്റെ കണ്ണൊന്ന് തള്ളി.



'വീട് കണ്ടുപിടിക്കാൻ കഷ്ടപ്പെട്ടല്ലേ കഴിഞ്ഞ മാസാ ഇങ്ങോട്ട് താമസം മാറിയത് "....

'ഇനി ഒരുകൊല്ലത്തേക്ക് ഈഡന്നെ ഉണ്ടാവും. വീട്ടുകാർ ഗൾഫിലേക്ക് മടങ്ങി പോയി.... '

'എത്രെ ന്നു പറഞ്ഞിട്ട് വാടക കൊടുക്കേണ്ടത്..

താഹിറയുടെ ഉള്ള് തുറന്നുകാട്ടുന്ന വിടർന്ന ചിരി ഞങ്ങളെ വീടിനുള്ളിലേക്കു കൂട്ടികൊണ്ടുപോയ് . മുറിയിൽ ചുരുണ്ടു കിടക്കുന്ന പതിനൊന്നുകാരി മുബീനയുടെ കട്ടിലിനരികിലിരുന്നു.....

വല്യ പീലികളുള്ള കണ്ണുകൾ വിടർത്തി അവളെന്നെ നോക്കി...

എന്റെ മകന്റെ പ്രായം .ഓടിച്ചാടി നടക്കേണ്ടവൾ വാതോരാതെ കണ്ടതും കേട്ടതും സംസാരിക്കേണ്ട മുത്തുമണി. നനഞ്ഞു കുതിർന്ന തൂവാലപോലെ ചുരുണ്ടു കിടക്കുന്നു...

വായ മുറുകെ കടിച്ച് പല്ലുകൾ പൊട്ടിക്കും വിധം ശബ്ദമുണ്ടാക്കുന്നതല്ലാതെ മറ്റൊന്നും അവൾ ചെയ്യില്ല........

അടുത്ത മുറിയിൽ പതിനാലു കാരനായ സഹോദരൻ അസറുജമാൽ

ടി വി യിലേക്ക് കണ്ണും നട്ടിരിക്കുന്നു. ചിരിക്കുന്നു...

അവന് നടക്കാനും പ്രാഥമിക കർമ്മങ്ങൾ ചെയ്യാനുമാവുന്നുണ്ട്...

'ഇങ്ങെനെ കിടക്കും ആട്ടവും അനക്കവും ഒന്നൂ.... ല്ല....' മുബീനയെ നോക്കി താഹിറ പറഞ്ഞു തുടങ്ങി

വിളിച്ചാലും മിണ്ടൂല...

ഇങ്ങനെ നോക്കും.....

ഒന്നും അറീന്നും ഇല്ല...

ഇത് നോക്കറോ..

കരയലൊന്നും ഇല്ല...

കാലിലെ വലിയ വ്രണം ആ ഉമ്മ ഞങ്ങൾക്ക് കാണിച്ചു തന്നു.....

ഒന്നും തുന്നൂല വായിൽ ഇട്ടൊടുത്താൽ ഇങ്ങനെ നോക്കും......

രണ്ടാളും ഇങ്ങനെ ആയിപ്പോയി..... വാക്കുകൾ തൊണ്ടയിലിടറി..

ഓൻ ഇങ്ങനെ നടക്കും പുറത്തൊന്നും പോവൂല....

ഓൻ ഒറ്റക്ക് ഇണ്ടെങ്കില് സാധനെല്ലം എടുത്ത് എറിയും.. അയിനി പേടിച്ചിട്ട്

എടീം പോലില്ല ....

ഇപ്പൊ ഇങ്ങനെ ഇരിക്കുമ്പോ മനസ്സിൽ ബേജാറന്നെ ......

ഇങ്ങനെ രണ്ടാളേം ആരെയും ഏല്പിച്ചു പുറത്തു പോകാൻ പറ്റുന്നില്ല....

മൂന്ന് മാസത്തിൽ ഒരുതവണ ചികിത്സയ്ക്കായ് മംഗലാപുരത്തു പോകുന്നതാണ് ഈ കുടുംബത്തിന്റെ യാത്ര.

പെരിയ ജഒഇ യിൽ നിന്നും കുട്ടിക്ക് വേണ്ട മരുന്നും മറ്റു സഹായങ്ങളും ലഭിക്കുന്നതാണ് മറ്റൊരാശ്വാസം....

വയസ്സും തടിയും കൂടുമ്പോ എനിക്കും ഒന്നും കയ്നില്ല......... ഇടയ്ക്ക് ഓരോന്നാലോചിച്ചു പ്രാന്തു കയറുന്നപോലെ...

എന്നാലും രണ്ടുമക്കളുണ്ടായിട്ടും

ഉമ്മാന്നുള്ള വിളി കേൾക്കാൻ ആ മാതൃഹൃദയം വീർപ്പ്മുട്ടുന്നു...

എന്നിട്ടും

താഹിറ വെറുതെ ചിരിക്കുന്നു.

മക്കളും ചിരിക്കുന്നു.

ആരെയും തോല്പിക്കുന്ന നിഷ്കളങ്കമായ ചിരിയാണ് നിസ്സഹായരായി നോക്കിനിലൽകുന്നവർക്ക് അവർ നൽകുന്ന ഊർജ്ജം.

ശിബ്‌ലി ഷക്കീലിന്റെ വീട്ടിലേക്കുള്ള വഴി തച്ച



ങ്ങാട് സ്കൂളിനടുത്തുകൂടിയാണ്. അവിടെയും ര ണ്ടു കുട്ടികളാണ് ദുരിത ബാധിതർ ഷിബിലിയു ടെ ഉമ്മ

ജമീലയുടെ വാതോരാതെയുള്ള സംസാരം അ തിശയിപ്പിച്ചു. മണിക്കൂറുകളോളം ആ ഉമ്മ നിർ ത്താതെ സംസാരിച്ചു.....

ഇടയ്ക്ക് ഇടറുന്ന ശബ്ദം.

ഓർമ്മകളിലൂടെ കയ്യൂർ ചീമേനിയിലെ പെരു മ്പട്ടയിലേക്ക് ഞങ്ങളെയും കൂട്ടികൊണ്ട് പോയി.....

വെള്ളചാട്ടത്തിലും നീർകെട്ടുകളിലും വെ ള്ളം കോരിയും ,അലക്കിയും കുളിച്ചും, ഇലത്താ ളതിനൊപ്പം ചുവടുകൾ വെച്ച മധുവിധു നാളു കൾ....

അഞ്ചു വർഷം പിന്നിട്ട ദാമ്പത്യം. ഒരു കു ഞ്ഞിനായി ഒരുപാട് ആശുപത്രികളും പള്ളിക ളും കയറിയിങ്ങി. കാത്തിരിപ്പിനൊടുവിൽ മകൻ പിറന്നു..

'പത്തുമാസമായിട്ടും ഒരു മാറ്റവുമില്ല കിടത്തി യ കിടപ്പ് മാത്രം...'

'ഇപ്പൊ ശിബിലിക്ക് ഇരുപത്തിയേഴു വയസ്സ്

ഇരുത്തിയാൽ ഇരിക്കും കിടത്തിയാൽ കിട ക്കും...'

കുളിപ്പിക്കാൻ കസേരയിലിരുത്തിയ ശിബിലി യെ ഒന്ന് നോക്കി. ചിരിക്കുന്നുണ്ട്, കയ്യും കാലും വളർന്നിട്ടുണ്ട്. കണ്ണുകൾ മുറുകെ അടക്കുന്നുണ്ട് വീണ്ടും വീണ്ടും ചിരിക്കുന്നു....

ശിബിലിക്ക് ഇളയ രണ്ടു സഹോദരിമാരും ര ണ്ടു സഹോദരങ്ങളുമുണ്ട്. രണ്ടു പെങ്ങമ്മാരിൽ നിന്നും ഉമ്മയെപോലെ തന്നെ കരുതലും സ്നേ ഹവും അവന് ലഭിക്കുന്നു....

ഇരുപത്തൊന്നു വയസ്സായ മുഹമ്മദ് അജ്സലാ ണ് മറ്റവൻ.

'ദേഷ്യക്കാരൻ വാശിക്കാരൻ...

യോനെക്കൊണ്ടന്നെ ബെല്യ ബേസാറ്....

പുള്ളറെല്ലം കല്ലെടുത്ത് എറിഞ്ഞക്ക്ന്ന്........

ഒന്നും പറഞ്ഞാ തിരീന്നില്ല....

ഓനെന്നെ ഇപ്പൊ ചിന്തിക്കല് . ബേജാറാന്ന ത് അയ്നി മാത്രം.....


മറ്റോന് ഒന്നുല്ല നാളെ രാവിലെ വരെ ഇരുത്തി യാലും അനങ്ങൂല...


ഇങ്ങനെ ചിന്തിച്ചു കൂട്ടിറ്റ് എന്ത് വേണ്ടത് പട ച്ചോൻ കണക്കാക്കിയതല്ലേ നടക്കൂ...

ഉമ്മയുടെ വർത്തമാനം തുടർന്നു ഇടയ്ക്ക് മു റിഞ്ഞുപോകുന്നുമുണ്ട്. കണ്ണിൽ പൊടിഞ്ഞ മു ത്തുകൾ കവിളിലൂടെ ഉരുണ്ട് മടിയിൽ വീണു.... തൊണ്ടയിൽ കുരുങ്ങിയ വാക്കുകൾ എങ്ങും തൊ ടാതെ ഉള്ളിലേക്ക് തന്നെ വിഴുങ്ങി... എല്ലാവേദന കളും സഹിച്ചും കണ്ടും എങ്ങനെയാണ് ഈ അ മ്മമാർ ഇങ്ങനെ ചിരിക്കുന്നത്..?

എവിടുന്നാണ് ഇവർക്ക് ഇത്രയും മനോധൈ ര്യം..?

ഇങ്ങനെ ഒരു വീട്ടിൽ തന്നെ ഒന്നും, രണ്ടും, മൂന്നും, നാലും ദുരിതബാധിതരുള്ള എത്രയെത്ര വീടുകളാണ് ഇനിയും കയറിയിറങ്ങേണ്ടത്. നിഷ് കളങ്കമായി ചിരിക്കുന്ന ഓരോ കുഞ്ഞുങ്ങളുടെയും മുഖത്ത് സ്നേഹത്തിന്റെ തലോടൽ മാത്രം നൽ കി പടിയിറങ്ങുമ്പോൾ എൻഡോസൾഫാൻ എ ന്ന നിശബ്ദ കൊലയാളി മറഞ്ഞുനിന്നു ചിരിക്കു ന്നുണ്ടാവണം.





ചർച്ചാവിഷയം/ പഠനം



# ഭരണകൂട-സാമൂഹ്യവിലക്കുകൾ വ്യക്തിബോധത്തെ ശൈശവീകരിക്കുന്നുവോ?

**സ്ത്രീകളുടെ വിവാഹപ്രായം പതിനെട്ടിൽ നിന്ന് ഇരുപത്തൊന്നിലേക്ക് ഉയർത്തുന്ന സാഹചര്യത്തിലെ ചില ആലോചനകൾ**



ഡോ. പ്രസീത പി.
യു.ജി.സി.എച്ച്.ആർ.ഡി.സി
കോഴിക്കോട് സർവ്വകലാശാല

സ്ത്രീകളുടെ വിവാഹപ്രായം പതിനെട്ടിൽ നിന്ന് ഇരുപത്തൊന്നിലേക്ക് ഉയർത്താനുള്ള നടപടികൾ കേന്ദ്രസർക്കാർ പാർലമെന്റിന്റെ പരിഗണനയിലേക്ക് കൊണ്ടുവന്നിരിക്കുകയാണല്ലോ. രാജ്യത്തെ പൗരജീവിതത്തെ മുഴുവനായും ഉൾക്കൊള്ളുന്ന വിഷയമെന്ന നിലയ്ക്ക് ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ പൊതുസമൂഹം ചർച്ചചെയ്യേണ്ടതുണ്ട്. ഈയൊരു പുനരാലോചനയ്ക്ക് അടിസ്ഥാനമായി ഭരണകൂടം മുന്നോട്ട് വെക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്, അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നിവയെല്ലാം പ്രധാനമാണ്. നിലവിലുള്ളൊരു നിയമത്തിൽ പരിഷ്ക്കാരങ്ങൾ വരുത്തുമ്പോൾ അതിന് സവിശേഷമായ ചില ലക്ഷ്യങ്ങൾ മുന്നോട്ടുവെക്കാനുണ്ടാവും. ആ ലക്ഷ്യങ്ങൾ പ്രസ്തുത പരിഷ്ക്കാരങ്ങളുടെ അന്തർധാരയായി പ്രവർത്തിക്കുകയും ചെയ്യും. ഇങ്ങനെയൊരു നിയമഭേദഗതി ആ നിലയ്ക്ക് എന്തു മാറ്റമാണ് സമൂഹത്തിൽ ഉണ്ടാക്കാൻ പോകുന്നത് എന്നതും പ്രധാനമാണ്. ഈ സന്ദർഭത്തിൽ, (സ്ത്രീകളുടെ) വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് ഉണ്ടായിവരുന്ന, മാറുന്ന സാമൂഹ്യ കാഴ്ചപ്പാടുകളെ ഈ നിയമഭേദഗതി എങ്ങനെയെല്ലാമാണ് സ്വാധീനിക്കുക എന്നുള്ള വിശകലനത്തിനാണ് ഇവിടെ ശ്രമിക്കുന്നത്.

2020-ലെ ബജറ്റ് പ്രസംഗത്തിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ആണ് ഈ വിഷയം പഠിക്കാൻ ഒരു കർമ്മ സേനയെ നിയമിക്കുന്ന കാര്യം പ്രഖ്യാപിച്ചത്. ഇതിന് അടിസ്ഥാനമായി മുന്നോട്ടുവെച്ച കാര്യം എന്ന നിലക്ക് അവർ പറഞ്ഞത് സ്ത്രീകൾ അമ്മയാകുന്ന പ്രായം പരിശോധിക്കാൻ ഒരു കർമ്മസേനയെ (ടാസ്ക് ഫോഴ്സ്) രൂപീകരിക്കുന്നു എന്നാണ്. മാതൃമരണനിരക്ക് കുറയ്ക്കുക, പോഷകാഹാര പദ്ധതി നവീകരിക്കുക, ഉന്നത വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലേക്ക് പ്രവേശിക്കുന്നതിനുള്ള അവസരം മെച്ചപ്പെടുത്തുക തുടങ്ങിയ സ്ത്രീകേന്ദ്രിത ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാണ് ഈ നിയമഭേദഗതി എന്നും പറയുന്നുണ്ട്. സമതാ പാർട്ടി അധ്യക്ഷയായിരുന്ന ജയ ജയ്റ്റ്ലിയുടെ നേതൃത്വത്തിൽ 10 അംഗ പാനലാണ് ഇതിനായി 2020 ജൂൺ

മാസം നിയമിച്ചത്. 2020 ഡിസംബറിൽ പ്രധാനമന്ത്രിക്കും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള കേന്ദ്രമന്ത്രാലയത്തിനും പ്രസ്തുത കർമ്മസേന റിപ്പോർട്ട് സമർപ്പിച്ചു. പിതൃകേന്ദ്രിത മനോഘടന പരിഷ്കരിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ ശക്തമാക്കുക, വിദ്യാഭ്യാസ മേഖല സുഗമമായി പ്രാപ്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുക, പെൺകുട്ടികൾക്ക് സുരക്ഷിത യാത്രാസൗകര്യം ഉറപ്പുവരുത്തുക, നല്ല ടോയ്‌ലറ്റുകളും സാനിറ്ററി നാപ്കിൻ സൗകര്യങ്ങളുമില്ലാതെ സ്കൂളുകളിൽനിന്ന് പെൺകുട്ടികൾ കൊഴിഞ്ഞുപോകുന്നത് തടയുക, ലൈംഗിക വിദ്യാഭ്യാസം എന്നത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുക, സ്ത്രീകൾക്ക് ജീവിതായോധനത്തിനുതകുന്ന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം കൊടുത്തു പ്രോത്സാഹിപ്പിക്കുക എന്നീ നിർദ്ദേശങ്ങൾ പ്രസ്തുത കമ്മിറ്റി മുന്നോട്ടുവെച്ചിട്ടുണ്ട് എന്നാണ് അറിയുന്നത്. ഈ നിർദ്ദേശങ്ങളെല്ലാം വിവാഹപ്രായം ഉയർത്തുക എന്ന നിയമഭേദഗതിയോടൊപ്പം ഉറപ്പുവരുത്താൻ പറ്റിയില്ലെങ്കിൽ പ്രസ്തുത നിയമഭേദഗതിക്ക് യാതൊരു സാധൂകരണവും ഉണ്ടാവില്ല എന്നാണ് കമ്മിറ്റി പറയുന്നത്. നല്ല റോഡുകളും റോഡിൽ ട്രാഫിക് ലൈറ്റുകളുമില്ലാതെ ഗതാഗത നിയമങ്ങൾ ഉണ്ടാക്കുന്നത് പോലാകും അതെന്ന് ഇതിനെ സാമ്യപ്പെടുത്തുന്നുമുണ്ട്.[1] ഈ ഭേദഗതി സ്ത്രീകളുടെ മുന്നോട്ടുള്ള പ്രയാണത്തിന് അത്യന്താപേക്ഷിതമാണെന്നതാണ് കർമപദ്ധതി സംഘം വിഭാവനം ചെയ്തത് എന്നർത്ഥം.

## സാധുതകൾ പരിശോധിക്കാം

ഇന്ത്യയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയർത്താൻ ആവശ്യമായ നടപടികൾ വേണമെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. നൈപുണ്യ വികസനവും അതിനനുസരിച്ചുള്ള ജോലിസാധ്യതയും വേണ്ടത്ര ഇല്ല എന്നുള്ളതും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലുള്ള കുറവും ഗൗരവമുള്ള വിഷയങ്ങളാണ്. ഇന്ത്യയിൽ ഒരു വലിയ ശതമാനം പെൺകുട്ടികളുടെ ആരോഗ്യപ്രശ്നങ്ങളും അതീവ ഗുരുതരമായ നിലയിൽ തന്നെയാണ് എന്നത് പഠനങ്ങൾ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ പ്രസവിക്കാൻ താൽപര്യമുള്ളവർക്ക് മാത്രമല്ല ആരോഗ്യകരമായ ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിനുതന്നെ സ്ത്രീകൾക്ക് (ഇതര ന്യൂനപക്ഷ ലിംഗവിഭാഗങ്ങൾക്കും) പ്രത്യേകമായ ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ, നടപടികൾ അത്യാവശ്യമാണ്. ഈ പ്രശ്നങ്ങൾ ഇന്ത്യയുടെ മൊത്തം ദാരിദ്ര്യത്തെ നിർണ്ണയിക്കുന്ന പ്രധാനഘടകങ്ങളുമാണ്. ഉന്നതവിദ്യാഭ്യാസമേഖലയിൽ അടക്കം നിലവാരമുള്ള പ്രകടനം കാഴ്ചവെക്കാൻ സ്ത്രീകൾക്ക് കഴിയാതെ പോകുന്നതിന്റെ കാരണങ്ങൾ പലതാണ്. ലൈംഗികവിദ്യാഭ്യാസം അടിസ്ഥാന പാഠ്യപദ്ധതിയാക്കേണ്ടത് ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും ചുമതലയാണെന്നതിലും തർക്കമില്ല. സ്ത്രീവിരുദ്ധമായ മനോനിലയും പീഡനങ്ങളും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ മനുഷ്യസാഹോദര്യത്തേക്കുറിച്ചുള്ള വിശാലമായ കാഴ്ച്ചപ്പാടുകൾ ഉൾക്കൊള്ളുന്ന ഏറ്റവും നവീനമായ ലിംഗസമത്വ ദർശനങ്ങൾ എല്ലാവരും പഠിക്കണം. എന്നാൽ അതെല്ലാം പരിഹരിക്കാനുള്ള ഭരണകൂട നടപടികളുടെ ഭാഗമായി സ്ത്രീകളുടെ വിവാഹപ്രായം മൂന്നു വർഷത്തേക്കുകൂടി നീട്ടുക എന്ന തീരുമാനം വിശദമായ ചർച്ചകളും ആലോചനകളും ആവശ്യപ്പെടുന്നുണ്ട്. അതിനായി ഒരു വിദഗ്ദ സമിതിയെ നിയോഗിക്കുന്നു എന്നതും ആശാവഹമാണ്. അതിൽ വിഷയ വിദഗ്ദരായ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചും ആശങ്കകൾ പരിഹരിക്കപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

സമൂഹത്തിലെ പലതരം അവശതകളും പിന്നോക്കാവസ്ഥകളും കണക്കിലെടുത്ത് ചെറുപ്രായത്തിൽതന്നെ പെൺകുട്ടികൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുന്ന സർക്കാർ പദ്ധതികൾ നമുക്കുണ്ട്. അവ ശൈശവ-കൗമാര കാലങ്ങളിൽ കേന്ദ്രീകരിച്ചാണ് പ്രാവർത്തികമാകക്കേണ്ടത് എന്നത് വളരേയേറെ പ്രധാന്യമുള്ള വിഷയമാണ്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ വിവിധ സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. (സ്കൂളിലേ എത്താത്ത കുട്ടികളെത്രയെന്ന പ്രശ്നം തന്നെ നമുക്ക് മുന്നിലുണ്ട്). തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന സങ്കല്പം പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകൾ മുതൽ നടപ്പിലാക്കുന്ന പദ്ധതികൾ വിവിധ തലങ്ങളിലായി ആരംഭിച്ചിട്ടുണ്ട്. തൊഴിൽരംഗം, ഉന്നത വിദ്യാഭ്യാസ മേഖല എന്നിവയെല്ലാം സ്ത്രീകൾക്ക് പ്രാപ്യമാകുന്ന നിലക്കുള്ള നടപടിക്രമങ്ങളും പലതുണ്ട്. എങ്കിലും ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടാതിരിക്കുന്ന അവസ്ഥ നിലവിലുണ്ട് എന്ന് സർക്കാർ തന്നെ അംഗീകരിക്കുകയാണ്. ആ നിലയ്ക്ക് അവയെല്ലാം വിഷയാധിഷ്ഠിതമായി പുന:പരിശോധിച്ചുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന പ്രതീക്ഷ ജനത്തിന് ലഭിക്കേണ്ടതുണ്ട്. ഒപ്പം പിന്നോക്ക വിഭാഗങ്ങളിലെ പെൺ-ഇതര ലിംഗ വിഭാഗങ്ങൾക്ക് ഇക്കാര്യങ്ങളിലെല്ലാം പ്രത്യേകമായി സംവരണം ഏർപ്പെടുത്തുന്ന പുതിയ പദ്ധതികൾ തന്നെ ആവശ്യമാണ്. ജനാധിപത്യത്തിന്റെയും പൗരബോധത്തിന്റെയും പാഠങ്ങൾ ക്ഷേമപദ്ധതികളിലെ അവസരസമത്വത്തിലൂടെതന്നെയേ ഉറപ്പിക്കാനാവുകയുള്ളൂ. സാമൂഹ്യമായ ബോധ്യങ്ങളിൽ മാറ്റങ്ങളുണ്ടാവാൻ എല്ലാവർക്കും വിദ്യാഭ്യാസമെന്ന നയങ്ങളും പരിപാടികളും അനിവാര്യമാണ്. ഈ വിഷയങ്ങൾക്കെല്ലാമപ്പുറത്ത് പതിനെട്ടാം വയസ്സിൽ പെൺകുട്ടികൾക്ക് പ്രസവിക്കാനുള്ള ആരോഗ്യം ഇല്ലെന്നും അതിനാൽ മൂന്നുവർഷം നീട്ടിത്തരികയാണ് എന്നുമുള്ള ചർച്ചകൾ പ്രബലമാകുന്നത് സ്ത്രീകളുടെ പൗരബോധത്തെ വളർത്തുമോ? രാഷ്ട്രപുരോഗതിക്ക് ഗുണമാകുമോ എന്നതാണ് ആലോചനാവിഷയം.

ഇംഗ്ലീഷ് രാഷ്ട്രതന്ത്രജ്ഞനും മാനവികതാവാദിയും റോമൻ കത്തോലിക്കാ പുണ്യവാളനുമായിരുന്ന തോമസ് മൂർ 1516-ൽ രചിച്ച വിശ്വപ്രസിദ്ധമായ യുട്ടോപ്യ എന്ന ഗ്രന്ഥത്തിൽ ദാമ്പത്യ ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് പ്രതിശ്രുത വധൂവരന്മാർ പരസ്പരം നഗ്നരായി ശരീരം പരിശോധിക്കണമെന്ന് ഒരു വ്യവസ്ഥ അവതരിപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ ശരീരത്തിന് എന്തെങ്കിലും വൈകല്യങ്ങൾ ഉണ്ടോ എന്നത് ഉത്തമനായ പുരുഷൻ ഉറപ്പിക്കുന്ന ചടങ്ങായാണ് അതു മാറുന്നത് എന്ന് പ്രസ്തുത കൃതി വ്യക്തമാക്കുന്നുമുണ്ട്.[2] പതിനെട്ടാം വയസ്സിൽ സ്ത്രീകൾ ആരോഗ്യവതികളല്ല എന്ന് കണ്ടെത്തുകയും ആയതിനാൽ ആ പ്രായത്തിൽ വിവാഹിതരാകാൻ പറ്റില്ല എന്ന് വിധിക്കുകയും ചെയ്യുന്ന നടപടി മുതിർന്ന പൗരരായ സ്ത്രീകളുടെ ശരീരങ്ങളെ പരിപാലിക്കുകയെന്ന വ്യാജേനയുള്ള നിയന്ത്രണങ്ങളായി മാറുമെന്ന് കാണേണ്ടി വരില്ലേ?

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയെ ജാതിവ്യവസ്ഥ, തൊഴിലില്ലായ്മ, പിതൃമേധാവിത്വഘടന തുടങ്ങിയ ഇന്ത്യയിലെ നിരവധിയായ അസമത്വ പ്രശ്നങ്ങളുമായി ബന്ധിപ്പിച്ചല്ലാതെ പഠിക്കാനോ പരിഹരിക്കാനോ കഴിയുകയില്ല. അത് ഇന്ത്യൻ സാമൂഹ്യശാസ്ത്രത്തിലെ ബാലപാഠമാണെന്ന് എല്ലാവരും സമ്മതിക്കും. പെൺകുട്ടികളെ വിവാഹം കഴിപ്പിച്ച് അയക്കുക എന്ന പ്രയോഗം തന്നെ നിലവിലുള്ള വിവാഹ സമ്പ്രദായം അടിമുടി മാറ്റുക എന്നതിലേക്ക് വിരൽ ചൂണ്ടുന്ന കാര്യമാണ്. ഈ മനോഭാവം മാറണമെങ്കിൽ സ്ത്രീകൾക്ക് അർഹമായ വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഉറപ്പുവരുത്താനുള്ള നടപടികളാണ് ആവശ്യം. മാത്രമല്ല പ്രായപൂർത്തിയാവാത്ത പെൺകുട്ടികൾക്ക് വിവാഹിതരും അമ്മമാരും ആവാതിരിക്കാൻ നിലവിൽ കർശനമായ നിയമങ്ങളുമുണ്ട്. എന്നാൽ യുണിസഫിന്റെ (UNICEF) കണക്കുപ്രകാരം ലോകത്തെ മൂന്നിലൊന്ന് ബാലവിവാഹവും നടക്കുന്നത് ഇന്ത്യയിലാണ്.[3] ബാലവിവാഹ നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിൽ പലതരത്തിലുള്ള പാകപ്പിഴകളും ഉണ്ടായിട്ടുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്. ആദിവാസി മേഖല, മറ്റ് പ്രത്യേകതരം ജീവിതശൈലികൾ പിന്തുടരുന്നവർ, ആധുനികമായ ഔപചാരിക വിദ്യാഭ്യാസമോ ഭരണകൂട ഇടപെടലുകളോ ഇല്ലാത്ത ഇടങ്ങൾ എന്നിങ്ങനെയെല്ലാമുള്ള ഇന്ത്യൻ വൈവിധ്യങ്ങൾ ഇക്കാര്യത്തിൽ പ്രധാനമാണ്. അത്തരം വിവേചന ബുദ്ധിയില്ലായ്മയിലൂടെ നിയമങ്ങൾ നടപ്പിലാക്കിയതിന്റെ പ്രശ്നങ്ങൾ വേറെയുമുണ്ട്. ഈ സന്ദർഭത്തിൽ നിയമ പരിഷ്ക്കാരത്തിലൂടെ ഇന്ത്യയിലെ പിന്നോക്ക വിഭാഗങ്ങളിലെ വളരെയധികം രക്ഷിതാക്കൾ ക്രിമിനലുകളാക്കപ്പെടുമെന്ന ആശങ്ക പലപ്രമുഖരും പങ്കുവെക്കുന്നത് തള്ളിക്കളയാമോ?[4] എങ്കിലും രാജ്യത്ത് നിലവിലുള്ള ബാലവിവാഹ നിരോധന നിയമം വിജയകരമായി നടപ്പിലാക്കാൻ സർക്കാർ ശ്രദ്ധ പതിയുകതന്നെ വേണം. വിവാഹപ്രായം മൂന്നുവർഷത്തേക്ക് നിയമം വഴി നീട്ടി ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് സ്ത്രീകളെ തൊഴിൽ മേഖലയിലേക്ക് നയിക്കാനും, അതുവഴി ആത്മവിശ്വാസമുള്ളവരാക്കി മാറ്റാനും സാധിക്കുമോ?

### ഫലസാധ്യതകൾ

ഇന്ത്യയിൽ പതിനെട്ട് വയസ്സ് എന്നത് പ്രായപൂർത്തി വോട്ടവകാശം ഉറപ്പുവരുത്തുന്ന ഘട്ടമാണ്. പതിനെട്ട് വയസ്സ് പൂർത്തിയാകുന്നു എന്നതിനർത്ഥം അവർ എല്ലാ അവകാശങ്ങളും ഉള്ള സ്വതന്ത്ര പൗരരായി എന്നതാണ്. സ്വത്തവകാശം പോലുള്ള മർമ്മപ്രധാനമായ പൗരാവകാശങ്ങൾ ബാധകമാകുന്ന ഈ പ്രായത്തെ കുട്ടിത്തം നിറഞ്ഞ കാലമായി വിശേഷിപ്പിക്കുന്നതിലേക്കാണ് പുതിയ നിയമ പരിഷ്കാരം ചെന്നെത്തുക. മുതിർന്ന പൗരരായി, എല്ലാ അർത്ഥത്തിലും സ്വന്തം ജീവിതത്തെക്കുറിച്ച് തീരുമാനമെടുക്കാനുള്ള പ്രായമായി പതിനെട്ടുവയസ്സിനെ അംഗീകരിക്കൽ വ്യക്തിസ്വതന്ത്ര്യത്തെ അംഗീകരിക്കലും അതുവഴി ആത്മവിശ്വാസം ഉറപ്പുവരുത്തലുമാണ്. അതാണല്ലോ ലോകത്ത് ഏറെക്കുറെ അംഗീകരിച്ചിട്ടുള്ള കാര്യം. വ്യത്യസ്തമായ ലൈംഗിക താല്പര്യങ്ങൾ എല്ലാജീവികളിലുമെന്ന പോലെ മനുഷ്യരിലേയും സ്വാഭാവിക ഗുണമാണല്ലോ. പതിനെട്ട് വയസ്സായ പെണ്ണിനും ആണിനും ലൈംഗിക ജീവിതവഴി തീരുമാനിക്കാനുള്ള അവകാശം സ്റ്റേറ്റിന്റെ ഔദാര്യമായി മാറാതിരിക്കട്ടെ. അത്തരത്തിലുള്ള ബോധ്യങ്ങളും പ്രതിരോധങ്ങളും ആർജിച്ചെടുത്ത കുട്ടികളുടെ എണ്ണം നാൾക്കു നാൾ കൂടുകയാണ്. 2020 -ൽ നിലവിൽ വന്ന പുതിയ വിദ്യാഭ്യസ നയം മൂന്ന് മുതൽ എട്ട് വയസ്സുവരെയുള്ള പ്രായത്തെക്കൂടി ഔപചാരിക വിദ്യാഭ്യാസ പദ്ധതിയുടെ പട്ടികയിൽപ്പെടുത്തി.[5] ഏതാണ്ട് മുപ്പത്തഞ്ച് വർഷം പിറകിലോട്ട് പോയാൽ ആറാം വയസ്സിന് മുമ്പ് കേരളത്തിൽ പോലും ഒരു കുട്ടി പൊതുവിൽ വിദ്യാർത്ഥിയാകുന്നതായി സങ്കല്പക്കപ്പെട്ടിരുന്നില്ല എന്നു കാണാൻ കഴിയും. ഔപചാരിക വിദ്യാഭ്യാസ പദ്ധതിയിലൂടെ എന്നതിനപ്പുറം ലോകബോധമാർജ്ജിക്കാനുള്ള വളരെ വിപുലമായ സാധ്യതകളുള്ള വിശാലമായ തുറസ്സ് ഇക്കാലത്തെ കുട്ടികൾക്ക് മുന്നിലുണ്ട്. ആഗോള വിവരവിജ്ഞാനത്തിന്റെ ആ സാധ്യതകൾ എല്ലാവർക്കും പ്രപ്യമാക്കുക എന്നതും സാധ്യതകൾ വിവേചനപരമായി ഉപയോഗിക്കാൻ അവസരമൊരുക്കുക എന്നതും പ്രധാനമാണ്. ഇന്ത്യയിലെ സ്ത്രീകളുടെ വിവാഹ പ്രായം ഉയർന്നുവരുന്നത് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സ്ഥിതിവിവര കണക്ക് 2011 അനുസരിച്ച് 21.2% എന്നത് 2017-ൽ 22.1% ആയും 2018 -ൽ 22.3% ആയും വർദ്ധനവ് രേഖപ്പെടുത്തുന്നു.[6] ഇത് വിദ്യാഭ്യാസ- സാമൂഹ്യ പരിഷ്ക്കാരങ്ങളുടെ ഫലമാണെന്നത് വ്യക്തമാണ്. പൊതുജീവിതത്തിനും വിദ്യാഭ്യാസത്തിനുമുള്ള അവസരം മെച്ചപ്പെടുമ്പോൾ മനുഷ്യർ കൂടുതൽ വേഗം

പക്വതയാർജ്ജിക്കുമല്ലോ. പക്വതയും പൗരബോധവുമാർജിച്ച സ്ത്രീകൾ ആ നിലയിൽ മുന്നോട്ട് കുതിക്കുന്നു. അത് അംഗീകരിക്കാൻ മടിയുള്ള ഈഡിപ്പൽ അധീശ പിതാക്കൾ നമ്മിലെല്ലാമുണ്ട്. എത്ര മുതിർന്നാലും മുതിരാത്ത ബാലഭാവനയ താലോതിക്കുന്ന ആലിലക്കണ്ണന്മാരും ഏത് കൂട്ടത്തിലുമുണ്ടാവാം. എന്നാൽ ഒരു നിയമനിർമ്മാണ സംവിധാനം അങ്ങനെ വൈയക്തികാധികാരിയായി മാറിയാലോ. ഇന്ത്യൻ ഭരണഘടനയിലെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് മൗലിക ചുമതലകൾ എന്നത്. വ്യക്തിപരമായും കൂട്ടായുമുള്ള പ്രവർത്തനങ്ങളിലൂടെ എല്ലാ മേഖലയിലും മികവ് കൈവരിക്കാൻ പരിശ്രമിക്കുക, അതുവഴി നിരന്തര പരിശ്രമങ്ങളുടെയും നേട്ടങ്ങളുടെയും ഉയർന്ന തലത്തിലേക്ക് രാഷ്ട്രത്തിന്റെ യശസ്സുയർത്തുക എന്നത് പൗരരുടെ മൗലിക ചുമതലയാണ്.[7] അതായത് ഓരോ വ്യക്തിയും തന്റെ കഴിവിന്റെ പരമാവധി രാഷ്ട്രനിർമ്മാണപ്രവർത്തനത്തിനായി വിനിയോഗിക്കണം എന്നതാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. ആ നിലയ്ക്ക് ആത്മവിശ്വാസമേകുന്ന, വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ കേന്ദ്രീകരിക്കുന്ന നേതൃത്വപരമായ നടപടികളാണ് ഏതൊരു ജനാധിപത്യഭരണകൂടത്തിൽ നിന്നും ജനം പ്രതീക്ഷിക്കുന്നത്. വിദ്യാഭ്യാസവും തൊഴിലവസരങ്ങളും തമ്മിൽ ഇപ്പോഴുള്ള പൊരുത്തമില്ലായ്മയുടെ പ്രശ്നങ്ങളെ പ്രത്യേകം കാണേണ്ടതുണ്ട്. സ്വന്തം ഇണയെ തിരഞ്ഞെടുക്കാൻ അവകാശം ഇല്ലാത്തവർക്ക് മറ്റുപൗരാവകാശങ്ങളും അനുഭവിക്കാൻ അർഹതയില്ലെന്ന് ആണധികാരവ്യവസ്ഥ ആലോചിച്ചുതുടങ്ങിയാൽ അതു രാജ്യത്തിന് എന്ത് ഗുണമാണ് നൽകുക.

**ഗർഭധാരണത്തിനാണ് സ്ത്രീകൾ സൃഷ്ടിക്കപ്പെട്ടത് (പ്രജനാർത്ഥം സ്ത്രിയ: സൃഷ്ട:) എന്ന മനുസ്മൃതിചിന്ത പ്രബലമാകുമ്പോൾ സ്ത്രീയുടെ പൗരത്വം വിശുദ്ധ ഭാര്യാത്വത്തിന് വഴിമാറുന്നു. സ്ത്രീ – ആരോഗ്യം – വിവാഹം എന്ന സമവാക്യനിർമ്മിതിയിലെ ഈ മതാത്മക രാഷ്ട്രീയം അതുകൊണ്ടുതന്നെ നമ്മുടെയെല്ലാമുള്ളിലുള്ള സവർണ്ണ മത – ജാതി ഫ്യൂഡൽ പുരുഷ മേൽക്കോയ്മാബോധത്തിന്റെ അടിവേരുകളറുക്കാതെ തിരിച്ചറിയുക എളുപ്പമല്ല. അത്തരത്തിൽ ഭരിക്കപ്പെടേണ്ട പ്രജകളാകാനായി ഇനിയും നമ്മുടെ പെൺകുട്ടികൾ മെരുക്കപ്പടാമോ?**

ഓരോ കുട്ടിയേയും ഭരണഘടനാപരമായ ചുമതലയെക്കുറിച്ച് പഠിപ്പിക്കാൻ അധ്യാപകരും സമൂഹവും കുടുംബവും ബാധ്യസ്ഥരാണ്. തങ്ങൾക്ക് കിട്ടുന്ന വിദ്യാഭ്യാസത്തെ വീട്ടകങ്ങളിലേക്ക് മാത്രമായി ചുരുക്കുന്നതിനാണ് വിവാഹമെന്ന സമ്പ്രദായം സഹായിക്കുന്നതെങ്കിൽ അതിനെ വിമർശനബുദ്ധ്യാ കാണാൻ എല്ലാ സ്ത്രീകൾക്കും കഴിയേണ്ടതുണ്ട്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഈ ബോധ്യം ഉണ്ടാക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ ഉയർന്ന വിദ്യാഭാസ നിരക്കും വിവാഹ പ്രായത്തിലുണ്ടായ വർദ്ധനവും തമ്മിൽ താരതമ്യം ചെയ്താൽ ഇക്കാര്യം ബോധ്യപ്പെടും. പതിനെട്ട് വയസ്സിൽ തങ്ങൾക്ക് ജീവിക്കാനുള്ള വരുമാനമാർജ്ജിക്കാനാവാതെ വിവാഹത്തിലേക്ക് നിർബന്ധിക്കപ്പെടുന്ന പെൺകുട്ടികൾക്ക് അത് ചോദ്യം ചെയ്യാനാകുന്നില്ലെങ്കിൽ ആ വിദ്യാഭ്യാസം വിമർശാധിഷ്ഠിത വിദ്യാഭ്യാസമല്ല. ഭരണഘടനാപരമായ ചുമതലാബോധം അവരിലുണ്ടാക്കിയെടുക്കേണ്ടവർ ആ പണി ചെയ്തില്ലെന്നുകൂടി അതിനർത്ഥമുണ്ട്. രക്ഷിതാക്കളുടെ നിർബന്ധത്തിന് വഴങ്ങി പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്ന കുട്ടികൾക്ക് ഈ നിയമഭേദഗതി സുരക്ഷയാകുമെന്ന് അധ്യാപകർവരെ അഭിപ്രായപ്പെടുന്നുണ്ട്. ഉന്നതമായ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നത് എന്ത് ബാധ്യതകളുടെ പേരിലായാലും ആ സന്ദർഭങ്ങളിൽ മറന്നുപോകാതിരിക്കട്ടെ. വിവാഹം കഴിക്കുന്ന രണ്ടുവ്യക്തികളുടെയും അടിസ്ഥാന യോഗ്യതയും പരിഗണനാവിഷയവും ശാരീരിക മാനസിക ആരോഗ്യവും ജീവിക്കാനുള്ള സ്വന്തമായ വരുമാനവും എന്നിവ തന്നെയാവണം. സ്ത്രീകൾക്ക് മാത്രം അത് ആരോഗ്യ-സൗന്ദര്യ-പരിശുദ്ധ മാനദണ്ഡങ്ങൾ എന്ന സൂചനകൂടി ഈ നിയമപരിഷ്ക്കാരത്തിൽ കാണേണ്ടിവന്നേക്കാം. അതുകൊണ്ടുതന്നെ വിവാഹപ്രായം മൂന്ന് വർഷം നീട്ടിനല്കുക എന്നത് നമ്മുടെ പെൺകുട്ടികൾക്ക് പിതൃ അധികാരവ്യവസ്ഥയ്ക്ക് കീഴിൽ അനുസരണയുള്ള ശിശുക്കളായി കൂടുതൽക്കാലം കഴിയാനുള്ള മനോനിലയൊരുക്കലായി മാറാം. ഗർഭധാരണത്തിനാണ് സ്ത്രീകൾ സൃഷ്ടിക്കപ്പെട്ടത് (പ്രജനാർത്ഥം സ്ത്രിയ: സൃഷ്ട:) എന്ന മനുസ്മൃതിചിന്ത[8] പ്രബലമാകുമ്പോൾ സ്ത്രീയുടെ പൗരത്വം വിശുദ്ധ ഭാര്യാത്വത്തിന് വഴിമാറുന്നു. സ്ത്രീ -ആരോഗ്യം-വിവാഹം എന്ന സമവാക്യനിർമ്മിതിയിലെ ഈ മതാത്മക രാഷ്ട്രീയം അതുകൊണ്ടുതന്നെ നമ്മുടെയെല്ലാമുള്ളിലുള്ള സവർണ്ണ മത-ജാതി ഫ്യൂഡൽ പുരുഷ മേൽക്കോയ്മാബോധത്തിന്റെ അടിവേരുകളറുക്കാതെ തിരിച്ചറിയുക എളുപ്പമല്ല. അത്തരത്തിൽ ഭരിക്കപ്പെടേണ്ട പ്രജകളാകാനായി ഇനിയും നമ്മുടെ പെൺകുട്ടികൾ മെരുക്കപ്പടാമോ? ഇന്ത്യ സ്ത്രീസൗഹൃദപരമാകാൻ നാം ഇനിയും ഒരുപാട് ദൂരം പോകേണ്ടതുണ്ട്. അല്ലെങ്കിൽ എന്തുകൊണ്ട് വനിതാ സംവരണ ബിൽ പോലുള്ള പരമപ്രധാനമായ വിഷയങ്ങൾ ഭരണകൂടം ഈ ചർച്ചയിലേക്ക് കൊണ്ടു

വരുന്നില്ല?.

സ്ത്രീകളുടെ വിവാഹപ്രായം ഇരുപത്തിയൊന്നിലേക്ക് ഉയർത്താൻ മുസ്ലിം വ്യക്തി നിയമം ഉൾപ്പെടെ എല്ലാ മതവിഭാഗങ്ങളുടെയും വ്യക്തി നിയമങ്ങൾ ഭേദഗതി ചെയ്യും എന്നാണ് കേന്ദ്ര മന്ത്രി സഭ വ്യക്തമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാവുമെന്ന് ആശങ്കപ്പെടുന്നവരുണ്ട്. അതുകൊണ്ടുതന്നെ നിലവിലുള്ള ഭരണകൂട സംവിധാനങ്ങളോടൊപ്പം ഫ്ലേവിയ ആഗ്നെസിനെ പോലുള്ള വിഷയ വിദഗ്ദ



രെയും വ്യത്യസ്ത രാഷ്ട്രീയ-സാംസ്കാരിക നേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് വിഷയം ചർച്ചചെയ്യുന്നത് രാജ്യത്തിന് ഗുണമാവുമെന്നുവേണം കരുതാൻ. ഉന്നതമായ ജനാധിപത്യ മൂല്യങ്ങളിൽ അടിയുറച്ച ഭയരഹിതമായ സംവാദ മണ്ഡലത്തിൽ ചർച്ചകൾ നടക്കുമെന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്.

നമ്മുടെ സമൂഹം എത്രമേൽ പുരുഷാധിപത്യ പരമാണ് എന്ന് ഈ ചർച്ചകൾ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടുകൂടിയാണ് പുരുഷവിവാഹപ്രായം ഇരുപത്തൊന്നാക്കിയതിലുള്ള യുക്തിയെന്തെന്ന സംശയം പുരോഗമനവാദികളെന്ന് അറിയപ്പെടുന്നവർക്കുപോലുമില്ലാത്തത്. എല്ലാ കാര്യത്തിലും സ്ത്രീകളെക്കാൾ ഒരുപടി മുകളിലായിരിക്കണം എന്നതിലപ്പുറം എന്ത് യുക്തിയാണ് ആൺ വിവാഹപ്രായം ഇരുപത്തൊന്നായി നിജപ്പെടുത്തിയതിലുള്ളത്. പതിനെട്ട് വയസ്സിൽ മുതിർന്ന പൗരരാകുന്ന പുരുഷന്മാർ വിവാഹക്കാര്യത്തിൽ മാത്രം അങ്ങനെയല്ല എന്ന് സമ്മതിക്കുന്നത് ആൺകോയ്മാമനോഭാവം നിലനിർത്തിക്കിട്ടാനല്ലേ. എല്ലാത്തിലും പുരുഷനോടൊപ്പമെത്താനെന്ന നിലയിൽ ഈ നിയമ പരിഷ്ക്കാരം പുരോഗമനപരമാണെന്ന് കരുതുന്നവരുടെ തുല്യതായുക്തികളിൽ ഇതുകൂടി ചർച്ചയാവേണ്ടതല്ലേ. പഠനത്തിനും തൊഴിലിനുമായുള്ള അന്വേഷണങ്ങൾക്കിടയിൽ നമ്മുടെ ആൺകുട്ടികൾ വിവാഹമെന്നത് മാറ്റിവെക്കുന്നു. അത് വളരെ സ്വാഭാവികമായി തന്നെ സമൂഹം സ്വീകരിക്കുന്നു. ഇക്കാര്യത്തിൽ അതേ സ്വീകാര്യതയ്ക്കായി പരിശ്രമിക്കുന്ന പെൺകുട്ടികൾ വലിയ സാമുഹ്യ സമ്മർദ്ദങ്ങൾ അനുഭവിക്കേണ്ടി വരുന്നു. അത് മാറി മികച്ച തൊഴിലവസരങ്ങൾ ലിംഗഭേദമില്ലാതെ എല്ലാവർക്കും പ്രാപ്യമാവുമ്പോൾ മാത്രമേ രാഷ്ട്രം സമ്പന്നമാവുകയുള്ളൂ. എണ്ണമറ്റ സാമൂഹ്യ- സാമ്പത്തീക വൈവിധ്യങ്ങളുള്ള ഇന്ത്യ പേറുന്ന വലിയ ആശങ്കയും അതാണല്ലോ. വിവാഹപ്രായം പതിനെട്ടാവണോ ഇരുപത്തൊന്നാവണോ, അതിൽ തുല്യത വേണമോ എന്നുള്ള വിഷയങ്ങൾ നിയമചട്ടങ്ങളിൽ നിന്നുപോകാതെ സ്വമേധയാ ഏറ്റെടുക്കാൻ വ്യക്തികൾ പാകമാകട്ടെ. പ്രായപൂർത്തിയായവർ, അത് ആണായാലും പെണ്ണായാലും മറ്റേത് ലിംഗപദവിയിലുള്ളവരായാലും വ്യക്തികളാണ്. അവരെ സ്വന്തം ജീവിതത്തെക്കുറിച്ചുള്ള മുൻഗണനകൾ രൂപപ്പെടുത്താനും അതിനനുസരിച്ച് ജീവിതം കെട്ടിപ്പടുക്കാനുമായി തുറന്നുവിടാം. മികച്ച വ്യക്തികളാവാൻ എല്ലാവരും പരിശ്രമിക്കട്ടെ. അവർ ഭരണകൂട- സമൂഹ വിലക്കുകളാൽ ശിശുക്കളാകാതിരിക്കട്ടെ.


### ഗ്രന്ഥസൂചി :

[1]Jagriti Chandra, 'Is raising marriage age enough to help girls?' The Hindu. Kozhikode, Kerala edition.Kozhikode: December 19,2021,p.13

[2]Thomas More, *Uttopia*. Trans., N.Moosakkutty, Current books, Thrissur: 2009.

[3] Ending child marriage: A profile of progress in India, UNICEF. Data and Analytics Section, Division of Data, Research and Policy, United Nations, New York: 2019.

[4]Jagriti Chandra, 'Activists against raising age of marriage for women', *The Hindu*, New Delhi: Aug.25,2020. The article quoting the analysis of Mary E. John's NFHS-4 Data Analysis.

[5]New Education Policy Document, Govt of India, 2020, p- 10.

[6]Sample Registration Report, 2018.

[7] Fundamental Duties. The Constitution of India.

[8] Swami Siddarthananda, Annotr., *Manusmriti*.(MAL.) Sri Ramakrishna Math,Thrissur: 2018.

ശാസ്ത്രം




**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ


# അറിയുമോ എലിസബത്ത് ഫുൾഹേമിനെ?

**ഉല്പ്രേരണത്തിന്റെ മാതാവ് എന്ന വിശേഷണത്തിനു തന്നെ അർഹതയുണ്ടായിട്ടും സ്ത്രീയായതിന്റെ പേരിൽ അവരുടെ കണ്ടുപിടിത്തങ്ങൾ അംഗീകരിക്കാൻ അക്കാലത്തെ മിക്ക ശാസ്ത്രജ്ഞരും തയ്യാറായില്ല. എന്നാൽ ഇതേ ആശയങ്ങൾ അവതരിപ്പിച്ച പുരുഷ ഗവേഷകരുടെ പേരുകൾ ശാസ്ത്രചരിത്രത്തിൽ ആലേഖനം ചെയ്യപ്പെടുകയും ചെയ്തു.**



രസതന്ത്രത്തിൽ വിസ്മയപ്പെരുമഴയ്ക്ക് വഴിയൊരുക്കിയ ഉല്പ്രേരകങ്ങളെ സംബന്ധിച്ച ആശയങ്ങൾ 1794-ൽ തന്നെ അവതരിപ്പിച്ചിട്ടും അതിന്റെ ക്രെഡിറ്റ് കിട്ടാതെ പോയ, ശാസ്ത്രചരിത്രത്തിൽ ഇടം നേടാതെ പോയ വനിത. പറഞ്ഞുവരുന്നത് എലിസബത്ത് ഫുൾഹേമിനെക്കുറിച്ചാണ്. എന്തിനധികം? എലിസബത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ പോലും ലഭ്യമല്ല.അർഹിക്കുന്ന അംഗീകാരം പോലും കിട്ടാതെ, പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്ക് എത്താതെ അവഗണനയുടെയും വിവേചനത്തിന്റെയും ആഴങ്ങളിൽ മറഞ്ഞുപോയ എത്രയോ വനിതകളുടെ കൂട്ടത്തിലാണ് എലിസബത്ത് ഫുൾഹേമിന്റെയും സ്ഥാനം. ഉല്പ്രേരണത്തിന്റെ മാതാവ് എന്ന വിശേഷണത്തിനു തന്നെ അർഹതയുണ്ടായിട്ടും സ്ത്രീയായതിന്റെ പേരിൽ അവരുടെ കണ്ടുപിടിത്തങ്ങൾ അംഗീകരിക്കാൻ അക്കാലത്തെ മിക്ക ശാസ്ത്രജ്ഞരും തയ്യാറായില്ല. എന്നാൽ ഇതേ ആശയങ്ങൾ അവതരിപ്പിച്ച പു

രുഷ ഗവേഷകരുടെ പേരുകൾ ശാസ്ത്രചരിത്രത്തിൽ ആലേഖനം ചെയ്യപ്പെടുകയും ചെയ്തു.

എലിസബത്ത് ഫുൾഹേം ജനിച്ചത് സ്കോട്ട്ലന്റിൽ ആണെന്നാണ് കരുതപ്പെടുന്നത്. തോമസ് ഫുൾഹേം എന്ന ഡോക്ടറെയാണ് എലിസബത്ത് വിവാഹം കഴിച്ചത്. ശാസ്ത്രത്തിൽ ഉന്നത ബിരുദങ്ങളൊന്നും നേടാൻ കഴിഞ്ഞില്ലെങ്കിലും ശാസ്ത്രപരീക്ഷണങ്ങളിൽ അതീവ തല്പരയായിരുന്നു എലിസബത്ത്. ഡോക്ടറാവുന്നതിനു മുമ്പ് എഡിൻബർഗ് സർവ്വകലാശാലയിൽ ജോസഫ് ബ്ലാക്കിന്റെ രസതന്ത്ര ക്ലാസ്സുകൾ അറ്റന്റ് ചെയ്യുമായിരുന്നു തോമസ്. ലോഹങ്ങളെയും ലോഹ ലവണങ്ങളെയും കുറിച്ചുള്ള ഈ ക്ലാസ്സുകൾ എലിസബത്തിനെയും ഏറെ ആകർഷിച്ചിരുന്നു. അങ്ങനെ 1780-ൽ പുതിയൊരു ആശയം എലിസബത്തിന്റെ മനസ്സിൽ മിന്നി. തുണികൾ ചായം മുക്കുന്നതിൽ വിദഗ്ധയായിരുന്നു അവർ. ഇതിൽ സ്വർണ്ണവെള്ളിയുമൊക്കെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ എങ്ങനെയിരിക്കും? അങ്ങനെ വിവിധ ലോഹങ്ങൾ ഉപയോഗിച്ച് തുണികൾ ആകർഷകമാക്കാനുള്ള പരീക്ഷണങ്ങൾ വീട്ടിൽ തുടങ്ങി. സിൽക്ക് തുണികൾ ലോഹ ലവണ ലായനികളിൽ മുക്കിയ ശേഷം ഒരു നിരോക്സീകാരിയുപയോഗിച്ച് ലോഹങ്ങളെ തുണിയിൽ അവക്ഷിപ്തപ്പെടുത്തിയെടുക്കാൻ ശ്രമിച്ചു. ഒരു വീട്ടമ്മയുടെ നേരമ്പോക്കായി മാത്രമേ ഭർത്താവും സുഹൃത്തുക്കളുമൊക്കെ അതിനെ കണ്ടുള്ളൂ. ഈ രസതന്ത്ര പരീക്ഷണങ്ങളിലൂടെ എലിസബത്ത് എന്തെങ്കിലും കണ്ടുപിടിത്തം നടത്തുമെന്ന് അവർ സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല.

പതിന്നാലു വർഷത്തോളം നീണ്ട സ്വതന്ത്ര ഗവേഷണത്തെയും നൂറിലധികം വരുന്ന ഓക്സീകരണ നിരോക്സീകരണ പരീക്ഷണങ്ങളെയും ആസ്പദമാക്കി 1794-ൽ എലിസബത്ത് ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. മിസിസ് ഫുൾഹേം എന്ന പേരിലായിരുന്നു അത് പ്രസിദ്ധീകരിച്ചത്.അക്കാലത്തെ പ്രശസ്ത രസതന്ത്രജ്ഞനായ പ്രീസ്റ്റ്ലിയുടെ പ്രേരണയും ഇതിനു പിന്നിൽ ഉണ്ടായിരുന്നു. ഇതിൽ ഉല്പ്രേരണം സംബന്ധിച്ച ആശയങ്ങൾ വ്യക്തമായിത്തന്നെ പ്രതിപാദിച്ചിരുന്നു. ചില രാസവസ്തുക്കൾക്ക് രാസപ്രവർത്തന വേഗത വർധിപ്പിക്കാനുള്ള കഴിവുണ്ടെന്ന് തന്റെ പരീക്ഷണങ്ങൾക്കിടെ എലിസബത്ത് തിരിച്ചറിഞ്ഞിരുന്നു. ആമയുടെ വേഗം മാത്രമുള്ള രാസപ്രവർത്തനങ്ങളെ മിന്നൽ വേഗത്തിലേക്ക് എത്തിക്കാൻ കഴിവുള്ള ഉല്പ്രേരകങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ ഇന്നും വിസ്മയങ്ങൾ വിരിയിച്ചുകൊണ്ടേയിരിക്കുകയാണ്. അക്കാലത്ത് വൻ പ്രചാരം നേടിയ , ജ്വലനവുമായി ബന്ധപ്പെട്ട ഫ്ലോജിസ്റ്റൺ സിദ്ധാന്തം തെറ്റാണെന്നും എലിസബത്ത് തന്റെ പരീക്ഷണങ്ങളിലൂടെ കൃത്യമായി മനസ്സിലാക്കിയിരുന്നു. എലിസബത്ത് നടത്തിയ സിൽവർ നൈട്രേറ്റിന്റെ പ്രകാശനിരോക്സീകരണപ്രവർത്തനം ഫോട്ടോഗ്രാഫിക് പ്ലേറ്റുകളിൽ പ്രയോജനപ്പെടുത്താൻ സാധിച്ചു. ശാസ്ത്രത്തിൽ ഉന്നതവിദ്യാഭ്യാസ പശ്ചാത്തലമൊന്നുമില്ലാത്ത ഒരു വനിത വീട്ടിൽ നടത്തിയ പരീക്ഷണങ്ങളിലൂടെ കൈയെത്തിപ്പിടിച്ച നേട്ടങ്ങൾ അക്കാലത്ത് കുറച്ചൊക്കെ ശ്രദ്ധിക്കപ്പെട്ടെങ്കിലും അർഹിക്കുന്ന അംഗീകാരം ലഭിച്ചതേയില്ല. ആദ്യമൊക്കെ എലിസബത്തിന്റെ ഗവേഷണങ്ങളെ പ്രോൽസാഹിപ്പിച്ച പ്രീസ്റ്റ്ലി പോലും പിന്നീട് അവരുടെ പല ഗവേഷണങ്ങളെയും പരിഹസിച്ചു. ഉല്പ്രേരണത്തിന്റെ പിതാവായി ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെട്ടതാവട്ടെ ബെർസീലിയസ്സിന്റെ പേരും ! ഈ വർഷത്തെ രസതന്ത്ര നൊബേൽ സമ്മാനത്തിനർഹമായത് ഓർഗനോ ഉല്പ്രേരകങ്ങൾ സംബന്ധിച്ച ഗവേഷണങ്ങളായിരുന്നു. ആ സമയത്ത് പല മാധ്യമങ്ങളും മറവിയുടെ ആഴങ്ങളിലേക്ക് പോയ എലിസബത്ത് ഫുൾഹേം എന്ന രസതന്ത്രജ്ഞയുടെ പേരു പരാമർശിച്ചിരുന്നു. എലിസബത്ത് ഫുൾഹേമിനെപ്പോലെ അർഹതയുണ്ടായിട്ടും ശാസ്ത്രചരിത്രത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ട വനിതകളെ നാം തീർച്ചയായും അറിയേണ്ടതുണ്ട്.

**ആമയുടെ വേഗം മാത്രമുള്ള രാസപ്രവർത്തനങ്ങളെ മിന്നൽ വേഗത്തിലേക്ക് എത്തിക്കാൻ കഴിവുള്ള ഉല്പ്രേരകങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ ഇന്നും വിസ്മയങ്ങൾ വിരിയിച്ചുകൊണ്ടേയിരിക്കുകയാണ്. അക്കാലത്ത് വൻ പ്രചാരം നേടിയ , ജ്വലനവുമായി ബന്ധപ്പെട്ട ഫ്ലോജിസ്റ്റൺ സിദ്ധാന്തം തെറ്റാണെന്നും എലിസബത്ത് തന്റെ പരീക്ഷണങ്ങളിലൂടെ കൃത്യമായി മനസ്സിലാക്കിയിരുന്നു.**




**The new landmark of Kozhikodu city.**

Designed to the highest international standards with ample parking space and wide walkways. It has a whole lot of premium outlets, hypermarkets funzones, food court and cutting edge cinema complex.

**Gokulam Galleria**
A Unit of Sree Gokulam Hotel India (P) LTD.
Mavoor Road, Arayidathu Palam
Calicut-673004
Mob: +91 9566067465 Mail: hari@gokulamgalleria.com